# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 11 ലക്കം - 4 മീനം - 1193 ഏപ്രിൽ 2018






ഭൂലോകവൈകുണ്ഠ നാഥനായ ഗുരുവായൂരപ്പന്റെ ഭക്തർക്ക് സുഖകരമായ താമസവും മറ്റു സൗകര്യവും പ്രദാനം ചെയ്യുന്നതിനായി ഗുരുവായൂരിൽ നവതി മെമ്മോറിയൽ അതിഥി മന്ദിരം ഒരുങ്ങുന്നു. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായാണ് ഗുരുവായൂർ തെക്കേനട കാരക്കാട്ട് റോഡിൽ അതിഥി മന്ദിരം നിർമ്മിക്കുന്നത്.

7 മുതൽ 10 വരെയും ഗുരുവായൂർ ക്ഷേത്രത്തിലേക്ക് വാഹന സൗകര്യം തുടങ്ങിയ സവിശേഷതകൾക്കു പുറമേ റെയിൽവേ സ്റ്റേഷൻ, ബസ്സ്റ്റാൻഡ് എന്നിവയുടെ സാമിപ്യം എന്നതും വളരെ ശ്രദ്ധേയമാണ്.

2019 ഡിസംബർ 25-ഓടെ നവതി മെമ്മോറിയൽ അതിഥി മന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയാകുംവിധം ജോലികൾ പുരോഗമിക്കുന്നു.





എല്ലാവിധ അത്യാധുനിക സൗകര്യങ്ങളോടും കൂടിയ എയർ കണ്ടീഷൻ ചെയ്ത വിശാലമായ ഡബിൾ റൂമുകളാണ് അതിഥി മന്ദിരത്തിലുണ്ടാവുക. സെമി ഓട്ടോമേറ്റഡ് മുറികൾ, വൈഫൈ സൗകര്യം, ലോണ്ട്രി സൗകര്യം, പ്രത്യേക കാർ പാർക്കിംഗ്, ഇൻഹൗസ് സെക്യൂരിറ്റി സിസ്റ്റം, പൂർണ്ണമായ ഫയർ സേഫ്റ്റി, ഗ്രീൻ പ്രോട്ടോക്കോൾ ബിൽഡിംഗ്, വാട്ടർ ഫിൽട്രേഷൻ സംവിധാനം, 24 മണിക്കൂറും ഹോട്ട് വാട്ടർ സപ്ലൈ, ഇന്റർകോം സൗകര്യം, കോംപ്ലിമെന്ററി ടീ/കോഫി, കോംപ്ലിമെന്ററി ബാത്റൂം കിററ്, കേബിൾ കണക്ഷനോടുകൂടിയ എൽസിഡി ടിവി, രാവിലെ 3 മണി മുതൽ 6 മണി വരെയും വൈകീട്ട്

***പ്രിവിലേജ് കാർഡ് സ്കീം**

ഗുരുവായൂരിലെ നിത്യ സന്ദർശകരായ ഭക്തർക്ക് ഒരു ലക്ഷം രൂപ നൽകി പ്രിവിലേജ് കാർഡുകൾ സ്വന്തമാക്കാവുന്നതാണ്. പ്രിവിലേജ് കാർഡ് പ്രയോജനപ്പെടുത്തി പത്തു വർഷത്തേക്ക്, വർഷത്തിൽ 12 തവണ സൗജന്യ താമസത്തിനുള്ള സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് എറണാകുളം കരയോഗത്തിന്റെ ടിഡിഎം ഹാൾ കോംപ്ലക്സിലുള്ള രജിസ്റ്റേർഡ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

*നിബന്ധനകൾക്കു വിധേയം

Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi - 682016, Kerala.
Ph: 0484 2369589. Email: ekmkgm@gmail.com | Mobile App: Ernakulam Karayogam

പരസ്യം




# എഡിറ്റോറിയൽ

## ദൈവത്തെയും മതത്തെയും രാഷ്ട്രീയമുക്തമാക്കുക

## *ക്ഷേത്രം വിശ്വാസികൾക്ക്*

അടുത്തിടയായി കേരളത്തിലെ ദേവസ്വം ബോർഡുകളുടെ ഭരണത്തിൻ കീഴിലുള്ള ക്ഷേത്രങ്ങളിൽ നടമാടിക്കൊണ്ടിരിക്കുന്ന ക്ഷേത്രനശീകരണ പ്രക്രിയയിലേക്ക് ക്ഷേത്രവിശ്വാസികളായ ഹിന്ദുക്കളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ബോർഡ് നിയമിക്കുന്ന ജീവനക്കാരാണുള്ളത്. വിശ്വാസികളായ ഭക്തജനങ്ങൾക്ക് സൗകര്യപ്രദമായി ക്ഷേത്രദർശനം നടത്തുവാനുള്ള സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുന്നതിനും ക്ഷേത്രധർമ്മവും ആചാരാനുഷ്ഠാനങ്ങളനുസരിച്ച് പൂജാദികർമ്മങ്ങൾ നിർവഹിക്കുന്നതിനും ക്ഷേത്രശുചീകരണത്തിനും ക്ഷേത്രസംരക്ഷണത്തിനും ഒക്കെ വേണ്ടിയാണല്ലോ ഭക്തജനങ്ങളിൽ നിന്നും ലഭിക്കുന്ന പണം ശമ്പളമായി കൊടുത്ത് ഇവരെ ക്ഷേത്രങ്ങളിൽ നിയോഗിച്ചിരിക്കുന്നത്. എന്നാൽ ഇന്ന് എന്തിനു വേണ്ടിയാണോ ഇവരെ നിയമിച്ചിരിക്കുന്നത് , അതിന് വിപരീതമായ പ്രവർത്തന ശൈലിയാണ് ഈ ക്ഷേത്രജീവനക്കാരിൽ പലരിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ പ്രധാന കാരണം പരിപാവനമായ ക്ഷേത്രങ്ങളിൽ, വ്യവസായ ശാലകളിലും തൊഴിൽ ശാലകളിലും സർക്കാർ ഓഫീസുകളിലും മറ്റും നടത്തുന്നതുപോലെ ഇവിടുത്തെ ചില രാഷ്ട്രീയ പാർട്ടികൾ തൊഴിലാളി സംഘടനകൾക്ക് രൂപം നല്കി, ജീവനക്കാരെ അതിലെ അംഗങ്ങളാക്കി, ധാർമ്മികതയിലടിയുറച്ച വിശ്വാസാധിഷ്ഠിതമായ ക്ഷേത്രാചാരനടത്തിപ്പുകളെ അതിൽ നിന്നെല്ലാം വ്യതിചലിപ്പിച്ച് ,രാഷ്ട്രീയാധിഷ്ഠിതമായ ട്രേഡ് യൂണിയൻ പ്രവർത്തനാടിസ്ഥാനത്തിലാക്കിത്തീർത്തതാണ്. ക്ഷേത്രങ്ങളിൽ ഇന്ന് യൂണിയനടിസ്ഥാനത്തിൽ സമ്മേളനങ്ങൾ സംഘടിപ്പിക്കുക, അവർക്കുവേണ്ടി പ്രവർത്തനങ്ങൾ നടത്തുക എന്നിവയൊക്കെ സർവ്വസാധാരണമായിക്കഴിഞ്ഞു. ഫലമോ ജീവനക്കാരിൽ ധിക്കാരവും അഹങ്കാരവും വർദ്ധിച്ചു. എന്തു ചെയ്താലും സംരക്ഷിക്കാൻ പാർട്ടി ഉണ്ട് നേതാക്കളുണ്ട് എന്ന ധിക്കാരമാണ്, ധാർഷ്ട്യമാണ്

# ഉള്ളടക്കം

വാല്യം 11 | ലക്കം 04 | ഏപ്രിൽ 2018


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 6 |
| ബാലലോകം | 7 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 14 |
| രാമായണത്തിലെ സ്ത്രീ സാന്നിദ്ധ്യം | 19 |
| പിംഗളയും മന്ദരനും | 24 |
| ഹരിസുധാലഹരി | 25 |
| പാതഞ്ജലയോഗ ദർശനം | 27 |
| കണിക്കൊന്നയോട് (കവിത) | 29 |
| ഊർജ്ജസംരക്ഷണവും കെട്ടിടനിർമ്മാണവും | 30 |
| ഋതുഭേദമറിയാതെ | 32 |
| കാമാക്ഷി എന്ന കഴുതയുടെ കഥ | 35 |
| പാതഞ്ജലയോഗദർശനം | 37 |
| മൗനനൊമ്പരം | 37 |
| വൈരാഗ്യം വെറുപ്പ് പ്രതികാരം | 40 |
| ദേശനാഥന്റെ തിരുവുത്സവം | 42 |
| കർണ്ണൻ | 45 |
| ഭൂമിക്കൊരു സങ്കീർത്തനം ഭൂമിയുടെ ഉല്പത്തി | 49 |
| വിഷു | 51 |
| മാസഫലം | 56 |
| മാട്രിമോണിയൽ | 57-66 |


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

ഇവർ ഭക്തജനങ്ങൾക്കെതിരെയും വിശ്വാസികൾക്കെതിരെയും ക്രൂരമായി, മനുഷത്വരഹിതമായി പ്രവർത്തിക്കുവാൻ കാരണമാകുന്നത്. ഗുരുവായൂർ ക്ഷേത്രത്തിൽ ഗുരുവായൂരപ്പദർശനത്തിനെത്തിയ വൃദ്ധയായ ഒരമ്മയെ ക്ഷേത്രജീവനക്കാരൻ ക്രൂരമായി മർദ്ദിച്ച് തള്ളിയിട്ട് കാലൊടിച്ച വാർത്ത ഞെട്ടലോടു കൂടിയാണ് നാം കേട്ടത്. അടുത്തിടെ മറ്റൊരു ക്ഷേത്രത്തിലെ മതപാഠശാല ക്ഷേത്രജീവനക്കാരുടെ നേതൃത്വത്തിൽ പൊളിച്ചു മാറ്റിയത്രേ. ഹിന്ദുവിന് മതപാഠശാല ആവശ്യമില്ലയെന്ന ചില രാഷ്ട്രീയപാർട്ടികളുടെ നിലപാട് നടപ്പിലാക്കുകയല്ലെ ഇവർ ചെയ്തത്. ക്ഷേത്രജീവനക്കാർ ഹിന്ദുത്വത്തിനെതിരെയും ആചാരനുഷ്ടാനങ്ങൾക്കെതിരേയും തിരിഞ്ഞാൽ എന്തായിരിക്കും ഫലം.

ദേവസ്വം ബോർഡിന്റെ ആസ്ഥാനത്ത് നടത്തുന്ന കാന്റീനിൽ സസ്യേതര വിഭവങ്ങൾ പാകം ചെയ്യുകയും വിളമ്പുകയും ചെയ്തത് എത്ര ധിക്കാരത്തോടുകൂടി ആയിരുന്നു എന്ന് ചിന്തിക്കണം. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ തന്ത്രിമാരും, പൂജാരിമാരും എല്ലാം അവരുടെ ജോലിസംബന്ധമായ കാര്യങ്ങൾക്കായി ദേവസ്വം ബോർഡ് ഓഫീസുകളിൽ എത്തുമ്പോൾ ഈ കാന്റീനിൽ നിന്നുമാണ് ആഹാരം കഴിക്കേണ്ടത്. ക്ഷേത്രകാര്യങ്ങൾക്കു മാത്രമായുള്ള ഈ ഓഫീസ് കാന്റീനിൽ മത്സ്യമാംസം വിളമ്പിയതിൽ നിന്നും ആ കാന്റീൻ നിയന്ത്രിക്കുന്ന ജീവനക്കാരുടെ ചിന്താഗതി എന്താണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഏതായാലും ബഹു: വകുപ്പ്മന്ത്രി ഇടപെട്ട് അവിടെ മത്സ്യമാംസങ്ങൾ വെച്ചു വിളമ്പുന്നത് തല്കാലം തടഞ്ഞു. ഇനി എന്തു സംഭവിക്കുമോ ആവോ................?

അടിയുറച്ച ദൈവവിശ്വാസികളേയും, ധർമ്മനിഷ്ടയുള്ളവരേയും, ആചാരനുഷ്ടാനങ്ങൾ കൃത്യമായി പാലിച്ച് ജീവിക്കുന്നവരെയും, ഭക്തജനങ്ങൾക്ക് വേണ്ടി സേവനം ചെയ്യുവാൻ തയ്യാറുള്ളവരേയും മാത്രമെ ക്ഷേത്രങ്ങളിൽ ജോലിക്ക് നിയമിക്കാവൂ. രാഷ്ട്രിയ പാർട്ടികൾക്ക് വേണ്ടി കൊടി പിടിക്കുന്നതിനും, സിന്ദാബാദ് വിളിക്കുന്നതിനും ചുവരെഴുത്തു നടത്തുന്നതിനും ഒക്കെ പ്രതിഫലമായി ക്ഷേത്രങ്ങളിൽ അവർക്ക് ജോലി നല്കുന്നത് ഒട്ടും ആശാസ്യമല്ല. മിക്ക രാഷ്ട്രീയ പാർട്ടികളും ഇന്ന് സമ്പന്നരാണ്. മുകളിൽ പറഞ്ഞവരെ സഹായിക്കുവാൻ പാർട്ടി ഓഫീസുകളിൽ ജോലി നല്കുക.

കേരളത്തിലങ്ങോളമിങ്ങോളമുള്ള ക്ഷേത്രങ്ങളിലെ ഇന്നത്തെ അവസ്ഥ ക്ഷേത്രം ക്ഷേത്രജീവനക്കാർക്കു വേണ്ടിയാണ്, അവരുടെ ഔദാര്യത്തിൽ ഭക്തജനങ്ങൾക്ക് അവരുടെ ആജ്ഞകൾക്കനുസരിച്ച് ദർശനം നടത്താം എന്നതുപോലെയുമാണ്. ഈ അവസ്ഥ മാറണം. ക്ഷേത്രങ്ങൾ വ്യവസായ ശാലകളോ , വ്യാപാര സ്ഥാപനങ്ങളോ അല്ല. അവിടെ രാഷ്ട്രീയാടിസ്ഥാനത്തിലുള്ള ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ നിരോധിക്കേണ്ടതാണ്.

ഹിന്ദുവിന്റെ ആരാധനാലയങ്ങളിലല്ലാതെ മറ്റ് മതസ്ഥരുടെ ആരാധനാലയങ്ങളിലേക്ക് എന്തേ ഇവർ യൂണിയൻ പ്രവർത്തനവുമായി കടന്നു ചെല്ലാത്തത് ? അവർ സംഘടിതരാണ് ; അങ്ങോട്ടു ചെന്നാൽ വിവരം അറിയും. മതത്തിന്റെയും വിശ്വാസത്തിന്റെയും കാര്യം കഴിഞ്ഞേ അവർക്ക് രാഷ്ട്രീയമുള്ളൂ. ഏത് പാർട്ടിക്കാരനായാലും അവന്റെ വിശ്വാസപ്രമാണങ്ങൾക്കു വേണ്ടി അവൻ നിലക്കൊള്ളും. ഹിന്ദുവോ അവന് രാഷ്ട്രീയം മതി മതം വേണ്ട , വിശ്വാസം വേണ്ട, ആചാരനുഷ്ടാനുങ്ങൾ ഒന്നും തന്നെ ആവശ്യമില്ല. എല്ലാം പാർട്ടി പറയുന്നതുപോലെ. ഏതൊരാൾക്കും മതത്തിലോ, ഈശ്വരനിലോ വിശ്വസിക്കുകയോ, വിശ്വസിക്കാതിരിക്കുകയോ ചെയ്യാം. അതിനുള്ള പൂർണ്ണസ്വാതന്ത്ര്യം നമ്മുടെ ഭരണഘടന നല്കുന്നുണ്ട്. എന്നാൽ ഒരാളിന്റെ വിശ്വാസങ്ങളെ എതിർക്കുവാനോ അവയ്ക്കെതിരെ പ്രവർത്തിക്കുവാനോ ആർക്കും അവകാശമില്ല. ഇന്ന് ക്ഷേത്രവിശ്വാസികൾക്കെതിരെ, ക്ഷേത്രങ്ങൾക്കുള്ളിൽ നിന്നു തന്നെ പീഡനങ്ങൾ അരങ്ങേറുന്നു. ഇതിനെ ഒറ്റപ്പെട്ട സംഭവങ്ങളായി തള്ളിക്കളയാൻ സാധിക്കില്ല. ഇത് കരുതിക്കൂട്ടിയുള്ള രാഷ്ട്രീയ അജണ്ടയുടെ ഭാഗമാണ്. തന്ത്രപൂർവ്വം ഈശ്വരവിശ്വാസിയുടെ മേൽ നിരീശ്വരവാദം അടിച്ചേല്പ്പിക്കുക, ആത്മീയവാദികളുടെ മേൽ ഭൗതികവാദം അടിച്ചേല്പ്പിക്കുക, അങ്ങനെ ഹിന്ദുത്വത്തെ തന്നെ ഇവിടെ നിന്നും തുടച്ച് നീക്കി മറ്റുള്ളവർക്കു വേണ്ടി വേദി ഒരുക്കുക അതാണ് ലക്ഷ്യം.

ആപത്കരമായ ഈ കടന്നാക്രമണത്തെ ഹിന്ദു സംഘടനകൾ കാണുന്നില്ലെ? അതോ കണ്ടിട്ടും മൗനം അവലംബിക്കുകയാണോ? എങ്കിൽ നിങ്ങൾ ഈ സനാതനക്ഷേത്രത്തോടും സനാതന ധർമ്മത്തോടും കാണിക്കുന്ന കടുത്ത അനീതിയാണ്, അധർമ്മമാണ്. ധർമ്മസംരക്ഷണമാണ് നമ്മുടെ പ്രഥമ കർത്തവ്യമെന്നത് ബോധിപ്പിച്ച ഭഗവാൻ കൃഷ്ണന്റെ വാക്കുകളെ വിസ്മരിക്കരുത്. ആ ലോകഗുരുവിന്റെ ഉപദേശങ്ങളെ പ്രവർത്തി പഥത്തിൽ കൊണ്ടു വരേണ്ടത് ഓരോ ഹിന്ദുവിന്റേയും കടമയാണ്. ഓർക്കുക ക്ഷേത്രങ്ങൾ ധർമ്മത്തിലധിഷ്ഠിതമായ നമ്മുടെ സംസ്കാരത്തിന്റെ ഈറ്റില്ലങ്ങളാണ്. അവയ്ക്കെതിരെ ഉണ്ടാകുന്ന ഏത് കടന്നാക്രമണത്തേയും ചെറുത്തു തോല്പിക്കേണ്ടത് നമ്മുടെ കടമയാണ്. ഇനിയും വൈകിയാൽ നാം പശ്ചാത്തപിക്കേണ്ടി വരും. അതുകൊണ്ട് ക്ഷേത്രസംരക്ഷണത്തിനായി, അവിശ്വാസികളിൽ നിന്നും ക്ഷേത്രങ്ങളെ മോചിപ്പിക്കുന്നതിനായി, എല്ലാ ഭിന്നതകളും മറന്ന് നമുക്കൊന്നിച്ച് അണിചേരണം. ഒന്നിച്ച് നിന്നാൽ വിജയം സുനിശ്ചിതം തീർച്ച.





# ജനറൽ സെക്രട്ടറിയുടെ പംക്തി

എറണാകുളം കരയോഗത്തിന്റെ 2017–18 സാമ്പത്തിക വർഷം മാർച്ച് 31ന് അവസാനിക്കുമ്പോൾ കഴിഞ്ഞ പൊതുയോഗ തീരുമാനമനുസരിച്ച് വരും വർഷങ്ങളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള തയ്യാറെടുപ്പും കഴിഞ്ഞ വർഷം ചെയ്ത പ്രവർത്തനങ്ങളും വിലയിരുത്തുന്ന കാലഘട്ടമാണ് അടുത്ത മൂന്നു മാസം.

93–ാമത് വാർഷിക പൊതുയോഗം ജൂൺ 24ന് ആണ്. നമ്മുടെ പ്രവർത്തനങ്ങളെ അംഗങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും വിലയിരുത്തുകയും അതനുസരിച്ച് സത്യസന്ധമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗുരുവായൂർ നവതി സ്മാരക ഗസ്റ്റ്ഹൗസ് നിർമ്മാണത്തിന്റെ രണ്ടാം ഘട്ടം ജോലികൾ പുരോഗമിക്കുന്നു. Basement Concreting ജോലികൾ പുരോഗമിക്കുന്നു. ഗുരുവായൂർ ഗസ്റ്റ്ഹൗസ് പ്രിവിലേജ് കാർഡ് അംഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കരയോഗത്തിന്റെ ഇത്തരം സംരംഭങ്ങളെ വിജയിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള അവസരങ്ങൾ പാഴാക്കരുതെന്നും ഓരോ പദ്ധതിയും വിജയകരമായി പൂർത്തിയാക്കുന്നതു വഴി മാത്രമേ പുതിയ വികസനപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാൻ നമുക്ക് കഴിയുകയുള്ളൂ എന്നും നിങ്ങളുടെ ഓരോരുത്തരുടെയും സഹകരണം ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് വേഗം കൂട്ടുമെന്നും പറയേണ്ടതില്ലല്ലോ. അതുകൊണ്ട് ഗുരുവായൂർ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള വിവിധ സാമ്പത്തിക സമാഹരണ പദ്ധതികളിലും നിക്ഷേപങ്ങളിലും അംഗങ്ങൾ പങ്കാളികളായി വിജയിപ്പിക്കുവാൻ ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

2016ൽ നവതി സ്മാരകമായി ഡി.എച്ച്.റോഡിലെ വാടകകെട്ടിടത്തിൽ ആരംഭിച്ച കരയോഗം പോളിക്ലിനിക്കും അതോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കരയോഗത്തിന്റെ മെഡിക്കൽ സെന്ററും പ്രസ്തുത വാടക കെട്ടിടത്തിൽ നിന്നും മാറ്റി ടി.ഡി.എം. ഹാൾ കോംപ്ലക്സിലെ കൃഷ്ണ ഹാളിന്റെ പടിഞ്ഞാറുവശത്ത് സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. എറണാകുളം കരയോഗത്തിൽ ധാരാളം ഡോക്ടർമാർ അംഗങ്ങളായിട്ടുണ്ടെങ്കിലും പോളിക്ലിനിക്ക് നിലനിർത്തുവാനുള്ള സഹകരണം ലഭിക്കുന്നില്ല എന്ന് ഖേദപൂർവ്വം ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ.വരവും ചിലവും ഒത്തുപോകാത്തത് കൊണ്ടാണ് വാടകകെട്ടിടത്തിൽ നിന്ന് ഈ സ്ഥാപനം ഏപ്രിൽ 14 മുതൽ ഡി.എച്ച്. റോഡിലെ കൃഷ്ണാ ഹാളിൽ പ്രവർത്തനം ആരംഭിക്കുന്നത്. മിതമായ നിരക്കിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഈ ക്ലിനിക്കൽ ലബോറട്ടറി സംവിധാനം പരമാവധി പ്രയോജന പ്പെടുത്തുവാൻ അംഗങ്ങളോട് അഭ്യർത്ഥിക്കുന്നു.

കരയോഗം നിയമാവലി അനുസരിച്ച് എല്ലാ വർഷവും അടക്കേണ്ടതായ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള സ്ഥിരം ഫണ്ടിലേയ്ക്ക് 2018–2019 വർഷത്തെ തുക അടയ്ക്കുവാൻ ഓർമ്മിപ്പിക്കുന്നു.

എറണാകുളം കരയോഗം – പി.എസ്. ഗോപിനാഥൻ നായർ 11–ാമത് പരിസ്ഥിതി അവാർഡ് 2018 ഏപ്രിൽ 22ന്, വൈകുന്നരം 5.00 ന് ടി.ഡി.എം. കാവേരി ഹാളിൽ വച്ച് എറണാകുളം ജില്ലാ കലക്ടർ കെ. മുഹമ്മദ് വൈ. സഫീറുള്ള ഐ എ എസ് അഡ്വ. എ. ഗോപിക്ക് സമ്മാനിക്കും.

എറണാകുളം കരയോഗം കഥകളി കബ്ബിന്റെ 60–ാമത് വാർഷികവും 23–ാമത് കഥകളി അവാർഡും ഏപ്രിൽ 20ന് വൈകുന്നേരം 6.00 ന് ടി ഡി എം ഹാളിൽ വച്ചു നടക്കുന്ന ചടങ്ങിൽ ശ്രീ. കല്ലുവഴി വാസു (പി.വാസുദേവൻ) കളഹംസം (വേഷം), ശ്രീ. സദനം രാമകൃഷ്ണൻ തൗര്യത്രികം (ചെണ്ട), ശ്രീ. കലാനിലയം ജനാർദ്ദനൻ (ചുട്ടി), ശ്രീ. കോട്ടക്കൽ മധു തൗര്യത്രികം (കഥകളി സംഗീതം), ശ്രീ. കലാനിലയം ബാബു തൗര്യത്രികം (മദ്ദളം), ശ്രീ. അപ്പുണ്ണി തരകൻ (ചമയം) എന്നിവർക്ക് സമ്മാനിക്കുന്നതാണ്.

ബീമും എറണാകുളം കരയോഗവും സംയുക്തമായി നടത്തുന്ന പ്രതിമാസ പരിപാടിയിൽ ഏപ്രിൽ 21ന്, വിവേക് മൂഴിക്കുളം അവതരിപ്പിക്കുന്ന സംഗീതക്കച്ചേരി വൈകുന്നരം 6.30 ന് ടി.ഡി.എം. ഗംഗാ ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ഏപ്രിൽ 29ന് വൈകുന്നേരം 5.00 മണിക്ക് 'സ്വപ്നാടനം' സിനിമ ടി ഡി എം ഹാൾ കാവേരിയിൽ പ്രദർശിപ്പിക്കുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളിലും എല്ലാ അംഗങ്ങളുടെയും സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു.

ജനറൽ സെക്രട്ടറി..

## എറണാകുളം കരയോഗം

## 16.4.2018 മുതൽ 15.05.2018 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 18.4.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 19.4.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 20.4.2018 | വെള്ളി | 6.00 p.m. | : കരയോഗം കഥകളി ക്ലബ്ബ് 60-ാം വാർഷികം& 23-ാമത് കഥകളി അവാർഡ് ദാനം, തുടർന്ന് കഥകളി- |
| 21.4.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 6.30 p.m. | : ബീം പ്രതിമാസ പരിപാടി: സംഗീതക്കച്ചേരി- വിവേക് മൂഴിക്കുളം |
| 22.4.2018 | ഞായർ | 5.30 p.m. | : എറണാകുളം കരയോഗം-പി.എസ്.ഗോപിനാഥൻ നായർ 11-ാമത് പരിസ്ഥിതി അവാർഡ് |
| 25.4.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 26.4.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 28.4.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 29.4.2018 | ഞായർ | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് - സ്വപ്നാടനം |
| 2.5.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 3.5.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 5.5.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 9.5.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 10.5.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 12.5.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 13.5.2018 | ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ (ഇകെഎൻഎം പോളിക്ലിനിക്) |

## അറിയിപ്പ്
## കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റതവണയായി ഈ ഇനത്തിലേയ്ക്ക് അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***





# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

നിശ്ചയദാർഢ്യവും കർമശേഷിയും കൈമുതലാക്കിയാൽ ഏതു ദുർഘടമായ പരിത:സ്ഥിതിയിയെയും മറികടക്കാനാവും. ഇതിനൊരു പ്രത്യക്ഷ ഉദാഹരണമാണ് കൂട്ടുകാരെ ഈ അടുത്ത കാലത്തു മരണമടഞ്ഞ സ്റ്റീഫൻ ഹോക്കിങ്സ് എന്ന പ്രഗത്ഭനായ പ്രപഞ്ചശാസ്ത്രജ്ഞൻ. ഇരുപത്തിനാലാം വയസ്സിൽ ഇനി അല്പകാലം മാത്രമേ ജീവിക്കാൻ സാദ്ധ്യത ഉള്ളു എന്ന് ഡോക്ടർമാർ വിധിയെഴുതിയപ്പോഴും അദ്ദേഹം കുലുങ്ങിയില്ല. തന്റെ കഴിവുകൾ സമൂഹത്തിനു നന്മ ചെയ്യാനുള്ളതാണ് എന്നു മാത്രമായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം. നാഡിവ്യൂഹത്തെ തളർത്തിയ രോഗംകൊണ്ട് വീർപ്പു മുട്ടിയപ്പോഴും ചക്രകസേരയിൽ ഇരുന്നുകൊണ്ട് അദ്ദേഹം തന്റെ പഠനവും ഗവേഷണവും തുടർന്നു. കൊച്ചുകുട്ടിയുടെ ശരീരം പോലെയുള്ള ദേഹം. കമ്പ്യൂട്ടറിന്റെ സഹായത്തോടെ പോലും ചിന്തകൾ കുത്തിക്കുറിക്കാനാവാതെ വന്നപ്പോൾ പുതിയ യന്ത്രങ്ങളുടെ സഹായത്തോടെ അദ്ദേഹം പുതിയ വേദികൾ കീഴടക്കി.

ഐൻസ്റ്റിനു ശേഷം ലോകം കണ്ട അതിപ്രഗത്ഭനായ ഈ ശാസ്ത്രജ്ഞൻ പ്രപഞ്ചരഹസ്യങ്ങളെ തന്റെ കൈക്കുടന്നയിലാക്കി. അതാണ് കൂട്ടുകാരെ ആത്മവിശ്വാസം. 1942 മുതൽ 2018 വരെ ജീവിച്ച അദ്ദേഹം എത്രയെത്ര സംഭാവനകളാണ് ലോകത്തിനു നല്കിയത്. 'ഹിസ്റ്ററി ഓഫ് ടൈം' 1988 ൽ പ്രസിദ്ധികരിച്ച ഉടനെ ഒരുകോടി പ്രതികളാണ് വിറ്റഴിച്ചത്. കാലാവധി കഴിഞ്ഞു എന്ന് വിധിയെഴുതിയ ഡോക്ടർമാരെ അദ്ദേഹം അത്ഭുതപ്പെടുത്തി. 'ഭൂമിയുടെ ഗുരുത്വാകർഷണം', 'തമോഗർത്തം', 'പ്രപഞ്ചരഹസ്യങ്ങൾ' എന്നീ കൃതികൾ ഏറെ പേരും പെരുമയും ആർജ്ജിച്ചു. തമോഗർത്തങ്ങൾ ശൂന്യമല്ലെന്നു പഠനങ്ങളിലൂടെ അദ്ദേഹം തെളിയിച്ചു. വിരലിന്റെ ചലനവും പേശിയുടെ ചലനവും നഷ്ടപ്പെട്ടപ്പോഴും വായിച്ചറിഞ്ഞു ശബ്ദമാക്കി മാറ്റുന്ന ഉപകരണത്തിലൂടെ ആശയവിനിമയം നടത്തിയാണ് അദ്ദേഹം പരീക്ഷണങ്ങൾ നടത്തിയത്. 'തിയറി ഓഫ് എവെരിതിങ്' എന്നൊരു സിനിമയും ഇദ്ദേഹം ചെയ്തിട്ടുണ്ട്. ശ്രീ.ഐസക് ന്യൂട്ടനെപ്പോലെ ലോകചരിത്രത്തിൽ ഇടം നേടിയ ഈ പ്രമുഖ ശാസ്ത്രജ്ഞനെക്കുറിച്ച് കൂട്ടുകാർ വായിക്കണേ. 1978 ൽ ഐൻസ്റ്റിൻ പുരസ്കാരം നേടിയ ഇദ്ദേഹം മരണമടഞ്ഞതും ഐൻസ്റ്റിന്റെ ജന്മദിനത്തിലായിരുന്നു എന്ന ഒരു പ്രത്യേകത കൂടി ഇദ്ദേഹത്തിനുണ്ട്. എഴുപത്താറാം വയസ്സ് വരെ വിധിയെ തോൽപ്പിച്ച് അദ്ദേഹം കർമയോഗിയായി ജീവിച്ചു. ഇങ്ങിനെയുള്ള വ്യക്തികളാണ് നമ്മുടെ ഊർജ്ജത്തിന്റെ ഉറവിടങ്ങൾ എന്ന് കൂട്ടുകാർക്കും മനസ്സിലായല്ലോ ?

ഇനി ഒരു പുരാണകഥ കേട്ടോളൂ.

പുരാണകഥകൾ എല്ലായ്പ്പോഴും മനുഷ്യമനസ്സിനെ ആകർഷിക്കുന്നു. ലോകത്തിലെ ഓരോ ജനവിഭാഗത്തിനും അവരവരുടേതായ പുരാണ സങ്കല്പങ്ങളുണ്ട്. ഭാരത പുരാണങ്ങൾ ഇവയിൽ മുന്നിൽ തന്നെയുണ്ട്. കഥകളുടെ ഒരു സാഗരം തന്നെ നമ്മുടെ പുരാണങ്ങളിൽ കാണാം. അതുപോലെ തന്നെ ഗഹനവും രസാവഹവും ആണ് ഗ്രീക്ക് പുരാണ കഥകൾ. (മാത്രമല്ല ചില സമാനതകൾ ഇരു പുരാണങ്ങളിലെയും കഥാപാത്രങ്ങളിൽ കാണാം. ഉദാഹരണത്തിന് നമ്മുടെ ദേവേന്ദ്രനെപ്പോലെ ദേവന്മാരുടെ രാജാവാണ് അവിടെ സ്യൂസ് ദേവൻ. അതിലെ ഏറെ ഹൃദയസ്പർശിയായ ഒരു കഥയാണ് പ്രൊമിത്യസ് ദേവനെ കുറിച്ചുള്ളത്. ദേവനായിരുന്നുവെങ്കിലും പ്രൊമിത്യസ് മനുഷ്യരോട് വളരെ അനുകമ്പയും സ്നേഹവും ഉണ്ടായിരുന്നു. അദ്ദേഹം തനിക്ക് അറിയാവുന്ന നവീന വിദ്യകളൊക്കെ മനുഷ്യരെ പഠിപ്പിച്ചു. അങ്ങിനെ മനുഷ്യൻ കലാനിപുണരും പരിഷ്കാരമുള്ളവരും ആയിത്തീർന്നു. സ്വാഭാവികമായും ഇത് ദേവന്മാർക്ക് രസിച്ചില്ല. അവർ രാജാവായ സ്യൂസിനെ കാര്യമെല്ലാം അറിയിച്ചു. മനുഷ്യവംശത്തെ നശിപ്പിക്കാൻ അദ്ദേഹം നിശ്ചയിച്ചു. പ്രൊമിത്യസ് മനുഷ്യർക്ക് വേണ്ടി കരഞ്ഞുകൊണ്ട് മാപ്പപേക്ഷിച്ചു. തൽക്കാലം സ്യൂസ് ശിക്ഷയിൽ നിന്ന് പിൻതിരിഞ്ഞു. എന്നാൽ ദേവന്മാർ അടങ്ങിയിരുന്നില്ല. അവർ മനുഷ്യർക്കെതിരായി ചിന്തിച്ചു കൊണ്ടിരുന്നു. മനുഷ്യരെ ഒരു പാട് സ്നേഹിച്ചു കൊണ്ടിരുന്ന പ്രൊമിത്യസിനെ ഇത് വളരെയധികം വേദനിപ്പിക്കുന്നുണ്ടായിരുന്നു.

**(ശേഷം 23-ാം പേജിൽ)**

രാഗപരിചയം

# ദേശ്

ഡോ. ജയലക്ഷ്മി നന്ദകുമാർ

കർണ്ണാടക സംഗീതത്തിൽ വളരെയധികം പ്രചാരത്തിലുള്ള ഒരു ഹിന്ദുസ്ഥാനി രാഗമാണ് ദേശ്. 28-ാമത്തെ മേളകർത്താരാഗമായ ഹരികാംബോജിയോടു സമാനതയുള്ള, ഹിന്ദുസ്ഥാനി ഖമാജ് ഥാട്ടിൽ ജന്യമാണ് ദേശ് രാഗം. ഹിന്ദുസ്ഥാനി സംഗീതത്തിലും പ്രസിദ്ധിയാർജ്ജിച്ചതും മനോഹരവുമായ രാഗമാണിത്.

ആരോഹണം : സ രി മ പ നി സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു: ശ്രുതി ഋഷഭം, അന്തര ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതു: ശ്രുതി ധൈവതം, കൈശികി നിഷാദം.

കാകളിനിഷാദം അന്യസ്വരമായി വരുന്നതിനാൽ ദേശ് ഒരു ഭാഷാംഗ രാഗമാണ്. ആരോഹണത്തിൽ അഞ്ചും അവരോഹണത്തിൽ ഏഴും സ്വരങ്ങൾ വരുന്നതു കൊണ്ട് ഒരു ഔഡവ സമ്പൂർണ്ണ രാഗവുമാകുന്നു. ഭജൻ, തില്ലാന, അർദ്ധശാസ്ത്രീയ ഗാനങ്ങൾ എന്നിവയ്ക്ക് അനുയോജ്യമായ രാഗമാണിത്. രാത്രി സമയത്ത് ആലപിക്കുന്നത് കൂടുതൽ അഭികാമ്യം. ഭക്തി,സന്തോഷം, ശോകം എന്നിങ്ങനെ സമ്മിശ്ര വികാരങ്ങൾ പ്രകടിപ്പിക്കുവാൻ കഴിവുള്ള രാഗമാണ് ദേശ്.

ശ്രോതാക്കളുടെ മനസ്സിൽ ദേശഭക്തി, സമാധാനം, സ്നേഹം, സന്തോഷം എന്നീ ഭാവങ്ങൾ ഉളവാക്കുന്ന രാഗമാണിത്. അധികം കൃതികൾ ഈ രാഗത്തിലില്ല.

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1. ഭാരത സാമ്രാജ്യ സുഖി | ആദി | മായാവരം വിശ്വനാഥശാസ്ത്രി |
| 2. രാമ രാമ | ആദി | തഞ്ചാവൂർ ശങ്കരയ്യർ |
| 3. നന്ദ നന്ദന | ആദി | ലളിതാദാസർ |
| 4. ഹരിയേ ഭക്തി | ത്സംപ | പുരന്ദര ദാസർ |
| 5. തക ധീംത | ആദി | ലാൽഗുഡി ജയരാമൻ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | മയിലായ് പറന്നുവാ | മയിൽപ്പീലിക്കാവ് |
| 2. | മേഘരാഗം | കാക്കക്കുയിൽ |
| 3. | എന്തേ ഇന്നും വന്നീല | ഗ്രാമഫോൺ |
| 4. | ഓമനപ്പുഴ കടപ്പുറത്തിൻ | ചാന്തുപൊട്ട് |
| 5. | റംസാൻ നിലാവൊത്ത | ബോയ് ഫ്രണ്ട് |
| 6. | ശംഖുപുഷ്പം കണ്ണെഴുതുമ്പോൾ | ശകുന്തള |
| 7. | ഒരു പുഷ്പം മാത്രമെൻ | പരീക്ഷ |
| 8. | നാഥാ നീവരും കാലൊച്ച | ചാമരം |
| 9. | മിഴിയോരം നനഞ്ഞൊഴുകും | മഞ്ഞിൽ വിരിഞ്ഞ പൂക്കൾ |
| 10. | നീലക്കുറിഞ്ഞികൾ പൂക്കുന്ന | നീലക്കടമ്പ് |
| 11. | ആദ്യവസന്തമേ | വിഷ്ണുലോകം |





വാസ്തു

# വീട് പണിയുന്നതിന് മുമ്പ് പറമ്പ് ശരിയാക്കണം

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

ഒരു വീട് 6 കൊല്ലമായിട്ട് പണിതീർക്കാൻ കഴിയാതെ വന്നതുകൊണ്ട് ഇന്നലെ അവിടെ പോകേണ്ടതായി വന്നു. വീട് പരിശോധിച്ചതിൽ വടക്കു കിഴക്കു മൂല മുറിഞ്ഞു പോയതായ പറമ്പാണ്. പറമ്പ് കിഴക്കോട്ട് പോകുംതോറും വീതി കുറഞ്ഞു വരുന്നു. കന്നിമൂലയിലാണ് ഗേറ്റ്, മോട്ടർ, പമ്പ്, വാട്ടർ ടാങ്ക് എല്ലാം. വീടിന്റെ വടക്കുവശം 3 സ്റ്റെപ്പുകളായി മുറിഞ്ഞു പോയിരിക്കുന്നു. കിണർ കിഴക്കു തെക്കാണ്. പണസംബന്ധമായോ, മറ്റു തരത്തിലുള്ള ബുദ്ധിമുട്ടുകളോ ഇല്ലാത്ത കുടുംബമാണ് എന്നിരുന്നാലും വീടിന്റെ പണികൾ മുന്നോട്ടു നീങ്ങുന്നില്ല.




വീട് പരിശോധിച്ച ശേഷം, തെക്കുപടിഞ്ഞാറുള്ള ഗേറ്റ്, അല്പം വടക്കോട്ടു മാറ്റണം, കൂടാതെ വാട്ടർ ടാങ്കും, മോട്ടറും, എന്നിവ അവിടെ നിന്നും മാറ്റുവാനും നിർദ്ദേശിച്ചു. വീടിന്റെ കിഴക്കുവശത്തുള്ളതിന്റെ 3 ഇരട്ടി സ്ഥലം പടിഞ്ഞാറുണ്ട് . ആയതിനാൽ പറമ്പിന്റെ തെക്കു പടിഞ്ഞാറ് മൂലയിൽ 15 സെന്റീ മീറ്റർ ഉയർത്തി തറകെട്ടി ചെടികൾ വെച്ചു മാറ്റാൻ നിർദ്ദേശിച്ചു. ഏതു വീട്ടിലും കിഴക്കുള്ള സ്ഥലത്തിലെക്കാൾ കുറഞ്ഞിരിക്കണം പടിഞ്ഞാറുള്ള സ്ഥലം. തിരിച്ചു പറഞ്ഞാൽ പടിഞ്ഞാറുള്ളതിനേക്കാൾ കൂടുതൽ സ്ഥലം കിഴക്കു ഭാഗത്തു വേണം എന്ന് അർത്ഥം. പറമ്പിന്റെ കിഴക്കു ഭാഗം വടക്കോട്ട് വരും തോറും ചരിഞ്ഞ് വരുന്നതു കൊണ്ട് വീടിനു സമാന്തരമായി വടക്കു കിഴക്കേ മൂലയിൽ നിന്നും തെക്കോട്ട് മതിൽ വരെ 24 .സെ. മീ. ഉയരത്തിൽ മതിൽ കെട്ടിത്തിരിക്കാൻ പറഞ്ഞു. (ചിത്രത്തിൽ A ⇦⇨ B നോക്കുക)

പറമ്പിന്റെ വടക്കു ഭാഗം പടിഞ്ഞാറു ഭാഗത്തേക്കു വരും തോറും, കൂടി വരുന്നു. പറമ്പിന്റെ വടക്കു കിഴക്കേ മൂലയിൽ നിന്നും വീടിന് സമാന്തരമായി കിഴക്കു നിന്നും പടിഞ്ഞാറെ മതിൽ വരെ 24.സെ.മീ. ഉയരത്തിൽ ഒരു കുട്ടിമതിൽ കെട്ടി നിറുത്തണം. (ചിത്രം A ⇦⇨ C നോക്കുക) ഗേറ്റ് പടിഞ്ഞാറ് തെക്കു ഭാഗത്തു നിന്നും പടിഞ്ഞാറു വടക്കോട്ട് മാറ്റാനും നിർദ്ദേശിച്ചു. ഇപ്പോൾ ഗേറ്റു നിൽക്കുന്നത് 'G' എന്ന് അടയാളപ്പെടുത്തിയ ഭാഗത്താണ്. അത് 'G1' എന്ന ഭാഗത്തേക്ക് മാറ്റണം.

വീടിന്റെ വടക്കു ഭാഗം കിഴക്കോട്ട് പോകും തോറും, Step Step ആയി മുറിഞ്ഞു പോകുന്നു. വടക്കു കിഴക്കു മൂല എപ്പോഴും ചതുരാകൃതിയായിരിക്കണം. അതിനുവേണ്ടി വടക്കു ഭാഗത്തെ ചുമർ നേരെ കിഴക്കോട്ടു നീട്ടുകയും, കിഴക്കുഭാഗത്തെ സ്ഥലം തെക്കു നിന്നും വടക്കോട്ട് നീട്ടി യോജിപ്പിച്ച് 18.സെ.മീ. ഉയരത്തിൽ തറകെട്ടി ചതുരാകൃതിയാക്കണം. (ചിത്രത്തിൽ E-E1-E2 നോക്കുക)

എവിടെയായാലും വീട് പണിയും മുമ്പേ, പറമ്പ് ശരിയാക്കണം. യാതൊരു കാരണവശാലും, പറമ്പിന്റെ വടക്കു കിഴക്കുമൂല മുറിഞ്ഞു പോകരുത്. യാതൊരു കാരണവശാലും, തെക്കു പടിഞ്ഞാറെ മൂലയിൽ ഗേറ്റ് വെയ്ക്കരുത്. വടക്കു കിഴക്കേ മൂലയും, തെക്കു പടിഞ്ഞാറെ മൂലയും വളരെ പ്രധാനപ്പെട്ട ഭാഗങ്ങളാണ്.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേർ രജിസ്റ്റർ ചെയ്തിരിക്കണം.**

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### ബമ്മേര പൊത്തന്ന

ഇന്ത്യയിലെ പ്രാദേശിക ഭാഷകൾ വളർന്നത് തർജ്ജമകളിലൂടെയാണ്. സംസ്കൃതത്തിൽ രചിക്കപ്പെട്ട മഹാഭാരതവും രാമായണവും, ഭാഗവതവും മറ്റും പ്രാദേശിക ഭാഷകളിലേക്കു വിവർത്തനം ചെയ്തുകൊണ്ട് ഋഷികവികൾ മഹത്തായ ഒരു പരിവർത്തനത്തിനു വഴിയൊരുക്കി.

മഹാഭാരതത്തിനുശേഷം തെലുങ്കിൽ രാമായണത്തിനു തർജമയുണ്ടായി, വൈഷ്ണവഭക്തിയുടെ മൂലഗ്രന്ഥമായ ശ്രീമദ്ഭാഗവതത്തിനു തർജമയുണ്ടായത് ബമ്മേര പൊത്തന്നയുടെ തൂലികയിലൂടെയാണ്. അതിനുശേഷമാണ് ബോപദേവൻ ഭാഗവതത്തിനു വ്യാഖ്യാനം രചിച്ചത്.

തെലുങ്കാനയിലെ വാറൻഗൽ എന്ന പ്രവിശ്യയിൽ പതിനഞ്ചാം നൂറ്റാണ്ടിലാണ് പൊത്തന്നയുടെ ജനനം. കേശന്നയായിരുന്നു പിതാവ്; മാതാവിന്റെ പേര് ലക്ഷാംബ. നിയോഗബ്രാഹ്മണകുലത്തിൽപ്പെട്ട വ്യക്തിയായിരുന്നതിനാൽ പൊത്തയ്യ എന്നും അദ്ദേഹം സംബോധന ചെയ്യപ്പെട്ടു. കുടുംബത്തിലെ ദാരിദ്ര്യം മൂലം അദ്ദേഹം കൃഷിയിടങ്ങളിൽ വേലചെയ്താണ് അന്നത്തിനുള്ള വഴി കണ്ടെത്തിയിരുന്നത്. പിന്നീട് പ്രശസ്തനായപ്പോൾ ധനികനാകാനുള്ള ഒട്ടേറെ അവസരങ്ങൾ അദ്ദേഹത്തെ തേടിയെത്തി. രാജാക്കന്മാരെയും പ്രഭുക്കന്മാരെയും സ്തുതി പാടി പ്രീണിപ്പിച്ച് തനിക്കു ധനികനാകേണ്ട എന്നായിരുന്നു പൊത്തന്നയുടെ തീരുമാനം.

രാജാ സർവജിനസിംഘഭൂപാലൻ പൊത്തന്നയുടെ സാഹിത്യകൃതികളിൽ ആകൃഷ്ടനായി. 'തർജമ ചെയ്ത ഭാഗവതം നമുക്കു സമർപ്പിക്കുക!' എന്ന രാജകൽപനയുമായി ദൂതന്മാർ പൊത്തന്നയെ ചെന്നുകണ്ടു. ധനവും ഭൂമിയും നൽകാമെന്ന രാജാവിന്റെ വാഗ്ദാനവും അവർ കവിയെ അറിയിച്ചു. പ്രലോഭനങ്ങൾക്കു വഴങ്ങാത്ത പൊത്തന്ന രാജാവിന്റെ കോപത്തിനു പാത്രമായി. ഭാഗവത തർജമയുടെ കയ്യെഴുത്തു പ്രതികൾ കത്തിച്ചു കളയാൻ സിംഘഭൂപാലരാജാവ് കൽപ്പിച്ചു. തീപ്പന്തങ്ങളുമായെത്തിയ രാജകിങ്കരന്മാർ പരാജയപ്പെട്ടു പിൻവാങ്ങി. പൊത്തന്നയുടെ ഭാഗവത തർജമ രാജാവിന്റെ അപ്രീതിയെ അതിജീവിക്കുകയും ചെയ്തു.

അത്യുൽകൃഷ്ടശ്രേണിയിൽ അംഗീകാരം നേടിയ പൊത്തന്നക്ക് പ്രത്യേകമായൊരു ഉപാസനാമൂർത്തിയുണ്ടായിരുന്നില്ല. വിവിധ ആരാധനാസമ്പ്രദായങ്ങളെയും ഭക്തിമാർഗ്ഗങ്ങളെയും സ്വാംശീകരിച്ചുകൊണ്ട് അദ്ദേഹം ഈശ്വരോപാസനയിൽ വ്യാപൃതനായി.ശിവോപാസകരായ മാതാപിതാക്കളുടെ രീതി പിന്തുടർന്ന പൊത്തന്ന യൗവ്വനമായതോടെ വിഷ്ണുഭക്തിയിൽ ആകൃഷ്ടനായി. വാർദ്ധക്യമായപ്പോൾ അദ്വൈതവാദത്തോടായി അടുപ്പം. എങ്കിലും അന്ത്യംവരെ ശിവനെയും വിഷ്ണുവിനെയും ഉപാസിച്ചുപോന്നു.

പറയത്തക്ക വിദ്യാഭ്യാസമില്ലാത്തതിനാൽ പൊത്തന്നയുടെ ഭാഗവത തർജമയിൽ ഗവേഷകർ ചില പോരായ്മകൾ കണ്ടെത്തി. പക്ഷെ അതിലെ ഭക്തിയും വിധേയത്വവും ഈ തർജമയെ ഉദാത്തമാക്കുന്നു എന്നതാണ് പരമാർത്ഥം. ഇരുപതാം നൂറ്റാണ്ടിലെ കവികുലപതിയായ സുബ്രഹ്മണ്യഭാരതി പൊത്തന്നയെ സാക്ഷാൽ കമ്പരോടും തിരുവള്ളുവരോടും തുലനം ചെയ്തിട്ടുണ്ട്.

ആന്ധ്രപ്രദേശിലെ ഗൃഹങ്ങളിൽ പൊത്തന്നയുടെ പേര് ആദരപൂർവ്വം സ്മരിക്കപ്പെടുന്നു. ഇന്നും ഇദ്ദേഹത്തിന്റെ ഭാഗവതം പണ്ഡിതരും സാധാരണക്കാരും ഒരു പോലെ ആസ്വദിച്ചു വായിക്കുന്നു എന്നതുതന്നെ പൊത്തന്നയുടെ ജനപ്രീതിക്കു നിദാനമാണ്.

### വേമന്ന

ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരകർ എന്ന നിലക്ക് ചരിത്രത്തിൽ നാം ഒട്ടേറെ ഋഷിമാരെയും പണ്ഡിതന്മാരെയും സാമൂഹ്യസേവകരേയും പരിചയപ്പെടുന്നുണ്ട്. അസാമാന്യമായ കാവ്യപ്രതിഭയാൽ അനുഗ്രഹീതനായ വേമന്ന വിപ്ലവകാരിയായ ഭക്തിപ്രചാരകൻ എന്ന് അറിയപ്പെടുന്നു.

കുമാരഗിരി വേമറെഡ്ഢി എന്നായിരുന്നു വേമന്നയുടെ പൂർണ്ണമായ പേര്. എ.ഡി. 1352 ൽ രായലസീമയിൽ കൊണ്ടവീഡു എന്ന പ്രവിശ്യയിലെ രാജാവായ കുമാരഗിരി വേമന്റെ പുത്രനായാണ് വേമന്നയുടെ ജനനം. യോഗസാധകനായിരുന്നതിനാൽ ഇദ്ദേഹം യോഗിവേമന്ന എന്നും അറിയപ്പെട്ടു. ഏറെ ജനപ്രീതി നേടിയ കവിയായിരുന്നു വേമന്ന. രാജകുമാരനായിരുന്നെങ്കിലും സങ്കോചമെന്യേ അദ്ദേഹം സാധാരണക്കാരുമായി ഇടപഴകി. കവി, ചിന്തകൻ, യോഗി തുടങ്ങിയ നിലകളിൽ ജനങ്ങൾ അദ്ദേഹത്തെ ആരാധിച്ചു.വേദങ്ങളെയും യജ്ഞങ്ങളെയും വിലകൽപ്പിക്കാത്തതിനാൽ ബ്രാഹ്മണർ വേമന്നയെ മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തി. ശൂദ്രനായ വേമന്ന ജാതിചിന്തയെ എതിർത്തതും അവരെ പ്രകോപിതരാക്കി. ശൂദ്രരുടെ രചനകൾ കത്തിച്ചു കളയണം എന്ന നിലപാടിലായിരുന്നു അവർ. ഇക്കാരണങ്ങൾകൊണ്ട് വേമന്ന എന്ന കവിയും അദ്ദേഹത്തിന്റെ രചനകളും ഏറെക്കാലം അവഗണിക്കപ്പെട്ടുകിടന്നു. ചരിത്രകാരന്മാർ പോലും അദ്ദേഹത്തെ വിസ്മരിച്ച മട്ടായി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ വിദേശികളായ ചില വിദ്യാഭ്യാസവിദഗ്ദ്ധരാണ് അദ്ദേഹത്തിന്റെ മഹത്വം തിരിച്ചറിഞ്ഞത്. ഇന്ന് തെലുങ്കരുടെ സുഭാഷിതങ്ങളിൽ മാത്രമല്ല സംഭാഷണങ്ങളിലും വേമന്നയുടെ വചനങ്ങൾ സുലഭമായി പ്രയോഗിച്ചു വരുന്നു. അദ്ദേഹത്തിന്റെ കവിതകൾ തമിഴിലേക്കും കന്നഡയിലേക്കും മൊഴിമാറ്റം ചെയ്യപ്പെട്ടു. വേമന്നയെ ചില ഗവേഷകർ കബീർ, തിരുവള്ളുവർ, സർവ്വജ്ഞൻ മുതലായ ഋഷികവിമാരുടെ ശ്രേണിയിൽ ഉൾപ്പെടുത്തുന്നു. കടരുപ്പള്ളിയിൽ വെച്ച് വേമന്ന സമാധിയടഞ്ഞു. യോഗിയായിരുന്നതിനാൽ ഇദ്ദേഹത്തിന്റെ ഭൗതികശരീരം അഗ്നിക്കു സമർപ്പിക്കുന്നതിനു പകരം ഭൂമിക്കടിയിൽ മറവുചെയ്യുകയാണുണ്ടായത്.

### ഭദ്രാചലരാമദാസ്

എ.ഡി.1620 ൽ ഗോൽക്കൊണ്ട പ്രവിശ്യയിലെ നടകൊണ്ടനഹള്ളി ഗ്രാമത്തിൽ കാഞ്ചേർല എന്ന തറവാട്ടിലാണ് രാമദാസ് ജനിച്ചത്. ഗോപണ്ണാ എന്നായിരുന്നു യഥാർത്ഥ നാമധേയം. പിതാവായ ലിങ്കണ്ണാ മന്ത്രിസഭയിലെ അംഗമായിരുന്നു. അമ്മയുടെ പേര് കാമാംബ. ബാല്യത്തിൽ മാതാപിതാക്കൾ മരിച്ചുപോയതിനാൽ ഏകപുത്രനായ ഗോപണ്ണ അനാഥനായിത്തീർന്നു. അമ്മയുടെ സഹോദരങ്ങളായ അക്കണ്ണയുടെയും മദണ്ണയുടെയും സംരക്ഷണത്തിൽ വളർന്ന ഗോപണ്ണ ബാല്യം മുതൽക്കേ ശ്രീരാമഭക്തനായിരുന്നു. അതിനാൽ ഗ്രാമീണർ ബാലനെ രാമദാസൻ എന്നു വിളിക്കാൻ തുടങ്ങി. കൗമാരം കടക്കുംമുമ്പ് അദ്ദേഹം സംസ്കൃതത്തിലും തെലുങ്കിലും അഗാധമായ പാണ്ഡിത്യം നേടി.

അക്കാലത്ത് ഗോൽക്കൊണ്ട വാണിരുന്നത് നവാബ് അബ്ദുൾ ഹസൻ തനിഷാ എന്ന മുസ്ലീം രാജാവായിരുന്നു. രാജധാനിയിലെ ഉദ്യോഗസ്ഥരായ അക്കണ്ണയും മദണ്ണയും അനന്തരവനെ നവാബിനു പരിചയപ്പെടുത്തിക്കൊടുത്തു. ഗോപണ്ണയുടെ പെരുമാറ്റത്തിൽ മതിപ്പുതോന്നിയ നവാബ് അദ്ദേഹത്തെ ഭദ്രാചലം താലൂക്കിലെ തഹസിൽദാരായി നിയമിച്ചു. കഴിവും സാമാർത്ഥ്യവും തികഞ്ഞ ഗോപണ്ണാ നവാബിന്റെ പ്രീതി പാത്രമായിത്തീർന്നു.രാമഭക്തനായ ഗോപണ്ണക്ക് സ്വപ്നദർശനത്തിലൂടെ കബീറിൽ നിന്ന് താരകാമന്ത്രോപദേശം ലഭിച്ചു. ഇത് അദ്ദേഹത്തിന്റെ ജീവിതത്തിലെ വഴിത്തിരിവായി. ശ്രീരാമമൂർത്തിയെ പ്രകീർത്തിച്ച് രാമദാസ് നിരവധി കീർത്തനങ്ങൾ രചിച്ചു. കമലമ്മ എന്ന സത്രീരത്നത്തെ അദ്ദേഹം വിവാഹം കഴിച്ചു. ഭദ്രാചലത്തെ വൈകുണ്ഠരാമ ക്ഷേത്രത്തിൽ വർഷാവർഷം ശ്രീരാമനവമി ഉത്സവം കൊണ്ടാടാനും അതോടനുബന്ധിച്ച് 'സന്തർപ്പണം' (അന്നദാനം) നടത്താനും അദ്ദേഹം ഏർപ്പാടുകൾ ചെയ്തു. ഇതിനായി സർക്കാർ ഖജനാവിൽ നിന്ന് ധനം ചെലവഴിക്കാൻ അദ്ദേഹം ധൈര്യം കാട്ടി. ഒരിക്കൽ രാമനവമി ആഘോഷത്തിനിടെ രാമദാസിന്റെ ഏകപുത്രൻ രാമുഡു ചുടുകഞ്ഞിയിൽ വീണു. അന്നദാനം മുടങ്ങാതെ നടത്തിയശേഷം രാമദാസ് കുഞ്ഞിന്റെ മൃതദേഹവുമായി വൈകുണ്ഠരാമന്റെ ശ്രീകോവിലിനു മുന്നിൽ നിന്നു കരഞ്ഞു. ഭഗവാന്റെ അനുഗ്രഹത്താൽ രാമുഡു കണ്ണുതുറന്നു. അതോടെ രാമദാസ് സ്വയം വൈകുണ്ഠരാമന്റെ സന്നിധിയിൽ സമർപ്പിച്ചു. അതിനിടെ സർക്കാർപണം ദുർവിനിയോഗം ചെയ്ത രാമദാസിനെ നവാബ് പന്ത്രണ്ടു വർഷം തടവിലിട്ടു. ഗോൽക്കൊണ്ട കോട്ടയിലെ തടവുകാലാനുഭവങ്ങളെ ആധാരമാക്കി രാമദാസ് കീർത്തനങ്ങൾ രചിച്ചു. തടവുജീവിതത്തിനിടെ അദ്ദേഹം നിർമ്മിച്ച ശ്രീരാമൻ, സീത, ലക്ഷ്മണൻ, ആഞ്ജനേയൻ, ഗണപതി, നവഗ്രഹങ്ങൾ തുടങ്ങിയ ദേവശില്പങ്ങൾ ഇന്നും ഗോൽക്കൊണ്ട കോട്ടയിൽ സൂക്ഷിച്ചിട്ടുണ്ട്. രാമദാസ് തെലുങ്കിൽ അനവധി ദിവ്യനാമസങ്കീർത്തനങ്ങൾ രചിച്ചു. 'നാരായണ നാരായണ', 'വന്ദേ രഘുരാമ' എന്നീ കൃതികൾ സംസ്കൃത രചനകളാണ്. ലളിതകോമളപദങ്ങൾ കോർത്തിണക്കിയ രാമദാസ്കൃതികൾ ജനഹൃദയങ്ങളെ വശീകരിച്ചു. കർണ്ണാടകസംഗീത ചക്രവർത്തിയായ ത്യാഗരാജനെപ്പോലും രാമദാസിന്റെ കൃതികൾ ആകർഷിച്ചു. 'ക്ഷീരസാഗരശയനാ' എന്ന തന്റെ

കൃതിയിൽ സംഗീതസമ്രാട്ട് ത്യാഗരാജൻ ഭദ്രാചല രാമദാസനെ പ്രകീർത്തിച്ചിട്ടുണ്ട്. രാമദാസന്റെ ഭക്തിയാലും പരിശ്രമത്താലും 'ഭദ്രാചലക്ഷേത്രം' ഇന്നും 'കലിയുഗവൈകുണ്ഠം' എന്നറിയപ്പെടുന്നു.

### കേരളം

പൗരാണികകാലം മുതൽക്കുതന്നെ മൗലികമായ ഒരു സംസ്കാരം നിലനിന്നുപോന്ന ഭൂപ്രദേശമാണു കേരളം. ഭാരതഭൂമിയുടെ തെക്കുപടിഞ്ഞാറേ മുനമ്പ് എന്നു തന്നെ വിശേഷിപ്പിക്കാവുന്ന മലയാളക്കരയെ സംബന്ധിക്കുന്ന ഒട്ടേറെ ഐതിഹ്യങ്ങൾ നിലവിലുണ്ട്. ഇവിടത്തെ ക്ഷേത്രങ്ങളും ക്ഷേത്രസംസ്കാരവും ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് തികച്ചും ഭിന്നമായിരിക്കുന്നു. സംസ്കൃതവും മണിപ്രവാളവും മലയാളവും ഒരുപോലെ കൈകാര്യം ചെയ്തിരുന്ന ആചാര്യന്മാർ ക്ഷേത്രകലകളുടെ പരിപോഷണത്തിൽ കാര്യമായ പങ്കുവഹിച്ചു.

കേരളത്തിലെ ആത്മീയനവോത്ഥാനത്തിന് ശങ്കരഭഗവദ്പാദർ എന്നറിയപ്പെടുന്ന ആദിശങ്കരന്റെ കാലത്തോളം പഴക്കമുണ്ട്. ഭാരതീയതത്വചിന്തയുടെയും ആത്മീയതയുടെയും നവോത്ഥാനത്തിന് തുടക്കം കുറിച്ചതും അദ്ദേഹം തന്നെ. ഇക്കാര്യത്തിൽ സംശയത്തിന് യാതൊരു പ്രസക്തിയുമില്ല. നൂറ്റാണ്ടുകൾക്കുശേഷം കേരളത്തിൽ അവതരിച്ച ആചാര്യന്മാരെല്ലാവരും ശങ്കരൻ കാണിച്ചുകൊടുത്ത മാർഗം തന്നെയാണ് പിന്തുടർന്നത് എന്നതും സ്മരണീയമത്രേ!

### ശങ്കരാചാര്യർ

ഭാരതീയദർശനങ്ങളെ വാനോളമുയർത്തിയ ആചാര്യനും അദ്വൈത സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവുമായ ശ്രീശങ്കരാചാര്യർ ജനിച്ചതും വളർന്നതും മലയാളക്കരയിലാണ്. കാലടിയിൽ ചൂർണ്ണാ നദീതീരത്തുള്ള കൈപ്പള്ളി ഇല്ലം എന്ന ബ്രാഹ്മണഭവനമാണ് അദ്ദേഹത്തിന്റെ ജന്മഗൃഹം (ശങ്കരാചാര്യരുടെ അമ്മാത്ത്/ മാതൃഭവനം പിറവത്തായിരുന്നു.)കൈപ്പള്ളി ഇല്ലത്തെ ശിവഗുരുവിനും ആര്യാംബക്കും ഏറെക്കാലത്തെ ദാമ്പത്യത്തിനു ശേഷവും പുത്രപ്രാപ്തിയുണ്ടായില്ല. അവർ തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിൽ ഭജനമിരുന്നു. ഒരുനാൾ ഒരു വൃദ്ധബ്രാഹ്മണന്റെ രൂപത്തിൽ ഭഗവാൻ അവർക്കു സ്വപ്നദർശനമരുളി. 'മന്ദബുദ്ധികളെങ്കിലും ദീർഘായുഷ്മാരായ അനേകം പുത്രന്മാർ വേണോ, അല്പായുസ്സെങ്കിലും അത്യുജ്ജ്വലനായ ഒരു മകൻ മതിയോ.?' എന്നു ഭഗവാൻ ചോദിച്ചു 'അവിടുന്നു തന്നെ തീരുമാനിക്കു,' എന്ന് ശിവഗുരു തൊഴുകൈയോടെ ഉണർത്തിച്ചു. 'എങ്കിൽ നാം തന്നെ നിങ്ങൾക്കു പുത്രനായ് ജനിക്കുന്നതാണ്. ഭജനം മതിയാക്കി ഇല്ലത്തേക്കു മടങ്ങിക്കൊള്ളൂ.' എന്നു കൽപ്പിച്ചതിനുശേഷം ഭഗവാൻ മറഞ്ഞു.

ശിവഗുരുവും ആര്യാംബയും ഇല്ലത്തേക്കു മടങ്ങി. താമസിയാതെ ആര്യാംബ ഗർഭം ധരിച്ചു. ഗർഭം വളരുംതോറും അവരുടെ വദനത്തിന്റെ തേജസ്സ് വർദ്ധിച്ചു വന്നു. പ്രകാശങ്ങളുടെയും പ്രകാശമായ ശിവൻ തന്നെയാണല്ലോ ആര്യാംബയുടെ ഉദരത്തിൽ അവതരിക്കുന്നത് ! മാസം തികഞ്ഞു! വൈശാഖമാസത്തിലെ പുണർതം നക്ഷത്രത്തിൽ ആര്യാംബ അതിതേജസ്വിയായ ഒരു പുത്രനു ജന്മം നൽകി. (എ.ഡി. 788 ലാണ് ശങ്കരൻ ജനിച്ചതെന്ന് ചിലർ കരുതുന്നു. ആധുനിക ഗവേഷകർ ആ അഭിപ്രായത്തോടു യോജിക്കുന്നില്ല.) ഐതിഹ്യങ്ങൾ ശങ്കരനെ ശിവന്റെ അവതാരമായി ഏകകണ്ഠേന വാഴ്ത്തുന്നു. ഭഗവാന്റെ അനുഗ്രഹം കൊണ്ടുണ്ടായ പുത്രന് ശിവഗുരു ശങ്കരൻ എന്നു പേരിട്ടു. ദേവർഷികൾക്കുമാത്രം പ്രാപ്തമായിരുന്ന ബൗദ്ധികശക്തിയും ഉൾക്കാഴ്ചയും തികഞ്ഞ ഒരൽഭുതശിശുവായിരുന്നു ശങ്കരൻ. അസാമാന്യമായ ഗ്രഹണശക്തിയും ശങ്കരന്റെ പ്രത്യേകതയായിരുന്നു. ഒന്നാം വയസ്സിൽ സംസ്കൃതം അക്ഷരമാലയും മാതൃഭാഷയും വശമാക്കി. രണ്ടാം വയസ്സിൽ വ്യാകരണവും മൂന്നാം വയസ്സിൽ കാവ്യപുരാണങ്ങളും പഠിച്ചു. ഭഗവാന്റെ അവതാരമായതിനാൽ വിദ്യയും വിജ്ഞാനവും ജന്മസിദ്ധമായിരുന്നു എന്നു കരുതാം. ഉപനയനത്തിനു പ്രായമാകുംമുമ്പ് പിതാവായ ശിവഗുരു അന്തരിച്ചു. ദുഃഖം സഹിച്ചുകൊണ്ടെങ്കിലും ആര്യാംബ പുത്രനുവേണ്ടി ജീവിച്ചു. അഞ്ചു വയസ്സായപ്പോൾ ശങ്കരന്റെ ഉപനയനം നടത്തി. തുടർന്ന് മാതാവ് പുത്രനെ ഗുരുകുലവിദ്യാഭ്യാസത്തിനയച്ചു. ആചാര്യനെ പരിചരിച്ചും ഭിക്ഷാടനം നടത്തിയും ശങ്കരൻ വിധിപ്രകാരം ബ്രഹ്മചാരിയായി ജീവിച്ചു. ശങ്കരന്റെ വിദ്യാർത്ഥിജീവിതത്തിലുണ്ടായ ഒരു അൽഭുതത്തെപ്പറ്റി ശ്രദ്ധേയമായ ഒരൈതിഹ്യമുണ്ട്. ബ്രഹ്മചാരിയായ ശങ്കരൻ ഒരു ദിവസം ഒരു ബ്രാഹ്മണ ഗൃഹത്തിൽ ഭിക്ഷക്കു ചെന്നുവത്രേ! ഗൃഹനാഥൻ ആഹാരത്തിനു വഴിതേടി അകലെ എവിടെയോ പോയ സമയം! വീട്ടിൽ ഗൃഹനാഥയായ ബ്രാഹ്മണി മാത്രമേ ഉണ്ടായിരുന്നുള്ളൂ.. ബ്രഹ്മചാരിക്കു ഭിക്ഷ നൽകാൻ ഒരുമണി അരിപോലുമില്ലാഞ്ഞതിനാൽ അവർ വിഷണ്ണയായി. ഒടുവിൽ അടുക്കളയിൽ നിന്നു തേടി കണ്ടുപിടിച്ച ഒരു ആമലഫലം (നെല്ലിക്ക) ആ സാധുസ്ത്രീ ശങ്കരന്റെ ഭിക്ഷാപാത്രത്തിലേക്കു വെച്ചു. കൂടുതലൊന്നും തരാൻ നിവൃത്തിയില്ലെന്ന്





അവർ സങ്കോചത്തോടെ തുറന്നു പറഞ്ഞു. ദയാലുവായ ശങ്കരന്റെ മനമലിഞ്ഞു. ആശുതോഷനായ ('ആശുതോഷ' എന്നത് ശിവന്റെ ഒരു പര്യായമാണ്. അല്പംകൊണ്ടു സന്തോഷിക്കുന്നവൻ എന്നർത്ഥം) ബ്രഹ്മചാരി ധനാധിദേവതയായ ലക്ഷ്മീദേവിയെ പ്രാർത്ഥിച്ചുകൊണ്ട് ഒരു കീർത്തനം ചൊല്ലി. ശങ്കരന്റെ പ്രാർത്ഥനയുടെ ഫലമായി അവിടെ സ്വർണ്ണാമലകങ്ങൾ വർഷിച്ചുവത്രേ ! ഈ സ്തോത്രം 'കനകധാരാസ്തവം' (കനകം വർഷിക്കാനുള്ള പ്രാർത്ഥന) എന്ന് അറിയപ്പെട്ടു.

ഇതാണ് ശങ്കരവിരചിതമായ ആദ്യകൃതി. (പ്രസ്തുത നമ്പൂതിരി കുടുംബം സ്വർണ്ണാട്ടുമന എന്നറിയപ്പെട്ടു. ഇന്നും ഈ കുടുംബക്കാർ കാലടിയിൽ താമസമുണ്ട്.) ഭക്തയായ ആ സ്ത്രീയും അതിനിടെ തിരിച്ചെത്തിയ അവരുടെ ഭർത്താവും അൽഭുതപരതന്ത്രരായി ആ ദൈവിക ബാലനെ ആരാധിച്ചു. അങ്ങനെ ശങ്കരന്റെ ആദ്യത്തെ ശുശ്രൂഷാ പ്രവൃത്തി ദാരിദ്ര്യോച്ചാടനമായി.എട്ടു വയസ്സു തികയും മുമ്പ് ശങ്കരൻ തർക്കം, സാംഖ്യശാസ്ത്രം, പതഞ്ജലിയോഗം, ഭട്ടമീമാംസ എന്നീ ഗഹനമായ വിഷയങ്ങളിൽ ജ്ഞാനം നേടി. അദ്ധ്യയനം പൂർത്തിയാക്കിയ ശേഷം ശങ്കരൻ ഗുരുകുലത്തിൽ നിന്നു തിരിച്ചുവന്ന് അമ്മയോടൊത്തു ജീവിച്ചു.

ഒരു ദിവസം പൂർണ്ണാനദിയിൽ കുളികഴിഞ്ഞു വരവേ ക്ഷീണം മൂലം ആര്യാംബ വഴിയിൽ ബോധമറ്റുവീണു. ഉൾക്കണ്ണിൽ ഈ കാഴ്ചകണ്ട ശങ്കരൻ ഞൊടിയിടയിൽ അവിടെയെത്തി ; അമ്മയെ താങ്ങിയെടുത്ത് വീട്ടിലെത്തിച്ചു. മേലിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ വേണ്ടി അദ്ദേഹം തന്റെ ഗൃഹത്തിനടുത്തുകൂടി ഒഴുകണമേയെന്ന് പൂർണ്ണാനദിയോടു വിളിച്ചു പ്രാർത്ഥിച്ചു. അടുത്ത സൂര്യോദയത്തിനുമുമ്പ് ആ അൽഭുതം സംഭവിക്കുകയും ചെയ്തു.

ശങ്കരന്റെ പിൽക്കാലകൃതികളിൽ മാതൃത്വത്തോടുള്ള അദ്ദേഹത്തിന്റെ അഗാധമായ ബഹുമാനം തെളിഞ്ഞു കാണാം. ബൃഹദാരണ്യകോപനിഷത്തിന്റെ വ്യാഖ്യാനത്തിൽ അദ്ദേഹം മാതാവിനെ സമ്പൂർണ്ണ അദ്ധ്യാപികയായി വിവരിക്കുന്നു.

ഒരിക്കൽ ഒരു സംഘം മഹർഷിമാർ കാലടിയിലെത്തി. ഭിക്ഷക്കായി അവർ കൈപ്പള്ളി ഇല്ലത്ത് കയറിച്ചെന്നു. ആര്യാംബയും ശങ്കരനും അവരെ യഥോചിതം സൽക്കരിച്ചു. കുട്ടിയിൽ പ്രകടമായ ദൈവികത്വം തിരിച്ചറിഞ്ഞ സന്യാസിമാർ ശങ്കരൻ അവതാരമെടുത്ത സാഹചര്യങ്ങൾ ആര്യാംബയെ അറിയിച്ചു. എട്ടുകൊല്ലമേ കുട്ടിക്ക് ആയുസ്സു നിർണ്ണയിച്ചിരുന്നുള്ളുവെങ്കിലും ആയുഷ്ക്കാലം ഇരട്ടിച്ചിരിക്കുന്നതായി അവർ പറഞ്ഞു. അമ്മയേയും മകനേയും അനുഗ്രഹിച്ചശേഷം സന്യാസിമാർ യാത്രയാവുകയും ചെയ്തു. ജന്മനാ വിരക്തനായിരുന്ന ശങ്കരൻ സദാ അതീന്ദ്രിയമായ ലോകത്തെക്കുറിച്ചു മാത്രം ചിന്തിച്ചു. മകന്റെ ചിന്താഗതിയറിഞ്ഞ മാതാവ് അസ്വസ്ഥയായി. കുടുംബപരമായ കർത്തവ്യങ്ങളിലേക്കും ഉത്തരവാദിത്തങ്ങളിലേക്കും അവന്റെ ശ്രദ്ധ തിരിച്ചുവിടാൻ ശ്രമം തുടങ്ങി. പുത്രനെ വിവാഹിതനായിക്കാണാൻ അവർ തിടുക്കം കൂട്ടി. എന്നാൽ സ്വന്തം ദർശനങ്ങളും ജ്ഞാനവും ലോകത്തിന് ഉദാരമായി പകർന്നുകൊടുത്ത് മാനവരാശിയെ ശാന്തിയിലേക്കു നയിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ ജനിച്ചിരിക്കുന്ന ശങ്കരനെ കുടുംബജീവിതത്തിൽ തളച്ചിടാൻ ആർക്കാണാവുക? കുടുംബം പരിത്യജിക്കാൻ തന്നെ അദ്ദേഹമുറച്ചു. എന്നാൽ മകനെ കൈവിടാൻ അമ്മ തയ്യാറില്ലായിരുന്നു. ഒരൽഭുതം സംഭവിച്ചേ മതിയാകൂ എന്ന നില! ഒരു ദിവസം ശങ്കരൻ വീടിന്റെ പിന്നാമ്പുറത്തുകൂടി ഒഴുകുന്ന പൂർണ്ണാ നദിയിൽ കുളിക്കാനിറങ്ങി. കുളിക്കുന്നതിനിടെ ഒരു മുതല കുട്ടിയുടെ കാലിൽ പിടികൂടി. അത് ശങ്കരനെ നദിയുടെ കയത്തിലേക്കു വലിച്ചുകൊണ്ടു പോവാൻ തുടങ്ങി. ശങ്കരൻ അമ്മയെ വിളിച്ചു കരഞ്ഞു. കരച്ചിൽകേട്ട് അമ്മ ഓടിച്ചെന്നു. ആറ്റുനോറ്റുണ്ടായ പൊന്നോമനപ്പുത്രൻ ജീവനുവേണ്ടി പൊരുതുന്നതുകണ്ട് ആ സാധ്വി വാവിട്ടു നിലവിളിച്ചു. സന്യാസാശ്രമത്തിൽ പ്രവേശിക്കാൻ ബാലൻ അമ്മയുടെ അനുവാദം തേടി (വൈഷമ്യഘട്ടങ്ങളിലും ജീവിതമവസാനിക്കുമെന്നു തോന്നുമ്പോഴും 'ആപത്സന്യാസം'/ഔപചാരികമായി ഐഹികത്വം വെടിയുകയെന്നത് അംഗീകൃതമായ ഒരു സമ്പ്രദായമാണ്). മറ്റു മാർഗ്ഗമൊന്നുമില്ലാത്തതിനാൽ സന്യാസം വരിക്കാൻ അമ്മ അനുവാദം നൽകി. സന്യാസം മകനു ദീർഘായുസ്സു നൽകുമെങ്കിൽ അതു തനിക്കേറ്റവും സന്തോഷമാണെന്ന് ആര്യാംബ നിറകണ്ണുകളോടെ പറഞ്ഞു. അമ്മയുടെ സമ്മതം കിട്ടിയ ഉടനെ ശങ്കരൻ മനസാ സന്യാസം വരിച്ചു. അടുത്ത നിമിഷം മുതല അപ്രത്യക്ഷനായി. ശങ്കരൻ മാതാവിന്റെ സംരക്ഷണം ബന്ധുക്കളെ ഏൽപ്പിച്ചു. അവരുടെ ജീവസന്ധാരണത്തിനുവേണ്ടുന്ന ഏർപ്പാടുകൾ ചെയ്തു. തന്റെ സാന്നിദ്ധ്യം ആവശ്യമുള്ളപ്പോഴൊക്കെ വന്നുകൊള്ളാമെന്നും അമ്മയുടെ അന്ത്യകർമ്മങ്ങൾ താൻതന്നെ ചെയ്യുമെന്നും ആര്യാംബക്ക് ഉറപ്പു നൽകിയശേഷം ശങ്കരൻ കാലടി വിട്ടു. വിശാലമായ ലോകമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. (തുടരും)

ക്ഷേത്രങ്ങളിലൂടെ

# തകഴി ശ്രീധർമ്മശാസ്താക്ഷേത്രം

**ഇന്ദിരാഭായി (ഫോൺ:8078552892)**



ഭക്തിയുടെയും വിശ്വാസത്തിന്റെയും പാരമ്പര്യകലാസംസ്കൃതിയുടെയും വിവിധ ഭാവങ്ങൾ സമന്വയിക്കുന്ന ഒരു ക്ഷേത്രമാണ് തകഴി ശ്രീധർമ്മശാസ്താക്ഷേത്രം. ധർമ്മശാസ്താവ് ഭാര്യാപുത്രസമേതനായി തകഴിയിലെ ഈ ക്ഷേത്രത്തിൽ കുടികൊള്ളുന്നു. ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴയിൽ നിന്നും ആറു കിലോമീറ്റർ അകലെയായി തകഴിയിൽ സ്ഥിതി ചെയ്യുന്ന ഈ ശാസ്താക്ഷേത്രം പരശുരാമ പ്രതിഷ്ഠിതമാണ്. ആധിയും വ്യാധിയും തീർത്ഥനുഗ്രഹിക്കുന്ന വൈദ്യനാഥഭാവത്തിലാണ് ഭഗവാൻ ഇവിടെ സ്ഥിതി ചെയ്യുന്നത്. പണ്ട് ഈ പ്രദേശത്തുള്ള ഒരു മലയിൽ ശാസ്താ പ്രതിഷ്ഠ നടത്തിയിരുന്നു. ഗ്രാമവാസികൾ ഇവിടെ ക്ഷേത്രം പണിത് ആരാധനകൾ നടത്തുകയും അവരുടെ ഗ്രാമത്തിന്റെ പരദേവതയായി ആചരിക്കുകയും ചെയ്തിരുന്നു. ഗ്രാമവാസികളിൽപ്പെട്ട ബ്രാഹ്മണർ കുന്നിൻ മുകളിലെ ഈ ക്ഷേത്രത്തിൽ വച്ച് വേദാദ്ധ്യയനം നടത്തിയിരുന്നു. വേദപഠനം നടത്തിയിരുന്നതിനാൽ ഈ മലയെ ഓത്തന്മാർ മലയെന്നും ക്ഷേത്രദേവനായ ശാസ്താവിനെ ഓത്തന്മാർ മലശാസ്താവെന്നും അറിയപ്പെട്ടിരുന്നു. പിന്നീട് ഈ പേരുകൾ ലോപിച്ച് ഓതർമലശാസ്താവെന്നും ഓതർമലയെന്നും ആയിത്തീർന്നു. കാലങ്ങൾക്കു ശേഷമാണ് തിരുവല്ല ശ്രീവല്ലഭക്ഷേത്രം സ്ഥാപിതമായത്. ശ്രീവല്ലഭ ക്ഷേത്രത്തിൽ വേദപഠനത്തിന് കൂടുതൽ സൗകര്യങ്ങളുണ്ടായപ്പോൾ ഓതർമലക്ഷേത്രത്തിൽ വേദപഠനവും ശാസ്താവിന്റെ പൂജാദികളും മുടങ്ങുകയും ചെയ്തു. ആരാലും ശ്രദ്ധിക്കാതെ ക്ഷേത്രം ജീർണ്ണാവസ്ഥയിലാവുകയും ക്ഷേത്രദേവൻ മാത്രം അവിടെ അവശേഷിക്കുകയും ചെയ്തു. അതിശക്തമായ മഴയിൽ ഓതർമലയിൽ ക്ഷേത്രമിരുന്ന ഭാഗമെല്ലാം ഇടിഞ്ഞ് മഴവെള്ളപ്പാച്ചിലിൽ ഒഴുകി മലയുടെ പടിഞ്ഞാറു ഭാഗത്തുള്ള താഴ്‌വാര പ്രദേശത്തെത്തി. ഈ താഴ്‌വാര പ്രദേശങ്ങളധികവും പുഞ്ചപ്പാടങ്ങളായിരുന്നു. മഴവെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയ വിഗ്രഹം പുഞ്ചപ്പാടത്തെ ചെളിയിൽ താഴ്ന്നുപോയി. (പുതഞ്ഞുപോയി.) വർഷങ്ങൾക്കുശേഷം വില്വമംഗലത്തു സ്വാമിയാർ ഈ പ്രദേശത്തുകൂടി വഞ്ചിയിൽ തെക്കൻ ദേശത്തേക്കു യാത്ര പുറപ്പെട്ടു. ഓതർമലയിൽ നിന്നും ഒഴുകി ചെളിയിൽ പൂണ്ടു കിടക്കുന്ന വിഗ്രഹത്തിന്റെ അടുത്തുള്ള സ്ഥലത്തെത്തിയപ്പോൾ വഞ്ചിയിലിരുന്ന സ്വാമിയാർക്ക് കിഴക്കു ഭാഗത്തായി ഒരു ദിവ്യപ്രകാശം കാണുന്നതായി അനുഭവപ്പെട്ടു. അദ്ദേഹം തന്റെ കൂടെയുണ്ടായിരുന്നവരോട് വഞ്ചി കരയിലടുപ്പിക്കുവാൻ പറഞ്ഞു. വഞ്ചിയിലുണ്ടായിരുന്നവർ ആ ദിവ്യപ്രകാശത്തെ കണ്ടതുമില്ല. വഞ്ചികരയിലടുപ്പിച്ച് അവർ അവിടെയിറങ്ങി. അപ്പോഴും ആ തേജസ്സ് അവിടെ ജ്വലിച്ചു നില്ക്കുന്നതായി സ്വാമിയാർക്ക് മാത്രം അനുഭവപ്പെട്ടു. സ്വാമിയാർ ഈ സ്ഥലത്തെത്തിയതറിഞ്ഞ് പ്രദേശവാസികളായ ആളുകളും അവിടെയെത്തി. ദിവ്യതേജസ്സു കണ്ട സ്ഥലം ചവിട്ടിയാൽ കാൽ പൊതഞ്ഞു പോകുന്ന ചെളിക്കുഴി (പൊതക്കുഴി)യായിരുന്നു. സ്വാമിയാർ ആ പൊതക്കുഴിയായ സ്ഥലത്ത് ഒരു സ്ഥാനം കാണിച്ചു കൊടുത്ത് അവിടെ കുഴിക്കുവാനാവശ്യപ്പെട്ടു. ആളുകൾ ചെ





ളിയിലിറങ്ങി ചെളികുഴിച്ചു മാറ്റിയപ്പോൾ അവിടെ ദിവ്യമായ ശാസ്താവിന്റെ വിഗ്രഹം കാണപ്പെട്ടു. സ്വാമിയാർ ആ വിഗ്രഹം കരയിലെടുത്തു വച്ച് കഴുകി വൃത്തിയാക്കി. ഇതു കണ്ടു നിന്ന ദേശവാസികൾ ഇത് ഓതർമലശാസ്താവിന്റെ വിഗ്രഹമാണ് എന്ന് പറഞ്ഞു. ഇത് കേട്ട സ്വാമിയാർ ഇത് ഒതർമലശാസ്താവിന്റെ വിഗ്രഹമല്ല, ആ വിഗ്രഹം ഒഴുകിപ്പോയിട്ട് ഒരു പാടു കാലമായല്ലോ, അതിന് അവകാശികളുണ്ടായിരുന്നു എങ്കിൽ അവർ ആ വിഗ്രഹം അന്വേഷിച്ചു കണ്ടു പിടിക്കുമായിരുന്നു. ഇതുവരെയും ആരും കണ്ടെടുക്കാത്ത സ്ഥിതിക്ക് ഇത് ഓതർമല ശാസ്താവിന്റെ വിഗ്രഹമല്ല. ഇത് പൊതകുഴിയിൽ (ചവിട്ടിയാൽ പൊതയുന്ന ചെളി) ശാസ്താവിന്റെ വിഗ്രഹമാണ് ഇതിന്റെ ഉടമസ്ഥാവകാശം ഈ പൊതകുഴി ദേശക്കാർക്കാണ് എന്നു പറഞ്ഞു. അവിടെയൊരു സ്ഥലത്ത് കഴുകിവൃത്തിയാക്കിയ വിഗ്രഹം സ്വാമിയാർ പ്രതിഷ്ഠിക്കുകയും ചെയ്തു. ഈ വിഗ്രഹത്തെ വേണ്ടവിധം ആരാധിച്ചാൽ ദേശവാസികൾക്കും ദേശത്തിനും ഐശ്വര്യം വർദ്ധിക്കുമെന്നും അദ്ദേഹം അറിയിച്ചു. സ്വാമിയാർ അവിടെ നിന്നും യാത്രയാവുകയും ചെയ്തു.

വിഗ്രഹം കണ്ടെടുപ്പിച്ചത് വില്വമംഗലം സ്വാമിയാണെങ്കിലും പ്രതിഷ്ഠിച്ചത് ഉദയാർക്ക മുനിയാണെന്നും ഒരു വിശ്വാസമുണ്ട്. ഉദയാർക്കമുനി വിഗ്രഹം തഴുകിയും കഴുകിയും പ്രതിഷ്ഠിച്ചതാണ് തകഴിയായി അറിയപ്പെട്ടത് എന്നും പറയപ്പെടുന്നുണ്ട്. പിന്നീട് ദേശവാസികൾ കൂടിയാലോചിച്ച് അന്നത്തെ ദേശാധിപതിയായിരുന്ന ചെമ്പകശ്ശേരി രാജാവിനെ വിവരങ്ങൾ ധരിപ്പിക്കുകയും രാജാവിന്റെ അനുമതിയോടു കൂടി അവിടെ ക്ഷേത്രം പണികഴിപ്പിക്കുകയും പൂജാദികർമ്മങ്ങൾ നടത്തുകയും ചെയ്തു പോന്നു. അങ്ങനെ ആ ക്ഷേത്രം പൊതകഴി ശാസ്താക്ഷേത്രം എന്നറിയപ്പെട്ടു. കാലാന്തരത്തിൽ പൊതകഴിയെന്ന സ്ഥലനാമം ലോപിച്ച് തകഴിയെന്നും ക്ഷേത്രം തകഴിധർമ്മശാസ്താക്ഷേത്രമെന്നും അറിയപ്പെട്ടു. ശാസ്താവിന്റെ അനുഗ്രഹത്താൽ ചെമ്പകശ്ശേരി രാജ്യത്തിന്റെ ഭാഗമായ തകഴിയുടെ ഐശ്വര്യവും വർദ്ധിച്ചു.

ചെമ്പകശ്ശേരി രാജ്യം തിരുവിതാംകൂർ രാജാവ് പിടിച്ചടക്കിയപ്പോൾ രാജ്യകാര്യങ്ങളും ക്ഷേത്രകാര്യങ്ങളും ആരും ശ്രദ്ധിക്കാതെയായി. അങ്ങനെ തകഴി ധർമ്മശാസ്താക്ഷേത്രകാര്യങ്ങൾ മുടങ്ങുകയും ക്ഷേത്രം ജീർണ്ണാവസ്ഥയിലാവുകയും ചെയ്തു. അക്കാലത്ത് തകഴി ദേശവാസിയും ധർമ്മശാസ്താവിന്റെ ഭക്തനും വിശ്വാസിയുമായ ഒരാൾ ക്ഷേത്രദേവനെ ഭജിച്ചുകൊണ്ട് ക്ഷേത്രത്തിൽ തന്നെ കഴിഞ്ഞിരുന്നു. നായർ സമുദായാംഗമായിരുന്ന അദ്ദേഹം ക്ഷേത്രത്തിൽ ഭജനം തുടങ്ങുന്നതിനു മുമ്പ് തന്റെ ഗൃഹത്തിൽ വച്ച് ചെറിയ കുട്ടികൾക്ക് അക്ഷരാഭ്യാസം നൽകിയിരുന്നു. അതിനാൽ എല്ലാവരും അദ്ദേഹത്തെ ആശാൻ എന്നാണ് വിളിച്ചിരുന്നത്. ക്ഷേത്രം ജീർണ്ണാവസ്ഥയിലാകുന്നതിൽ അദ്ദേഹം വളരെ വിഷമിച്ചിരുന്നു. ക്ഷേത്രം നന്നാക്കുന്നതിനും ക്ഷേത്രകാര്യങ്ങൾ ഭംഗിയായി നടത്തുവാനും എന്തെങ്കിലും ഒരു വഴികാട്ടിത്തരേണമേ എന്ന് അദ്ദേഹം നിത്യവും ഭഗവാനോടു പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഒരു ദിവസം രാത്രി അദ്ദേഹത്തിനൊരു സ്വപ്നദർശനമുണ്ടായി. ഒരാൾ തന്റെ അടുത്തു വന്നിരുന്ന് വിഷമിക്കേണ്ട, ഞാൻ പറയുന്നതുപോലെ ചെയ്താൽ ക്ഷേത്രകാര്യങ്ങളെല്ലാം ഭംഗിയായി നടത്തുവാൻ സാധിക്കും എന്നു പറഞ്ഞു. ഇവിടെ നിന്നും കുറച്ചകലെയായി ഓതർമല എന്നൊരു മലയുണ്ട്. അവിടെ ധാരാളം ഔഷധസസ്യങ്ങളുണ്ട്. അവയിൽ നിന്ന് എൺപത്തിനാലു പച്ച മരുന്നുകൾ. അവയുടെ ഇലകളും വേരും കൊണ്ടു വരിക. അറുപത്തിനാലു തരം അങ്ങാടി മരുന്നുകളും എള്ളെണ്ണയൊഴികെ എല്ലാത്തരം എണ്ണകളും കൊണ്ടു വരിക. ഇവയെല്ലാം ചേർത്ത് ഒരു എണ്ണ കാച്ചി അരിച്ച് സൂക്ഷിക്കുക. എണ്ണയും അങ്ങാടി മരുന്നുകളും വാങ്ങുന്നതിനുള്ള കുറച്ചു പണം ഇവിടെ വച്ചിട്ടുണ്ട്. മാറാരോഗങ്ങളുമായി കഷ്ടപ്പെടുന്നവർക്കും വാതരോഗികളായി വിഷമിക്കുന്ന ആളുകൾക്കും ഈ എണ്ണ വിധിയാം വണ്ണം സേവിക്കാൻ കൊടുക്കുക. ഇതിന് ചെറിയ തോതിൽ വിലയും ഈടാക്കുക. ഈ ഔഷധത്തിന്റെ ഗുണമറിഞ്ഞ് ധാരാളം ആളുകൾ എത്തിത്തുടങ്ങുകയും ക്ഷേത്രകാര്യങ്ങൾക്കുള്ള ധനം അതിലൂടെ ലഭിക്കുകയും ചെയ്യും എന്നും അദ്ദേഹത്തോടു പറയുന്നതായാണ് സ്വപ്നം കണ്ടത്. അദ്ദേഹം ഉണർന്നു നോക്കിയിട്ട് അവിടെയെങ്ങും ആരെയും കണ്ടില്ല. കുറച്ചു പണം അവിടെയിരിക്കുന്നതു മാത്രം കണ്ടു. സ്വപ്നത്തിൽ കണ്ടത് തകഴി ശാസ്താവിനെ തന്നെയായിരുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു. സ്വപ്നദർശനം പോലെ തന്നെ ആശാൻ ഓതർമലയിൽ നിന്നും പച്ച മരുന്നുകളെല്ലാം പറിച്ചു കൊണ്ടു വന്നു. അങ്ങാടിമരുന്നുകളും വാങ്ങി എള്ളെണ്ണ ഒഴിച്ച് മറ്റ് എല്ലാത്തരം എണ്ണകളും ശേഖരിച്ച് എണ്ണ കാച്ചി അരിച്ച് സൂക്ഷിച്ചു. ഈ എണ്ണ അനേകനാളുകളായി അസുഖം മൂലം ക,ഷ്ടപ്പെടുന്നവരും ശാസ്താവിന്റെ ഭക്തരുമായ ചില രോഗികൾക്ക് കൊടുക്കുകയും

ദിവസങ്ങൾക്കകം അവരുടെ രോഗത്തിനു ശമനം ഉണ്ടാവുകയും ചെയ്തു. പിന്നീട് അറിഞ്ഞും കേട്ടും പലരും ഈ എണ്ണക്കായി ക്ഷേത്രത്തിലെത്തുകയും അവരിൽ നിന്നും ലഭിക്കുന്ന തുകകൊണ്ട് ക്ഷേത്രകാര്യങ്ങൾ മെച്ചപ്പെടുത്തുവാനും സാധിച്ചു. കാലക്രമേണ ധാരാളം ആവശ്യക്കാർ ഈ ഔഷധം തേടി ഇവിടെയെത്തുകയും ക്ഷേത്രത്തിനു നല്ല വരുമാനം ഉണ്ടാകുകയും ചെയ്തു. ക്ഷേത്രം ജീർണ്ണോദ്ധാരണം നടത്തി നല്ല നിലയിലാക്കുകയും ചെയ്തു. ആശാനെ എല്ലാവരും പിന്നീട് എണ്ണ വല്യച്ചൻ എന്നും വിളിച്ചിരുന്നു. പ്രായാധിക്യം മൂലം എണ്ണ വല്യച്ചന് മരുന്നുകൾ ശേഖരിക്കുവാനും മറ്റും സാധിക്കാതെ വന്നപ്പോൾ അദ്ദേഹം എണ്ണയുടെ കൂട്ടുകളായ മരുന്നുകളുടെയും അവ പാകപ്പെടുത്തുന്ന രീതിയും കൃത്യമായി എഴുതി ക്ഷേത്രാധികാരികളെ ഏല്പിച്ചു. കുറച്ചു നാളുകൾക്കുശേഷം അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറയുകയും ചെയ്തു . ക്ഷേത്രാധികാരികൾ ഒരു പ്രത്യേക സമുദായത്തിലുള്ള ആളുകളെ ഈ മരുന്നുകൾ ശേഖരിക്കുന്നതിനുള്ള ചുമതല ഏല്പിച്ചു. അവർ കൊണ്ടു വരുന്ന പച്ചില മരുന്നുകളിൽ ആവശ്യമുള്ളവ മാത്രം തിരഞ്ഞെടുക്കുവാൻ അവർക്കുമറിയില്ല, ക്ഷേത്രാധികാരികൾക്കും അറിയില്ല. അധികാരികൾ വേണ്ട മരുന്നുകളെ തിരഞ്ഞെടുക്കുന്നതിനായി അത്താഴപൂജ കഴിഞ്ഞ് നട അടയ്ക്കുന്ന സമയം ഈ മരുന്നുകളെല്ലാം മണ്ഡപത്തിൽ വെച്ചു ക്ഷേത്ര വാതിലടയ്ക്കുന്നു. രാവിലെ നട തുറക്കുന്ന സമയം കുറെ മരുന്നുകൾ നമസ്കാരമണ്ഡപത്തിനു താഴെയും കുറെ മരുന്നുകൾ മണ്ഡപത്തിലും കാണാം. താഴെ കിടക്കുന്ന മരുന്നുകൾ ആവശ്യമില്ലാത്തവയും മണ്ഡപത്തിലുള്ളത് വേണ്ട മരുന്നുകളുമാണ് എന്നാണ് വിശ്വാസം. ഇങ്ങനെയാണ് എണ്ണയ്ക്കുള്ള മരുന്നുകൾ ശേഖരിച്ചിരുന്നത് എന്നുമാണ് ഐതിഹ്യം. ആവശ്യമായ പച്ചില മരുന്നുകൾ ഭഗവാൻ തന്നെ തിരഞ്ഞെടുത്തു കൊടുക്കുന്നു എന്ന് ഈ ഐതിഹ്യത്തിലൂടെ നമുക്കും വിശ്വസിക്കാം. മനുഷ്യനന്മയ്ക്കുതകുന്ന വിശിഷ്ട ഔഷധ സസ്യങ്ങൾ നിറഞ്ഞ ഓതർമല ഇന്നും നമ്മുടെ പൈതൃക സമ്പത്തായി നിലനില്ക്കുന്നു. തകഴി ധർമ്മശാസ്താവിന്റെ അനുഗ്രഹത്താൽ ഈ എണ്ണ ഇന്നും തകഴി ക്ഷേത്രത്തിലെ പ്രധാന ഔഷധപ്രസാദമാണ്. ജനോപകാരപ്രദമായ ഈ എണ്ണപ്രസാദത്തിനായി ധാരാളം ആളുകൾ ഇവിടെയെത്തുന്നുമുണ്ട്. സിദ്ധൗഷധമായ ഈ എണ്ണപ്രസാദം ഉപയോഗിക്കുന്നതിന് കഠിനമായ പഥ്യം പാലിക്കേണ്ടതുണ്ട്. പഥ്യം തെറ്റിച്ചാൽ കൊടും വിഷഫലമാണ് ഉണ്ടാവുക എന്നും വിശ്വസിക്കുന്നുണ്ട്. ഈ എണ്ണപ്രസാദം വാതരോഗത്തിന് സിദ്ധൗഷധമാണെന്നാണ് വിശ്വസിക്കുന്നത്.

തകഴി ധർമ്മശാസ്താക്ഷേത്രത്തിലെ മറ്റൊരു പ്രധാന വഴിപാടാണ് അടനിവേദ്യം. അതിനു പിന്നിലും ഒരു ഐതിഹ്യമുണ്ട്. പണ്ട് തമിഴ്നാട്ടുകാരനായ ഒരാൾ ഉപജീവനത്തിനായി കേരളത്തിൽ പല ജോലികളിലേർപ്പെട്ടു എങ്കിലും ഒന്നും ശരിയായില്ല. അദ്ദേഹം ധർമ്മശാസ്താക്ഷേത്രത്തിൽ നിത്യവും വന്നു പ്രാർത്ഥിക്കുകയും തകഴി ദേശത്ത് കച്ചവടം തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിന് നാൾക്കുനാൾ കച്ചവടത്തിൽ അഭിവൃദ്ധി ഉണ്ടാവുകയും ധാരാളം ഭൂസ്വത്തുക്കൾ സമ്പാദിക്കുകയും ചെയ്തു. അദ്ദേഹത്തിന് ശാസ്താവിനോടുള്ള ഭക്തി വർദ്ധിക്കുകയും നിത്യവും ദേവന് അടനിവേദ്യം നടത്തിക്കുകയും ചെയ്തു. പിന്നീട് ധാരളം ഭക്തരും ശാസ്താവിന് അടനിവേദ്യം അർപ്പിക്കുന്നത് ഇവിടെ പതിവായി തീർന്നു. കുറെ നാളുകൾക്കുശേഷം സ്വന്തം നാട്ടിലേക്ക് മടങ്ങിപ്പോകണമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും തന്റെ സ്വത്തുക്കളെല്ലാം നോക്കി നടത്തുന്നതിന് നാട്ടുകാരായ ആളുകളെ ഏല്പിക്കുകയും ചെയ്തു. ക്ഷേത്രത്തിൽ നിത്യവും അടനിവേദ്യം നടത്തുന്നതിനുള്ള ഏർപ്പാടുകളും ഒരുക്കിയ ശേഷം അദ്ദേഹം തന്റെ ജന്മനാട്ടിലേക്കു പോയി. അവിടെയെത്തിയ അദ്ദേഹത്തിന് കുറച്ചു കാലങ്ങൾക്കു ശേഷം പല ദുരിതങ്ങളും ഉണ്ടാവുകയും അദ്ദേഹം പ്രശ്നം വച്ചു നോക്കിക്കുകയും ചെയ്തു. പ്രശ്നചിന്തയിൽ ശാസ്താവിന്റെ കോപം മൂലമാണ് ദുരിതങ്ങളുണ്ടാകുന്നത് എന്നു മനസ്സിലാക്കി. തകഴിയിലെത്തിയ ആ ഭക്തന് താൻ ഏല്പിച്ചു പോയവർ ദേവന് നിവേദ്യങ്ങളൊന്നും നൽകാറില്ലായിരുന്നു എന്നു മനസ്സിലായി. പശ്ചാത്താപവിവശനായ അദ്ദേഹം ഇനിയൊരിക്കലും ദേവനുള്ള അടനിവേദ്യം മുടങ്ങാതിരിക്കാൻ 12 ഏക്കർ നിലം ക്ഷേത്രത്തിലേയ്ക്ക് നല്കുകയും ചെയ്തു. പിന്നീടൊരിക്കലും അടനിവേദ്യം മുടങ്ങിയിട്ടില്ല. ഇന്നും ശാസ്താവിന് പ്രധാന വഴിപാടായി അടനിവേദ്യം നടക്കുന്നു. ഭഗവാന് സമർപ്പിക്കുന്ന അടനിവേദ്യം അമൃതിനു തുല്യമെന്നാണ് വിശ്വാസം. അത്താഴപൂജക്കുശേഷം ഇത് ഭക്തജനങ്ങൾക്കു വിതരണം ചെയ്യുന്നു.

തകഴി ധർമ്മശാസ്താവിന്റെ മറ്റൊരു പ്രധാന വഴിപാടാണ് കുത്തിലപ്പൊടി എന്നത്. വില്വമംഗലത്തു സ്വാമിയാർ കണ്ടെടുത്ത വിഗ്രഹം





പ്രതിഷ്ഠിച്ചത് അദ്ദേഹമല്ല എന്ന വിശ്വാസമാണ് ഈ വഴിപാടിനു പിന്നിൽ തെളിയുന്നത്. സ്വാമിയാർ കണ്ടെടുത്ത വിഗ്രഹം ഉദയാർക്കമുനിയാണ് പ്രതിഷ്ഠിച്ചത് എന്നും പ്രതിഷ്ഠാ സമയം നിവേദ്യവസ്തുക്കളൊന്നും ഇല്ലാതിരുന്നതിനാൽ മുനിവര്യൻ അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന വറുത്ത അരിപൊടിച്ച് പൊടിയാക്കി പച്ചിലയുടെ രണ്ടറ്റത്തും പ്രത്യേക രീതിയിൽ കുത്തിയുണ്ടാക്കിയ ഇലക്കുമ്പിളിൽ നിവേദ്യമായി ദേവനു സമർപ്പിച്ചു. ഇതാണ് കുത്തിലപ്പൊടി നിവേദ്യം. ഭഗവാന്റെ ഇഷ്ടവഴിപാടായി ഇന്നും കുത്തിലപ്പൊടി നിവേദ്യം നടത്തപ്പെടുന്നു. നെയ്യഭിഷകം, നീരാജനം എന്നിവയും ഇവിടുത്തെ പ്രധാന വഴിപാടുകളാണ്.

കേരളത്തിൽ കർണ്ണാടക ശൈലിയിൽ നിർമ്മിച്ചിട്ടുള്ള 28 ക്ഷേത്രങ്ങളിലൊന്നാണ് തകഴി ധർമ്മശാസ്താക്ഷേത്രം. കിഴക്കോട്ടു ദർശനമായുള്ള ഈ ക്ഷേത്രത്തിന്റെ പ്രധാന കവാടം കടന്നാൽ വിസ്തൃതമായ ക്ഷേത്രവളപ്പും വിശാലമായ ഒരു കുളവും കാണാം. ഈ കുളം കടന്നാണ് ക്ഷേത്രാങ്കണത്തിലേക്ക് കടക്കുക. ക്ഷേത്രാങ്കണങ്ങളിൽ സാധാരണയായി അരയാൽ വൃക്ഷത്തെ കാണാറുണ്ട്. എന്നാൽ അരയാലും കാഞ്ഞിരവും ചേർന്നു നില്ക്കുന്നത് അപൂർവ്വമാണ്. ഇവിടെ പലതരം വൃക്ഷങ്ങളെ കാണാമെങ്കിലും ഒരു വലിയ അരയാലും കാഞ്ഞിരമരവും ഒരുമയോടെ ചേർന്നു നില്ക്കുന്നത് ഇവിടുത്തെ ഒരു പ്രത്യേകതയാണ്. ചുറ്റും തറകെട്ടി ഇവയെ സംരക്ഷിച്ചിരിക്കുന്നു. ഒറ്റത്തറയിൽ നില്ക്കുന്ന ആൽമരവും കാഞ്ഞിരവും കടന്ന് ചെല്ലുന്നത് വലിയ ആനക്കൊട്ടിലിലേക്കാണ്. ആനക്കൊട്ടിലിന്റെ തൂണുകൾ കരിങ്കല്ലിൽ തീർത്തതും ശില്പകലാഭംഗി നിറഞ്ഞവയുമാണ്. ഈ തൂണുകളിൽ ദീപലക്ഷ്മി ശില്പങ്ങളും മറ്റു പലതരം ശില്പങ്ങളേയും കൊത്തിവച്ചിട്ടുണ്ട്. സാമാന്യം ഉയരമുള്ള ക്ഷേത്രക്കൊടിമരവും കാണാം. കൊടിമരത്തെ ചുറ്റി നാലു തൂണുകളുള്ള മറ്റൊരു മണ്ഡപവും കാണാം. ഇത് സാധാരണയായി മറ്റു ക്ഷേത്രങ്ങളിലൊന്നും കാണാറില്ല. ഈ മണ്ഡപത്തിൽ തൂണുകളുടെ മദ്ധ്യത്തിൽ വലിയ മൂന്നു വിളക്കുകൾ കത്തി നില്ക്കുന്നു. ഇവ സാധാരണ കാണാറുള്ള വിളക്കുകളിൽ നിന്നും വളരെ വ്യത്യസ്തമാണ്. നടുവിലെ വലിയ വിളക്ക് താമരക്കുള്ളിൽ ഗരുഡരൂപവും വിളക്കിനു മുകളിൽ ശ്രീകൃഷ്ണരൂപവുമായാണ് കാണുന്നത്. മറ്റു രണ്ടു വിളക്കുകൾക്കു മുകളിലും ആൾരൂപങ്ങളുമാണുള്ളത്. മഹാവിഷ്ണുവിനെ മാതാവായി സങ്കല്പിക്കുന്നതിനാലാകാം തകഴി ധർമ്മശാസ്താക്ഷേത്രത്തിൽ ശ്രീകൃഷ്ണ സാന്നിദ്ധ്യം വിളക്കിലും ശില്പങ്ങളിലും മറ്റും തെളിഞ്ഞു കാണുന്നത്. ബലിക്കൽപുരയും കൊടിമരമണ്ഡപവും ചേർന്നു നില്ക്കുന്നതിനാൽ ഒരു ചെറിയ ഇടനാഴിയിലൂടെയാണ് ക്ഷേത്രത്തിനുള്ളിലേക്ക് കടക്കുക. ഭക്തജനങ്ങൾ അധികവും വടക്കു വശത്തു കൂടിയാണ് ഉള്ളിൽ പ്രവേശിക്കുന്നത്.

ബലിക്കൽ പുരയുടെ മച്ചിനുമുണ്ട് പ്രത്യേകതകൾ. സാധാരണ ഒൻപതു കളങ്ങളിലായി ബ്രഹ്മാവും അഷ്ടദിക് പാലകരേയുമാണ് കാണാറുള്ളത്. ഇവിടെ ഇരുപത്തിയഞ്ച് കളങ്ങളായി കാണുന്നു. നടുവിൽ ബ്രഹ്മാവും അഷ്ടദിക് പാലകരും , ഗണപതി, ശ്രീകൃഷ്ണൻ, ദേവിഭാവങ്ങൾ എന്നിവ കൂടാതെ രാമായണകഥാസന്ദർഭങ്ങളും കൊത്തിവച്ചിരിക്കുന്നതു കാണാം. ബലിക്കൽപുരയുടെ ഭാരം താങ്ങുന്ന തൂണുകളിൽ ഒന്ന് പ്രത്യേകതയുള്ളതാണ്. ഈ കരിങ്കൽ തൂണിന്റെ ശില്പഭംഗിയാർന്ന ഒരു ഭാഗം ഇടത്തോട്ടും വലത്തോട്ടും വട്ടത്തിൽ തിരിക്കാവുന്ന രൂപത്തിലാണ്. ഇത് ഒരു അത്ഭുതം തന്നെയാണ്. ക്ഷേത്രശ്രീകോവിലും കേരളീയ ശൈലിയിൽ നിന്നു വ്യത്യസ്തമാണ്. കർണ്ണാടകശൈലിയിലുള്ള ശ്രീകോവിലിന്റെ മുകൾഭാഗനിർമ്മിതികളിലും ശ്രീകൃഷ്ണരൂപങ്ങൾ കാണാം. ധർമ്മശാസ്താവിന്റെ തിരുനടയിൽ നമസ്കാരമണ്ഡപത്തിൽ ഒരു തേങ്ങ തൂക്കിയിട്ടിരിക്കുന്നതു കാണാം. ഇത് അലങ്കാരത്തിനു വേണ്ടി തൂക്കിയിട്ടതല്ല. ഈ തേങ്ങയ്ക്കും ഒരു കഥ പറയുവാനുണ്ട്. പണ്ട് തകഴിശാസ്താക്ഷേത്രത്തിനു ചുറ്റുമുള്ള സ്ഥലങ്ങളെല്ലാം ക്ഷേത്രം വക തെങ്ങിൻ തോപ്പുകളും നെൽവയലുകളായിരുന്നു. ക്ഷേത്രം വക സ്ഥലങ്ങളിൽ വിളയുന്ന വിളകളൊന്നും ആരും എടുക്കുമായിരുന്നില്ല. അതെല്ലാം ക്ഷേത്രത്തിലേക്കുള്ളതാണ്, ശാസ്താവിന്റേതാണ് എന്നും വിശ്വസിച്ചിരുന്നു. ഒരിക്കൽ രണ്ടുപേർ ക്ഷേത്രം വക സ്ഥലത്തുകൂടി നടന്നു പോകുമ്പോൾ തേങ്ങ വീണു കിടക്കുന്നതു കണ്ട് അവരിലൊരാൾ അതെടുക്കുവാൻ ഭാവിച്ചു. അതുകണ്ട് കൂടെയുള്ളയാൾ അതെടുക്കരുത് , അത് ദേവന്റെ വകയാണ് എന്നു പറഞ്ഞു. അതെന്താ എടുത്താൽ അതിനെന്താ കൊമ്പും തുമ്പിയുമുണ്ടോ ? എന്നു ചോദിച്ചു കൊണ്ടു അയാൾ തേങ്ങയെടുത്തപ്പോൾ തേങ്ങയിൽ രണ്ടു കൊമ്പുകളുടേയും തുമ്പിക്കയ്യുടേയും രൂപം കണ്ടു ഭയപ്പെട്ട അദ്ദേഹം ആ തേങ്ങയും എടുത്ത് ക്ഷേത്രത്തിലെത്തി ഭഗവാനു മുന്നിൽ വച്ച് മാപ്പപേക്ഷിച്ചു സാഷ്ടാംഗം നമസ്കരിച്ചു. ഭഗവത് ചൈതന്യത്തിന്റെ അടയാളമായി ആ തേങ്ങ തകഴി

ക്ഷേത്രദേവനു മുന്നിലെ മണ്ഡപത്തിൽ ഇന്നും കാണാം. ആ തേങ്ങയ്ക്ക് എത്ര കാലപ്പഴക്കമുണ്ടന്ന് ആർക്കും അറിയില്ല.

ഉപദേവപ്രതിഷ്ഠകളില്ലാത്ത ക്ഷേത്രമാണിത്. ക്ഷേത്രവളപ്പിലെ പുറം മതിലിനോടു ചേർന്ന് കന്നിമൂലയിലായി ആഗമസങ്കല്പത്തിലുള്ള നിരവധി നാഗവിഗ്രഹങ്ങൾ കാണാം. ഇവിടെ നാഗയക്ഷിയുടെയും നാഗരാജാവിന്റെയും വന്ദനശ്ലോകങ്ങൾ എഴുതി വച്ചിട്ടുണ്ട്. പടിഞ്ഞാറേ ക്ഷേത്രകവാടത്തിന്റെ ഇടതു വശത്തായി ഒരു വലിയ മരത്തണലിൽ ഒരു ചെറിയ ശ്രീകോവിലിൽ എണ്ണ വല്യച്ഛന്റെ സങ്കല്പ സ്ഥാനവും ഉണ്ട്. ഇവിടെ നിത്യവും വിളക്കു കൊളുത്താറുമുണ്ട്. വലതു വശത്ത് അദ്ദേഹത്തിന്റെ ഭൗതിക ശരീരം അടക്കം ചെയ്ത സ്ഥാനവും പ്രത്യേകം സംരക്ഷിച്ചിരിക്കുന്നു.

കുംഭമാസത്തിലാണ് തകഴി ക്ഷേത്ര ഉത്സവം. മകയിരം നാളിൽ കൊടിയേറി ഉത്രം നാളിൽ ആറാട്ടോടെ സമാപിക്കുന്നു. പത്താമുദയവും വിശേഷമാണ്. പ്രതിഷ്ഠാദിനമായ പത്താമുദയ ദിവസം ഒരു പ്രത്യേക സമുദായക്കാരുടെ വകയായി കാർഷിക സംസ്കൃതിയുടെ അടയാളമെന്നോണം കെട്ടുകാഴ്ചകളും നടക്കാറുണ്ട്. പൈതൃകമായി കിട്ടിയ ഈ ആചാരങ്ങളും വിശ്വാസങ്ങളും എന്നെന്നും നില നില്കട്ടെ എന്നു നമുക്കാശിക്കാം.

മാമ്പഴക്കാലത്ത് തകഴി ധർമ്മശാസ്താക്ഷേത്രത്തിലെത്തി ശാസ്താവിനെ വന്ദിച്ച് ക്ഷേത്രപരിസരങ്ങളും കണ്ടു മടങ്ങുന്നവർ മനസ്സിന്റെ കോണിലെന്തോ ചെപ്പിലടച്ചു സൂക്ഷിച്ച പഴയ മാമ്പഴക്കാല സ്മരണകളും കൂടെ കൂട്ടിയാവും മടങ്ങിപ്പോരുക. ഈ ക്ഷേത്രപരിസരങ്ങളിൽ കാണുന്ന പലതരം വൃക്ഷങ്ങൾക്കിടയിൽ നിറയെ മാങ്ങയുമായി നില്ക്കുന്ന ഒരു വലിയ മാവും കാണാം. ഇന്ന് ക്ഷേത്രത്തിലെത്തുന്നവരെല്ലാം ഈ മാവുമുത്തച്ഛനേക്കാൾ പ്രായം കുറഞ്ഞവരാണ്. അത്രയ്ക്ക് പ്രായമുണ്ട് ഈ മാവിന്. ഇടയ്ക്കിടെ മാമ്പഴം താഴേക്കിട്ട് അവയെ ഓടി വന്നെടുക്കുവാൻ വരുന്ന കുട്ടികളേയും കാത്ത് ഈ മാവു മുത്തച്ഛൻ ഇവിടെ കാലങ്ങളായി തലയുയർത്തി നില്ക്കുന്നു.

രോഗങ്ങളിൽ നിന്നു മുക്തരാക്കി തന്റെ ഭക്തരെ കാത്തു രക്ഷിക്കുന്ന തകഴി ധർമ്മശാസ്താവിന്റെ തൃപ്പാദങ്ങളിൽ ഭക്തിപൂർവ്വം ഈ ക്ഷേത്ര വിവരണം സമർപ്പിക്കുന്നു.

## വനിതാരത്ന പുരസ്കാരം നേടിയ മാലതി. ജി. മേനോന് അഭിനന്ദനങ്ങൾ



**സംസ്ഥാന സർക്കാരിന്റെ വനിതാരത്നപുരസ്കാരം മാർച്ച് 8 ന് അന്തരാഷ്ട്രവനിതാ ദിനാഘോഷത്തിൽ മുഖ്യമന്ത്രി വിതരണം ചെയ്യുകയുണ്ടായി. വനിതാശിശുവികസനവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഈ സമ്മേളനത്തിൽ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പതിനൊന്ന് വനിതകളെ പുരസ്കാരം നല്കി ആദരിച്ചു. നമ്മുടെ കരയോഗാംഗവും തിരുവാതിരയിലെ അതുല്യപ്രതിഭയുമായ മാലതി. ജി. മേനോനാണ് കലാരംഗത്തെ മൃണാളിനി സാരാഭായി അവാർഡിന് അർഹയായത്. നമ്മുടെ 'തിരുവാതിര അമ്മ'യായ ടീച്ചറുടെ നിശ്ചയദാർഢ്യവും കഠിനാദ്ധ്വാനവും അർപ്പണ മനോഭാവവും എല്ലാം കൂടിയാണ് ടീച്ചറെ കലാരംഗത്തെ ഈ ഉത്തുംഗശൃംഗത്തിൽ എത്തിച്ചത്. കൊച്ചിയുടെ അഭിമാനമായി മാറിയ ടീച്ചർ ഇനിയും കലാരംഗത്ത് ഉൽകൃഷ്ടമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കട്ടെ എന്ന് ആശംസിക്കുന്നു. ഒപ്പം ടീച്ചർ ഈ കൈവരിച്ച നേട്ടത്തിൽ എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു. മലയാളത്തിന്റെ തനതു കലയായ തിരുവാതിരയെ അതിന്റെ തനിമയോടെ ഇനിയും ജനഹൃദയങ്ങളിലേക്ക് എത്തിക്കുവാൻ ടീച്ചർക്ക് ആയുരാരോഗ്യ സൗഖ്യം നൽകി ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.**





തുടർച്ച

# രാമായണത്തിലെ സ്ത്രീസാന്നിദ്ധ്യം

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

രാവണന്റെശവസംസ്കാരവുംവിഭീഷണന്റെ രാജ്യാഭിഷേകവും കഴിഞ്ഞ് ഹനുമാൻ സീതയുടെ അടുത്തുവന്ന് രാമവിശേഷങ്ങൾ അറിയിക്കുന്നു. സീതയുടെ കാവൽക്കാരായി നിന്ന ദുഷ്ട രാക്ഷസികളെ വധിക്കട്ടെയെന്ന ആവശ്യം സീത തള്ളി. രാവണന്റെ ആജ്ഞമൂലമാണ് അവർ അങ്ങനെ ചെയ്തതെന്നും അതിന് അടിസ്ഥാനമായി ചില തത്ത്വചിന്താപരമായ കഥയും സീത പറഞ്ഞു. രാമപത്നിയായ സീതക്കു മാത്രമേ ഈ സമയം ഇങ്ങനെ പറയാൻ കഴിയുകയുള്ളൂവെന്ന ഹനുമാന്റെ മറുപടികേട്ട് തനിക്കു തന്റെ ഭർത്താവിന്റെ സമീപം ചെല്ലണമെന്നു പറഞ്ഞു. ഇതറിഞ്ഞ രാമൻ കുളിച്ച് ശുഭ്രവസ്ത്രങ്ങൾ ധരിച്ച് സീതയെ കൊണ്ടുവരാൻ ആജ്ഞാപിച്ചു. ശ്രേഷ്ഠമായ ആഭരണങ്ങളണിഞ്ഞ് പല്ലക്കിൽ വരുന്ന സീതയെ ആണ് പിന്നീട് നാം കാണുന്നത്. സീതയെ കാണാൻ ആളുകൾ തിക്കും തിരക്കും കൂട്ടിയപ്പോൾ അവരെ തടഞ്ഞ വിഭീഷണനോട് രാമൻ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. ഗൃഹങ്ങളും വസ്ത്രങ്ങളുമല്ല ആചാരവുമല്ല, സ്ത്രീക്കു ഭൂഷണം ചാരിത്രമാണെന്നും വിപത്തിൽ പെട്ടവളെ ആളുകൾ കാണുന്നതിൽ ഒരു കുഴപ്പവുമില്ലായെന്നും പറഞ്ഞ രാമന്റെ വാക്കുകളുടെ വ്യത്യാസം ഏവരേയും അത്ഭുതപ്പെടുത്തുന്ന ഒന്നാണ്. ഒരു പക്ഷെ യുദ്ധക്കെടുതികളും മറ്റുമുണ്ടായത് സീതയുടെ ലക്ഷ്മണനോടുള്ള ക്രൂരമായ വാക്കുകളിൽ നിന്നാണോയെന്ന് ചിന്തിച്ചിട്ടുണ്ടെങ്കിൽ കുറ്റം സീതയിൽ ആരോപിച്ചതിൽ തെറ്റില്ല. പക്ഷെ വിധിയുടെ വിളയാട്ടത്തിൽ ആരോരുമില്ലാത്ത അബലയായ ഒരു സ്ത്രീ പാതിവ്രത്യം എന്ന തുറുപ്പു കൊണ്ട് രാക്ഷസരെ മുഴുവൻ സഹിച്ച് രാമന്റെ വിജയത്തിനായി പ്രാർത്ഥിച്ച് ജീവിച്ച ആ തരുണീരത്നത്തിന്റെ അവസ്ഥ അചിന്തനീയമാണ്. മറ്റുള്ളവരുടെ മുൻപിൽ ഒരു ഭാര്യയ്ക്കു നേരിടേണ്ടി വന്ന അവഗണനയായി ഇതിനെ കണക്കാക്കുന്നതിൽ തെറ്റില്ല. പക്ഷെ നിസ്സഹായാവസ്ഥയിൽ നിന്നും ആര്യപുത്രാ എന്ന വിളി വാത്മീകിയുടെ വാക്കുകളിലൂടെ വായിക്കുമ്പോൾ അറിയാതെ വായനക്കാരനും തേങ്ങിപ്പോകും. ജനകന്റെ രാജധാനിയിൽ ധർമ്മവും നീതിയും നിറഞ്ഞു നിന്ന ഒരു അന്തരീക്ഷത്തിൽ വളർന്ന യാജ്ഞവൽക്യൻ, ഗാർഗ്ഗി മുതലായവരുടെ ശിക്ഷണത്തിൽ വളർന്ന് ഭർത്തൃഗൃഹത്തിലെ ദശരഥന്റെ സപത്നിയുടെ അസൂയയാൽ വനവാസം ഭർത്താവിനൊപ്പം നടത്തി, സ്വർഗ്ഗസമാനമായ ലങ്കയിലെ പ്രലോഭനങ്ങൾക്കും ഭയപ്പെടുത്തലുകൾക്കും വശംവദയാകാതെ ഭർത്താവിന്റെ വിജയത്തിനുമാത്രം തപസ്സനുഷ്ഠിച്ച ഒരു തരുണീരത്നത്തിന് കേൾക്കേണ്ടിവന്ന ക്രൂരവാക്കുകൾ അസഹനീയമെന്ന് അതിശയിക്കാനില്ല. ദുഃഖിതയും അപമാനിതയുമായ സീതക്ക് ജീവിച്ചിരുന്നിട്ടു കാര്യമില്ലായെന്നു തോന്നി ലക്ഷ്മണനോടു പറഞ്ഞു, എന്റെ സ്വഭാവത്തിൽ വിശ്വാസമില്ലാത്ത ഭർത്താവിന്റെ മുൻപിൽനിന്നും രക്ഷപ്പെടാൻ അഗ്നിപ്രവേശം നടത്തട്ടെ. ചിതയൊരുക്കൂ. തന്റെ ഹൃദയം രാമനിൽനിന്നും വേറിട്ടു ചിന്തിച്ചിട്ടില്ലായെന്നും താൻ ചാരിത്രവതിയാണെങ്കിൽ അഗ്നി രക്ഷിക്കട്ടെയെന്നും പറഞ്ഞ് അഗ്നിയിലേക്കു ചാടുകയാണു ചെയ്തത്. ഇവിടെ സീത പരിശുദ്ധയാണെന്ന് രാമനെ മനസിലാക്കിക്കൊടുക്കുവാൻ ദേവഗണങ്ങൾ വേണ്ടിവന്നു. സീതക്ക് ഒരു ദോഷവും സംഭവിച്ചിട്ടില്ലായെന്നും സുവ്രതയാണെന്നും അഗ്നിഭഗവാൻ രാമനോടു പറഞ്ഞു. എല്ലാം കഴിഞ്ഞപ്പോൾ സീത മൂന്നുലോകത്തിലും വിശുദ്ധയാണെന്നും മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താനാണിങ്ങനെ ചെയ്തതെന്നും ഉള്ള ചില വാക്യങ്ങൾ രാമൻ പറയുന്നു.

പിന്നീട് സന്തോഷപുരസ്സരം രാമൻ സീതയുമായി അയോദ്ധ്യയിലെത്തി രാജ്യഭാരം ഏറ്റെടുത്തു സസുഖം വാണു. സീത ഗർഭിണിയായി. തപോവനങ്ങൾ ദർശിക്കുവാനുള്ള ആഗ്രഹം സീത പ്രകടിപ്പിച്ചു. ആ സമയത്താണ് സീതയെക്കുറിച്ചുള്ള ഒരപവാദം നാട്ടിൽ പ്രചരിക്കുന്നുവെന്നറിഞ്ഞത്. സഹോദരന്മാരെയെല്ലാം വിളിച്ചുവരുത്തി ഇക്കഥ പറയുകയും രാമൻ ഇതിൽ കുറ്റക്കാരനല്ല എന്നു സമർത്ഥിക്കുകയും ചെയ്യുന്നു. എല്ലാ മഹാത്മാക്കളും ശ്രമിക്കുന്നത് കീർത്തിക്കാണെന്നും അതുകൊണ്ട് എന്റെ

സദ്കീർത്തിക്കായി ഞാൻ സീതയെ ത്യജിക്കാൻ സന്നദ്ധനാണെന്നും പറഞ്ഞു. സ്വന്തം സദ്കീർത്തിക്ക് വേണ്ടി സ്വന്തം ഭാര്യയെ ത്യജിക്കുക, ഭാര്യയെ വനത്തിൽ വാത്മീകാശ്രമത്തിനു സമീപം ഉപേക്ഷിക്കുക, രാജശാസന അനുസരിച്ചില്ലെങ്കിൽ അപ്രീതിക്കു പാത്രമാകുമെന്നു കൂടി രാമൻ പറയുന്നു. ലക്ഷ്മണനെക്കൊണ്ട് സീതയോട് യാത്രാവിവരങ്ങൾ ധരിപ്പിക്കുകയും ചെയ്യുന്നു. പാവം സീത ഇതൊന്നുമറിയാതെ സന്തോഷവതിയായി വിലപിടിച്ച വസ്ത്രങ്ങളും ആഭരണങ്ങളുമെടുത്ത് മുനിപത്നിമാർക്ക് കൊടുക്കാമെന്നുള്ള വിശ്വാസത്തിൽ യാത്ര തിരിച്ചു. ലക്ഷ്മണന്റെ ദുഃഖമുഖഭാവം കണ്ടിട്ട് രാമനെ പിരിഞ്ഞതിനാലാണെന്നു ധരിച്ച്, രാമൻ തനിക്കു പ്രിയപ്പെട്ടവനാണ്, പക്ഷെ താൻ ദുഃഖിക്കുന്നില്ലല്ലോയെന്നു പറഞ്ഞു ലക്ഷ്മണനെ സമാധാനിപ്പിക്കുന്നു. സീതയെ വനത്തിലുപേക്ഷിക്കാൻ നിയോഗിച്ചതു തന്നെയാണെന്നും താൻ മരണം ആഗ്രഹിക്കുന്നുവെന്നും മറ്റും ലക്ഷ്മണൻ പറയുന്നതുകേട്ട് സീതാദേവി അസഹ്യമായ ദുഃഖത്തിലായി. തന്റെ ശരീരം ദുഃഖത്തിനായി ബ്രഹ്മാവ് സൃഷ്ടിച്ചതാണെന്നും രാഘവൻ ത്യജിക്കാനുണ്ടായ കാരണമെന്താണെന്നു പറയൂ, താൻ മരിക്കാത്തത് ഗർഭിണിയായതു മൂലമാണെന്നും പറയുന്നു. ക്ഷീണിതയും ദുർബ്ബലയുമായ ഒരു സ്ത്രീയുടെ പരിദേവനങ്ങളാണിത്. ദുഃഖഭാരം താങ്ങാനാവാതെ ആ പതിവ്രത നാഥൻ ഇല്ലാത്തവളായി കരഞ്ഞു എന്ന് വാത്മീകി വർണ്ണിക്കുന്നു. ഈ രോദനം കേട്ട മുനികുമാരന്മാർ വാത്മീകിയെ വിവരം അറിയിച്ചുവെന്നും ദിവ്യചക്ഷുസുകൊണ്ട് എല്ലാമറിഞ്ഞ വാത്മീകി അവിടെ ചെന്ന് സീതയെ ആശ്രമത്തിലേക്കു കൂട്ടിക്കൊണ്ടു വന്നു. ഇതു കണ്ട ലക്ഷ്മണൻ ഈ വേർപാട് അലംഘനീയമാണെന്നു പറഞ്ഞു വിലപിക്കുന്നു. തിരികെ വന്ന് രാമനുമായി സംസാരിച്ച ലക്ഷ്മണനോട് ഞാൻ കർത്തവ്യമനുഷ്ഠിച്ചുവെന്നാണ് പറയുന്നത്. രാമൻ സമാധാനത്തിനുവേണ്ടി പല പുരാണ കഥകളും പറഞ്ഞു സമർത്ഥിക്കുന്നു. രാമൻ അശ്വമേധയാഗത്തിനൊരുങ്ങി. വാത്മീകി മഹർഷി ശിഷ്യരോടൊപ്പം വന്നുചേർന്നു. അദ്ദേഹം രാമായണ കാര്യം എല്ലായിടത്തും പോയി പാടാനായി ഉപദേശിച്ചു. ശ്രീരാമൻ വിളിക്കുകയാണെങ്കിൽ പാടുക. ഒരു ദിവസം 20 സർഗ്ഗം വീതം പാടണമെന്നും പറഞ്ഞു. മഹാമുനി പറഞ്ഞതുപോലെ മൈഥലീസുതരായ 2 കുട്ടികൾ തയ്യാറായി. രാമന്റെ കൊട്ടാരത്തിൽ പാടിയ ഈ കുട്ടികൾക്ക് സ്വർണ്ണവും മറ്റും കൊടുത്തപ്പോൾ അവർക്കതു വേണ്ടെന്നു പറഞ്ഞ് അവർ നിരസിച്ചു. ഇതു കേട്ട രാമൻ കാര്യത്തിന്റെ വലിപ്പവും സൃഷ്ടാവും ആരാണെന്നൊക്കെ അന്വേഷിച്ചു. അവർ യഥാവിധി മറുപടി പറഞ്ഞു. വിവരമെല്ലാം അറിഞ്ഞ രാമൻ പറഞ്ഞതെന്തെന്നോ, സീത പരിശുദ്ധയാണെങ്കിൽ മഹർഷിയുടെ അനുവാദത്തോടെ സഭാമദ്ധ്യത്തിൽ ശപഥം ചെയ്യട്ടേയെന്ന്. ഇതു കേട്ട വാത്മീകി പറഞ്ഞു, രാഘവൻ പറയുന്നത് സീത അനുസരിക്കും. സ്ത്രീകൾക്ക് പതിയാണ് ദൈവമെന്ന്.

സീത പിറ്റേദിവസം മഹർഷിയോടൊത്തു വന്നു. ലവൻ, കുശൻ എന്ന പുത്രന്മാർ രാമന്റേതാണെന്നും സീത പരിശുദ്ധയാണെന്നും മറ്റും പറഞ്ഞു. സീത പരിശുദ്ധയാണെന്നെനിക്കറിയാം. പക്ഷെ ലോകാപവാദത്തെ ഭയന്നാണ് ഉപേക്ഷിച്ചതെന്നും സകലദേവതകളുടേയും സാന്നിദ്ധ്യത്തിൽ തെളിയിക്കുവാനും അങ്ങനെ ജനമദ്ധ്യത്തിൽ ശുദ്ധയാവാനും ആവശ്യപ്പെട്ടു.

രാമനല്ലാതെ മറ്റാരേയും താൻ സ്വീകരിച്ചിട്ടില്ലെന്നുറക്കെ പറഞ്ഞ സീതാദേവി ഭൂമിക്കടിയിലേക്കു മറഞ്ഞുവെന്നാണ് കഥ. രാമൻ വിലപിച്ചുവെന്നൊക്കെയുള്ള ബാക്കി ഭാഗം ഭംഗ്യന്തരേണ നമുക്കു മനസിലാക്കാൻ കഴിയുന്നു. ഇവിടെയൊക്കെ അവതാരോദ്ദേശമാണ് രാമന് രക്ഷാകവചമാകുന്നത്.

വാത്മീകിയുടെ സീത പതിവ്രതാരത്നമാണ്. എല്ലാം സഹിച്ച് രാമനെക്കുറിച്ച് ഒരു കുറ്റവും പറയാതെ എല്ലാം സഹിക്കുന്ന ഒരു സതീരത്നം. ഭർത്താവിനോടുള്ള സ്നേഹവും ധർമ്മബോധവും സംസ്കാരവും ഒത്തുചേർന്ന ഒരു അന്തരീക്ഷത്തിൽ വളർന്ന, ഭർത്താവിനെ തെരഞ്ഞെടുക്കാൻ പോലും നില്ക്കാതെ അച്ഛൻ തെരഞ്ഞെടുത്ത ശക്തിമാനായ യുവാവിനെ വരിച്ചു. സീതയുടെ ഭാഗ്യത്താൽ ധൈര്യശാലി മാത്രമല്ല, ഉത്തമനായ മര്യാദാപുരുഷോത്തമൻ തന്നെയായിരുന്നു ശ്രീരാമൻ. ഭർത്തൃഗൃഹത്തിലും മര്യാദകൾ പാലിച്ചു കഴിഞ്ഞു. വനവാസത്തിനു പോകാൻ തുനിഞ്ഞ ഭർത്താവിനോടൊപ്പം മരവുരിയണിഞ്ഞു പോകാൻ തയ്യാറായി. പ്രകൃതിയും ജീവജാലങ്ങളും സൗന്ദര്യാരാധകയായ സീതക്ക് ആവേശം തന്നെയായിരുന്നു. ഭർതൃസഹോദരനേയും ഭർത്താവിനേയും അതതു സ്ഥാനങ്ങളിൽ നോക്കി പരിപാലിച്ചു. പക്ഷെ എവിടെയൊക്കെയോ അവർക്ക് ഒരാത്മ വിശ്വാസക്കുറവോ, ആരും തനിക്കില്ലായെന്ന തോന്നലോ ഉണ്ടായതുകൊണ്ടാണ് ലക്ഷ്മണനോട് ആ വിധം സംസാരിച്ചത്. അങ്ങനെയല്ലാത്ത ഒരവസ്ഥയിലും വാത്മീകിയുടെ സീത അതിരുകടന്നു സംസാരിക്കുന്നില്ലെന്നു മാത്രമല്ല എവിടെയെല്ലാം പോയിട്ടുണ്ടോ ആ മുനിപത്നിമാരും രാക്ഷസികളായ കാവൽക്കാരും മണ്ഡോദരി തന്നെയും സീതയുടെ നിർമ്മലമായ പെരുമാറ്റത്തിൽ അത്ഭുതപ്പെട്ടിരുന്നു.





വാത്മീകി വിവരിക്കുന്നതു തന്നെ മുഷിഞ്ഞ വസ്ത്രങ്ങളും ക്ഷീണിച്ച ശരീരവുമായി ഹനുമാൻ കണ്ടുവെന്നാണ്. രാമരാവണ യുദ്ധത്തിനുശേഷം രാമൻ ഹനുമാനെയാണ് സീതയെ കൊണ്ടുവരാനായി പറഞ്ഞയക്കുന്നത്. അത് സീതക്ക് പ്രയാസമുണ്ടാക്കിയതായിട്ടൊന്നും വലിയ വിവരണമൊന്നുമില്ലായെങ്കിലും സർവ്വാഭരണഭൂഷിതയായി സീതയെ കൊണ്ടുവരാനുള്ള രാമന്റെ ആഗ്രഹപ്രകാരം സീത വന്നപ്പോൾ തന്നെ അവിടെയെന്താണെന്നു സീതക്കു മനസ്സിലായി. യുദ്ധാനന്തരം കൊട്ടാരവാസം കഴിഞ്ഞ് ലോകാപവാദം ഇല്ലാതെ ജനഹിതാനുസരണം രാജ്യം ഭരിക്കുക എന്ന രാജധർമ്മം നിറവേറ്റുന്നതിനായി രാമന് സ്വഭാര്യയെപ്പോലും ത്യജിക്കേണ്ടി വരുന്നു. ലക്ഷ്മണനോടൊപ്പം സീതയെ വീണ്ടും വനത്തിലേക്കയക്കുന്നു. വാത്മീകാശ്രമത്തിൽ സീത ലവകുശന്മാർക്ക് ജന്മം നൽകുന്നു. വാത്മീകിയുടെ ശിക്ഷണത്തിൽ അവർ സകല വിദ്യകളും അഭ്യസിക്കുന്നു.... ലവണ സംഹാരത്തിനായി... വാത്മീകി സ്വന്തം അച്ഛന്റേയും അമ്മയുടേയും കഥകൾ ലവകുശന്മാരെ പാടിച്ച് അച്ഛന്റെ അടുത്തേക്കയ്ക്കുന്നു. സ്വന്തം മക്കൾ അച്ഛനെ തിരിച്ചറിഞ്ഞപ്പോൾ അവിടെ പോയി താൻ നിരപരാധിയാണെന്നും പതിവ്രതയാണെന്നും വീണ്ടും എല്ലാവരുടേയും മുൻപിൽ തെളിയിക്കേണ്ട ഒരവസ്ഥ വന്നപ്പോൾ ഭൂമിദേവിയുടെ മടിത്തട്ടിൽ അഭയം കണ്ടത് ആ പതിവ്രതാരത്നത്തിന്റെ അന്തസിന് ഒരു തിലകക്കുറി ചാർത്തുകയാണ് വാത്മീകി ചെയ്യുന്നത്. സ്വന്തം കുഞ്ഞുങ്ങളെ വളർത്തി വലുതാക്കി ഒരു നല്ല സ്ഥാനത്തെത്തിക്കുക എന്ന മാതൃധർമ്മം പരിപാലിക്കുകയാണിവിടെ ചെയ്യുന്നത്. ആ കാലഘട്ടത്തിലെ ഒരു സതീരത്നം അനുസരിക്കേണ്ടിവന്ന മൂല്യങ്ങളും അവൾ വിദ്യാസമ്പന്നയായാലും രാജകന്യകയായാലും നിയന്ത്രണവിധേയമായിരുന്നുവെന്നും നമുക്കു കാണാം. ഉത്തമമായ ഒരു കഥയാണ് വാത്മീകി രചിച്ചത്. രാവണനേപ്പോലെയുള്ള സ്ത്രീലമ്പടന്മാരുള്ള രാക്ഷസനഗരത്തിൽ അബലയായ ഒരു സ്ത്രീക്ക് എന്തു സുരക്ഷയാണ് എന്ന് ഇന്നു നാം ചിന്തിക്കുന്നതുപോലെ അന്നും ജനങ്ങൾ ചിന്തിച്ചിരിക്കാം. എന്തായാലും വാത്മീകിയുടെ പാത്രസൃഷ്ടി മനശാസ്ത്രപരമായ ഒരവലോകത്തിന് പ്രാധാന്യം നൽകുന്നുവെന്നതിൽ സംശയമില്ല.

ലവണ സംഹാരത്തിനായി നിയോഗിച്ച ശത്രുഘ്നൻ വാത്മീകിയുടെ ആശ്രമത്തിൽ കഴിച്ചുകൂട്ടിയ രാത്രിയാണ് സീത പ്രസവിച്ചത്. വാത്മീകി ഭൂതഗണങ്ങളിൽനിന്നും രക്ഷസുകളിൽനിന്നും രക്ഷ നൽകാനായി ദർഭപ്പുല്ലിന്റെ അഗ്രഭാഗങ്ങളുടെ പിടികൊണ്ട് ഉഴിഞ്ഞ് ആദ്യ ജാതനെ ലവനെന്നും കടഭാഗങ്ങൾകൊണ്ടുള്ള പിടികൊണ്ട് ഉഴിഞ്ഞ രണ്ടാമനെ കുശനെന്നും നാമകരണം ചെയ്തു

## കേകസി

മഹാവിഷ്ണുവുമായുണ്ടായ യുദ്ധത്തിനു ശേഷം ചിലർ സുമാലിയെന്ന രാക്ഷസന്റെ സംരക്ഷണത്തിൽ ജീവിച്ചു. രാവണനേക്കാൾ ശക്തനായിരുന്നു സുമാലി. സുമാലി ഒരു ദിവസം തന്റെ സുന്ദരിയായ മകളോടുകൂടി പാതാളത്തിൽനിന്നും മർത്ത്യലോകത്തേക്കു വന്നു. തന്റെ പുത്രിക്ക് അനുയോജ്യനായ വരനെ അന്വേഷിച്ചിറങ്ങിയ സുമാലി മകളോട് പുലസ്ത്യപുത്രനായ വിശ്രവസ് മഹർഷിയെ ഭജിച്ച് വരിക്കാനാവശ്യപ്പെട്ടു. അങ്ങനെ മകളായ കേകസി വിശ്രവസ് മഹർഷിയുടെ ആശ്രമത്തിൽ ചെന്നു. മുനി വിവരങ്ങൾ അന്വേഷിച്ചു. കേകസി വിവരങ്ങൾ പറഞ്ഞു. പക്ഷെ ഈ സമയം പുത്രന്മാരുണ്ടാകാൻ പറ്റിയ സമയമല്ലായെന്നും അഥവാ ഉണ്ടാകുകയാണെങ്കിൽ അവർ രാക്ഷസന്മാരായി തീരുമെന്നും പറഞ്ഞു. കേകസിയുടെ ആഗ്രഹപ്രകാരം ദശാനനനും കുംഭകർണ്ണനും ശൂർപ്പണഖയും വിഭീഷണനുമുണ്ടായി. വൈശ്രവണനു തുല്യനായി വളർന്നുവരാൻ ദശാനനനെ പ്രോത്സാഹിപ്പിച്ചിരുന്നു. അതിന്റെ പരിണിതഫലമാണു രാവണൻ എന്ന ക്രൂരനും സ്ത്രീലമ്പടനുമായ പുത്രൻ. യാഗകർമ്മങ്ങളിലും തപസ് അനുഷ്ഠാനങ്ങളിലും അഗ്രഗണ്യനായിട്ടും തന്റെ പെരുമാറ്റംകൊണ്ട് അസുരവംശത്തിന്റെ നാശത്തിന് കാരണഭൂതനായി തീർന്നു. മഹാഭാരതകഥയിൽ അന്ധനായ ധൃതരാഷ്ട്രരെ വിവാഹം കഴിച്ച ഗാന്ധാരി സ്വന്തം കണ്ണു മൂടിക്കെട്ടിയപ്പോൾ ദുരാഗ്രഹികളായ 100 പുത്രന്മാരുടേയും അധഃപതനത്തിനു കാരണമായി. ഇതുതന്നെയാണ് കേകസിയിലും സംഭവിച്ചത്.

## ഊർമ്മിള, മാണ്ഡവി, ശ്രുതകീർത്തി

സീതയും രാമനും തമ്മിലുള്ള വിവാഹശേഷം ജനകമഹാരാജാവു പറഞ്ഞു ലക്ഷ്മണാ വരൂ, ഊർമ്മിളയേ സ്വീകരിക്കൂ. ഭരതനോടു മാണ്ഡവിയുടെ പാണി ഗ്രഹിച്ചാലുമെന്നും ശത്രുഘ്നനോടു ശ്രുതികീർത്തിയുടെ പാണി ഗ്രഹിച്ചാലുമെന്നും പറഞ്ഞു. അങ്ങനെ പാണിഗ്രഹണം നടന്നു.

അയോദ്ധ്യയിൽ മഹാഭാഗയായ സീതയേയും യശസ്വിനിയായ ഊർമ്മിളയേയും കുശധ്വജസുതകളായ മാണ്ഡവിശ്രുതികീർത്തിമാരേയും അകത്തേക്കാനയിച്ചുവെന്നും പറയുന്നു. പിന്നീടവർ സുഖമായി വസിച്ചുവെന്നും വാത്മീകി പറയുന്നു.

ഇതിനപ്പുറമായി വലിയ പദവികളോ അവ

കാശങ്ങളോ രാമായണകഥയിൽ ഈ തരുണീരത്നങ്ങൾക്കില്ല. അംഗദൻ, ചന്ദ്രകേതു, തക്ഷൻ, പുഷ്കലൻ, സുബാഹു, ശത്രുഘ്ഘാനി, ഇവരാണ് ലക്ഷ്മണന്റേയും ശത്രുഘ്നന്റേയും പുത്രന്മാർ.

വാല്മീകി മഹർഷി രാമായണം രചിച്ചത് എല്ലാവർക്കും ഹിതനും വിദ്വാനും സമർത്ഥനുമായ മഹാന്റെ ചരിതം പറയുന്നതിനുവേണ്ടിയാണ്. ആ കഥാരചനയിൽ സീത തുടങ്ങിയ സ്ത്രീകഥാപാത്രങ്ങളെല്ലാം തന്നെ മുഖ്യകഥയുടെ കണ്ണികൾമാത്രമാണ്. പ്രധാനകഥാപാത്രത്തിന് സഞ്ചരിക്കേണ്ടിവന്നതായ സന്ദർഭങ്ങളിൽ കണ്ണികൾ വിട്ടുപോകാതിരിക്കാനും സംഭവത്തിന്റെ തുടർച്ചയായ ഒഴുക്കിന് വായനക്കാർക്ക് അനുഭവവേദ്യമാക്കാനും ഇത്തരം പാത്രസൃഷ്ടി അനിവാര്യമാണ്.

അയോദ്ധ്യയിൽ കുറച്ചെങ്കിലും സ്ത്രീകളിൽ പ്രാധാന്യം കിട്ടിയത് കൈകേയിക്കു മാത്രമായിരുന്നു. പക്ഷെ മന്ഥരയെന്ന ദാസിയുടെ കൈകളിൽ ഒരു കളിപ്പാവയായി മാറി കൈകേയിയെന്നതിൽ വിഷമിക്കാനുമില്ല. കാരണം ചെറുപ്പത്തിൽ അമ്മയെ അച്ഛൻ രാജ്യത്തിൽ നിന്നുമകറ്റി. അരക്ഷിതാവസ്ഥ അവരിലുടലെടുത്തു എന്നതിനും കാരണങ്ങൾ ധാരാളമുണ്ട്. കൂടാതെ മൂവരിലും രാജാവിന്റെ പ്രിയം കൂടുതലും തനിക്കാണെന്ന ബോധവും.

കൗസല്യ, സുമിത്ര എന്നീ രാജപത്നികൾ സമാധാനപ്രിയരും അതേസമയം അടിച്ചമർത്തപ്പെട്ടവരേപ്പോലെ ചിലപ്പോൾ മനസിൽ ഉണ്ടായിരുന്നത് പ്രകടിപ്പിക്കുന്നുമുണ്ട്. കൗസല്യ പറയുന്നു എന്റെ ദുഃഖം അവസാനിക്കുന്നില്ല. രാമനിവിടെയുള്ളപ്പോൾ തന്നെ ഞാൻ നിരാകൃതയായിത്തീർന്നിരിക്കുന്നു. നീ ഇവിടെയില്ലാത്ത അവസ്ഥയിൽ പിന്നെ പറയാനുമുണ്ടോ. രാമൻ ജനിച്ചതുമുതൽ തന്റെ ദുഃഖങ്ങൾക്ക് അറുതി വരുത്തുമെന്നു കരുതി കാത്തിരിക്കുകയാണ്. രാമനെ വളർത്തി വലുതാക്കിയതെല്ലാം നിഷ്ഫലമായിപ്പോയെന്നും കൗസല്യ പറയുന്നു. പെട്ടെന്നുതന്നെ ഒരമ്മയായി മാറി നിന്റെ മാർഗ്ഗങ്ങൾ ശുഭമാവട്ടെ, ലക്ഷ്യമെല്ലാം നേടി അയോദ്ധ്യയിലേക്കു തിരിച്ചു വന്ന് രാജ്യം വാഴുന്നത് താൻ കണ്ടാനന്ദിക്കുമെന്നു പറഞ്ഞു ശാന്തി തേടുന്ന അമ്മയേയാണ് നാം കാണുന്നത്.

സുമിത്ര എന്ന കഥാപാത്രം അധികമൊന്നും വർണ്ണിക്കപ്പെടുന്നില്ലായെങ്കിലും, അവർ ജ്ഞാനിയായിരുന്നു. രാമന്റെ വനവാസ യാത്രാരംഭത്തിൽ ലക്ഷ്മണനു നൽകുന്ന ഉപദേശം മാതൃധർമ്മത്തിന്റെയും ബന്ധുമിത്രാദികളെ ആദരിക്കേണ്ടതിന്റേയും ആദരിക്കപ്പെടേണ്ട സ്ത്രീ സ്ഥാനങ്ങളേയും ആ വാക്യങ്ങൾ മകുടോദാഹരണമായി എക്കാലവും നിലനിൽക്കുകയും ചെയ്യും. പക്ഷെ ഊർമ്മിളയേക്കുറിച്ച് അവൾ എന്തു ചെയ്യുമെന്നതിനേക്കുറിച്ചോ ആരും ഒന്നും പറയുന്നില്ല. ഭാര്യയെ ഓർമ്മിക്കുന്ന ലക്ഷ്മണനും ഇല്ല. താരയും മണ്ഡോദരിയും ഒക്കെത്തന്നെ രാമായണത്തിലെ ഒഴിച്ചുനിർത്താൻ പറ്റാത്ത വ്യക്തിത്ത്വങ്ങളാണ്. മനുഷ്യരുടെ നീതിയും ധർമ്മവും ആയിരിക്കില്ല വാനരന്മാരുടേയും രാക്ഷസന്മാരുടേയും . എന്നാൽ സ്ത്രി ധർമ്മത്തിന് ഊന്നൽ കൊടുക്കാനും അനുകരിക്കുവാനും പറ്റിയ സ്ത്രീരത്നങ്ങളാണിവർ. ശൂർപ്പണഖയുടെ ആഗ്രഹങ്ങളും മറ്റും വിഭിന്നമാണ്. ചാരവൃത്തി നടത്തിയ മന്ഥരയുടെ ചിന്താഗതിയും വ്യത്യസ്തമാണ്.

സീതയാണെങ്കിൽ രാമനോടു ചെയ്ത പ്രതിജ്ഞ ജീവിതകാലം മുഴുവൻ പാലിച്ചു. ദുഃഖങ്ങൾക്കെല്ലാം വിധിയിലും കർമ്മഫലത്തിലും വിശ്വസിക്കുന്ന ഒരു സാധാരണ സ്ത്രീ. പക്ഷെ സ്വന്തം വംശമഹിമയിൽ നിന്നും നിസ്വാർത്ഥമായ പതിവ്രതാരത്നമായി തന്നെ തുടരാൻ സീതക്കു കഴിഞ്ഞു. രാമരാവണ യുദ്ധത്തിന്റെ കാരണങ്ങളായി വിവരിക്കുന്നത് സീതയും ശൂർപ്പണഖയുമാണ്. ചിലയിടങ്ങളിൽ ധർമ്മാധർമ്മങ്ങളേപ്പറ്റിയും സീത ശ്രീരാമനോടു സംസാരിക്കുന്നുണ്ട്.

ന്യായാന്യായങ്ങളേക്കുറിച്ച് രാമനേക്കൂടി സീത ബോധവാനാക്കുന്നതും നമുക്കു കാണാൻ കഴിയും.

ഇങ്ങനെ രാമായണം എന്ന കാവ്യത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ് അവിടെ വിവരിക്കുന്ന സ്ത്രീരത്നങ്ങൾ.

**വേദാന്ത പഠനക്ലാസ്സ്**

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ് എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**



**(7–ാം പേജിൽ നിന്ന് തുടർച്ച)**

കുറെ ദിവസങ്ങൾക്കു ശേഷം ഒരു ദിവസം സിസിയോൺ എന്ന സ്ഥലത്തു വെച്ച് ഒരു തർക്കമുണ്ടായി. ബലിമൃഗത്തിന്റെ ഏതംശമാണ് ദേവർക്ക്? ഏതംശമാണ് മനുഷ്യർക്ക് ? ഇതായിരുന്നു തർക്കവിഷയം. വിധി നിർണ്ണയിക്കുവാൻ പ്രൊമിത്യസിനെയാണ് എല്ലാവരും ചേർന്ന് ചുമതലപ്പെടുത്തിയത്. എന്നാൽ അദ്ദേഹം ഒരു അബദ്ധം അഥവാ കുസൃതി കാണിച്ചു. ബലിമൃഗത്തിന്റെ അസ്ഥികൾ മാത്രം നിറച്ച ഒരു സഞ്ചിയിൽ മുകളിൽ മാത്രം നല്ല മാംസം പരത്തി. മറ്റൊരു സഞ്ചിയിൽ നല്ല മാംസം നിറച്ച് മുകളിൽ ഉപയോഗശൂന്യമായ ഭാഗങ്ങൾ പരത്തി. എന്നിട്ട് ദേവദേവനായ സ്യൂസിനോട് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കുവാൻ പറഞ്ഞു. സ്വാഭാവികമായും അദ്ദേഹം മുകളിൽ നല്ല ഭാഗം കണ്ട സഞ്ചി തിരഞ്ഞെടുത്തു. പിന്നീടാണ് ചതി പിണഞ്ഞെന്ന് മനസ്സിലായത്. ക്രുദ്ധനായ അദ്ദേഹം ഭൂമിയിലുള്ളവർക്ക് ഇനി മുതൽ തീ നൽകേണ്ടെന്നും അവർ പച്ച മാംസം തിന്നട്ടെ എന്നും കൽപ്പിച്ചു. ഭൂമിയിലുള്ളവർ തീയില്ലാതെ കഷ്ടപ്പെടുന്നത് കണ്ട പ്രൊമിത്യസ് വല്ലാതെ വിഷമിച്ചു. അദ്ദേഹം ആരും കാണാതെ സ്വർഗ്ഗത്തിന്റെ പുറം വാതിലിലൂടെ ഒരു തീക്കൊള്ളി ഭൂമിയിലേക്കിട്ടു. ഭൂമിയിലെ മനുഷ്യർക്ക് തീ എങ്ങനെ കിട്ടി എന്ന് ദേവന്മാർക്കിടയിൽ അന്വേഷണമായി. പ്രൊമിത്യസ് അഗ്നി മോഷ്ടിച്ചതാണെന്ന് സ്യൂസ് ദേവന് ബോധ്യപ്പെട്ടു. അപരാധിയെ കഠിനമായി ശിക്ഷിക്കുവാൻ തീരുമാനമായി. ഒരു വലിയ പാറക്കെട്ടിൽ പ്രൊമിത്യസിനെ ചങ്ങലക്കിട്ടു. അദ്ദേഹത്തിന്റെ കരൾ കൊത്തിക്കീറുവാൻ കഴുകനെ അയച്ചു. എന്നാൽ ഓരോ പ്രഭാതത്തിലും പ്രൊമിത്യസിന്റെ കരൾ വീണ്ടും വളർന്നു വരും. വീണ്ടും കഴുകൻ കൊത്തിപ്പിളർക്കും... അങ്ങിനെ അദ്ദേഹം മനുഷ്യർക്ക് വേണ്ടി തീവ്ര വേദന അനുഭവിച്ചു കൊണ്ടേയിരിക്കുന്നുവത്രേ...

*കവിത*

# പ്രതീക്ഷ

**നന്ദിനി മനോഹരൻ**

മറ്റൊരു വിഷുവിനായ് പൂത്താലമേന്തി
മലയാളക്കരയിലെ കണിക്കൊന്നകൾ
മരതകവർണ്ണന്റെ അരമണിക്കിങ്ങിണി
മതമോടെ ചാർത്തി കുണുങ്ങി നില്പൂ
കണിവെള്ളരിയും പക്വഫലങ്ങളും
കുഞ്ഞുരുളിയിൽ ചാലെ നിറച്ചു വെച്ചു
നിറനാഴിയും,ജല, ധൂപപാത്രവും
നിറത്താലത്തിൽ കൈനീട്ടവും
ഞൊറിപുടവമദ്ധ്യെ ശ്രീദേവിയായ്
വാൽക്കണ്ണാടിയും മൊരുക്കിവെച്ചു

അഷ്ടമംഗല്യവും, താംബൂലവും പിന്നെ
അക്ഷതവും , കൂടെ ചേർത്തുവെച്ചു
നിറദീപ പ്രഭയിൽ കൊന്നയും മുല്ലയും
ചാർത്തിയ കണ്ണന്റെ ദിവ്യരൂപം
പുലർകാലെ കണികാണാൻ തൊഴുകൈയ്യുമായ്
മലയാള നാടാകെ കാത്തിരിപ്പൂ
പുത്തൻ പ്രതീക്ഷതൻ മുകുളങ്ങൾ വിടരാൻ
പരസ്പര സ്നേഹം പങ്കുവെക്കാൻ
പുതുവർഷമെന്നെന്നും ശോഭനമാകുവാൻ
ജഗദീശ്വരൻ നമ്മെ തുണച്ചിടട്ടെ.

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗ ചികിത്സാ ക്ലിനിക് 2018 ഏപ്രിൽ മാസം 8 –ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***

# പിംഗളയും മന്ദരനും

എം.രാജലക്ഷ്മി ഫോൺ : 9995158259

പണ്ട് പണ്ട് കുരുക്ഷേത്രത്തിനടുത്ത് മന്ദരൻ എന്നു പേരായ ധനികനും സുന്ദരനുമായ ഒരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. എന്നാൽ ബ്രാഹ്മണൻ അനുഷ്ഠിക്കേണ്ട കർമ്മാനുഷ്ഠാനങ്ങൾ ചെയ്യാതെ പിംഗള എന്ന വേശ്യയുമായി സുഖജീവിതം നയിച്ചു. അക്കാലത്ത് ഋഷഭൻ എന്ന ശിവയോഗി അവരുടെ അതിഥിയായി വന്നു ചേർന്നു. അതിഥിയെ യഥാവിധി പൂജിച്ച് സ്വാദിഷ്ടമായ ഫലമൂലാദികൾ നൽകി വിശ്രമിക്കുവാൻ അവസരം നൽകി. അന്ന് രാത്രി യോഗി പിംഗളയുടെ മടിയിൽ തലചായ്ച്ച് സുഖമായി ഉറങ്ങി. പിറ്റെ ദിവസം ആതിഥേയരെ അനുഗ്രഹിച്ച് അദ്ദേഹം അവിടെ നിന്നും യാത്രയായി.

ഋഷഭയോഗിയുടെ അനുഗ്രഹത്താൽ അവരിരുവരും ഭൗതിക ചിന്തകളിൽ നിന്നും ആത്മീയ തലത്തിലേക്കുയർന്നു. അങ്ങിനെ സദാചാരങ്ങൾ അനുഷ്ഠിച്ച് കുറെ നാൾ ജീവിച്ച് ഇരുവരും ഒരേ സമയം മരണമടഞ്ഞു. മന്ദരൻ ദശാർണ്ണാധിപനായ വജ്രബാഹുവിന്റെ മകനായും പിംഗള നിഷധരാജാവായ ചന്ദ്രാംഗദന്റെ മകൾ കീർത്തിമാലിനിയായും പുനർജന്മം എടുത്തു.

വജ്രബാഹുവിന് സുമതിയെ കൂടാതെ വേറെയും പത്നിമാരുണ്ടായിരുന്നു. സുമതി ഗർഭിണിയായപ്പോൾ മറ്റു പത്നിമാർ തങ്ങൾക്ക് കിട്ടാത്ത സൗഭാഗ്യത്തിൽ അസൂയാലുക്കളായി സുമതിയെ നശിപ്പിക്കുവാനായി അവൾക്ക് വിഷം നൽകി. പക്ഷെ സുമതി മരിച്ചില്ല. താമസിയാതെ ഒരാൺകുഞ്ഞിന് അവൾ ജന്മം നൽകി. ആ വിഷാധികൃത്താൽ ഇരുവരുടേയും ദേഹമാസകലം വ്രണങ്ങൾ കൊണ്ട് നിറഞ്ഞു വേദനയാൽ പുളയുന്ന അവരെ രാജാവിന് കാണാൻ തന്നെ വിഷമമായി. ഒടുവിൽ സപത്നിമാരുടെ കുതന്ത്രം മനസ്സിലാക്കാതെ, ചികിത്സിച്ചിട്ടും ഭേദമാകാതെ വന്നപ്പോൾ വജ്രബാഹു അവരെ കാട്ടിൽ ഉപേക്ഷിച്ചു. ആ കൊടുംവനത്തിൽ മറ്റാരും ആശ്രയമില്ലെന്ന് വന്നപ്പോൾ സുമതി മഹാദേവനെ ശരണം പ്രാപിച്ചു. നമ:ശിവായ മന്ത്രം ഉരുവിട്ട് വളരെ പ്രയാസപ്പെട്ട് അശരണയായ അവൾ കുഞ്ഞിനെയും കൊണ്ട് കൊടും കാട് കടന്നു ഒരു വൈശ്യപ്രമുഖനായ പത്മാകരന്റെ ഗൃഹത്തിന്റെ മുന്നിൽ എത്തി. ഒരടിപോലും നടക്കാൻ വയ്യാത്ത അവസ്ഥയിൽ അവിടെ ഇരുപ്പായി. ഈശ്വരാനുഗ്രഹമെന്ന് പറയട്ടെ ഒരു സ്ത്രീ അവളുടെ അവശത മനസ്സിലാക്കി സുമതിയെയും കുഞ്ഞിനെയും പത്മാകരന്റെ ഭവനത്തിൽ കൂട്ടികൊണ്ടുപോയി അവർക്ക് ഭക്ഷണം നൽകുകയും ദയാലുവായ പത്മാകരൻ സുമതിയുടെ ദുരവസ്ഥ മനസ്സിലാക്കി അഭയം നൽകുകയും ചെയ്തു. അതിന് പുറമെ അവർക്ക് വിദഗ്ദ്ധ ചികിത്സ നല്കുകയും ചെയ്തു. തെല്ലൊരു ആശ്വാസം ലഭിച്ചെങ്കിലും മകന്റെ നില ഗുരുതരാവസ്ഥയിലെത്തി മകൻ മരണമടഞ്ഞു. ഏകാശ്രയമായ മകൻ നഷ്ടപ്പെട്ടതിൽ ദു:ഖിച്ച് ഭൂമിയിൽ കിടന്നുരുണ്ട് സുമതി കേണു കരഞ്ഞുകൊണ്ടിരുന്നപ്പോൾ അവിടെ ഋഷഭയോഗി വന്നു. അദ്ദേഹം സുമതിയെ സമാധാനപ്പെടുത്തുവാൻ ശ്രമിച്ചു. രാജപത്നി-നീ കരയുന്നതു കൊണ്ട് യാതൊരു പ്രയോജനവുമില്ല. ജീവിതമെന്നത് നീർക്കുമിളക്ക് തുല്യമാണ്. ജനിച്ചവരെല്ലാവരും ഒരു ദിവസം മരിക്കും. പഞ്ചഭൂതാത്മകമായ ഈ ശരീരമാകട്ടെ, സുഖ ദു:ഖ മമതാ ബന്ധങ്ങളെല്ലാം തന്നെ മായാവൈഭവത്താലുളവാകുന്ന തോന്നലുകളാണ്. അച്ഛൻ, അമ്മ, ബന്ധുമിത്രാദികൾ എല്ലാവരും വഴിയമ്പലത്തിൽ കണ്ടുമുട്ടുന്ന വഴിയാത്രികർ മാത്രം. മേഘങ്ങൾ ആകാശത്ത് കാറ്റടിയേറ്റ് ഒന്നിച്ചു കൂടുമെങ്കിലും മറ്റൊരു കാറ്റ് വന്ന് അവയെ ശിഥിലങ്ങളാക്കും. എല്ലാം കർമ്മഫലങ്ങളാണ്. പരമശിവൻ സത്വരജസ്തമോ ഗുണങ്ങൾ സൃഷ്ടിച്ചു. സത്വഗുണങ്ങളിൽ നിന്ന് ദേവന്മാരും രജോഗുണങ്ങളിൽ നിന്ന് മനുഷ്യരും തമോഗുണങ്ങളിൽ നിന്ന് മറ്റു ജീവജാലങ്ങളും, അങ്ങിനെ ജന്മാന്തര കർമ്മഫലങ്ങൾക്കനുസൃതമായി ജീവജാലങ്ങൾ ഉത്ഭവിക്കുന്നു. കർമ്മബന്ധം തീരുമ്പോൾ രാജാവായാലും, ബ്രാഹ്മണനായാലും, ചണ്ഡാളനായാലും പിറവിയെടുത്ത് കർമ്മബന്ധം വഴി അവസാനം മരണത്തിൽ കലാശിക്കുന്നു. അതിനാൽ സുമതി നമുക്ക് ചെയ്യാൻ കഴിയുന്നത് ഭഗവാനിൽ മനസ്സുറപ്പിച്ച് സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുക മാത്രമാണ്. മനസ്സിനെ നിയന്ത്രിക്കാൻ കഴിഞ്ഞാൽ പിന്നെ എന്ത് സുഖം? എന്ത് ദു:ഖം?

എന്തൊക്കെ പറഞ്ഞ് കൊടുത്തിട്ടും സുമതിയുടെ മനസ്സടങ്ങാതെ വന്നപ്പോൾ ഋഷഭയോഗി മരിച്ചു കിടന്ന കുഞ്ഞിന്റെ മുഖത്തേക്ക് കുറച്ച് ഭസ്മം ജപിച്ച് ഇട്ടു. അതോടെ കുമാരൻ കണ്ണു തുറന്നു കൈകാലുകൾ ചലിപ്പിച്ചു. എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് സുമതി ഓടിചെന്ന് തന്റെ മകനെ മാറോടണച്ച് ചുംബിച്ചു. ഋഷഭയോഗി സുമതിയുടെ മുഖത്തേക്കും ജപിച്ച് ഭസ്മം എറിഞ്ഞു. ഇരുവരും രോഗവിമുക്തരായി സൗ

(ശേഷം 54-ാം പേജിൽ)





# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോ:9895981809

**ശ്ലോകം 18**

ഘോരാകാര വരാഹരൂപധരനായ് ദൈത്യൻ
ഹിരണ്യാക്ഷന
പ്പാരാവാരനിമഗ്നമാക്കിയ ധരാമുദ്ധൃത്യ ദംഷ്ട്രോപരി
വീരൻ ദാനവനെപ്പദപ്രഹരമൊന്നാലേ
ഹനിച്ചുള്ളൊരാ
കാരം ഭാവനചെയ്‌വവൻ ത്രിഭുവനം വെല്ലുന്നു
വീര്യത്തിനാൽ
(വരാഹം)

**പദാർത്ഥം :**

| | | |
|---|---|---|
| ഘോരാകാര | = | ഭയം ജനിപ്പിക്കുന്ന രൂപം |
| വരാഹരൂപധരനായ് | = | കാട്ടുപന്നിയുടെ രൂപം സ്വീകരിച്ചവനായ് |
| ദൈത്യൻ | = | അസുരൻ |
| ഹിരണ്യാക്ഷൻ | = | ആ പേരുള്ളൊരസുരൻ |
| അപ്പാരാവാര | = | ആ മഹാസമുദ്രത്തിന്റെ |
| നിമഗ്നമാക്കിയ | = | താഴ്ത്തിവച്ച |
| ധരാം | = | ഭൂമിയെ |
| ഉദ്ധൃത്യ | = | പൊക്കിക്കൊണ്ടു വന്നിട്ട് |
| ദംഷ്ട്രോപരി | = | ദംഷ്ട്രത്തിന്റെ മുകളിൽ |
| വീരൻ | = | വീരൻ |
| ദാനവനെ | = | ദനുവിന്റെ പുത്രനെ, അസുരനെ |
| പദപ്രഹരമൊന്നാലോ | = | ഒരൊറ്റ ചവിട്ടുകൊണ്ട് |
| ഹനിച്ചുള്ളൊരു | = | കൊന്നതായ |
| ആകാരം | = | രൂപം |
| ഭാവനചെയ്‌വവൻ | = | ഭാവനയെ ചെയ്യുന്നവൻ |
| ത്രിഭുവനം | = | മൂന്നുലോകങ്ങളെയും |
| വെല്ലുന്നു | = | ജയിക്കുന്നു |
| വീര്യത്തിനാൽ | = | വീരതകൊണ്ട് |

**ശ്ലോകാർത്ഥം :**

ദിതിയുടെ പുത്രനായ ഹിരണ്യാക്ഷൻ ആ മഹാജലധിയിൽ താഴ്ത്തിക്കളഞ്ഞ ഭൂമിയെ ഭയം ജനിപ്പിക്കുന്ന വിധത്തിലുള്ള കാട്ടുപന്നിയുടെ രൂപം ധരിച്ച് ദംഷ്ട്രത്തിന്റെ മുകളിൽ പൊക്കിക്കൊണ്ടു വന്നിട്ട് വീരനായ ആ ദനുവിന്റെ പുത്രനെ ഒരൊറ്റ ചവിട്ടുകൊണ്ട് കൊന്ന രൂപം ആരു മനസ്സിൽ ഭാവന ചെയ്യുന്നുവോ, അവൻ സ്വന്തം വീര്യം കൊണ്ട് മൂന്നുലോകങ്ങളെയും ജയിക്കുന്നു.

**വ്യാഖ്യാ :**

വരാഹാവതാരമാണിവിടെ വർണ്ണിക്കപ്പെടുന്നത്. ജയവിജയന്മാർ ശാപഗ്രസ്തരായി കശ്യപന്റെ മക്കളായി ദിതിയിൽ ജനിച്ചവരാണ് ഹിരണ്യാക്ഷനും ഹിരണ്യകശിപുവും. ഹിരണ്യകശിപുവാണ് ഭക്താഗ്രേസരനായ പ്രഹ്ളാദന്റെ അച്ഛൻ. ഹിരണ്യാക്ഷൻ സ്വന്തം വീര്യത്തിൽ, ശക്തിയിൽ, ഉന്മത്തനായി ഭൂമിദേവിയെ സമുദ്രത്തിനടിയിലേക്ക് താഴ്ത്തിക്കളഞ്ഞു. ബ്രഹ്മാദികളുടെ പ്രാർത്ഥനാ സന്തുഷ്ടനായ മഹാവിഷ്ണു വരാഹരൂപം ധരിച്ചു. ഘോരാകാരവരാഹരൂപം വരാഹത്തിന്റെ രൂപം .ഇവിടെ ആകാരം, രൂപം എന്ന് ഏതാണ്ട് ഒരേ അർത്ഥം വരുന്ന വാക്കുകൾ ഗുരുവെന്തിനുപയോഗിച്ചു?. വൃത്തദാസ്യം ഗുരുവിനെപ്പോലുള്ള മഹാകവികൾക്ക് വിഷയമല്ല. 'ഘോരവരാഹരൂപ' ഘോരവരാഹാകാരധരനായ് എന്ന വിധത്തിൽ, ഇതിലൊരു വാക്കുപയോഗിക്കാവുന്ന സന്ദർഭത്തിൽ ഈ രണ്ടു വാക്കുകളും എന്തിനുപയോഗിച്ചു. 'ആകാരാവിംഗിതാകൃതി' (അമരം: 3 നാ) ആകാരം അഭിപ്രായത്തിന്റെ ആകൃതി. അഭിപ്രായം മനസ്സിലെ ധാരണ തന്നെ. ആ അഭിപ്രായം വ്യക്തമാക്കുന്ന ആകൃതി ആകാരം നികാരോ വിപ്രകാര: സ്യാദാകാരസ്ത്വിംഗ ഇംഗിതം (ടി:3.സ) ആകാരം ഇംഗ ഇംഗിതങ്ങൾ അഭിപ്രായത്തെ ദ്യോതിപ്പിക്കുന്നു. അപ്പോൾ വരാഹത്തിന്റെ വിശേഷണമായ 'ഘോരത'യെ വീണ്ടും വർണ്ണിക്കുന്നതാണ് ആകാര. ഘോരത്വം മൂർത്തിമത്തായുള്ള വരാഹത്തിന്റെ 'രൂപം' ധരനായ് ധരിച്ചവനായിട്ട് . ദൈത്യൻ, ദിതിയുടെ പുത്രൻ കശ്യപന്റെ ബീജം ദിതിയിൽ ജനിപ്പിച്ച എട്ടു സന്താനങ്ങളിൽ ഒരാൾ ഹിരണ്യാക്ഷൻ. ഹിരണ്യാക്ഷൻ എന്നു പേരുള്ള ഒരു അസുരൻ.

അപ്പാരാവരനിമഗ്നമാക്കിയ ആ മഹാസമുദ്രത്തിൽ താഴ്ത്തി വച്ച നിമഗ്ന, നിശേഷം മഗ്ന മുക്കിയ ഏറ്റവും താഴേക്ക് താഴ്ത്തിയ ധരാം ദംഷ്ട്രത്തിന്മേൽ ഉദ്ധൃത്യ. ഭൂമിയെ ദംഷ്ട്രയുടെ മുകളിൽ പൊക്കി

ക്കൊണ്ടു വന്നിട്ട് വീരൻ. അത്യുത്സാഹംകൊണ്ട് വിജൃംഭിതൻ.

വീരരസം സ്ഫുരിക്കുന്നവൻ. ദാനവനെ, ദനുവിന്റെ പുത്രനെ. കശ്യപന്റെ ബീജം ദനുവിൽ ജനിപ്പിച്ച വനെ. ഹിരണ്യാക്ഷൻ കശ്യപന്റെ തന്നെ മകനാണെങ്കിലും , ദിതിയിലാണ് ജനനം. അതുകൊണ്ട് ദൈത്യൻ. ദനുവിൽ വിപ്രചിത്തി, ശംബരാദി നൂറു മക്കളാണ് കശ്യപനുണ്ടായത്. അതിൽ ഹിരണ്യാക്ഷൻ പെടില്ല. എന്നിരിക്കെ, ഗുരു എന്തിന് ആദ്യം ദൈത്യൻ = ദിതിയുടെ മകൻ എന്നും പിന്നീട് ദാനവൻ = ദനുവിന്റെ മകൻ എന്നും പറഞ്ഞു വെച്ചു ? അസുരാദൈത്യദൈതേയദനുജേന്ദ്രാരിദാനവാ: ശുക്രശിഷ്യാ ദിതിസുതാ : പൂർവ്വദേവാ : സുരദ്വിഷ (അമരം : 1 സ്വ) അസുരന്മാർ എന്ന അർത്ഥം തന്നെയാണ് ദൈത്യൻ, ദൈതേയൻ, ദനുജൻ, ഇന്ദ്രാരി, ദാനവൻ, ശുക്രശിഷ്യർ, ദിതിസുതന്മാർ, പൂർവ്വദേവന്മാർ (മുമ്പ് ദേവന്മാരായിരുന്ന്, അധർമ്മവൃത്തി കൊണ്ട്, ദേവത്വഭ്രഷ്ടരായവർ എന്നും, ആരുടെ മുൻപിലാണോ ദേവന്മാരുള്ളത് അവർ എന്നും അർത്ഥം)സുരദ്വിഷന്മാർ (ദേവന്മാരെ ദ്വേഷിക്കുന്നവർ) (അമരകോശം പാരമേശ്വരി വ്യാഖ്യാനം : 1 സ്വ. 12 : പേജ് : 66) അതുകൊണ്ട്, ഗുരു ഇവിടെ ഈ ഒരൊറ്റ അസുരനെ പ്രതിനിധിയാക്കി, സകല അസുരന്മാരെയും ഉൾക്കൊള്ളിച്ചു. അങ്ങനെ 'ധർമ്മസംസ്ഥാപനാർത്ഥായ' എന്നതും അന്വർത്ഥമാക്കി.

പദപ്രഹരമൊന്നാലേ കാലുകൊണ്ടുള്ള ഒരൊറ്റതൊഴി കൊണ്ട് ! നന്ദകം എന്ന തന്റെ വാൾകൊണ്ട് വെട്ടിക്കൊന്നു എന്നും കഥാന്തരം കാണുന്നുണ്ട്. എങ്കിലും വരാഹമൂർത്തിക്ക് ലോഹനിർമ്മിതമായ മറ്റൊരു ആയുധം പോലും വേണ്ട സ്വന്തം പാദശക്തിയുള്ളപ്പോൾ എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഹനിച്ചുള്ളൊരാകാരം. കൊന്ന ആകാരം. രൂപം കണ്ടാൽ തന്നെ വീരനായ ദാനവനെ ഹനിച്ച അവസ്ഥ വ്യക്തം. അതുകൊണ്ട് ആകാരം 'ഭാവന ചെയ്‌വവൻ'. ഭാവനാദാർഢ്യാദാജ്ഞാസിദ്ധി ':' അഹമിദം ജാനാമി ഇത്യേതാദൃശവൃത്തിഷു ഇദം പദാർഥാപേക്ഷയാ അഹന്തയാ ഭാസമാനം ശ്രേഷ്ഠമിതി വിവേചനംസർവ്വവൃത്തിഷു ഇദമേവ ഭാവനാപദാർത്ഥ (കല്പസൂത്രം P-30 ) ഞാൻ ഇതിനെ അറിയുന്നു. ധ്യാനിക്കുന്ന പദാർത്ഥവുമായുള്ള ചേർച്ചകൊണ്ട്, താൻ തന്നെയാണ് ഇപ്രകാരം ശ്രേഷ്ഠമായി പ്രകാശിക്കുന്നത് എന്ന തിരിച്ചറിവ് . വീരനായ ആ ദാനവനെ കൊന്ന ആ കാട്ടുപന്നിയുടെ ഘോരാകാരം, താൻ തന്നെയാണെന്ന ദൃഢമായ വിശ്വാസമുള്ളവൻ. ത്രിഭുവനം വെല്ലുന്നു വീര്യത്തിനാൽ. മുൻപറഞ്ഞ വരാഹരൂപധ്യാനം കൊണ്ടുണ്ടാകുന്ന വീര്യം ഹേതുവായി, ഭൂസ്വർഗപാതാളങ്ങളായ മൂന്നു ഭുവനങ്ങളെയും, ജയിക്കുന്നു, കീഴടക്കുന്നു. 'വീരനായ'വീര്യമുള്ള ദാനവനെ ഒറ്റത്തൊഴികൊണ്ട് കൊന്ന വരാഹരൂപം ഭാവനചെയ്യുന്നവന് ത്രിഭുവനം വെല്ലാനുള്ള 'വീര്യം'കിട്ടാതെന്തു വഴി !

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
### 2018 ഏപ്രിൽ /മെയ് മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 12.4.18 | ഡോ. മാധവൻ നായർ | ഡോ. ഹരിഹരൻ | വാസ്തുശാസ്ത്രം | 963 |
| 19.4.18 | | ജി. ആർ.സി. നായർ | ഭാരതീയ ശാസ്ത്ര പൈതൃകം 2-ാം ഭാഗം | 964 |
| 26.4.18 | എസ്. ശ്രീകുമാർ | പി.ജി. രാമചന്ദ്രൻ | Stephen Hawking A Wheel Chair Wonder | 965 |
| 3.5.18 | കെ. വിജയൻ | സി. രാമചന്ദ്രൻ | ചിത്രകലയുടെ കഥ | 966 |





# പാതഞ്ജല യോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ:9447077203)

**17-ാമത്തെ സൂത്രം നോക്കാം.**
**വിതർക്ക വിചാര ആനന്ദ അസ്മിതാരൂപാനുഗമാത് സംപ്രജ്ഞാതഃ (1-17)**

സംപ്രജ്ഞാതഃ സമാധി എന്നു പറയുന്നത് വിതർക്കം, വിചാരം, ആനന്ദം, അസ്മിത എന്നിവയുമായി ചേർന്നുണ്ടാകുന്ന ചിത്തവൃത്തികളുടെ നിരോധമാണ്. സമാധി എന്ന പദം കൂടി സൂത്രത്തിൽ ചേർത്താലേ അർഥം പൂർണ്ണമാവൂ. സൂത്രങ്ങൾക്ക് അങ്ങിനെ ചില സ്വാതന്ത്ര്യങ്ങളുണ്ട്.

നമ്മൾ ധ്യാനിക്കുന്ന വസ്തുവിന്റെ സ്വരൂപം സംശയ വിപര്യയങ്ങളില്ലാതെ അറിയുന്ന ഒരു ഭാവനാ വിശേഷമുണ്ടല്ലോ, അത് സംപ്രജ്ഞാതസമാധി. ഒരേ വസ്തുവിൽ തന്നെ മനസ്സിനെ നിർത്തുന്നതാണ് ഭാവന.

ഒരു വസ്തുവിനെ കാണുന്നു എന്നു പറയുമ്പോൾ അവിടെ മൂന്നു വസ്തുതകളുണ്ട് കാണുന്നയാൾ, കാണപ്പെടുന്ന വസ്തു കണ്ണ്. ഇവിടെ കാണപ്പെടുന്ന വസ്തു പഞ്ചഭൂതങ്ങളാണ്. ഇവ ഇവിടെ സ്ഥൂലവുമാണ് അതായത് വ്യക്തമായ രൂപമുള്ളതാണ് എന്നർത്ഥം. ഇതിൽ നിന്നുണ്ടാവുന്ന ഭാവനയെ വിതർക്കാനുഗത സപ്രജ്ഞാതസമാധി എന്നു പറയും. ഇവിടെ വസ്തുവിന്റെ ശബ്ദവും (ഉദാ: പശു) അർഥവും, ജ്ഞാനവും ചേർന്നു വരണം. പശു എന്ന ശബ്ദം എങ്ങിനെയാണുച്ചരിക്കുന്നത് ? ചുണ്ടുകൾ ചേർക്കേണ്ടി വരും. നാക്കിന്റെ അറ്റം അണ്ണാക്കിൽ ചേർക്കേണ്ടി വരും. ഇത്തരത്തിലുണ്ടാകുന്ന ശബ്ദവിശേഷമാണ് 'പശു' എന്ന ശബ്ദം. അതു കേട്ടാൽ നാലു കാലുള്ള രണ്ടു കൊമ്പും ചെവികളും, ഉള്ള പാലു തരുന്ന ഒരു ജന്തു എന്ന അർഥബോധം വരും. അതിനെ കാണുകയും സ്പർശിക്കുകയും മറ്റും ചെയ്യുമ്പോൾ ജ്ഞാനവും ഉണ്ടാകും. ഇത്തരത്തിൽ സ്ഥൂലവസ്തുവിൽ സ്ഥൂല ഇന്ദ്രിയങ്ങളുടെ സഹായത്തോടെ ശബ്ദ അർഥ ജ്ഞാനത്തോടെ ചിത്തത്തെ നിരോധിക്കുമ്പോൾ അത് സവിതർക്കാനുഗത സമാധിയാവും.

എന്നാൽ സവിതർക്കത്തിൽ നിഷ്ഠയേറിയാൽ ശബ്ദവും അർഥവും ജ്ഞാനവും പ്രത്യേകം ഭാവന ചെയ്യേണ്ടി വരില്ല. ഭാവന ചെയ്യുമ്പോൾ തന്നെ അർഥഭാവന ലഭിക്കുന്ന അവസ്ഥ വരും. ഇത് നിർവിതർക്കാനുഗതസമാധിയെന്നും തിരിച്ചറിയണം.

ഇത്തരത്തിൽ സ്ഥൂല ഇന്ദ്രിയം കൊണ്ട് സ്ഥൂലരൂപത്തെ അറിഞ്ഞ ശേഷം വീണ്ടും മുന്നോട്ടു ചെല്ലുമ്പോൾ, പഞ്ചഭൂതങ്ങൾക്കു പകരം അവയുടെ സൂക്ഷ്മരൂപം, തന്മാത്രയുടെ അനുഭവം, സൂക്ഷ്മ ഇന്ദ്രിയങ്ങളിലൂടെ (ചെവി, കണ്ണ്, മുതലായവയില്ലാതെ അവയുടെ തലച്ചോറിലെ കേന്ദ്രങ്ങളിലൂടെ ഇന്ദ്രിയ ശക്തിയിലൂടെ ) യഥാർത്ഥ രൂപത്തിൽ അറിഞ്ഞാൽ അതിനെ വിചാരാനുഗത സംപ്രജ്ഞാത സമാധി എന്നു വിളിക്കും. തന്മാത്രയെന്നാൽ ആകാശത്തിന്റേത് ശബ്ദവും വായുവിന്റേത് സ്പർശവും അഗ്നിയുടേത് രൂപവും ജലത്തിന്റേത് രസവും ഭൂമിയുടെത് ഗന്ധവുമാണ്.

ഇവിടെ ദേശം, കാലം, ധർമ്മം എന്നീ ബോധങ്ങൾ വിചാരത്തിന്റെ ഘട്ടത്തിൽ വരും. എന്നാലേ വിചാരം പൂർണമാവൂ. അപ്പോൾ അതിനെ സവിചാര സമാധിയെന്നു പറയും. എന്നാൽ ദേശ കാല ധർമ്മങ്ങളുടെ സഹായമില്ലാതെ തന്നെ അർഥ സമ്പുഷ്ടി ലഭിക്കുമ്പോൾ നിർവിചാരസമാധിയെന്നു പറയും.

ചുരുക്കത്തിൽ ബാഹ്യേന്ദ്രിയവും ബാഹ്യ വസ്തുവും തമ്മിൽ ചേരുമ്പോൾ സവിതർക്ക നിർവിതർക്ക സമാധികളും സൂക്ഷ്മേന്ദ്രിയങ്ങളും സൂക്ഷ്മവസ്തുക്കളും (തന്മാത്രകൾ) ചേരുമ്പോൾ സവിചാര നിർവിചാര അനുഗമങ്ങളായ സമാധികളും വന്നു ചേരുന്നു.

ഇനിയും മുന്നോട്ടു പോവുമ്പോഴാണ് ആനന്ദാനുഗത സംപ്രജ്ഞാതസമാധിയിലെത്തുന്നത്. അവിടെ താമസഗുണത്തിന്റെയും രജോഗുണത്തിന്റെയും തടസ്സമില്ലാതെ വെറും സത്വഗുണത്തിൽ ആറാടുമ്പോൾ വിതർക്കവും വിചാരവും പോയി 'ഞാൻ സുഖിയാണ് ഞാൻ സുഖസ്വരൂപനാണ്' എന്ന ബോധത്തിലെത്തിച്ചേരും. സാത്വികാഹങ്കാരത്തിന്റെ ലക്ഷണമാണ് ആനന്ദം. ഈ അവസ്ഥയാണ് ആനന്ദാനുഗത സംപ്രജ്ഞാത സമാധി. യോഗി ചിലപ്പോൾ ഇവിടെ തടഞ്ഞു നിന്നേക്കാം. ആ അവസ്ഥയിൽ മരിച്ചാൽ ആ യോഗി കൈവല്യപദത്തിൽ ഏറെക്കാലം ആനന്ദമനുഭവിച്ചിരിക്കും. ആത്മാഭിമാനമുണ്ടാവില്ല. ഇവരാണ് വിദേഹമുക്തർ.

ഇതും കടന്ന് മുന്നോട്ടു പോവുന്ന യോഗി 'ഞാൻ സുഖിയാണ്' എന്ന അവസ്ഥവിട്ട് ശാന്തനായി 'ഞാൻ ഉണ്ട്' എന്നു മാത്രമായി തീരുന്നു. ഇതാണ് അസ്മിതാനുഗത സംപ്രജ്ഞാത സമാധി. ഇവയുടെ ശരീരാദി പ്രകൃതികളൊക്കെ ലയിച്ചു പോയി. പതജ്ഞലി തന്നെ പിന്നീട് ഇത്തരം യോഗികളെ 'പ്രകൃതിലയന്മാർ' എന്നു വിളിക്കുന്നുണ്ട്. ഇവർ കൈവല്യപദത്തിൽ അനേക കാലം ഇരിക്കുമത്രെ.

ഇവിടെ വ്യാസൻ ഒന്നു പറയുന്നുണ്ട്. സ്ഥൂലം,സൂക്ഷ്മം, സാത്വികാഹങ്കാരം, അസ്മിത ഈ നാലെണ്ണത്തെ ആസ്പദമാക്കിയാണല്ലോ വിതർക്ക വിചാര ആനന്ദ അസ്മിത രൂപത്തിലുള്ള സംപ്രജ്ഞാത സമാധികളുണ്ടായത്. ഇവിടെ സ്ഥൂലത്തിൽ , പ്രത്യക്ഷ വസ്തുവിൽ, സൂക്ഷ്മവും അഹങ്കാരവും, അസ്മിതയും അടങ്ങിയിരിക്കുന്നുണ്ട്. അതുകൊണ്ട് വിതർക്കാനുഗത സമാധിയെ ചതുഷ്ടയാനുഗതമെന്നു പറയാം. വിചാരത്തിൽ ത്രിതയാനുഗതവും ആനന്ദത്തിൽ ദ്വിതയാനുഗതവും ആണ്. അസ്മിതയിൽ അതിനു കാരണമായത് ബാധിക്കുന്നില്ല. അതുകൊണ്ട് ഏകാനുഗതം മാത്രം.

മേൽപ്പറഞ്ഞ നാലു തരം സമാധികളും പക്ഷെ ഏതെങ്കിലും ഒരു ധ്യേയവസ്തുവിനെ അവലംബിക്കുന്നുണ്ട്. അതുകൊണ്ട് അവ സാലംബന സമാധികളാണ്. അവലംബനങ്ങളെ ബീജമെന്നും പറയാം. അതായത് സബീജസമാധികളുമാണ്.

*(മിനിക്കഥ)*

# ഓർമ്മ

എം. പി. ഉണ്ണികൃഷ്ണൻ

ചായ് ചായ് ചായേ ! ട്രെയിൻ പെട്ടെന്ന് കുറ്റിപ്പുറം നിന്നു. കുറ്റിപ്പുറം റെയിൽവേ സ്റ്റേഷൻ ആണെന്ന് തോന്നുന്നു. ഇവിടുന്ന് കഷ്ടിച്ച് അര മണിക്കൂർ മതി തിരുനാവായ നവാ മുകുന്ദ ക്ഷേത്രത്തിലെത്താൻ. ടാക്സി പിടിച്ച് അമ്പലമുറ്റത്ത് ഇറങ്ങി. കൗണ്ടറിൽ നിന്ന് കൂപ്പൺ എടുത്തു. അമ്മയേയും അച്ഛനേയും മനസ്സിൽ ധ്യാനിച്ച് മുങ്ങിക്കുളിച്ച് ബലിതർപ്പണം നടത്താൻ പടവുകളിറങ്ങി. വർഷങ്ങളായി മുടങ്ങിയ കർമ്മം ചെയ്യാൻ എനിക്ക് തിടുക്കമായി. വെള്ളത്തിന് ഒഴുക്ക് കുറഞ്ഞാലും തണുപ്പ് തോന്നി. ഇന്ന് ഡിസംബർ 24 അമ്മയുടെ ശ്രാദ്ധം ! അപ്പോൾ അച്ഛൻ ഓർമ്മയിൽ വന്നു. ഓർമ്മയ്ക്ക് കടിഞ്ഞാണിടാതെ ഞാൻ കണ്ണുകൾ തുറന്നു. നേരം വെളുത്തു. ഞാൻ വീട്ടിൽ തന്നെ!

# വിശേഷ ദിവസങ്ങൾ

## 2018 ഏപ്രിൽ 16 മുതൽ മെയ് 15 വരെ

| | | |
|---|---|---|
| ഏപ്രിൽ | 16 | വൈശാഖമാസാരംഭം |
| | 18 | അക്ഷയതൃതീയ, ബലരാമ ജയന്തി, ചട്ടമ്പി സ്വാമി സമാധി ദിനം |
| | 20 | ശ്രീശങ്കര ജയന്തി |
| | 22 | ഭൗമദിനം |
| | 23 | പത്താമുദയം |
| | 24 | സത്യസായി സമാധി ദിനം |
| | 25 | തൃശ്ശൂർ പൂരം |
| | 28 | നരസിംഹജയന്തി, സ്വാതി തിരുനാൾ ജയന്തി |
| | 29 | ബുദ്ധപൂർണ്ണിമ |
| | 30 | പാവക്കുളം പൊങ്കാല |
| മെയ് | 1 | മെയ്ദിനം |
| | 3 | കരയോഗ വിഘ്നേശ്വര ക്ഷേത്ര പ്രതിഷ്ഠാദിനം |
| | 8 | ചിന്മയാനന്ദ ജയന്തി, ലോക റെഡ് ക്രോസ് ദിനം |
| | 15 | ഗുരുവായൂർ വൈശാഖമാസാവസാനം |





പാചകം

# ഈന്തപ്പഴം പുഡിംഗ്

സ്വർണ്ണലത നന്ദകുമാർ

**ആവശ്യം വേണ്ട സാധനങ്ങൾ**

1. ഈന്തപ്പഴം 250 ഗ്രാം
2. ബിസ്ക്കറ്റ് (Arrow Root) 1 പാക്കറ്റ്
3. ബട്ടർ (Salt) 150 ഗ്രാം
4. പഞ്ചസാര 1 കപ്പ്
5. വെള്ളം 1 കപ്പ്
6. വാനില എസൻസ് 1 ടിസ്പൂൺ
7. 1 മുട്ടയുടെ വെള്ള (നിർബന്ധമില്ല)
8. ചെറി പുഡിംഗ് അലങ്കരിക്കാൻ

**തയ്യാറാക്കുന്ന വിധം :**

അടുപ്പിൽ കട്ടിയുള്ള ഒരു പരന്ന പാത്രം വയ്ക്കുക. അതിലേക്ക് വെള്ളമൊഴിച്ച് ബട്ടർ ഉരുക്കുക. ഇതിലേക്ക് പഞ്ചസാര ചേർക്കുക. മിശ്രിതം നന്നായി തിളക്കുമ്പോൾ കുരുകളഞ്ഞ് നുറുക്കി വച്ചിരിക്കുന്ന ഈന്തപ്പഴം ഇതിലേക്കിട്ടു നന്നായി വരട്ടുക (ജാം പാകത്തിൽ) അടുപ്പിൽ നിന്നും ഇറക്കി തണുക്കാൻ വയ്ക്കുക. ഇതിൽ മുട്ടയുടെ വെള്ളയും വാനില എസൻസും ചേർത്തു യോജിപ്പിക്കുക. ഇതിലേക്കു ബിസ്ക്കറ്റ് ചേർത്ത് ചട്ടുകം കൊണ്ട് നന്നായി കുത്തിയിളക്കി യോജിപ്പിക്കുക. ഈ കൂട്ട് നെയ്യ് പുരട്ടിയ ഒരു പരന്ന പ്ലേറ്റിൽ നിറച്ച് (അമർത്തി നിറക്കണം) ചെറി കൊണ്ട് അലങ്കരിച്ച് ഫ്രീസറിൽ വച്ച് തണുത്ത ശേഷം ഇഷ്ടമുള്ള Shape ൽ മുറിച്ച് ഉപയോഗിക്കുക.

കവിത

# കണിക്കൊന്നയോട്

ആർ. രാജൻ ഫോൺ : 9995906054

പാരിന്നു കാഞ്ചനക്കാന്തി പകരുന്ന
താരുകളർപ്പിക്കും കൊച്ചുകൊന്നേ
പീതവർണ്ണ പ്രസൂനങ്ങളാൽ ഭൂമിക്കു
തോരണം തൂക്കുന്ന ധന്യഹൃത്തേ,
നിർഗന്ധമെങ്കിലും വർണ്ണപ്പകിട്ടിൽ ഹാ !
വിശ്വവിജയികൾ നിന്റെ പൂക്കൾ!
മന്നിൽ വിഷുവിന്നു പൂർണ്ണതയേകുന്ന-
തെന്നും നിൻ സൂനപ്രപഞ്ചമല്ലേ!
പുഷ്പോപഹാരം നീ തീർപ്പതുകാണുവാ-
നക്ഷമരായിട്ടിരിപ്പു ഞങ്ങൾ
ആ ധന്യവേളയും കാത്തങ്ങിരിപ്പാണ്
മന്നിലേക്കെത്തുവാൻ കണ്ണൻപോലും
കണ്ണന്റെ ഇംഗിതം സാക്ഷാത്ക്കരിക്കേണ്ടേ ?
കണ്ണൻ നിൻ ഉത്തമ മിത്രമല്ലേ ?
ചങ്ങാതിയാണു നീ കണ്ണന്റെയെന്നുള്ള-
തങ്ങാടിപ്പാട്ടീ ജഗത്തിലെങ്ങും.
കണ്ണന്റെ തോഴനാണെന്നോരഹങ്കാര-
മുള്ളതായ് തോന്നുന്നു നിന്റെ ഹൃത്തിൽ.
ആരേയും കൂസാത്ത നിൻപ്രകൃതത്തിന്നു
കാരണമീയാത്മബന്ധമാണോ ?
സ്വൽപ്പം പിടിവാശിയുണ്ടുനിനക്കെന്ന
സത്യമിന്നംഗീകരിപ്പു ഞാനും
എങ്കിലുമാകാമൊരു പുനർചിന്തനം
പൂക്കുന്ന കാര്യത്തിലെങ്കിലും തേ
മേടമാസത്തിലെ പൂക്കുകയുള്ളു നീ
എന്ന നിൻ വാശി കടുപ്പമല്ലേ ?
പന്ത്രണ്ടു മാസവും പൂത്തതുകൊണ്ടെന്തു
ചേതമുണ്ടാകാൻ നിനക്കു കൊന്നേ ?
നീ പൂക്കും കാലത്തിലെല്ലാമണഞ്ഞിടും
വമ്പൻ കുറുമ്പനാം കൊച്ചു കണ്ണൻ
കൈവരും സൗഭാഗ്യമപ്പോൾ നിനക്കുനിൻ
കണ്ണനെക്കാണുവാൻ മാസം തോറും
കൊന്നേ നിൻ പൂക്കളും കണ്ണനുമൊന്നിച്ചാൽ
മന്നിതിലെന്നും വിഷുപ്പുലരി.
പൊൻകണിത്താലത്തിൽ നിൻമണിപ്പൂവുകൾ
കണ്ണന്റെ പാദങ്ങൾ പുൽകി നിൽക്കേ
ആ ദിവ്യവേദിയൊരുക്കുന്ന നിർവൃതി-
ച്ചാർത്തിൽ ചരാചരം മുങ്ങിനിൽക്കേ
ഉണ്ടാമവസരം ഞങ്ങൾക്കും കണ്ണനെ
കണ്ടു വണങ്ങുവാൻ കൂടെ കൂടെ

# ഊർജ്ജ സംരക്ഷണവും കെട്ടിട നിർമ്മാണവും

യു.എസ്. രവീന്ദ്രൻ (ഫോൺ: 9496120978)

ഒരു കെട്ടിടം നിർമ്മിക്കുമ്പോൾ മിക്കവാറും എല്ലാവരും അതിന്റെ വാസ്തു ശാസ്ത്ര സംബന്ധമായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാറുണ്ട്. വാസ്തു ശാസ്ത്രത്തിൽ സ്ഥലത്തിന്റെ കിടപ്പും, സൂര്യന്റെ സ്ഥാനവും കാറ്റിന്റെ ഗതിയുമൊക്കെ കണക്കിലെടുത്താണ് കെട്ടിടത്തിന്റെ രൂപകല്പന ചെയ്യുക. അത്രത്തോളം അല്ലെങ്കിൽ അതിനേക്കാൾ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ് കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്ലംബിങ് ജോലികൾ രൂപകല്പന ചെയ്യുമ്പോഴും.

ലോകത്തിലെ പാരമ്പര്യ ഊർജ്ജ ശ്രോതസ്സുകൾ തീർന്നുകൊണ്ടിരിക്കുന്നു. പുതിയ പുതിയ ഊർജ്ജശ്രോതസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു. കുടിവെള്ളത്തിനു പോലും ചില രാജ്യങ്ങൾ റേഷൻ ഏർപ്പെടുത്തിക്കഴിഞ്ഞു. താമസിയാതെ നമ്മുടെ രാജ്യത്തും കുടി വെള്ളത്തിന് റേഷൻ നടപ്പാക്കാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഊർജ്ജവും വെള്ളവും ഉപയോഗിക്കുമ്പോൾ അത്യന്തം ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്, അതുകൊണ്ട് കെട്ടിടങ്ങൾ രൂപകല്പന ചെയ്യുമ്പോൾ ഊർജ്ജ സംരക്ഷണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്.

പ്രകൃതിയിൽ ഏറ്റവും കൂടുതൽ ലഭിക്കുന്ന ഊർജ്ജമാണല്ലോ സൗരോർജ്ജം. സൂര്യന്റെ പ്രകാശം കൂടുതൽ ഉപയോഗപ്രദമാക്കുന്ന വിധത്തിലും സൂര്യന്റെ ചൂടിൽ നിന്നും സംരക്ഷണം ചെയ്യുന്ന വിധത്തിലായിരിക്കണം കെട്ടിടത്തിന്റെ രൂപകല്പന ചെയ്യേണ്ടത്. ഊർജ്ജ സംരക്ഷണത്തിന്റെ കാര്യം കൂടി കണക്കിലെടുക്കുമ്പോൾ കെട്ടിടം കിഴക്ക് പടിഞ്ഞാറ് ദിശയിലാക്കുന്നതാണ് നല്ലതെന്ന് നിർദ്ദേശിക്കപ്പെടുന്നു. സൂര്യപ്രകാശത്തിന് മുഖമായിരിക്കുന്ന വിസ്തീർണ്ണം തെക്കു വടക്കു ദിശയിലുള്ള കെട്ടിടങ്ങൾക്ക് കൂടുതലായിരിക്കും. കെട്ടിട നിർമ്മാണത്തിന് പൊള്ളയായ ഇഷ്ടിക (Hollow Blocks) നിർദ്ദേശിക്കപ്പെടുന്നു. 20 സെ.മീ. ഭത്തി ഘനമുള്ള പുറം ചുവരുകൾ 10 .സെ.മീ. വീതം ഘനമുള്ള രണ്ടു നിര ഇഷ്ടികകൾ കൊണ്ട് ഉണ്ടാക്കുകയും അതിനടയ്ക്ക് രണ്ട് സെ.മീ. ഘനമുള്ള തെർമോക്കോൾ പാളി വച്ചു കൊടുക്കുകയും ചെയ്താൽ കെട്ടിടത്തിനകത്തെ ചൂട് കാര്യമായി കുറക്കുവാൻ സാധിക്കും. ഇത് എയർ കണ്ടീഷണറിന്റെ പ്രവർത്തി ഭാരം കുറക്കും. സൂര്യ പ്രകാശം കടത്തി വിടുകയും ചൂട് തടയുകയും ചെയ്യുന്ന Double glazed ഗ്ലാസ്സുകൾ ഇപ്പോൾ ലഭ്യമാണ്. Vertical gardening എന്ന ചെടി വളർത്തൽ സമ്പ്രദായം ഇപ്പോൾ സാധാരണയായിക്കൊണ്ടിരിക്കുന്നു. അതുപോലെ Roof gardening ഉം കെട്ടിടത്തിനകത്തെ ചൂട് കുറയ്ക്കാൻ സഹായിക്കുന്നു. ഗൾഫ് രാജ്യങ്ങളിൽ കെട്ടിടത്തിന്റെ റൂഫ് സ്ലാബിനു മുകളിൽ foam concreting എന്ന സമ്പ്രദായം കെട്ടിടത്തനകത്തെ ചൂടു കുറക്കാൻ സാധാരണയായി ഉപയോഗിക്കാറുണ്ട്. നമ്മുടെ നാട്ടിൽ foam concreting ആരും ഉപയോഗിച്ചു കണ്ടിട്ടില്ല. സിമന്റ് മണൽ വെള്ളം മിശ്രിതത്തിൽ ഒരു പ്രത്യേക രാസവസ്തു ചേർത്ത് സ്പ്രേ ചെയ്ത് റൂഫ് കോൺക്രീറ്റിനു മുകളിൽ ഒരു ആവരണം കൂടി കൊടുക്കുന്നു. വായു കുമിളകൾ കോൺക്രീറ്റിനുള്ളിൽ വലയം ചെയ്യപ്പെടുന്നതിനാൽ ഈ ആവരണം ഒരു Heat insulator പോലെ പ്രവർത്തിക്കുന്നു. അതിനു മുകളിൽ Tar felt sheet കൾ ചൂടാക്കി പരത്തി ഒരു ആവരണം കൂടി കൊടുത്ത് Water Proofing ന് ആയി ഉപയോഗിക്കുന്നു. പഴയ കാലത്തെ വീടുകളിൽ ഓടുകൊണ്ടുള്ള മേൽക്കൂരക്കു താഴെ മരം കൊണ്ട് മച്ചിട്ടിട്ടുണ്ടാകും. ഇപ്പോൾ ഈ ദ്വിതീയ മേൽക്കൂരയ്ക്ക് False ceiling എന്ന് വിളിക്കുന്നു. Gypsm Board, compressed particle wood തുടങ്ങിയവയാണ് ഇതിന് ഉപയോഗിക്കുന്നത്. ഇത് അലങ്കാരത്തിനും മുറിക്കകത്തെ ചൂട് കുറയ്ക്കാനും ഉപയോഗപ്പെടുന്നു.

കെട്ടിടത്തിനു പുറത്തെ കാറ്റുകൊണ്ട് പ്രവർത്തിക്കുന്നതും കെട്ടിടത്തിനകത്തെ ചൂടുള്ള വായുവിനെ വലിച്ചെടുത്ത് പുറത്തേയ്ക്ക് തള്ളുവാനും സഹായിക്കുന്ന Energy Saving Wheels ഇപ്പോൾ ലഭ്യമാണ്. ഇത് എയർകണ്ടീഷണറുകളുടെ ജോലി ഭാരം കുറയ്ക്കും., തന്മൂലം ഊർജ്ജം ലാഭിക്കാം.

മുറിക്കകത്തെ ചൂട് വലിച്ചെടുത്ത് പുറത്ത് തള്ളുകയാണല്ലോ എയർകണ്ടീഷണറുകളുടെ ജോലി. ആ ചൂട് വാട്ടർ ഹീറ്ററിലെ വെള്ളത്തിനെ ചൂടാക്കാൻ ഉപയോഗിക്കുകയാണെങ്കിൽ ഇരട്ടി ലാഭമല്ലേ. വീടുകളിൽ ഉപയോഗിക്കുന്ന എയർകണ്ടീഷണറുകളിൽ



കരയോഗ സൗഹൃദം 1193 മീനം

ഈ സംവിധാനം തല്ക്കാലം ബുദ്ധിമുട്ടാണെങ്കിലും കേന്ദ്രീകൃത എയർകണ്ടീഷണറുകൾ ഉപയോഗിക്കുന്ന വലിയ സ്ഥാപനങ്ങളിൽ ഇത് സാധ്യമാണ്. ടോയ്‌ലറ്റ് ഓരോ തവണ ഉപയോഗിച്ച് ഫ്ളഷ് ചെയ്യുമ്പോൾ 10–15 ലിറ്റർ വെള്ളം ഉപയോഗിക്കപ്പെടുന്നു. എല്ലാ ഉപയോഗങ്ങൾക്കും ഇത്രയും വെള്ളം ആവശ്യമില്ല. അതുകൊണ്ട് രണ്ട് കപ്പാസിറ്റി (Dual capacity flush tank) യുള്ള ഫ്ളഷ് ടാങ്കുകൾ ഉപയോഗിച്ച് വെള്ളം ലാഭിക്കാം. Sensor control ഉള്ള ഫ്ളഷ് ടാങ്കുകളും വാട്ടർ ടാപ്പുകളും ഉപയോഗിച്ചും വെള്ളം ലാഭിക്കാം. മഴവെള്ളം സംഭരിക്കാൻ ഭൂമിക്കടിയിലും Roof ന് മുകളിലും ടാങ്കുകൾ സ്ഥാപിക്കാം. കഴുകൽ, ടോയ്‌ലറ്റിൽ ഉപയോഗിക്കൽ, നനക്കൽ തുടങ്ങിയവയ്ക്ക് മഴവെള്ളം ഉപയോഗിക്കാം. കാർ പാർക്കിങ്ങിൽ മഴവെള്ളം ഭൂമിക്കടിയിലേക്ക് അരിഞ്ഞിറങ്ങുന്ന വിധത്തിൽ ടൈലുകൾ വിരിക്കാം. 15 ഉം 20 ഉം നിലകളുള്ള കെട്ടിടങ്ങളിൽ വെള്ളം പമ്പു ചെയ്യുന്നതിന് മൂന്നോ നാലോ പമ്പുകൾ ഉപയോഗിക്കുന്നത് ഊർജ്ജം ലാഭിക്കാൻ സഹായകമാകും. താഴത്തെ നിലകളിലുള്ള ഫ്ളാറ്റുകൾക്ക് ഉപയോഗിക്കുവാനുള്ള വെള്ളം പമ്പു ചെയ്ത് കെട്ടിടത്തിന്റെ ഏറ്റവും മുകളിലേക്കു എത്തിക്കേണ്ടതില്ലല്ലോ. ലീക്കു ചെയ്യുന്ന ഒരു വാട്ടർ ടാപ്പ് റിപ്പയർ ചെയ്യുന്നതിന് കേവലം ഒരു രൂപ വിലയുള്ള ഒരു റബ്ബർ വാഷർ മതിയാകും. എന്നാൽ ഓരോ തുള്ളി വീതം ലീക്കു ചെയ്താൽ ഒരു ദിവസം 15 20 ലിറ്റർ വെള്ളം പാഴാകുന്നു. വീടുകളിൽ ഉണ്ടാകുന്ന വേസ്റ്റുകൾ ഉപയോഗിച്ച് പാചക ഗ്യാസ് ഉണ്ടാക്കുന്ന Mini gas plant കൾ ലഭ്യമാണ്. അങ്ങിനെയും ഊർജ്ജം ലാഭിക്കാം.

Solar Plant കളും സോളാർ വാട്ടർ ഹീറ്ററുകളും ഉപയോഗിച്ച് വൈദ്യുതി ലാഭിക്കാം. പഴയ സി.എഫ്. എൽ ലാമ്പുകളും ഫിലമെന്റ് ലാമ്പുകളേയും അപേക്ഷിച്ച് എൽ. ഇ. ഡി ലാമ്പുകൾ വളരെ കുറഞ്ഞ വൈദ്യുതിയേ ഉപയോഗിക്കുന്നുള്ളൂ. ആൾ പെരുമാറ്റമില്ലാത്ത മുറികളിൽ Motion Sensor ഉപയോഗിച്ച് Auto Mate ആയി ലൈറ്റ് ഓഫാകുന്ന സംവിധാനങ്ങൾ ഉണ്ട്. അതുപോലെ പ്രകാശത്തിന്റെ തീക്ഷ്ണത ആവശ്യത്തിനനുസരിച്ച് Lux sensor ഉപയോഗിച്ച് ലൈറ്റ് dim ആക്കി ഊർജ്ജം ലാഭിക്കുന്ന സംവിധാനങ്ങളുമുണ്ട്.

ഹാളുകൾ, വരാന്തകൾ,സ്റ്റെയർകെസുകൾ എന്നിവിടങ്ങളിലുള്ള ലൈറ്റുകൾ ഗ്രൂപ്പടിസ്ഥാനത്തിൽ വയറിങ്ങ് നടത്തണം. ആവശ്യത്തിനനുസരിച്ച് ചില ഗ്രൂപ്പുകൾ മാത്രം ഓൺ ചെയ്യാനും ഓഫ് ചെയ്യാനും സാധിക്കും. ഉപകരണങ്ങൾ വാങ്ങുമ്പോൾ മുന്തിയ Star rating ഉള്ള ഉപകരണങ്ങൾ മാത്രം വാങ്ങുക. 3 Star, 4 Star, 5 Star എന്നീ റേറ്റിങ്ങുകളുള്ള ഫ്രിഡ്ജുകൾ, എയർ കണ്ടീഷണറുകൾ,പമ്പുകൾ,ഫാനുകൾ എന്നിവ ലഭ്യമാണ്. സ്റ്റാർ റേറ്റിങ്ങ് കൂടിയവ താരതമ്യേന ഊർജ്ജം കുറച്ച് ഉപയോഗിക്കുന്നു. വില അല്പം കൂടുമെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ ഉപയോഗിക്കുമ്പോൾ ഊർജ്ജത്തിനുള്ള ചിലവ് കുറഞ്ഞിരിക്കും. എയർകണ്ടീഷണറുകൾ സ്റ്റാർട്ട് ചെയ്ത് മുറിയിലെ ഊഷ്മാവ് നിശ്ചിത നിലയിൽ എത്തുന്നതുവരെ പൂർണ്ണശേഷിയിൽ പ്രവർത്തിക്കണം. അതിനുശേഷം ആ ഊഷ്മാവ് നിലനിർത്തുവാൻ പൂർണ്ണശേഷി ആവശ്യമില്ല. ഇത് നിയന്ത്രിക്കാൻ വേണ്ട ക്രമീകരണങ്ങളുള്ളതാണ് Inverter A/c. അതുകൊണ്ട് Inverter A/c കൾ വൈദ്യുതചിലവുകൾ കുറയ്ക്കുന്നു. കൂടുതൽ ലോഡ് ഉള്ള കെട്ടിടങ്ങളിൽ ഊർജ്ജനഷ്ടം ഒഴിവാക്കാനായി പവർഫാക്ടർ നിയന്ത്രിക്കാനുള്ള ഉപകരണങ്ങൾ സ്ഥാപിക്കാറുണ്ട്. കേന്ദ്രീകൃത എയർകണ്ടീഷനിങ്ങ് സംവിധാനമുള്ള വലിയ കെട്ടിടങ്ങളിൽ ശീതികരിച്ച വായു കടത്തിവിടുന്ന ഡക്റ്റുകളിൽ ആവശ്യത്തിന് വ്യാപ്തി കൂട്ടാനും കുറയ്ക്കാനും ഉള്ള സംവിധാനം ഉപയോഗിച്ച് ഊർജ്ജം ലാഭിയ്ക്കാം.അണ്ടർഗ്രൗണ്ട് പാർക്കിങ്ങ് ഉള്ള സ്ഥലങ്ങളിൽ വാഹനങ്ങളുടെ പുക മൂലം വായു മാലിനമാകുന്നു. അതുകൊണ്ട് Exhaust fan തുടർച്ചയായി പ്രവർത്തിപ്പിച്ചു കൊണ്ടേയിരിക്കുന്നു. ഇവിടേയും കാർബൺ മോണോക്സൈഡ് സെൻസർ സ്ഥാപിക്കു കയാണെങ്കിൽ മാലിന്യവായുവിന്റെ തോതനുസരിച്ച് Exhaust fan ആവശ്യമുണ്ടെങ്കിൽ മാത്രമേ പ്രവർത്തിക്കൂ. അങ്ങിനെ അനാവശ്യമായ ഊർജ്ജനഷ്ടം ഒഴിവാക്കാം.

പുതിയ സാങ്കേതിക വിദ്യകൾ എല്ലാ ഉപകരണങ്ങളേയും Internet വഴി കമ്പ്യൂട്ടറും മൊബൈൽ ഫോണുമായി ബന്ധിപ്പിച്ച് Internet of Things (IOT) എന്ന മേഖലയിലേക്ക് കടന്നിട്ടുണ്ട്. വീട് വൃത്തിയാക്കുന്നതു മുതൽ ഭക്ഷണമുണ്ടാക്കുന്നതുവരേയും കിടപ്പുമുറിയിലെ ലൈറ്റും എ.സി.യും ഓൺ/ഓഫ് ചെയ്യുന്നതുവരേയും വാട്ടർടാപ്പുകൾ അടച്ചു/തുറക്കുന്നതുവരേയും അകലെയിരുന്നുകൊണ്ട് മൊബൈൽ ഫോണിൽക്കൂടെ വിരൽതുമ്പുകൊണ്ട് നിയന്ത്രിക്കാവുന്ന വിദ്യവരെ വന്നുകഴിഞ്ഞു. അതിനകം താമസിയാതെ Building Management System ഉം Internet of Things ലൂടെ മൊബൈൽഫോൺ ഏറ്റെടുക്കും.

പാരമ്പര്യ ഊർജ്ജശ്രോതസ്സുകൾ വറ്റിക്കൊണ്ടിരിക്കയാണെന്ന് ഒന്നു കൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു. സൗരോർജ്ജം, കാറ്റിൽ നിന്നുള്ള വിദ്യുച്ഛക്തി, ഇന്ധനസെല്ലുകൾ, തിരമാലകളിൽ നിന്നുള്ള വിദ്യുച്ഛക്തി, ബയോഗ്യാസ് എന്നിവയിലേക്ക് ശ്രദ്ധപതിപ്പിക്കേണ്ടകാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. വൈദ്യുതിയും ജലവും ഒരിക്കലും പാഴാക്കരുത്.

# ഋതുഭേദമറിയാതെ.....

പത്മജ മേനോൻ, ഫോൺ : 8289887472

മൂടൽ മഞ്ഞാൽ അലംകൃതമായ നനുനനുത്ത കുളിരുള്ള പുലർക്കാലത്ത് വിനയചന്ദ്രൻ ജനാലഴികളിൽ പിടിച്ച് പുറത്തേക്ക് നോക്കി നിന്നു. ആകാശ സലിലം വീണ് മരച്ചില്ലകളിൽ നിന്നും മഞ്ഞു കണങ്ങൾ ഇറ്റിറ്റ് വീഴുന്നു– താഴെയുള്ള പുൽപ്പരപ്പിൽ തിളക്കമാർന്ന മുത്തുമണികൾ പോലെ വെട്ടി തിളങ്ങുന്ന മഞ്ഞുകണങ്ങളെ കാണാൻ എന്തു രസമാണ്. അവനീതലം മഞ്ഞു കണങ്ങളെ തന്നിലേക്ക് ലയിപ്പിച്ചുകൊണ്ട് നിർവൃതി പൂണ്ട് നില്ക്കുകയാണ്. ആദിത്യന്റെ രശ്മികൾ പരക്കെ പടരുവാൻ തുടങ്ങി. ഗായത്രി മന്ത്രം ഉച്ചരിച്ചു കൊണ്ട് പ്രഭാതം വന്നണഞ്ഞു.

ഇന്ന് ഒരുപാട് പ്രത്യേകതയുള്ള ദിവസമാണ്. താൻ കാത്തിരുന്ന ദിവസം. രഹസ്യങ്ങളുടെ താക്കോൽ കൂട്ടവുമായി അവൻ ഇന്ന് തൃസന്ധ്യയ്ക്ക് വന്നെത്തും. അതെ മാർട്ടിൻ ജോസഫ് ഇന്നാണ് വരുന്നത്. അയാൾ തിരിഞ്ഞു നോക്കി. ശാലിനി അല്ല, തന്റെ ശാലൂ സുഖ നിദ്രയിലാണ് . വയസ്സ് നാൽപ്പത്തഞ്ച് എത്തിയെങ്കിലും കാലത്തിന്റെ വികൃതികളൊന്നും അവളെ സ്പർശിച്ചിട്ടില്ല ഇന്നും യൗവ്വനത്തിന്റെ പ്രസരിപ്പാണ് അവളുടെ ശരീരത്തിനും മനസ്സിനും. അയാൾ അടുത്തുള്ള കണ്ണാടിയിൽ നോക്കി . സർവ്വീസിൽ നിന്നു വിരമിച്ചിട്ടില്ലെങ്കിലും ഋതുക്കൾ തന്നിൽ മിനുക്കു പണികൾ നടത്താൻ തുടങ്ങിയിരിക്കുന്നു. മനസ്സിലെ ആധി തന്റെ ശരീരത്തെയും ബാധിച്ചിരിക്കുന്നു. തൂവെള്ള താടിയും തലമുടിയിലെ വെള്ളിരേഖകളും എല്ലാം തന്നിൽ പ്രകടമായ മാറ്റം വരുത്തിയിട്ടുണ്ട്. സുന്ദരനായ തന്നെ ഒരുപാട് പേർ ഇഷ്ടപ്പെട്ടിരുന്നു. പക്ഷേ പേരുപോലെ തന്നെ ശാലീനയായ ശാലിനിയെയായിരുന്നു തനിക്ക് ഇഷ്ടം. അവളെ ആദ്യമായി കണ്ടു മുട്ടിയ നിമിഷം മായാതെ, മങ്ങാതെ തെളിഞ്ഞ് നില്പുണ്ട് . ഈറൻ മുണ്ടും നേര്യതുമുടുത്ത് അവൾ അസ്ഥിതറയിൽ വിളക്ക് വെച്ച് തൊഴുതു നില്ക്കുന്നു. ശോകമൂകമായ അവളുടെ വദനത്തിലെ നയനങ്ങൾ തടാകങ്ങളെപ്പോലെ പൊട്ടിയൊഴുകുവാൻ വെമ്പൽക്കൊണ്ടിരുന്നു. പ്രതീക്ഷിക്കാതെ തന്നെ കണ്ടപ്പോൾ പരിഭ്രമിച്ച അവൾ വിറയലോടെ ചോദിച്ചു. 'ആരാ............... 'ഞാൻ പറഞ്ഞു രാധാകൃഷ്ണൻ സാറിനെ കാണാൻ വന്നതാണെന്ന് . വരൂ എന്നു പറഞ്ഞ് അവൾ മുന്നിൽ നടന്നു . തൊടിയിലുള്ള കുളത്തിൽ കുളിച്ച് ഈറനുടുത്ത് അവൾ അസ്ഥിതറയിൽ വിളക്കു വെച്ചത് ആർക്കായിരിക്കും.......? ഈറനുടുത്ത അവളിൽ ശാലീനസൗന്ദര്യം വഴിഞ്ഞ് ഒഴുകുകുയായിരുന്നു. സംഗീതത്തിൽ ഏറെ പ്രാവിണ്യമുള്ള രാധാകൃഷ്ണൻ സാറിന്റെ ശിഷ്യനായി താൻ മാറി. താമസിയാതെ സാറിന്റെ ശിഷ്യന്മാരിൽ താൻ ഏറെ ശ്രദ്ധിക്കപ്പെട്ടു. ശിഷ്യഗണങ്ങളുടെ കൂട്ടത്തിൽ സാറിന്റെ മകൾ ശാലിനിയും ഉണ്ടായിരുന്നു.

പ്രതീക്ഷിച്ച പോലെ തന്നെ താനും ശാലിനിയും അനുരാഗബന്ധരാവാൻ അധിക താമസമൊന്നുമുണ്ടായില്ല. ജീവിതത്തിലെ സന്തോഷം നിറഞ്ഞ ദിനങ്ങൾ അതുമാത്രമായിരുന്നു. വസന്തത്തിലെ പൗർണ്ണമിപോലെ പ്രകാശപൂരിതമായിരുന്ന ദിനങ്ങൾ അവളുടെ നീരജ നയനങ്ങൾക്ക് കാന്തശക്തിയുടെ മൂർച്ചയുണ്ടായിരുന്നു. പുഞ്ചിരിക്കുമ്പോൾ അവളുടെ വദനത്തിൽ ഒരു ചെന്താമരകാട് തന്നെ താൻ ദർശിച്ചു. അനാർഭാട ലാവണ്യത്താൽ ഒരു ചിത്രശലഭം പോലെ തനിക്ക് ചുറ്റും അവൾ വട്ടമിട്ട് പറന്നു. ഉച്ചസ്ഥായിയിൽ എത്തിയ ഞങ്ങളുടെ പ്രണയദിനങ്ങളിൽ ചക്രവാളം സന്ധ്യാബൈരവി മുഴക്കി വന്നെത്തിയതോ, സൂര്യസാരഥി സംശ്ലേഷിച്ച് കടന്നു പോയതോ ഒന്നും ഞങ്ങൾ അറിഞ്ഞില്ല. ചില്ലയിൽ പൂക്കുന്ന പ്രണയത്തിന്റെ പനിഥാക്കളിലൂടെ സർഗസംഗീതവും ആലപിച്ച് കൊണ്ട് ഋതുഭേദങ്ങളറിയാതെ ..........ഒരു നാൾ നഷ്ടസ്വപ്നങ്ങളുടെ ഭാണ്ഡവും പേറി താൻ .............പഴയ താളൊക്കെ മറഞ്ഞുപോയി എന്നന്നേക്കുമായി ....... തിരസ്ക്കരിക്കപ്പെടുന്നവന്റെ വേദന അത് വിവരണാതീതമാണ്. നിഷ്കാസിതനായ താൻ മോഹഭംഗങ്ങളും പേറി ദിശാബോധമില്ലാതെ പ്രക്ഷുബ്ധമായ മനസ്സുമായി നടന്ന നാളുകൾ പിന്നീട് ശരത്ക്കാലത്തെ മഞ്ഞു മൂടിയ നിശബ്ദത പോലെയായിരുന്നു തന്റെ ജീവിതം മുഴുവനും.

ഒരു നാൾ സാർ തന്നോട് ഒരു കാര്യം പറയുവാനുണ്ടെന്ന് പറഞ്ഞപ്പോൾ ആ കാര്യം തന്റെ ജീവിതത്തെ തന്നെ തകിടം മറിക്കുമെന്ന് കരുതിയില്ല. എല്ലാ പ്രണയകഥകളിലും സംഭവിക്കുന്ന പോലെ വില്ലനായി അവളുടെ അച്ഛൻ രംഗപ്രവേശം ചെയ്തു. ഞങ്ങളുടെ ബന്ധം അറിഞ്ഞ സാർ ഗുരു ദക്ഷിണയായി ആവശ്യപ്പെട്ടത് അവളെ മറക്കുവാനായിരുന്നു. സൈന്റിസ്റ്റായ സാറിന്റെ പെങ്ങളുടെ മകനെകൊണ്ട് ശാലിനിയെ വിവാഹം കഴിപ്പിക്കുവാനായിരുന്നു സാറിന്റെ ആഗ്രഹം. അവൾക്ക് മുൻപ് താൻ മറ്റൊരു വിവാഹം കഴിക്കണം





എന്നായിരുന്നു നിബന്ധന . ഈ കാര്യങ്ങൾ ഒന്നും അവൾ അറിയരുത് എന്നും. തളർന്നുപോയി താൻ. ശാലിനിയുടെ അമ്മ മരിച്ചപ്പോൾ മറ്റൊരു വിവാഹം കഴിക്കാതെ വളർത്തി വലുതാക്കിയ അവളിൽ ഒരു പാട് പ്രതീക്ഷകൾ സാറിന് ഉണ്ടാകുമല്ലോ.......... അകന്നു മാറാനേ തനിക്ക് കഴിയുമായിരുന്നുള്ളു. എത്രയും പെട്ടെന്ന് നാടു വിടുവാൻ ശ്രമിച്ചു. ഭാഗ്യത്തിന് പരിശ്രമിച്ചപോലെ നോർത്ത് ഇന്ത്യയിലേക്ക് തനിക്ക് ബാങ്കുകാർ സ്ഥലം മാറ്റം തന്നു. അമ്മയുടെ പരിചയത്തിലുള്ള ഒരാളുടെ മകളായ ജയശ്രീയെ വിവാഹം ചെയ്യുവാൻ താൻ തയ്യാറായി . അമ്മയ്ക്ക് ഒട്ടും താല്പര്യമില്ലായിരുന്നു. അല്പം മാനസിക വളർച്ച കുറവുള്ള അവളെ എന്തിനാണ് വിവാഹം ചെയ്യുവാൻ ആഗ്രഹിക്കുന്നത് എന്ന് അമ്മ പലവുരു ചോദിച്ചു. അവൾക്കും ഒരു ജീവിതം ഉണ്ടാവട്ടെ............ എന്നു പറഞ്ഞപ്പോൾ അമ്മ മനസ്സില്ലാമനസ്സോടെ സമ്മതിച്ചു. തന്റെ വിവാഹ ക്ഷണക്കത്തുമായി താൻ സാറിന്റെ വീട്ടിലേക്ക് നടന്നു......പൂമുഖത്തു തന്നെ സാർ ഇരിക്കുന്നുണ്ട് . തന്റെ കൈയ്യിലെ പത്രിക സാറിന് കൊടുത്തു. അത് വായിച്ച് സാർ എന്നെ നോക്കി തൊഴുതു. എന്നിട്ട് പറഞ്ഞു ഈ പത്രിക ശാലിനിക്ക് കൊടുക്കുവാൻ. സാർ എന്നെ ശരിക്കും അവഹേളിക്കുന്നതായി തോന്നി. ശാലിനി എന്ന് നീട്ടി വിളിച്ച സാറിന്റെ അടുത്തേക്ക് അവൾ ഓടി വന്നു. താൻ പത്രിക അവൾക്കു നേരെ നീട്ടി നിർവികാരതയോടെ പറഞ്ഞു; മറക്കാൻ കഴിഞ്ഞില്ലെങ്കിൽ മാപ്പ് തരണം എന്ന്. അത് തുറന്നു നോക്കിയ അവളുടെ കണ്ണുകളിലെ കത്തുന്ന തീഷ്ണതയിൽ താൻ ഭസ്മമായെങ്കിൽ എന്ന് ശരിക്കും ആഗ്രഹിച്ച നിമിഷം. സാറിനെ നോക്കിയപ്പോൾ സാർ തലതാഴ്ത്തിയിരിക്കുന്നു. ഒന്നും പറയാതെ എന്നന്നേക്കുമായി താൻ ആ പടിയിറങ്ങി.

ഗുഡ്മോർണിംഗ് എന്ന ശബ്ദം കേട്ട് അയാൾ തിരിഞ്ഞ് നോക്കി ശാലിനി ഉണർന്നിരിക്കുന്നു. വിനയചന്ദ്രൻ ..........അല്ലേ.........ഞാൻ വിനയഏട്ടാ എന്ന് വിളിച്ചോട്ടെ...........നീ പണ്ടും അങ്ങനെ തന്നെയാണല്ലോ വിളിച്ചിരുന്നത്. എന്നയാൾ മനസ്സിൽ ഓർത്തു. പിന്നെന്താ അങ്ങനെ തന്നെ വിളിച്ചോളൂ എന്നു പറഞ്ഞു. സത്യത്തിൽ നിങ്ങൾ ആരാ എനിക്ക് ഒരു ഓർമ്മയും വരുന്നില്ല........ഞാനാരാണ് ......എന്റെ പേര് ശാലിനി എന്നാണ് എന്നല്ലെ പറഞ്ഞത്. എന്റെ ഇന്നലെകൾ ശൂന്യമാണ് തികച്ചും ബ്ലാങ്ക്. ദൈവമേ................ ഞാനെന്താ- ഇങ്ങനെയായത്...........? എനിക്ക് ആരും ഇല്ലേ........? ഒന്നും ഓർമ്മയില്ലെങ്കിൽ വേണ്ട ഒരു പാട് കാര്യങ്ങൾ പറഞ്ഞും കാണിച്ചും തന്നിട്ടും ഓർമ്മ വന്നില്ലല്ലോ...........? ഇനി ഇപ്പോഴെത്തെ ജീവിതത്തെപ്പറ്റി ഓർത്താൽ മതി. അയാൾ ഓർത്തു അല്ലെങ്കിലും നമ്മുടെ ഓർമ്മകൾക്ക് കയ്പ് രസമാണ്, ഒട്ടും മാധുര്യമില്ല. എഴുന്നേറ്റ് കുളിച്ച് വരൂ. പ്രാതൽ കഴിക്കാം എന്നു പറഞ്ഞു. പെട്ടെന്ന് അവൾ ചോദിച്ചു എന്തിനാ നിങ്ങളെന്നെ ഇത്രയധികം ഇഷ്ടപ്പെടുന്നത് നിങ്ങൾ എന്റെ രക്ഷിതാവാണോ ? അയാൾ മറുപടി ഒന്നും പറയാതെ പുറത്തേക്ക് നടന്നു. തൊടിയിലെ നെല്ലിമരത്തിൽ നിന്ന് ഒരു നെല്ലിക്കയും പറിച്ച് കടിച്ചു കൊണ്ട് അയാൾ നെല്ലിമരച്ചോട്ടിൽ ഇരുന്നു. ഒരുപാട് മാസമായി താൻ ഈ കലുഷമായ മനസ്സുമായി നടക്കുന്നു. ചിതറി തെറിച്ച ഓർമ്മകൾ വീണ്ടും പാഞ്ഞെത്തി. ജയശ്രീ ഉണ്ടായിരുന്നെങ്കിൽ അവൾ നെല്ലിമരത്തെ കുലുക്കി നെല്ലിക്ക മുഴുവനും വീഴ്ത്തിയേനെ. കൊച്ചു കുട്ടിയുടെ മനസ്സുള്ള അവളെയും കൊണ്ട് താൻ ജോലിസ്ഥലത്തേക്ക് പോയി. വീട്ടു കാര്യങ്ങൾ എല്ലാം അവൾ ഭംഗിയായി ചെയ്യുമായിരുന്നു. അവളെ ഒരു ഭാര്യയായി കാണാൻ തനിക്ക് കഴിഞ്ഞില്ല. എങ്കിലും ഏതോ ഒരു നിമിഷത്തിൽ അവളെ പുണരുവാൻ മുതിർന്നപ്പോൾ ആ കണ്ണുകളിലെ ഭീതി...........അവൾ മയങ്ങി വീണു. പിന്നെ താൻ ആ സാഹസത്തിനു മുതിർന്നില്ല. തനിക്ക് ഒട്ടും താൽപര്യവുമില്ലായിരുന്നു. മാത്രമല്ല ശാലിനിയുടെ ഓർമ്മകൾ ഒരു നെരിപ്പോടായി മനസ്സിൽ ജ്വലിച്ചു നില്ക്കുകയായിരുന്നുവല്ലോ.............. പാവക്കുട്ടികളെ ഒരുപാട് ഇഷ്ടപ്പെട്ടിരുന്ന ജയശ്രീക്ക് താൻ ഒരു ദിവസം ജീവനുള്ള ഒരു കുട്ടിയെ അനാഥാലയത്തിൽ നിന്നും വാങ്ങിച്ചു കൊടുത്തു. അവളുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. പിന്നെ അവളുടെ ലോകം ആ കുഞ്ഞു മാത്രമായി . അവൾ അവനെ, രാഹുലിനെ, നന്നായി നോക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് അവൾ പക്വമതിയായപോലെ പക്ഷേ വിധി അവിടെയും വിളയാട്ടം തുടങ്ങി ഒരു പനി വന്നു. ജയശ്രീയുടെ ജീവനുംകൊണ്ടാണ് ആ പനി പോയത്. പിന്നീട് ഞാൻ മോനെയും കൊണ്ട് ചെന്നൈയിലെത്തി. അവൻ വലുതായി യു.കെ യിലേക്ക് പഠിക്കാൻ പോയപ്പോൾ താൻ നാട്ടിൽ അമ്മയുടെ അടുത്ത് സ്ഥലമാറ്റം വാങ്ങി എത്തി.

വിനയേട്ടാ........എന്നു വിളിച്ചുകൊണ്ട് ശാലിനി വരുന്നു. ചുവന്ന സാരിയിൽ അവൾ മനോഹരിയായി തോന്നി. പ്രാതൽ കഴിച്ചതിനുശേഷം എനിക്ക് ബാങ്കിൽ പോകണം ശാലിനി എന്തെങ്കിലും വായിച്ചിരിക്കൂ എന്ന് പറഞ്ഞ് താൻ ബാങ്കിലേക്ക് തിരിച്ചു. ബാങ്കിലെ തിരക്ക് കുറച്ച് കുറഞ്ഞപ്പോൾ ചിന്തകൾ വീണ്ടും മേളം കൊട്ടി വന്നെത്തി.

ഒരു ദിവസം കണക്കുകൾ പരിശോധിക്കുമ്പോൾ വാതിൽ തുറക്കുന്ന ശബ്ദം കേട്ട് താൻ കമ്പ്യൂട്ടറിൽ നിന്നും കണ്ണെടുത്തു മുന്നിൽ നില്ക്കുന്ന ആളെ കണ്ടപ്പോൾ ഞെട്ടിപ്പോയി. അത് ശാലിനിയായിരുന്നു. അവൾ എങ്ങനെ പെരുമാറും എന്നറിയാതെ പരിഭ്രമിച്ച തന്നെ നോക്കി അവൾ ചിരിച്ചു. അയ്യോ........വിനയേട്ടനെ

ഒട്ടും ഞാൻ ഇവിടെ പ്രതീക്ഷിച്ചില്ല. അവൾ വളരെ ആഹ്ലാദത്തിലായിരുന്നു. ഇരിക്കൂ എന്ന് താൻ പറഞ്ഞു എന്റെ അക്കൗണ്ട് ഈ ബാങ്കിലാണ്. വിനയേട്ടന് സുഖമാണോ......... ? അവൾ തന്റെ കുടുംബകാര്യങ്ങൾ എല്ലാം ചോദിച്ചറിഞ്ഞു. എനിക്ക് ഒട്ടും വിനയേട്ടനോട് ദേഷ്യമില്ല.........ട്ടോ. അത് എല്ലാം കഴിഞ്ഞ കാര്യങ്ങൾ അല്ലേ. ഇനിയിപ്പോ വെറുതെ ഓർത്തിട്ട് എന്തിനാ എന്ന തന്റെ മറുപടി കേട്ട് അവൾ തുടർന്ന് പറയുവാൻ തുടങ്ങി. അച്ഛൻ സുഖമില്ലാതെ ഒരു മാസത്തോളം കിടന്നു പിന്നീടാണ് മരിച്ചത്. ഒരു ദിവസം അച്ഛൻ പറഞ്ഞു വല്ലാത്ത അസ്വസ്ഥത. ഞാൻ മോളോട് ഒരു സത്യം പറയുകയാണ് അച്ഛനോട് ക്ഷമിക്കണം എന്നു പറഞ്ഞ് എല്ലാ കാര്യങ്ങളും തുറന്നു പറഞ്ഞു. ഒരു മരവിപ്പ് ആയിരുന്നു എനിക്ക്. പിന്നെ അച്ഛന്റെ തുളുമ്പിയ കണ്ണുകൾ തുടച്ചു കൊണ്ട് പറഞ്ഞു അച്ഛൻ വിഷമിക്കരുത്. എനിക്ക് ഒരു പ്രശ്നവുമില്ല, വിനയേട്ടനെ മറക്കാൻ എനിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. അദ്ദേഹം സമ്മാനിച്ച അതിരുകളില്ലാത്ത നിറമുള്ള സ്വപ്നങ്ങൾ തന്റെ ഓരോ അണുവിലും ത്രസിച്ചുക്കൊണ്ടിരിക്കുകയാണ് . അതൊരു ഊർജ്ജമായി തന്നിൽ കുടിക്കൊള്ളുന്നിടത്തോളം കാലം ഞാൻ പതറിപ്പോവില്ല. സത്യം...... വിനയചന്ദ്രൻ ഓർത്തു ചില ഓർമ്മകൾക്ക് സുഗന്ധവും മധുരവും ഒന്നുമല്ല അതൊരു അനുഭൂതിയാണ്. സാർ ഊണു കഴിക്കുന്നില്ലേ എന്ന വിളികേട്ട് അയാൾ ചിന്തയിൽ നിന്നുമുണർന്നു ഉച്ചയ്ക്ക് ശേഷം ലീവെടുത്ത് അടുത്തുള്ള കുടുംബശ്രീക്കാരുടെ ഹോട്ടലിൽ നിന്ന് ഭക്ഷണവും കഴിച്ച് കുറച്ചു വീട്ടുസാധനങ്ങളുമായി വീട്ടിലെത്തി. മാർട്ടിൻ ജോസഫ് ഇന്ന് സന്ധ്യയ്ക്ക് എത്തും. ശാലിനി ആട്ടുകട്ടിലിൽ കിടന്ന് പുസ്തകം വായിക്കുന്നു. ഊണ് കഴിച്ചോ ശാലൂ എന്ന് ചോദിച്ചപ്പോൾ മാമ്പഴ പുളിശ്ശേരിക്ക് എന്ത് സ്വാദാ എന്നു പറഞ്ഞ് ഓടി വന്ന് തന്റെ കൈയ്യിലുള്ള ബാഗുകൾ വാങ്ങി ജോലിക്കാരിയെ ഏൽപ്പിച്ചു. ഞാൻ കുറച്ച് വിശ്രമിക്കട്ടെ എന്നു പറഞ്ഞ് വിനയചന്ദ്രൻ റൂമിൽ കയറി വാതിലടച്ചു. വെറുതെ കണ്ണടച്ചു കിടന്നു. ഗാഢനിദ്രയിലേക്ക് ആണ്ടു പോകുവാൻ വല്ലാതെ കൊതിക്കുകയാണ് നിദ്രാദേവി തന്നെ പുൽകാൻ മടിച്ചു നില്ക്കുകയാണ് എന്നും. ഓർമ്മകൾ അപ്പൂപ്പൻ താടിപോലെ കാറ്റത്ത് പറന്ന് തന്റെ അരികിലെത്തി. ശാലിനിയുമായി വീണ്ടും കണ്ടശേഷം ഞങ്ങൾ അടുത്തുള്ള ബീച്ചിൽ കണ്ടുമുട്ടാൻ തുടങ്ങി. അവൾ തന്റെ ജീവിതത്തിലെ അസഹിഷ്ണുതയുടെ താളുകൾ പതിയെ തനിക്ക് മുന്നിൽ തുറന്നു കാണിച്ചു. അച്ഛന്റെ ആഗ്രഹപ്രകാരം അച്ഛന്റെ സഹോദരിയുടെ മകൻ Scientist ആയ രാജഗോപാൽ തന്നെ വിവാഹം കഴിച്ചു. അന്തർമുഖനായ അയാളുമായി പൊരുത്തപ്പെടാൻ ഞാൻ നന്നേ ബുദ്ധിമുട്ടി. വാനനിരീക്ഷണവും ഭൂമിയുടെ ഭ്രമണപഥവും, ഗ്രഹങ്ങളും നക്ഷത്രരാശികളുമൊക്കെയായി ചുറ്റിക്കറങ്ങുന്ന അദ്ദേഹത്തിന് ഭാര്യ എന്നത് ഒരു ഉപഭോഗ വസ്തു മാത്രമായിരുന്നു. നിർവികാരതയുടെ നാളുകൾക്കിടയിൽ താനൊരു അമ്മ ആകുവാൻ പോകുന്നു എന്ന വാർത്ത അയാളിൽ ഒരു സന്തോഷവും ഉണർത്തിയില്ല. തന്റെ ഉദരത്തിൽ ഒരു ജീവന്റെ തുടിപ്പ് പ്രത്യക്ഷപ്പെട്ടത് ശ്രദ്ധിക്കാതെ മറ്റു അന്യഗ്രഹങ്ങളിൽ ജീവന്റെ ലക്ഷണം ഉണ്ടോ എന്നന്വേഷിച്ച് അദ്ദേഹം പരക്കം പാഞ്ഞ് നടന്നു. താൻ ഒരു പെൺകുഞ്ഞിന് ജന്മം നൽകിയപ്പോൾ അമ്മയായി എന്ന വികാരത്തെക്കാൾ തനിക്ക് ഒരു കൂട്ട് കിട്ടിയല്ലോ എന്ന ആശ്വാസമായിരുന്നു. രാജഗോപാലിനെ സംബന്ധിച്ചിടത്തോളം ഞാനും മോളും ഒക്കെ വെറും ഉൽക്കകൾ മാത്രമായിരുന്നു. മോളുടെ വളർച്ചയുടെ ഓരോ ഘട്ടങ്ങളും ഞാൻ ആസ്വദിച്ച് നിർവൃതി പൂണ്ടു. മോൾ ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന ഒരു ദിനം കണ്ടുപിടിത്തങ്ങളുടെ ലോകത്ത് വിഹരിക്കുന്ന രാജഗോപാൽ ഒരിക്കലും കണ്ടു പിടിക്കാൻ പറ്റാത്ത മറ്റൊരു ലോകത്തേയ്ക്ക് ഒരു യാത്രാമൊഴി പോലും പറയാതെ യാത്രയായി. Telescope ലൂടെ നോക്കിയിരിക്കെയായിരുന്നു മരണം Silent Attack ഒരു Scientist നെ സംബന്ധിച്ചിടത്തോളം ഉൽകൃഷ്ടമായ വിടവാങ്ങൽ. പിന്നെ ഞാൻ മോളെയും കൊണ്ട് നാട്ടിൽ അച്ഛന്റെ അടുത്ത് എത്തി. രണ്ടു വർഷം കഴിഞ്ഞപ്പോൾ അച്ഛനും യാത്രയായി. അച്ഛൻ കാര്യങ്ങൾ തുറന്നു പറഞ്ഞപ്പോൾ സത്യത്തിൽ എനിക്ക് അപ്പോൾ തന്നെ വിനയേട്ടനെ കാണണം എന്ന് തോന്നി. മോളുടെ പ്ലസ് ടു കഴിഞ്ഞപ്പോൾ അവൾ വിദേശത്ത് പഠിക്കാൻ പോയി. ഇപ്പോൾ ശരിക്കും ഞാൻ തനിച്ചാണ്. താൻ പറഞ്ഞു താനും തനിച്ചാണെന്ന് അമ്മ മൂന്ന് മാസം മുൻപ് കാലയവനികക്കുള്ളിൽ മറഞ്ഞു. തന്റെ ജീവിതത്തിലെ സപ്തസ്വരങ്ങളും താളം തെറ്റുന്നത് ഒരു മൂകസാക്ഷിയായി നോക്കി നിന്ന തന്റെ അമ്മ ശരിക്കും ഒരു തണൽ മരമായിരുന്നു. രാത്രിയിൽ അമ്മയുടെ മടിയിൽ തലവെച്ച് കിടക്കുമ്പോൾ അമ്മയുടെ വിരലുകൾ തന്റെ തലയിലൂടെ ഓടി നടക്കും ഹോ...........ലോകത്തിലെ ഏറ്റവും സുന്ദരമായ സുഖാനുഭവമാണത്. ബാങ്കിൽ നിന്ന് വി. ആർ. എസ് എടുക്കണം . ഇനി തിരിച്ച് പോകാനുള്ള തയ്യാറെടുപ്പിന് മനസ്സ് ആത്മീയചിന്തകളിലേക്ക് തിരിക്കണം. ശാലിനി നീണ്ട മൗനത്തിനുശേഷം ലോലശബ്ദത്തിൽ മൊഴിഞ്ഞു ഒരുപാട് കാലമൊന്നുമില്ലെങ്കിലും കുറച്ച് നാൾ ഒരുമിച്ചിരിക്കാൻ, ഒരുപാട് കാര്യങ്ങൾ പറഞ്ഞ് ചിരിക്കാൻ ഒത്തൊരുമയോടെ സ്നേഹം പങ്കിടാൻ വിനയേട്ടാ ഞാൻ വല്ലാതെ കൊ

(ശേഷം 52-ാം പേജിൽ)





# കാമാക്ഷി എന്ന കഴുതയുടെ കഥ

ജി. മാധവൻ നായർ (ഫോൺ: 9446221156)

കാനനപ്രദേശത്ത് , കഴുതകൾ കയറി ഇറങ്ങി നടക്കുന്ന സ്ഥലത്ത് ഒരു അർദ്ധരാത്രിയിലാണ് മൃഗങ്ങളെ സൂക്ഷിച്ചിട്ടുള്ള ഒരു ശാലയിൽ ആ ജനനപ്രക്രിയ നടന്നത്. കഴുതകളേയും, കാളകളേയും, കറവമാടുകളേയും തിങ്ങിപാർപ്പിച്ചിരിക്കുന്ന ഇടം. മിക്കപേരും കിടന്നും ,നിന്നും നിദ്രയിലാണ്. വേറിട്ട് ഒരു പെൺകഴുത ദീനരോദനം പുറപ്പെടുവിച്ചു കൊണ്ട്, ശ്വാസം പിടിച്ച് , കാലുകൾ നീട്ടി കിടക്കുന്നു. ഉദരം സാമാന്യത്തിൽ അധികം വീർത്തിട്ടുണ്ട്. ഒരു സൃഷ്ടി കർമ്മം , സ്വയം , സാധിതമാക്കുവാനുള്ള അശ്രാന്ത പരിശ്രമം ആ മൃഗത്തിന് കഴിയാതെ വരുന്നു.

അടുത്തു തന്നെ മലഞ്ചെരിവിലുള്ള ഒരു ഭോജനശാലയിൽ അവിടെ കിടന്നുറങ്ങിയിരുന്ന ജീവനക്കാർ ആ നിലവിളി കേട്ടെങ്കിലും , അതിൽ അസാധാരണമായി ഒന്നും കണ്ടില്ല. കാരണം കൂട്ടത്തിൽ പരസ്പരം പോരടിക്കുന്ന ചിലരെങ്കിലും പരിസരവും , സമയവുമൊന്നും കണക്കാക്കാതെ ശബ്ദഘോഷം മുഴക്കാറുണ്ട്. അങ്ങിനെ ഒന്നായിരിക്കുമെന്നു കരുതി അതിനു പ്രാധാന്യം നൽകിയില്ല. ശ്രദ്ധിച്ചുമില്ല.

നേരം വെളുത്ത്, മൃഗസങ്കേതത്തിൽ നിന്ന് അവയെ, വെളിയിലേയ്ക്ക് വിടാനായി എത്തിയ ഒരാളാണ് അത് കണ്ടത്. നവജാതയായ ഒരു കഴുതകുഞ്ഞിനെ നക്കി തുടച്ച് കൊണ്ട്, അതുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു പശു നിൽക്കുന്നു. ഒരു സൂതി കർമ്മിണിയുടെ ഭാഗം ആ മൃഗം ഏറ്റെടുത്തതായി തോന്നിക്കുന്ന ഒരു രംഗമാണവിടെ ദർശിച്ചത്. ആ കുരുന്നിനെ പ്രസവിച്ച ഭാഗ്യഹീനയായ ജനനി തറയിൽ ചലനമറ്റു കിടക്കുന്നു. അയാളുടെ പരിശോധനയിൽ ആ ജന്തു മരണപ്പെട്ടുപോയതായി അറിയാൻ കഴിഞ്ഞു.

എഴുന്നേറ്റു നിൽക്കാൻ നോക്കുന്ന ഭാരം ചുമക്കുന്ന മൃഗത്തിന്റെ സന്തതി, തന്റെ അമ്മയാണെന്നറിയാതെ ശുശ്രൂഷകയുടെ അകിടിന്റെ ഭാഗത്തേയ്ക്ക് എത്തിച്ചേരുവാനുള്ള ശ്രമം ആരംഭിക്കുന്നു. അത് വിജയത്തിലെത്തുവാൻ ഏറെ സമയമെടുത്തു. നേരത്തെ തന്നെ സ്വന്തം കുട്ടിയെ നഷ്ടപ്പെട്ട ആ വളർത്തു മൃഗം മുലക്കാമ്പിലെത്തി നിൽക്കുന്ന കുഞ്ഞോമനയെ ചേർത്തു പിടിച്ച് മുലയൂട്ടുവാൻ തയ്യാറെടുക്കുന്ന ആ രംഗം കണ്ട് വന്നയാൾ അത്ഭുതപരവശനായി. അടുത്തു ചെന്നാൽ അവിടെ നടക്കുന്ന അപൂർവ്വസംഭവത്തിനു തടസ്സമുണ്ടാകുമെന്നു മനസ്സിലാക്കി മെല്ലെ നിഷ്ക്രമിക്കുന്നു.

ദിവസങ്ങൾക്കകം കാമാക്ഷി എന്നു പേരു വീണ ആ കഴുതക്കുഞ്ഞ് ആ മനുഷ്യരല്ലാത്ത കൂട്ടത്തിന്റെ പ്രിയങ്കരിയായി മാറി അതിനെ പരിചരിക്കുവാൻ എല്ലാവരും മുന്നോട്ടു വന്നു. അതിലെ കാളക്കൂട്ടം തങ്ങളോടൊപ്പം ചുറ്റിപ്പറ്റി നടക്കുന്ന ആ വിശിഷ്ടാതിഥിയെ സാകൂതം വീക്ഷിച്ചു. സാധാരണ വർഗ്ഗ ലിംഗ സ്വഭാവം കാണിക്കുന്ന ആ ഭീകരവൃന്ദം അതൊന്നും പ്രകടമാക്കാതെ ആ കൊച്ചു കുഞ്ഞിനെ ഉപദ്രവിക്കാതെ വിട്ടു.

കുറച്ചു കൂടി ശാരീരിക ദൃഢത കൈവരിച്ചപ്പോൾ, ആ മൃഗം കൂടുതലും അടുപ്പം കാണിച്ചത് തന്റെ പോറ്റമ്മയുടെ വർഗ്ഗത്തോടാണ്. അതിൽ സ്വന്തം കുടുംബാംഗങ്ങൾക്ക് അല്പം നീരസമുണ്ടാകാതിരുന്നില്ല. അതൊന്നും വകവയ്ക്കാതെ അവൾ അങ്ങിനെ ഓടി ചാടി നടന്നു. ഏതാണ്ടവൾക്കൊപ്പം ഭൂജാതനായ ഒരു കാളക്കിടാവായിരുന്നു അവളുടെ ഉത്തമ സുഹൃത്ത്.

വളർന്നതോടെ യജമാനൻ വെറുതെ അങ്ങിനെ നിർത്തി തീറ്റ കൊടുക്കുവാൻ തയ്യാറായില്ല. ചെറിയ തുണിക്കെട്ടുകളും, അതുപോലെ തന്നെ നിത്യോപയോഗ സാധനങ്ങളുടെ ഭാണ്ഡവും അവളുടെ ചുമലിലേറ്റി നടത്തുവാൻ തുടങ്ങി. ആദ്യമൊക്കെ അതെല്ലാം തള്ളി താഴെയിട്ട് നിസ്സഹകരണം കാട്ടിയെങ്കിലും ഉടമസ്ഥന്റെ മർദ്ദനമുറകൾക്ക് വഴങ്ങി, മെല്ലെ അനുസരിക്കുവാൻ ആരംഭിച്ചു. തുടർന്നങ്ങോട്ട് ഭാരത്തിന്റെ അളവും തൂക്കവും കൂടി വന്നു. ശരീരത്തിന്റെ മുകൾ ഭാഗത്ത് കയറിയിരുന്ന് സഞ്ചരിക്കുവാൻ കുറച്ചു പേരെങ്കിലും മുതിർന്നു.

പിന്നീടങ്ങോട്ട് ശരിക്കും ചുമടു ചുമക്കുന്ന മൃഗം മാത്രമായി. വലിയ ആ കൂട്ടത്തിൽ ആണും പെണ്ണുമായി അസംഖ്യം പേരുണ്ടായിരുന്നു. വലിയ ഭാരവുമായി മലകളും പുഴകളുമെല്ലാം കടക്കുമ്പോൾ സുഹൃത്തുക്കളായ കന്നുകാലികൾ തുറസ്സായ സ്ഥലത്ത് മേഞ്ഞു നടന്നിരുന്നു. അവർക്കൊന്നും കഠിനാധ്വാനം ചെയ്യേണ്ടി വന്നിട്ടില്ല.

അത്യാഗ്രഹികളായ മനുഷ്യർ പ്രത്യേകിച്ച് ഒരാഹാരവും കൊടുക്കാതെയാണ് അവരുടെ കാര്യലാഭത്തിനു വേണ്ടി ഏതാണ്ട് മുഴുവൻ പേരേയും സംരക്ഷിച്ചിരുന്നത്. പ്രകൃതിയിൽ നിന്ന് ലഭ്യമാകുന്ന പുല്ലും മറ്റു പച്ചിലകളും അതുപോലെ തന്നെ പുഴയിലെ ജലവും മാത്രമായിരുന്നു ആ നിർഭാഗ്യ ജീവികളുടെ ഭക്ഷണവും ദാഹശമനിയും.

ഒരു ദിവസത്തെ , എല്ലുമുറിയെ ഉള്ള പണികഴി

ഞ്ഞു വരുമ്പോൾ എല്ലാവരേയും ഒന്നിച്ചൊരു ശാലയിൽ തളച്ചിടും. അവിടെ ചുരുക്കം ചിലരൊഴികെ ആർക്കും പ്രത്യേകിച്ചൊരാഹാരം ലഭിക്കാറില്ല. കറവ പശുക്കൾക്കും, ഗർഭിണികൾക്കും മാത്രം കുറച്ച് പിണ്ണാക്കിൻ വെള്ളം കിട്ടും. കിടാങ്ങൾക്ക്, പാലൂറ്റിക്കഴിഞ്ഞാൽ അകിട്ടിൽ എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ കുടിക്കാം. എങ്ങിനെയൊക്കെയൊ ആ കുരുന്നുകൾ വളർന്നു വലുതാകുന്നു. അത്ഭുതം തന്നെ!

കഴുതകുട്ടികൾക്ക് , യാതൊരു പരിഗണനയും കൊടുക്കാറില്ല, ഭാവിയിൽ ഭാരം വഹിക്കേണ്ടവർക്ക്, അതിന്റെ പേരിലെങ്കിലും ഒരു ദയാദാക്ഷണ്യം ദുരാഗ്രഹിയും, കടുംപിടുത്തക്കാരനുമായ ഉടമ കാണിക്കാറുമില്ല. കാടിന്റെ പച്ചപ്പും, ചെടികളിലെ ഫലമൂലങ്ങളും അരുവികളിലൂടെയുള്ള ജലപ്രവാഹവും ഒത്തുചേർന്നു ഭക്ഷണവും കുടിവെള്ളവും പ്രകൃതിയുടെ വരദാനമായി മുറയ്ക്ക് ലഭിച്ചതിനാൽ ജീവസന്ധാരണത്തിനു തടസ്സമുണ്ടായില്ല. കാനനനാഥന്റെ അനുഗ്രഹത്താൽ വന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഭക്തരുടെ പക്കൽ നിന്നും മിക്കപ്പോഴും പല രീതിയിലുള്ള ഭക്ഷണം തരപ്പെടാറുണ്ട്. അതെല്ലാം കൂടി സമഞ്ജസമായി സമ്മേളിച്ചപ്പോൾ ആ മിണ്ടാപ്രാണികളുടെ ആയുർരേഖ നീണ്ടു പോയി.

ഇതിനിടെ, ചങ്ങാതിയായിരുന്ന കാളക്കിടാവ് വളർന്നു വലിയൊരു വൃഷഭമായി. അവനങ്ങിനെ അവരുടെ സ്വന്തം കൂട്ടത്തിൽ മേളിച്ച് നടക്കുന്നത് അവൾക്ക് കാണാമായിരുന്നു. ഒരവസരത്തിൽ ഭാരം ചുമന്നങ്ങനെ പോകുമ്പോൾ വഴിയുടെ അരികത്തു നിന്നിരുന്ന അവൻ , അവളുടെ അടുത്തു വന്ന്, സൂക്ഷിച്ച് നോക്കി ഘ്രാണശക്തിയാൽ അവർ പരസ്പരം തിരിച്ചറിഞ്ഞു , നാവുകൊണ്ട് , അവൻ അവളുടെ മുഖമൊന്നു തുടച്ചപ്പോൾ , പുറകിലൂടെ വന്നിരുന്ന കങ്കാണി, ചാട്ടവാറു കൊണ്ടവനെ അടിച്ചോടിച്ചു. മുക്രയിട്ടു കൊണ്ടവൻ സഹചരുടെ സംഘത്തിലേയ്ക്ക് പാഞ്ഞു പോയി.

ഒരു വിധത്തിൽ ജീവിതവുമായി പൊരുത്തപ്പെട്ടു പോകുന്നതിനിടയിലാണ് അവൾ ആ പരമരഹസ്യം മനസ്സിലാക്കിയത്. തന്റെ ഉദരത്തിൽ ഒരു ജീവന്റെ തുടിപ്പുണ്ടായിവരുന്നു. കൂട്ടത്തിലെ സഞ്ചാരത്തിനിടയിൽ വിശ്രമവേളയിലായിരിക്കും, ആ പ്രജജനം നടന്നിരിക്കുക , ഏതായാലും , ഇനി മറ്റൊരു ഭാരം കൂടി വഹിക്കേണ്ടി വന്നിരിക്കുന്നു. അതിനുവേണ്ടുന്ന ശക്തിയും, ആരോഗ്യവും ആർജ്ജിയ്ക്കണം. സാധാരണ വഹിച്ചുകൊണ്ടു പോകുന്ന ചുമടുകൾക്ക് അറിഞ്ഞോ അറിയാതേയോ ഒരിളവും ഉടമ അനുവദിച്ചിരുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം ഈ ശരീരം വെറും ഒരു ഉപകരണം മാത്രമാണല്ലോ!

അങ്ങിനെ ഒരു രാത്രിയുടെ അഗാധതയിലാണ് അടിവയറ്റിൽ നിന്ന് അതികലശലായ നൊമ്പരം തുടങ്ങിയത്. കൂട്ടങ്ങൾക്കിടയിൽ അവളുടെ നിസ്സഹായമായ മുറവിളികേട്ട് , കുറച്ചുപേരെങ്കിലും മാറി നിന്നു.

അവിടെ കിടന്നുകൊണ്ട്, ഏറെ ക്ലേശിച്ചിട്ടാണ് ഒരു പുതുജീവൻ ഭൂമിയിലേയ്ക്ക് പിറന്നു വീണത്. ദേഹക്ഷീണം മൂലം ഒന്നെഴുന്നേറ്റു നില്ക്കുവാൻ നന്നേ ബുദ്ധിമുട്ടി. അടുത്തു തന്നെ കിടന്നിരുന്ന പൊന്നോമനയെ മററുള്ളവർ ചവിട്ടി നോവിക്കാതിരിക്കുവാൻ അവൾ പരമാവധി ശ്രമിച്ചു. എന്നിട്ടും ചില മുഷ്ക്കന്മാർ ആ കുരുന്നിനെ തൊട്ടു നോവിച്ചു.

പ്രസവമെല്ലാം കഴിഞ്ഞ്, കുഞ്ഞിന്റെ ശുശ്രൂഷയുമായി കുറച്ചു ദിവസങ്ങൾ കടന്നു പോയി. അങ്ങിനെ ഒരു ദിവസമാണ് അകിട്ടിൽ നിന്നു പാൽ കറന്നെടുക്കുവാൻ നോട്ടക്കാരൻ വന്നത്. ആദ്യ പ്രതിഷേധം ഉയർത്തി, കാലുകൊണ്ട് തൊഴിച്ചെങ്കിലും അവന്റെ മർദ്ദനമുറകൾ കൂടി കൂടി വന്നപ്പോൾ കീഴ്പ്പെട്ട് അനുസരണയോടെ നിന്നു കൊടുക്കേണ്ടി വന്നു. പശുവിൻ പാലും എരുമ പാലുമെല്ലാം സുലഭമായി ലഭിക്കുന്ന അവസരത്തിൽ, എന്തിനാണീ ശുഷ്ക്കമായ മുലകളിൽ നിന്നും കിട്ടുന്ന പാൽ കവർന്നെടുക്കുന്നത്? അതും ഒരു ചോരകുഞ്ഞിന്റെ സംരക്ഷണത്തിന് മാത്രം ഉതകുന്നത്ര അളവിൽ പ്രകൃതി കനിഞ്ഞ അമൂല്യ നിധിയിൽ നിന്നും ശാസ്ത്രീയമായ കണ്ടു പിടിത്തങ്ങളിൽ കഴുത പാലിന്റെ പ്രാധാന്യമേറിയിരിക്കുന്ന വസ്തുത ഗ്രാമതലങ്ങളിലും എത്തിച്ചേർന്നിരിക്കുന്നു. പല അസുഖങ്ങൾക്കും ഒരു ദിവ്യ ഔഷധമായി, ഈ അസുലഭ വസ്തു മാറി. കൂടാതെ ശിശുക്കളുടെ പ്രാഥമിക ആഹാരക്രമത്തിൽ ഉൾപ്പെടുത്താവുന്ന ഒന്നായി, ആരോഗ്യ പരിചരണ വിദഗ്ദ്ധർ പരീക്ഷണ പ്രക്രിയയിലൂടെ കണ്ടെത്തിയിരിക്കുന്നു. ചുരുക്കത്തിൽ കഴുതകുഞ്ഞുങ്ങളുടെ കാര്യം കഷ്ടത്തിലായി.

ദിവസങ്ങൾക്കുള്ളിൽ കുഞ്ഞിന്റെ വളർച്ചയോടൊപ്പം അവൾക്കനുവദിച്ചിരുന്ന സ്വാതന്ത്ര്യത്തിന്റെ പരിധി റദ്ദ് ചെയ്തിട്ട്, വീണ്ടും ഭാരത്തിന്റെ വാഹകയായി മാറ്റപ്പെട്ടു. കൂട്ടത്തിൽ ഉണ്ടായിരുന്ന പലർക്കും അവസരങ്ങൾ അങ്ങനെ മാറി മറഞ്ഞു. കാലം കടന്നു പോയ്ക്കൊണ്ടിരിക്കുമ്പോഴും, ജോലിയുടെ കാര്യത്തിൽ ഒരു കുറവുമുണ്ടായില്ല. അത് യഥാർത്ഥത്തിൽ വർദ്ധിച്ച് വന്നു.

പച്ചയായതെന്തും, തിന്നുവാൻ കെല്പുള്ള ഈ സാധുമൃഗത്തെ സൃഷ്ടിച്ച ആ പ്രപഞ്ച ശില്പി, അതിനെന്നും ദുരിതമനുഭവിക്കേണ്ടി വരുമെന്നു കരുതിയിട്ടുണ്ടാകുമോ? കഴുത വെറും കഴുതയല്ല. അതിനു കായികശേഷിയും കാര്യ വിവരവുമുണ്ടെന്ന് കണക്കാക്കിയിട്ടുള്ളവർ ധാരാളമില്ലേ? എന്തായാലും കഴുത രണ്ടാമതൊന്നു കല്ലു തട്ടി വീഴില്ല എന്ന ചീനക്കാരന്റെ പഴമൊഴി അന്വർത്ഥമാണ്.





*തുടർച്ച*

# മൗനനൊമ്പരം

**ഡോ. കെ.ഹരിഹരൻ (ഫോൺ : 9847313322)**

ഞാൻ ഹൈസ്കൂളിൽ പഠിക്കുന്ന കാലത്താണ് അച്ഛൻ കൊച്ചച്ഛനേയും കൂട്ടി വീട്ടിൽ വന്നത്. വന്നപാടെ കൊച്ചച്ഛൻ ഒരു മുറിയിൽ കയറി വാതിലടച്ചു. ആരോടും ഒന്നും മിണ്ടിയില്ല. പിന്നീട് അച്ഛൻ അമ്മയോട് കൊച്ചച്ഛനുണ്ടായ അനുഭവങ്ങൾ വിവരിക്കുന്നത് കേൾക്കാനിടയായി. കൊച്ചച്ഛന്റെ ചെറുപ്പത്തിൽ അച്ഛനും അമ്മയും ഒരു വാഹനാപകടത്തിൽ മരിച്ചു പോയി. മറ്റാരും സംരക്ഷിക്കാൻ ഇല്ലാതിരുന്നതുകൊണ്ട് വല്ല്യച്ഛൻ അദ്ദേഹത്തെ മദ്രാസിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി. അവിടെയായിരുന്നു വല്ല്യച്ഛനും കുടുംബവും സ്ഥിരതാമസവും ജോലിയും. കൊച്ചച്ഛനും അവിടെ കോളേജിൽ ചേർന്ന് പഠനം തുടർന്നു. വല്ല്യച്ഛന്റെ വീട്ടിൽ വലിയ സൗകര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. രണ്ടു മുറികൾ മാത്രമുള്ള ആ വീട്ടിൽ വല്ല്യച്ഛന്റെ ഭാര്യയും ഭാര്യയുടെ അനുജത്തിയും മൂന്നു കുട്ടികളും കൂടി ഉണ്ടായിരുന്നു. ആ ബുദ്ധിമുട്ടുകൾക്കിടയിലും കൊച്ചച്ഛൻ പഠിച്ചു ഡിഗ്രിയെടുത്തു. തുടർന്നു പഠിക്കണമെന്ന ആഗ്രഹം വല്ല്യച്ഛനുമായി പങ്കിട്ടു. അതനുസരിച്ച് കൊച്ചച്ഛൻ പോസ്റ്റുഗ്രാഡുവേഷന് കോളേജിൽ ചേർന്നു. മക്കളൊക്കെ വളർന്നു ഹൈസ്കൂൾ ലെവലിൽ എത്തിയിരുന്നു. അസൗകര്യങ്ങൾ വീട്ടിൽ കൂടി കൂടി വന്നു. വല്ല്യമ്മയും വല്ല്യച്ഛനും ഈ കാര്യങ്ങൾ പറഞ്ഞു വഴക്കുകൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. പക്ഷെ വല്ല്യച്ഛൻ അതൊന്നും കാര്യമാക്കിയിരുന്നില്ല. വല്ല്യമ്മ പൊതുവെ ഒരു ശുണ്ഠിക്കാരിയും കുബുദ്ധിയുമായിരുന്നു. അതിരാവിലെ എഴുന്നേറ്റ് ഭക്ഷണം പാകം ചെയ്യുന്നതും അതിനു ബുദ്ധിമുട്ടുന്നതുമൊന്നും വല്ല്യമ്മയ്ക്ക് താല്പര്യമുള്ള കാര്യമല്ല. മിക്കവാറും അവരുടെ അനുജത്തി, കുഞ്ഞമ്മയും, മക്കളുമാണ് കാര്യങ്ങൾ എല്ലാം ചെയ്യുന്നത്. എന്നിരുന്നാലും സർവ്വതിനും കുറ്റവും കുറവുകളും പറഞ്ഞ് എല്ലാവരുമായി വല്ല്യമ്മ വഴക്കു കൂടുമായിരുന്നു. കൊച്ചച്ഛൻ അവിടെ താമസം തുടങ്ങിയതു തന്നെ വല്ല്യമ്മയ്ക്ക് താല്പര്യമുണ്ടായിരുന്നില്ല. ഇനി രണ്ടു കൊല്ലം കൂടി കൊച്ചച്ഛനെ അവിടെ താമസിപ്പിക്കുവാൻ വല്ല്യമ്മയ്ക്ക് തികച്ചും ബുദ്ധിമുട്ടായിരുന്നു. എങ്ങനെയെങ്കിലും കൊച്ചച്ഛനെ അവിടെ നിന്നും കെട്ടുകെട്ടിക്കാനുള്ള കുതന്ത്രങ്ങൾ അവർ മെനഞ്ഞു തുടങ്ങി. അതിന് സ്വന്തം അനുജത്തിയെ അവർ കൂട്ടു പിടിച്ചു. കുഞ്ഞമ്മ കുറച്ചു കറുത്തതായിരുന്നു എങ്കിലും നല്ല അഴകും സൗന്ദര്യവുമുള്ള ഒരു പെൺകുട്ടി ആയിരുന്നു. അവരും അവിടെ കോളേജിൽ പഠിക്കുന്നു. കുഞ്ഞമ്മ കൊച്ചച്ഛനോട് കൂടുതൽ അടുപ്പം കാണിക്കുവാൻ തുടങ്ങി. കൊച്ചച്ഛൻ ആദ്യമൊക്കെ ഒഴിഞ്ഞുമാറിയെങ്കിലും ക്രമേണ ആ പെൺകുട്ടിയുടെ മുമ്പിൽ അടിപതറി വീണു. അധികം താമസിയാതെ കൊച്ചച്ഛന്റെ ഹൃദയം കവരാൻ അവർക്കു സാധിച്ചു. ദിവസങ്ങൾ കഴിയുന്തോറും അവർ രണ്ടു പേരും കൂടുതലായി അടുത്തു. ആ വീട്ടിൽ പ്രേമത്തിന്റെ മാറ്റൊലികൾ കേട്ടു തുടങ്ങി. വല്ല്യമ്മ ഇതൊന്നും കണ്ടതായും കേട്ടതായും നടിച്ചില്ല. അവരുടെ പ്രേമനാടകങ്ങൾ അതിരുകളില്ലാതെ തഴച്ചു വളർന്നു. അവർ രണ്ടുപേരും രണ്ടിണപ്രാവുകളെപ്പോലെ വീട്ടിനകത്തും പുറത്തും പറന്നു നടന്നു. അങ്ങനെയിരിക്കെ വല്ല്യച്ഛന് ഒരാഴ്ചത്തേയ്ക്ക് എന്തോ ഓഫീസ് കാര്യങ്ങൾക്കായി ഡൽഹിയിലേക്ക് പോകേണ്ടി വന്നു.

പിറ്റേ ദിവസം കൊച്ചച്ഛൻ മുറിയിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് കുഞ്ഞമ്മ അവിടേയ്ക്ക് വന്ന് പുറകിൽ നിന്നും കൊച്ചച്ഛന്റെ കണ്ണു രണ്ടും പൊത്തിപ്പിടിച്ചു. സ്നേഹവായ്പ്പോടെ കൊച്ചച്ഛൻ അവരുടെ കൈകൾ പിടിച്ചു മാറ്റി എഴുന്നേറ്റു. അവരുടെ കൈകൾ രണ്ടും ചേർത്തു പിടിച്ചു സ്വന്തം കൈക്കുള്ളിലാക്കി. പരിസരബോധം മറന്ന് ആ അനുഭൂതി ആസ്വദിച്ചു നില്ക്കുന്ന സമയം കൊച്ചച്ഛന്റെ തലയ്ക്കു പിറകിൽ ആരോ ശക്തിയായി മരത്തടികൊണ്ട് അടിച്ചു. തല മരവിച്ചു പോയെങ്കിലും തിരിഞ്ഞു നോക്കിയപ്പോൾ വല്ല്യമ്മ ഒരു പിശാചിനെപോലെ കലിതുള്ളി നില്ക്കുന്നു. കണ്ണിൽ ഇരുട്ടു പകരുന്നതു പോലെ തോന്നി. ബോധം നഷ്ടപ്പെട്ടു അവിടെ തറയിൽ വീണു കുറെ കഴിഞ്ഞപ്പോൾ ആരോ മുഖത്ത് വെള്ളം തളിച്ചു. അപ്പോൾ ബോധം വീണ് എഴുന്നേറ്റിരുന്നു. തലയ്ക്ക് വല്ലാത്ത മരവിപ്പ് , വെള്ളം കുടിക്കണമെന്നു തോന്നി അടുക്കളയിലേയ്ക്കു നടന്നു. അടുക്കളയിൽ വല്ല്യമ്മയും കുഞ്ഞമ്മയും അടക്കം പറഞ്ഞു ചിരിച്ചു രസിക്കുന്ന കാഴ്ച കണ്ടു. കുഞ്ഞമ്മയുടെ പ്രേമം വെറും നാടകം മാത്രമായിരുന്നു എന്ന് കൊച്ചച്ഛനു മനസ്സിലായി. പിന്നെ അവിടെ നിന്നില്ല. തിരികെ മുറിയിൽ വന്നു കതകടച്ചു. അതിൽ പിന്നെ കൊച്ചച്ഛൻ ആരോടും സംസാരിച്ചിട്ടില്ല.

മൂന്നു നാലു ദിവസങ്ങൾ കഴിഞ്ഞപ്പോൾ വല്ല്യച്ഛൻ വീട്ടിലെത്തി. വല്ല്യമ്മ എന്തൊക്കെയോ വല്ല്യച്ഛനെ ധരിപ്പിച്ചു. കുഞ്ഞമ്മയെ കൊച്ചച്ഛൻ കയറിപ്പിടിച്ചുവെന്നും , പീഡിപ്പിക്കുവാൻ ശ്രമിച്ചുവെന്നും ഒക്കെ അവർ കെട്ടു കഥകളുണ്ടാക്കി വല്ല്യച്ഛനു മുമ്പിൽ അവതരിപ്പിച്ചു. കുഞ്ഞമ്മ കൂസലൊന്നും കൂടാതെ അതൊക്കെ ശരിവച്ചു. കൊച്ചച്ഛനെ എത്രയും പെട്ടെന്ന്

അവിടെ നിന്നും ഇറക്കി വിടണമെന്നും വല്ല്യമ്മ ശഠിച്ചു. വല്ല്യച്ഛന് അവർക്ക് വഴങ്ങേണ്ടി വന്നു. പിറ്റേ ദിവസം തന്നെ വല്ല്യച്ഛൻ അച്ഛനെ വിളിച്ചു കാര്യങ്ങൾ പറഞ്ഞു. അങ്ങനെ അച്ഛൻ കൊച്ചച്ഛനേയും കൂട്ടി വീട്ടിൽ വന്നു. നാട്ടിലുള്ള ഒരു വൈദ്യനുമായി കൊച്ചച്ഛന്റെ രോഗത്തെ പറ്റി സംസാരിച്ചു. അദ്ദേഹം പല മരുന്നുകളും കൂട്ടത്തിൽ തലയിൽ തളം വെയ്ക്കാൻ എണ്ണയും നിർദ്ദേശിച്ചു. മരുന്നുകൾ വൈദ്യശാലയിൽ നിന്നും വാങ്ങികൊണ്ടു വന്നു. എന്നാൽ കൊച്ചച്ഛനൊന്നിനും വഴങ്ങിയില്ല. മുറിയിൽ കയറി ഒരേ ഇരിപ്പ് തന്നെ. ആഹാരം സമയാസമയങ്ങളിൽ വന്നു കഴിക്കുമായിരുന്നു. ഒരാഴ്ച കഴിഞ്ഞപ്പോൾ തുടങ്ങിയതാണ് ഡയറി എഴുത്തും ചുവരെഴുത്തും. കൊച്ചച്ഛനെഴുതാൻ ഡയറിയും പേനയും ചോക്കുമെല്ലാം അച്ഛൻ വാങ്ങിക്കൊടുക്കുമായിരുന്നു. സംസാരിക്കുകയില്ല എന്നതൊഴിച്ചാൽ മറ്റൊരുപദ്രവവും അദ്ദേഹത്തിൽ നിന്നും ആർക്കും ഉണ്ടായിട്ടില്ല. കൊച്ചച്ഛനെ ബാധിച്ചിരിക്കുന്നത് ഒരു തരം വിഷാദരോഗം മാത്രമാണെന്നും ക്രമേണ അതു മാറിക്കൊള്ളുമെന്നുമാണ് വൈദ്യൻ പറഞ്ഞത്. എന്നാൽ മരുന്നുകൾ കഴിക്കാൻ കൊച്ചച്ഛൻ കൂട്ടാക്കിയില്ല. ഗത്യന്തരമില്ലാതെ ഞങ്ങൾ അതിൽ നിന്നും പിൻവാങ്ങി. ഞങ്ങൾ റൂമിൽ പോയിരുന്നു സംസാരിച്ചാൽ എല്ലാം കേട്ടിരിക്കും. പക്ഷെ മറുപടി ഒന്നും ഉണ്ടാകില്ല. ഒരക്ഷരം മിണ്ടാതെ വെറും ഒരു നിസ്സംഗഭാവം. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അച്ഛന്റെ നിർബന്ധത്തിനു വഴങ്ങി റോഡിലേയ്ക്കിറങ്ങി പോകാൻ തുടങ്ങി. പോയാൽ അമ്പലമുറ്റത്തെ ആൽത്തറയിൽ പോയി ഇരിക്കും. വിശക്കുമ്പോൾ തിരികെ വരും. പിന്നെ കുറെ നേരം ഡയറിയിലെഴുതും. വീണ്ടും പോകും ആൽത്തറയിലേയ്ക്ക് . ഇതായി പിന്നീടുള്ള ജീവിതരീതികൾ. ഒരിക്കലും ആരുമായും ഒരു വഴക്കിനോ വക്കാണത്തിനോ കൊച്ചച്ഛൻ തുനിഞ്ഞിട്ടില്ല. ദിവസങ്ങളും വർഷങ്ങളും ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു. ചേട്ടനും എനിക്കും പഠിത്തം കഴിഞ്ഞ് ജോലിയായി. ചേട്ടൻ ബാംഗ്ലൂർക്കും ഞാൻ മദ്രാസിലേയ്ക്കും കുടിയേറി. നീണ്ട അവധി ദിവസങ്ങളിൽ ഞങ്ങൾ വീട്ടിൽ വരുമായിരുന്നു, കൊച്ചച്ഛനു മാറ്റങ്ങളൊന്നും ഉണ്ടായില്ല. അച്ഛൻ റിട്ടയർ ചെയ്ത് വീട്ടിൽ ഉള്ളതുകൊണ്ട് അമ്മയ്ക്ക് വിഷമങ്ങളൊന്നും ഉണ്ടായിരുന്നില്ല. കൊച്ചച്ഛന് അമ്മയേയും അച്ഛനേയും വളരെ ബഹുമാനവും സ്നേഹവുമായിരുന്നു. നാട്ടുകാർക്കും കൊച്ചച്ഛൻ ഒരു ശല്യക്കാരനായിരുന്നില്ല. കൊച്ചച്ഛൻ ഇരിക്കുന്ന ആൽത്തറയിലെ സ്ഥലത്ത് മറ്റാരും കയ്യേറിയതായും കേട്ടിട്ടില്ല.

അങ്ങനെയിരിക്കെ ഒരു ദിവസം അച്ഛന് നെഞ്ചിൽ കലശലായ വേദന ഉണ്ടായി. അടുത്തുള്ള ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. രണ്ടു മൂന്നു ദിവസം ഐ സി യു വിലും വെന്റിലേറ്ററിലും ഒക്കെ ആയി കിടന്നു. എന്നാൽ അച്ഛന്റെ ജീവൻ രക്ഷിക്കാൻ ഡോക്ടർമാർക്കു കഴിഞ്ഞില്ല. ഞങ്ങൾ വീട്ടിലെത്തി . അച്ഛന്റെ മൃതദേഹം വീട്ടിൽ കൊണ്ടു വന്നു പൂമുഖത്തു കിടത്തി. അയൽക്കാരും ബന്ധുക്കളും ഒക്കെ എത്തി കൂട്ടത്തിൽ വല്ല്യച്ഛനും വല്ല്യമ്മയും കുട്ടികളും ഉണ്ടായിരുന്നു. കുഞ്ഞമ്മയെ കണ്ടില്ല . അവർ വിവാഹിതയായി വേറെ ഏതോ അന്യനാട്ടിൽ ആണ് എന്നു പിന്നീടറിഞ്ഞു. കൊച്ചച്ഛനോട് വിവരം നേരത്തെ പറഞ്ഞിരുന്നു. വലിയ ഭാവമാറ്റങ്ങളൊന്നും ആ മുഖത്തു ദർശിക്കാൻ കഴിഞ്ഞില്ല. പതിവുപോലെ കൊച്ചച്ഛൻ വീട്ടിലേയ്ക്കു കയറി വന്നപ്പോൾ അച്ഛന്റെ മൃതദേഹം കണ്ടു. ആ കാലുകളിൽ തൊട്ടു വന്ദിച്ചു. പിന്നെ ആർക്കും മുഖം കൊടുക്കാതെ മുറിയിലേയ്ക്കു പോയി. അച്ഛന്റെ കർമ്മങ്ങൾ ചെയ്യാൻ കൊച്ചച്ഛനെ വിളിച്ചു, പക്ഷെ വന്നില്ല.

അച്ഛന്റെ മൃതദേഹം പറമ്പിൽ തന്നെ ദഹിപ്പിച്ചു. പിന്നീടു വീട്ടിൽ ആഹാരം പാകം ചെയ്തു. ഭക്ഷണം കഴിക്കുവാൻ കൊച്ചച്ഛന്റെ മുറിയിൽ മുട്ടി വിളിച്ചു, തുറന്നില്ല. വാതിൽ തള്ളി തുറന്നു നോക്കി , അവിടെയെങ്ങും കൊച്ചച്ഛൻ ഉണ്ടായിരുന്നില്ല. ആൽത്തറയിൽ പോയിരിക്കുമെന്നു കരുതി അതുകൊണ്ടു കൂടുതൽ തിരക്കിയില്ല. രാത്രി വൈകിയിട്ടും കൊച്ചച്ഛൻ എത്തിയില്ല. ഞങ്ങൾ ആൽത്തറയിലും അമ്പലചുറ്റുപാടിലും എല്ലാം അന്വേഷിച്ചു. ആരും കൊച്ചച്ഛനെ കണ്ടതായി പറഞ്ഞില്ല. പിന്നെ പലയിടത്തും അന്വേഷിച്ചു. അദ്ദേഹം തിരികെ എത്തിയില്ല. കൊച്ചച്ഛൻ എന്നന്നേയ്ക്കുമായി അച്ഛനില്ലാത്ത ഞങ്ങളുടെ വീട്ടിൽ നിന്നും പടിയിറങ്ങി പോയിരിക്കുന്നു. എങ്ങോട്ടെന്നില്ലാതെ. ഞങ്ങൾകൊച്ചച്ഛനായി ദിവസങ്ങൾ കാത്തിരുന്നു. മുറിയിൽ കൊച്ചച്ഛൻ എഴുതിയ ഡയറികൾ ഓർമ്മക്കായി ബാക്കി വെച്ചിരുന്നു....

(അവസാനിച്ചു)

മാംഗല്യം

**നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്**
***രജിസ്ട്രേഷൻ ചാർജ്ജ് - 1000 രൂപ**
**ടി.ഡി.എം. ഹാൾ കോംപ്ലക്സ്**
**ഡി.എച്ച്.റോഡ്, കൊച്ചി 682 016**
**ഫോൺ: 0484 2361160 (Ext.32), 2369589**
**Web: www.karayogammangalyam.com/**
**www.karayogammangalyam.in**
**Email: ekmkgm@gmail.com**





# HYPER TENSION

**ഡോ. പാർവ്വതി. കെ. എസ്.**

നിശബ്ദ കൊലയാളി എന്ന് പലപ്പോഴും വിശേഷിപ്പിക്കപ്പെടാറുള്ള രോഗമാണ് ഹൈപ്പർ ടെൻഷൻ. നമ്മുടെ നാട്ടിൽ ഈ അടുത്ത കാലത്ത് നടത്തിയ പഠനങ്ങൾ അനുസരിച്ച് ഹൈപ്പർ ടെൻഷൻ പഴയ സ്ഥിതിയിലേക്കാളും ഇരട്ടിയായതായി കണ്ടു വരുന്നു.

നമ്മുടെ ശരീരത്തിൽ വിവിധ ഭാഗങ്ങളിലേക്ക് രക്തം എത്തുന്നത് രക്തക്കുഴൽ വഴിയാണ്. ഹൃദയമാണ് ശുദ്ധരക്തത്തെ രക്തക്കുഴലുകൾ വഴി ഇങ്ങനെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പമ്പു ചെയ്യുന്നത്. ഇത്തരത്തിൽ രക്തധമനികൾക്കകത്ത് സ്ഥിതി ചെയ്യുന്ന രക്തം രക്തക്കുഴലുകളുടെ ഭിത്തിയിൽ ഒരു സമ്മർദ്ദം ഉണ്ടാക്കുന്നു. ഇതിനെയാണ് രക്തസമ്മർദ്ദം അഥവാ ബ്ലഡ് പ്രഷർ എന്നു വിളിക്കുന്നത്.

നമ്മുടെ ഹൃദയം മിനിട്ടിൽ ഏതാണ്ട് 72 തവണ എന്ന തോതിൽ മിടിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ ഹൃദയം സങ്കോചിക്കുമ്പോഴാണ് രക്തം രക്തക്കുഴലുകളിലേക്ക് എത്തുന്നത്. ഈ സമയത്ത് രക്തക്കുഴലുകളിൽ അനുഭവപ്പെടുന്ന ഏറ്റവും ഉയർന്ന സമ്മർദ്ദത്തെ സിസ്റ്റോളിക് പ്രഷർ (Systolic Blood Pressure) എന്നു പറയുന്നു. ഇതുപോലെ ഹൃദയം വികസിക്കുന്ന സമയത്ത് രക്തക്കുഴലുകളിലെ ഏറ്റവും കുറഞ്ഞ സമ്മർദ്ദത്തെ ഡയസ്റ്റോളിക് പ്രഷർ (Diastolic Pressure) എന്നും വിളിക്കുന്നു. സാധാരണയായി ബി. പി. രേഖപ്പെടുത്തുന്നത് ഈ രണ്ടു പ്രഷറുകളും അളന്നിട്ടാണ്. ഉദാഹരണമായി 120/80 mm of Hg എന്നു പറഞ്ഞാൽ സിസ്റ്റോളിക് പ്രഷർ 120 ഡയസ്റ്റോളിക് പ്രഷർ 80 ഉം എന്നർത്ഥം.

രക്തക്കുഴലുകളുടെ ഭിത്തികൾക്ക് കുറെയൊക്കെ വികാസ സ്വഭാവം അഥവാ ഇലാസ്തികത ഉള്ളിതാനാൽ മർദ്ദത്തിൽ വരുന്ന വ്യത്യാസങ്ങളെ ഇവയ്ക്ക് ഉൾക്കൊള്ളാൻ കഴിയും. എന്നാൽ ചില ആളുകളിൽ, രക്തക്കുഴലുകളുടെ ഇലാസ്തികത കുറയുന്നതിനാലോ അല്ലെങ്കിൽ രക്തത്തിലെ ജലാംശം കൂടുന്നതിനാലോ മറ്റു കാരണങ്ങളാലോ രക്തസമ്മർദ്ദം സാധാരണ പരിധിക്കും മുകളിലായിരിക്കും. ഈ അവസ്ഥയെയാണ് ഉയർന്ന രക്തസമ്മർദ്ദം അഥവാ ഹൈ ബി. പി (ഹൈപ്പർ ടെൻഷൻ) എന്നു പറയുന്നത്. ഇങ്ങനെ രക്തക്കുഴലകൾക്കകത്ത് ഉയർന്ന രക്തസമ്മർദ്ദം കുറെക്കാലം തുടർച്ചയായി അനുഭവപ്പെട്ടാൽ നമുക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ എന്തൊക്കെയാണെന്നു നോക്കാം.

രക്തക്കുഴലുകളുടെ ഉൾഭാഗത്തുള്ള നേർത്ത പാളിയിൽ വിള്ളലുകൾ ഉണ്ടാവുകയും അവിടെ രക്തവും കൊളസ്ട്രോളും മറ്റും കട്ടപിടിച്ച് തടസ്സങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. ചെറുതും ഇടത്തരവും വലുതുമായ എല്ലാ ധമനികളിലും കാലക്രമത്തിൽ ഇങ്ങനെയുള്ള മാറ്റങ്ങൾ സംഭവിക്കുന്നു. അതിന്റെ ഫലമായി ശരീരത്തിന്റെ പല പ്രധാന ഭാഗങ്ങളിലേക്കുമുള്ള രക്തയോട്ടം തടസ്സപെടാം. ഇതിന്റെ ഫലമായി പല അസുഖങ്ങളും വരാനുള്ള സാധ്യത കൂടുന്നു. ഉദാഹരണമായി ഹൃദയപേശികൾക്കു രക്തം കൊടുക്കുന്ന കുഴലുകൾക്കകത്ത് തടസ്സമുണ്ടാകുമ്പോൾ ഹൃദയാഘാതം (ഹാർട്ട് അറ്റാക്ക്) ഉണ്ടാകാനുള്ള സാധ്യത കൂടുന്നു. തലച്ചോറിലേക്കുള്ള രക്തക്കുഴലുകളെ ബാധിക്കുമ്പോൾ പക്ഷാഘാതം (സ്ട്രോക്ക്) ഉണ്ടായേക്കാം. ഇതുപോലെ വൃക്കകൾ, കണ്ണുകൾ തുടങ്ങി പല ശരീരഭാഗങ്ങളുടേയും പ്രവർത്തനത്തെ ഉയർന്ന രക്തസമ്മർദ്ദം പ്രതികൂലമായി ബാധിക്കുന്നു. പ്രമേഹം, അമിതവണ്ണം, അമിതമായ കൊളസ്ട്രോൾ തുടങ്ങി മറ്റും അസുഖമുള്ളവരിലും പുക വലിക്കുന്നവരിലും ഈ അപകട സാധ്യത മറ്റുള്ളവരേക്കാൾ കൂടുതലാണ്.

ഇത്തരത്തിൽ അപകടങ്ങളായ പല രോഗങ്ങളും ഒഴിവാക്കുന്നതിനായി ഉയർന്ന രക്തസമ്മർദ്ദം നേരത്തെ കണ്ടെത്തുകയും കൃത്യമായ ചികിത്സയിലൂടെയും ഇടയ്ക്കിടയിലുള്ള പരിശോധനയിലൂടെയും നിയന്ത്രിച്ചു നിർത്തുകയും വേണം. ആഹാരത്തിൽ ഉപ്പിന്റെ അംശം കുറയ്ക്കുകയും കൊഴുപ്പുകൾ കുറയ്ക്കുകയും ചെയ്യുന്നത് ബി.പി ക്രമീകരിക്കാൻ സഹായിക്കും. മിതമായ വ്യായാമം ചെയ്യുന്നതും മാനസിക സംഘർഷം കുറയ്ക്കുന്നതും നല്ലതാണ്.

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം; 0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

# നരസിംഹം

പി. ജയരാമൻ , മാനേജ്മെന്റ് കൺസൾട്ടന്റ്, കൊച്ചി

2016 ൽ  പെൻഗ്വിൻ ബുക്ക് കമ്പനി (Penguin Books India pvt. Ltd) പ്രസിദ്ധീകരിച്ച Half lion: How.P.V. Narasimha Rao Transformed India. (നരസിംഹം ; എങ്ങിനെ നരസിംഹറാവു ഇൻഡ്യയുടെ രൂപാന്തരീകരണം നിർവ്വഹിച്ചു ) എന്ന വിനയ് സീതാപതി (Vinay Sitapati) എഴുതിയ പുസ്തകം, ക്രൂശിക്കപ്പെട്ട മുൻ പ്രധാനമന്ത്രിയെ, പഴയ വിദേശകാര്യ മന്ത്രി നട്‌വർസിങ്ങിന്റെ ഭാഷയിൽ പറഞ്ഞാൽ പുനർജീവിപ്പിക്കാനുള്ള ഒരു ആത്മാർത്ഥ ശ്രമമായി കണക്കാക്കാം.  അദ്ദേഹം രാജ്യത്തിനു നൽകിയ സേവനങ്ങൾ പരിഗണിക്കുമ്പോൾ റാവു ഇപ്രകാരമുള്ള ദാക്ഷിണ്യത്തിന് തികച്ചും അർഹനാണെന്ന് നിഷ്പക്ഷമതികൾക്ക് സമ്മതിക്കേണ്ടി വരും.

1991 ൽ രാജീവ് ഗാന്ധിയുടെ പെട്ടെന്നുള്ള മരണശേഷം, രാഷ്ട്രീയത്തിൽ നിന്നും വിരമിക്കുവാൻ മുൻപേ തീരുമാനിച്ചിരുന്ന നരസിംഹറാവു തികച്ചും അപ്രതീക്ഷിതമായി പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ രാജ്യം പല വിപത്തുകളേയും അഭിമുഖീകരിക്കുകയായിരുന്നു. നിരവധി  പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ടാണ് ഗവണ്മെന്റിന്റെ തലവനായി അദ്ദേഹത്തിന് ചുമതല ഏൽക്കേണ്ടി വന്നത്. പാർലമെന്റിൽ കേവല ഭൂരിപക്ഷമില്ലാത്ത ഒരു ന്യൂനപക്ഷ ഭരണകൂടത്തിന്റെ തലവനായി അദ്ദേഹം തന്റെ പൂർണ്ണകാലാവധിയായ അഞ്ചു വർഷങ്ങൾ (1991-96) ഭരണ നിർവ്വഹണം നടത്തിയത് തികച്ചും അത്ഭുതാവഹമായിരുന്നു. ഇത്തരം പല പരിമിതികൾ ഉണ്ടായിരുന്നിട്ടും റാവു രാജ്യത്തിനകത്തും പുറത്തും , ഇൻഡ്യയെ പുനർ നിർമ്മിച്ചു. ഇത്ര കുറവ് അധികാരം  കൈയ്യാളി, ഇത്ര അധികം നേട്ടങ്ങൾ കൈവരിച്ച ലോകനേതാക്കൾ വിരളമാണ്.... ഇൻഡ്യയെ രൂപാന്തരപ്പെടുത്തുന്നതിന് പ്രധാന പങ്കുവഹിച്ച  ഒരു നേതാവിനെക്കുറിച്ചുള്ള അതിസൂക്ഷ്മതയോടെ ഗവേഷണം നടത്തിയതും, സത്യസന്ധമായി വിവരിച്ചതുമായ ഈ  രാഷ്ട്രീയ ജീവചരിത്രഗ്രന്ഥം  അദ്ദേഹത്തിൽ താൽപ്പര്യമുള്ളവരെല്ലാം അവശ്യം വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണ്.

മുൻ വിദേശകാര്യ മന്ത്രിയായിരുന്ന നട്‌വർ സിങ്ങ് പുസ്തകത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചു. ' അഗാധപാണ്ഡിത്യമുണ്ടായിരുന്ന ഒരു പ്രധാനമന്ത്രിയെക്കുറിച്ചുള്ള അനന്യ സാധാരണമായ വിവരണം. ...ചരിത്രം  നരസിംഹറാവുവിനോട് നീതി പുലർത്തിയില്ല. ...  'India After Gandhi' എന്ന പ്രസിദ്ധ കൃതിയുടെ രചയിതാവായ രാമചന്ദ്ര ഗുഹ അഭിപ്രായപ്പെട്ടത് ഇങ്ങനെയായിരുന്നു;' . ഇൻഡ്യയുടെ  സമ്പദ് വ്യവസ്ഥയിലെ തടസ്സങ്ങൾ നീക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചെങ്കിലും, നരസിംഹറാവു അധികം അറിയപ്പെടാത്തതും, ബഹുമതികളൊന്നും ലഭിക്കാത്തതുമായ ഒരു ബിംബമായി (Figure) അവശേഷിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനത്തേയും, സ്വാധീനത്തേയും കുറിച്ചുള്ള വിനയ് സീതാപതിയുടെ ആകർഷണീയമായ ഈ പഠനം റാവുവിന് ആധുനിക ചരിത്രത്തിൽ അർഹമായ സ്ഥാനം വീണ്ടെടുക്കാൻ സഹായകമായിട്ടുണ്ട്.

ഈ പുസ്തകത്തിന്റെ രചയിതാവായ വിനയ് സീതാപതി അഭിഭാഷകനും, പത്രപ്രവർത്തകനും, രാഷ്ട്രീയ ശാസ്ത്ര ചിന്തകനുമാണ്. അശോക സർവ്വകലാശാലയിലെ അദ്ധ്യാപകനും, ഇൻഡ്യൻ എക്സ്പ്രസ്സിലെ സ്ഥിരം ലേഖകനുമാണ്. ബംഗ്ലൂരിലെ നാഷണൽ ലോ സ്കൂളിൽ നിന്നും നിയമത്തിൽ ബിരുദവും, ഹാർവാഡിൽ നിന്നും ബിരുദാനന്തര ബിരുദവും നേടിയ ശേഷം അദ്ദേഹം രാഷ്ട്രീയത്തിൽ ഗവേഷണ ബിരുദം (Ph D) പ്രിൻസ്ടൺ യൂണിവേഴ്സിറ്റിയിൽ നിന്നും കരസ്ഥമാക്കി.

## പാതി കത്തിയ ശരീരം

ഡൽഹിയിലെ ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ (AIIMS) ഇൻഡ്യയുടെ പ്രധാന മന്ത്രിയായിരുന്ന നരസിംഹറാവു 2004 ഡിസംബർ 23 ന് നിര്യാതനായി. 1981 മുതൽ അദ്ദേഹത്തിന്റെ വസതിയായിരുന്ന നമ്പർ 9, മോട്ടിലാൽ നെഹ്റു മാർഗ്ഗിലേക്ക് ശവശരീരം കൊണ്ടു വന്നു. കുടുംബം ഡൽഹി തിരഞ്ഞെടുത്തിരുന്നെങ്കിലും, അന്നത്തെ ആഭ്യന്തര മന്ത്രിയായിരുന്ന ശിവരാജ് പട്ടേൽ ,റാവുവിന്റെ ഇളയ മകനായ പ്രഭാകരയോട് മൃതദേഹം ഹൈദരാബാദിൽ സംസ്കരിക്കാമെന്ന് അഭിപ്രായപ്പെട്ടു. 'ഞങ്ങൾ അദ്ദേഹത്തിന് ഗംഭീരമായ ഒരു ശവസംസ്കാര ചടങ്ങ് കൊടുക്കും' എന്ന് ആന്ധ്രയുടെ മുഖ്യമന്ത്രി Y.S രാജശേഖരറെഡ്ഢി (YSR) ഹൈദരാബാദിൽ നിന്ന് ഫോണിൽ കുടുംബത്തെ അറിയിച്ചിരുന്നു. താമസിയാതെ, കോൺഗ്രസ്സ് പ്രസിഡന്റ് സോണിയഗാന്ധി, പ്രധാനമന്ത്രി മൻമോഹൻ സിങ്ങിനോടും പ്രണാബ് മുഖർജിയോടുമൊത്ത് അവിടെ എത്തിച്ചേർന്നു. നിങ്ങൾ ശവശരീരം എങ്ങിനെയാണ് ദഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രധാനമന്ത്രി, റാവുവിന്റെ ഒടുവിലത്തെ പുത്രനായ പ്രഭാകരയോട് ചോദിച്ചു. ഇവർ പറയുന്നത് ഹൈദരാബാദിലേക്ക് മൃതദേഹം കൊണ്ടുപോകാനാണ്. പക്ഷെ, ഡൽഹിയായിരുന്നു അദ്ദേഹത്തിന്റെ കർമ്മഭൂമി,  പ്രഭാകരൻ ഇപ്രകാരം മറുപടി നൽകി. 'താങ്കളുടെ മന്ത്രിസഭയിലെ സഹപ്രവർത്തകരെ പറഞ്ഞ് ബോധ്യപ്പെടുത്തുമല്ലോ'. മൻമോഹൻ തലയാട്ടുക മാത്രം ചെയ്തു. അല്പ നേരത്തിനുള്ളിൽ YSR ഡൽഹിയിൽ  എത്തിച്ചേർന്നു. റാവുവിന്റെ ശവസംസ്കാരം ഹൈദരാബാദിൽ നടത്താമെന്ന് അദ്ദേഹത്തിന്റെ കുടുംബത്തെ ബോധ്യപ്പെടുത്തുന്നതിൽ റെഡ്ഡി ഒരു പ്രധാന പങ്കുവഹിച്ചു.  റാവുവിന് ഡൽഹിയിൽ ഒരു സ്മാരകം പണിയുന്നതിനെ കുറിച്ച് കുടുംബം ഒരു ഉറപ്പ്  തേടി. ഒരു പ്രശ്നവുമുണ്ടാകില്ല , ഞങ്ങൾ അത് ചെയ്തിരിക്കും, എന്നായിരുന്നു മൻമോഹൻ സിങ്ങിന്റെ മറുപടി.

2004 ഡിസംബർ 24 ന് 'പട്ടാളത്തിന്റെ അകമ്പടി സേവിച്ചുകൊണ്ട് പുഷ്പാലംകൃതമായ കോച്ചിൽ കിടത്തിയിരുന്ന, ദേശീയ പതാകയിൽ പൊതിഞ്ഞ മൃതദേഹം ഒരു ഘോഷയാത്രയായി സൈന്യത്തിന്റെ വാഹനത്തിൽ മന്ദഗതിയിൽ നീങ്ങിക്കൊണ്ടിരുന്നു'. പോകുന്നവഴി കോൺഗ്രസ് പാർട്ടിയുടെ ആസ്ഥാനമായ അക്ബർ റോഡിലെ 24 ാം നമ്പർ കെട്ടിടത്തിൽ നിർത്താൻ ആഗ്രഹിച്ചിരുന്നു. കോച്ച് വെളിയിൽ നിർത്തിയപ്പോൾ സോണിയ ഗാന്ധിയും മറ്റും പുറത്തേയ്ക്കു വന്ന് മൃതദേഹത്തിൽ  പുഷ്പ ചക്രങ്ങൾ അർപ്പിച്ചു. മുൻ കോൺഗ്രസ്സ് പ്രസിഡന്റുമാരുടെ മൃതദേഹങ്ങൾ കോൺഗ്രസ്സ് പ്രവർത്തകർക്ക് ആദരാഞ്ജലികൾ അർപ്പിക്കാനായി പാർട്ടി ആസ്ഥാനത്തു കൊണ്ടുവരാറുണ്ടായിരുന്നു. പക്ഷെ, ഇത്തവണ പ്രവേശനകവാടം തുറന്നില്ല.

ഹൈദരാബാദിലെ ഹുസൈൻ നഗർ തടാകത്തിന്റെ തീരത്ത് ക്രിസ്തുമസ് ദിനത്തിൽ ശവസംസ്കാരച്ചടങ്ങ് നടന്നു. പ്രധാനമന്ത്രി മൻമോഹൻ സിങ്ങ് ചടങ്ങിൽ സംബന്ധിച്ചിരുന്നു.നട്‌വർ സിങ്ങിന്റെ നോട്ടത്തിൽ 'ഡൽഹിയിൽ മൃതദേഹത്തിന് കൊടുത്ത അനാദരവിന് മൻമോഹൻസിങ് സന്തുഷ്ടനായിരുന്നില്ല'. മൻമോഹൻ സിങിനു പുറമെ, അദ്ദേഹത്തിന്റെ കാബിനേറ്റിലെ മിക്കവാറും എല്ലാ മന്ത്രിമാരും, മുൻ പ്രധാനമന്ത്രി ദേവഗൗഡ, ബി ജെ പി നേതാവ് എൽ കെ അഡ്‌വാനി  റാവുവിന്റെ വംഗാര ഗ്രാമത്തിൽ നിന്നു വന്ന ഏതാണ്ട് 12,000 ഗ്രാമവാസികൾ, തുടങ്ങിയവർ ശവസംസ്കാരച്ചടങ്ങിൽ പങ്കു ചേർന്നിരുന്നു.

കഴിഞ്ഞ രണ്ട് ദശകങ്ങളിൽ നരസിംഹറാവുവിനെ തന്റെ പാർട്ടി അവഗണിക്കുകയായിരുന്നു. കേന്ദ്രത്തിലും, ആന്ധ്രപ്രദേശിലും 2004 മുതൽ 2014 വരെ കോൺഗ്രസ്സ് അധികാരത്തിലായിരുന്നെങ്കിലും, അദ്ദേഹത്തിനുവേണ്ടി ഒരു സ്മാരകവും നിർമ്മിച്ചില്ല. ഗവൺമെന്റ് ഔദ്യോഗികമായി റാവുവിന്റെ ജന്മദിനം ഒരിക്കലും ആഘോഷിച്ചിട്ടില്ല. ജന്മദിനാഘോഷം കുടുംബത്തിന്റെ സ്വകാര്യ ചടങ്ങായി ഡൽഹിയിൽ നടന്നിരുന്നു. ഒരേ ഒരു കോൺഗ്രസ്സുകാരൻ പതിവായി ജന്മദിനാഘോഷത്തിൽ പങ്കെടുത്തിരുന്നത് മൻമോഹൻ സിങ് മാത്രമായിരുന്നു. വാറങ്കലിൽ റാവുവിന്റെ ഒരു പ്രതിമസ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയിരുന്നു. പക്ഷെ തദ്ദേശനിവാസികൾ അത് തടഞ്ഞു.

## ആന്ധ്രയിലെ സ്ഥിതിസമത്വവാദി

പാമുലപർത്തി വെങ്കട നരസിംഹറാവു  തന്റെ മാതാ പിതാക്കളുടെ നാടായിരുന്ന ലക്കിനപ്പള്ളിയിൽ (നൈസാം ഭരിച്ചിരുന്ന ഹൈദരാബാദ് സംസ്ഥാനത്തിൽ) 1921 ജൂൺ 28ന്  ഭൂജാതനായി. റാവുവിന്റെ കുടുംബം തെലുങ്കാനസംസ്ഥാന  കരിം നഗർ ജില്ലയിലെ വംഗാരഗ്രാമത്തിലാണ്  നിവസിച്ചിരുന്നത്. റാവുവിന്റെ ജനന ശേഷം താമസിയാതെ ഒരു സൂഫിമാസ്റ്റർ ഭാവിയിൽ റാവു  ഒരു  രാജാവാകുമെന്ന് പ്രവചിച്ചിരുന്നു. 200 ഏക്കർ കൃഷിസ്ഥലമുണ്ടായിരുന്ന അദ്ദേഹത്തിന്റെ പിതാവ് സീതാരാമ റാവു  ഗ്രാമത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ  ഭൂവുടമയായിരുന്നു. ഏറ്റവും വലിയ ഭൂവുടമയ്ക്കു 1200 ഏക്കർ നെൽ വയലുകളും, മാമ്പഴത്തോട്ടങ്ങളും മറ്റും സ്വന്തമായിട്ടുണ്ടായിരുന്നു. ഈ ഭൂവുടമയ്ക്ക്  അവകാശികളായി മക്കളാരുമില്ലാതിരുന്നതിനാൽ, അവർ സീതാരാമ റാവുവിന്റെ നാല് മക്കളിൽ മൂത്തവനായ നരസിംഹറാവുവിനെ മകനായി നാലുവയസ്സുള്ളപ്പോൾ തന്നെ ദത്തെടുത്തു.  തന്റെ പഴയ മാതാപിതാക്കൾ തന്നെയായിരുന്നു റാവുവിന്റെ സംരക്ഷണം തുടർന്നും നടത്തിയിരുന്നത്. രണ്ടു വീട്ടിലും മാറി മാറിയായിരുന്നു റാവു താമസിച്ചിരുന്നത്. അദ്ദേഹം ഒരിക്കലും തന്നെ ഒരു വലിയ ഭൂവുടമയായി കണക്കാക്കിയിരുന്നില്ല , ഒരു മധ്യവർഗ്ഗ കൃഷിക്കാരനായി മാത്രം കരുതി. വർഷങ്ങൾക്കു ശേഷം, തന്റെ സ്വന്തം പുരയിടങ്ങൾ കൂടി വലിയ അളവിൽ നഷ്ടപ്പെട്ട ഭൂപരിഷ്കരണ നിയമ നടപടികൾക്ക് റാവു തുടക്കം കുറിച്ചു.

നരസിംഹ റാവുവിനു കേവലം പത്ത് വയസ്സു പ്രായമുള്ളപ്പോൾ, തന്നെ ദത്തെടുത്ത അമ്മയുടെ  ഒരു ബന്ധുവായ സത്യമ്മ എന്ന പെൺകുട്ടിയുമായുള്ള വിവാഹം നടന്നു. കുടുംബ സ്വത്തു വിഭജിച്ച് അന്യാധീനപ്പെടാതിരിക്കാനുള്ള ഒരു ആന്തരോദ്ദേശം കൂടി ഈ വിവാഹത്തിനു പ്രേരകമായിരുന്നു. സീതമ്മ അവരുടെ എട്ടു കുട്ടികളെ പ്രസവിക്കുകയും, വളർത്തുകയും വംഗാരഗ്രാമത്തിൽ തന്നെ താമസിച്ച് കുടുബസ്വത്ത് സംരക്ഷിച്ചു നടത്തുകയും ചെയ്തു. റാവുവിന്റെ രാഷ്ട്രീയത്തിൽ അവർക്ക് യാതൊരു താല്പര്യവും ഉണ്ടായിരുന്നില്ല.  1970 ൽ  സീതമ്മയുടെ മരണം വരെ

കുടുംബ സ്വത്തുക്കളുടെ ഭരണം അവർ നല്ലപോലെ കൊണ്ട് നടത്തി ; റാവുവിനെ അദ്ദേഹത്തിന്റെ താൽപ്പര്യങ്ങൾ പിന്തുടരാൻ അനുവദിച്ചു.

1937 ൽ ഹൈദരാബാദ് സംസ്ഥാനത്തിൽ ഒന്നാമനായി റാവു സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി . വാറങ്കലിലെ ഒരു കോളേജിൽ തുടർന്നുള്ള പഠിപ്പിനു ചേർന്നു. തനിക്ക് 17 വയസ്സുള്ളപ്പോൾ ഒരു സത്യാഗ്രഹത്തിൽ പങ്കെടുത്തു 'വന്ദേ മാതരം' പാടിയതിന് മറ്റു 300 വിദ്യാർത്ഥികളോടൊപ്പം കോളേജിൽ നിന്നും പുറത്താക്കി. വളരെ നല്ല വിദ്യാർത്ഥിയായിരുന്നതിനാൽ റാവുവിന് നാഗ്പൂർ സർവ്വകലാശാലയിൽ ഉടനെ പ്രവേശനം ലഭിച്ചു. ജ്യോതി ശാസ്ത്രത്തിൽ ബിരുദം സമ്പാദിക്കാൻ അദ്ദേഹം പിന്നീട് പൂനയിലേയ്ക്കു മാറി. ഒന്നാം ക്ലാസ്സിൽ ജ്യോതിശാസ്ത്ര ബിരുദം നേടിയ ശേഷം നാഗ്പൂരിൽ നിയമം പഠിക്കാൻ ചേർന്നു. വിദ്യാഭ്യാസത്തിനുള്ള ചിലവ് വർദ്ധിച്ചപ്പോൾ, ഭക്ഷ്യ ക്രമവിതരണത്തിന്റെ പരിശോധകനായി ഭാഗിക സമയം ജോലി ചെയ്യാനാരംഭിച്ചു. നരസിംഹ റാവു അത്യാവേശമുള്ള ഒരു വായനക്കാരനായിരുന്നു. അദ്ദേഹം പത്തു ഭാഷകളിൽ (തെലുങ്ക്, തമിഴ്, ഹിന്ദി, മറാത്തി, കന്നഡ, ഒറിയ, ഉർദു, പേർഷ്യൻ, ഇംഗ്ലീഷ്, സ്പാനിഷ് തുടങ്ങിയവ) പ്രാവീണ്യം നേടിയ ഒരു ബഹുഭാഷാ പണ്ഡിതനായിരുന്നു.

രാഷ്ട്രീയത്തിൽ പ്രവേശിച്ച നരസിംഹറാവു 1950 ആയപ്പോഴേക്കും കരിം നഗർ ജില്ല കോൺഗ്രസ്സ് തലവനായി തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ, 1951 ലെ തിരഞ്ഞടുപ്പിൽ മത്സരിക്കാൻ ഒരു സീറ്റു ലഭിച്ചു. പക്ഷെ അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയുമായി മത്സരിച്ച് പരാജയപ്പെട്ടു. 1957 ൽ സംസ്ഥാന നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു, ആ കാലങ്ങളിൽ സ്ഥാനാർത്ഥികൾ തിരെഞ്ഞെടുപ്പാവശ്യത്തിനായി മഹേന്ദ്ര കമ്പനിയുടെ ജീപ്പുകൾ ചോദിച്ചു വാങ്ങാറുണ്ടായിരുന്നു. പലപ്പോഴും ആവശ്യം കഴിഞ്ഞാൽ അവ തിരിച്ചു നൽകുക പതിവില്ല. റാവു സംസ്ഥാനത്തിലെ തിരഞ്ഞെടുപ്പാവശ്യങ്ങൾക്കായി 200 ജീപ്പുകൾ എടുത്തിരുന്നു. എല്ലാ ജീപ്പുകളും അദ്ദേഹം കമ്പനിക്ക് തിരിച്ച് നൽകി. ഈ നടപടിയിൽ കമ്പനി അധികാരികൾ ആശ്ചര്യഭരിതരായി. 1962 ൽ തന്റെ 41-ാം വയസ്സിൽ റാവു സംസ്ഥാന മന്ത്രി സഭയിൽ അംഗമായി. 1968 ൽ അദ്ദേഹം വിദ്യാഭ്യാസ മന്ത്രിയായപ്പോൾ പുതിയ സ്വകാര്യ കോളേജുകൾക്ക് വിലക്ക് ഏർപ്പെടുത്തി. എല്ലാ ഗവണ്മെന്റ് സ്കൂളുകളിലും അധ്യയനഭാഷ തെലുങ്കാക്കി, അദ്ദേഹം 9 വർഷം വിദ്യാഭ്യാസ മന്ത്രിയായി പ്രവർത്തിച്ചു.

### 'പാവ' യായ മുഖ്യമന്ത്രി

നരസിംഹ റാവു എക്കാലത്തും ഭൂപരിഷ്കരണത്തെ അനുകൂലിച്ചിരുന്നു. 1969 ൽ ഒരു പ്രത്യേക സംസ്ഥാനത്തിനു വേണ്ടി ആരംഭിച്ച തെലുങ്കാന പ്രക്ഷോഭം ഭൂപരിഷ്കരണത്തിന് വഴിയൊരുക്കി. തെലുങ്കാന പ്രക്ഷോഭത്തിന്റെ പിന്നിൽ ഭൂരഹിതരുടെ ഭൂമി നേടാനുള്ള അടങ്ങാത്ത ആഗ്രഹം കുടികൊണ്ടിരുന്നു. 1971 ൽ കോൺഗ്രസ്സിനു തെലുങ്കാന മേഖലയിൽ ജനപ്രതിനിധി സഭ (Parliament) യിലേക്കുള്ള നിരവധി സീറ്റുകൾ നഷ്ടപ്പെട്ടിരുന്നു. അവിടത്തെ ജനങ്ങളെ പ്രീണിപ്പിക്കാൻ വിവാദങ്ങളിലൊന്നും പെടാത്ത തെലുങ്കാനക്കാരനായ ഒരു നേതാവിനെ സംസ്ഥാനത്തെ മുഖ്യമന്ത്രിയായി നാമനിർദ്ദേശം ചെയ്യാൻ ഇന്ദിരാഗാന്ധി തീരുമാനിച്ചു. തദ്ദേശ താൽപര്യങ്ങളൊന്നുമില്ലാത്ത, തന്നോട് നൂറു ശതമാനം കൂറു പുലർത്തുന്ന, ഒരാളെയായിരുന്നു അവർ അന്വേഷിച്ചത്. നരസിംഹറാവു ആയിരുന്നു അവരുടെ നിയുക്തൻ (nominee).

മുഖ്യമന്ത്രിയായ ഉടനെ (1972) ഭുമിയുടെ ഉടമസ്ഥാവകാശത്തിന് പരിധി നിർണ്ണയിച്ചു കൊണ്ട് നിയമനിർമ്മാണം കൊണ്ടു വന്നു. ഈ നിയമപ്രകാരം മഴയെ മാത്രം ആശ്രയിച്ചുള്ള വരണ്ട നിലങ്ങൾക്ക് 30 മുതൽ 54 ഏക്കർ വരെയും , ജലസേചന സൗകര്യമുള്ള ഈർപ്പമുള്ള നിലങ്ങൾക്ക് 12 മുതൽ 27 ഏക്കർ വരെയും പരിധിയായി നിശ്ചയിച്ചു. ഉയർന്ന പരിധിയിൽ കൂടുതലുള്ള നിലങ്ങൾ സർക്കാർ ഏറ്റെടുത്തു ഭൂരഹിതർക്കു വിതരണം ചെയ്യാൻ നിയമത്തിൽ വ്യവസ്ഥയുണ്ടായിരുന്നു. പരിധി നിർണ്ണയിച്ചത് താരതമ്യേന കുറവായിരുന്നുവെന്ന് പരക്കെ ആക്ഷേപമുണ്ടായിരുന്നു, റാവുവിന്റെ നടപടി ശക്തരായ വലിയ ഭൂവുടമകൾക്ക് തീരെ രുചിച്ചില്ല. പകരം വീട്ടാൻ ഒരു തക്കസമയത്തിനായി അവർ കാത്തിരുന്നു. താമസിയാതെ ഒരു സുപ്രീം കോടതിവിധിയുടെ രൂപത്തിൽ ആ സന്ദർഭം സംജാതമായി. നൈസാമിന്റെ കാലത്ത് 'മുൽകി' നിയമം എന്ന പേരിൽ ഒരു നിയമം നിലവിൽ ഉണ്ടായിരുന്നു. ഈ നിയമപ്രകാരം തെലുങ്കാന മേഖലയിലെ ജനങ്ങൾക്ക് അവിടത്തെ ഗവണ്മെന്റ് ജോലികളുടെ ഒരു നല്ല പങ്ക് നീക്കി വെച്ചിരുന്നു. ഈ നിയമം ആന്ധ്രാപ്രദേശിന്റെ മറ്റു മേഖലകളിൽ അസ്വസ്ഥത പരത്തിയിരുന്നു. സുപ്രീം കോടതി ഈ നിയമം ശരി വെച്ച് വിധി പ്രഖ്യാപിച്ചപ്പോൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ശക്തമായ പ്രക്ഷോഭങ്ങൾ തലയുയർത്തി. റാവു സർക്കാർ രാജിവെക്കാൻ നിർബന്ധിതരാവുകയും , സംസ്ഥാനത്ത് പ്രസിഡന്റ് ഭരണം പ്രഖ്യാപിക്കുകയും ചെയ്തു. രണ്ട് വർഷങ്ങൾ മുഖ്യമന്ത്രിയും , 9 കൊല്ലം സംസ്ഥാനമന്ത്രിയും , 16 വർങ്ങൾ ജനപ്രതിനിധിയുമായിരുന്ന റാവു പെട്ടെന്ന് ആരുമല്ലാതായി.

(തുടരും)





# ഒരു നദിയുടെ വിലാപം

**കെ. എൻ. ഡി. നായർ**

ഉത്തര ഇന്ത്യയിൽ ഗംഗയ്ക്കും, യമുനയ്ക്കും ലഭിച്ച മേന്മയും പദവിയും തന്നെയാണ് മലയാളികൾ പമ്പാനദിയ്ക്കു കൊടുത്തിട്ടുള്ളത്. ദക്ഷിണ ഇന്ത്യയിലെ ജനങ്ങൾക്ക് പമ്പ പുണ്യനദിയാണ്, ദക്ഷിണ ഭാഗീരഥിയാണ്, ദക്ഷിണ ഗംഗയാണ്. കൂടാതെ മാതൃസ്ഥാനിയുമാണ്. ഐതിഹ്യങ്ങളിലും, പുരാണങ്ങളിലും പരാമർശം ലഭിച്ചിട്ടുള്ള നദിയാണ് പമ്പാനദി. ശ്രീരാമദേവന്റെ അവതാരകാലത്തും സമ്പന്നയായിരുന്ന ഈ നദിയുടെ സാന്നിദ്ധ്യം പ്രതിപാദിക്കപ്പെട്ടിരിക്കുന്നതിനാൽ പമ്പാനദിയുടെ കൃത്യമായ ഉത്ഭവകാലഗണന അസാദ്ധ്യമായ പരമാർത്ഥമാണ്, ഭാരതത്തിലെ എല്ലാ പ്രജകൾക്കും വ്യക്തിഗത അധികാരങ്ങളും അവകാശങ്ങളും ഉള്ളതുപോലെ ഭാരതത്തിലെ സചേതനയായ എല്ലാ നദികൾക്കും, ഒരു പൗരനു ലഭിയ്ക്കേണ്ട സംരക്ഷണവും പരിഗണനയും അർഹതപ്പെട്ടിരിക്കുന്നു.

ഈ നദിയുടെ ശൈശവം, ബാല്യം, കൗമാരം, യൗവനം കണ്ടവർ ആരും ജീവിച്ചിരിപ്പില്ല. ഏകദേശം പത്തു ദശാബ്ദക്കാലം മുമ്പുവരെ ഈ നദി ജലസമൃദ്ധിയാലും, നൈർമല്യത്താലും , അഗ്രഗണ്യയായിരുന്നെന്ന് പഴമക്കാർ പറഞ്ഞത്, ഇന്നത്തെ അവസ്ഥയെ തുലനം ചെയ്യാൻ പ്രേരിതമാക്കുന്നു. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, പമ്പാനദിയുടെ ഉത്ഭവം സഹ്യാദ്രിയുടെ ഭാഗമായ പുളിച്ചി മലയുടെ തെക്കു കിഴക്കെ താഴ്വാരമാണെന്നു കരുതപ്പെടുന്നു. അത്യപൂർവ്വമായി കാണപ്പെടുന്ന നീലകൊടുവേലിയും മറ്റനവധി ഔഷധമൂല്യമുള്ള സസ്യങ്ങളേയും തഴുകിയാണ് ഊ നദി പ്രവഹിക്കുന്നത്.

ഈ കാരണങ്ങളാൽ തന്നെ ഇതിലെ ജലത്തിന് രോഗങ്ങളെ ചെറുക്കുവാനുള്ള ഗുണവും ശക്തിയും നൈർമല്യവും ഉണ്ടായിരുന്നു. വൃക്ഷനിബിഡമായ വനാന്തരങ്ങളിൽ നീർചോലയായി ഒഴുകി വരുന്ന കല്ലാറ് കക്കാട്ടാറ്, എന്നിവയിലെ ജലം കൂടി സ്വീകരിച്ച് ത്രിവേണിയിൽ പമ്പാ നദിക്ക് പൂർണ്ണ രൂപം വരുന്നു. പശ്ചിമ ദിക്കു നോക്കി ഏകദേശം 178 മൈലുകൾ സഞ്ചരിച്ച് പാരാവാരത്തിന്റെ അംശമായ വേമ്പനാട്ടു കായലിൽ വിലയം പ്രാപിക്കുന്നു. ഈ യാത്രാവേളയിൽ പണ്ടുകാലങ്ങളിൽ കാലാനുസൃതമായി കാലാവസ്ഥയ്ക്കും പരിസ്ഥിതിയ്ക്കും , ഘടനയ്ക്കും കോട്ടം വരാതെ നവരസഭാവങ്ങളോടെ സഞ്ചരിച്ചിരുന്നതായി പഴമക്കാർ പകർന്നു നൽകിയ അറിവുകൾ അവിശ്വസനീയമായി തോന്നിയേക്കാം.

അക്കാലങ്ങളിൽ, വാഹന സഞ്ചാര സൗകര്യം കുറവായിരുന്നതിനാൽ ശബരിമലയ്ക്ക് തീർത്ഥയാത്ര നടത്തുന്ന ഭക്തർ, നദീതീര പട്ടണമായ റാന്നി വരെ വലിയ വള്ളങ്ങളിൽ യാത്ര ചെയ്തു എരുമേലി വഴി കാൽ നടയായി പോയിരുന്നതായി ചരിത്രം പറയുന്നു. കൂടാതെ, ആലപ്പുഴ പട്ടണത്തിൽ നിന്നും, നദീതീരങ്ങളിലുള്ള ചെറു പട്ടണങ്ങളിൽ വ്യവസായ ആവശ്യത്തിനുള്ള എല്ലാ സാമഗ്രികളും എത്തിക്കുന്നതിനും, കർഷകരുടെ ഉത്പന്നങ്ങൾ പടിഞ്ഞാറുള്ള കമ്പോളങ്ങളിൽ എത്തിക്കാനും ഈ നദിയെയാണ് ആശ്രയിച്ചിരുന്നത്. അന്നൊക്കെ ഈ നദിയിലെ ജലം കുടിക്കാനും ഭക്ഷണം പാകം ചെയ്യാനും ധൈര്യപൂർവ്വം ഉപയോഗിച്ചിരുന്നു.

വർഷകാലങ്ങളിൽ, വനാന്തരങ്ങളിലുള്ള എക്കൽ ഒഴുകിവന്ന്, നദീതീരങ്ങളിലും കുട്ടനാടൻ പാടശേഖരങ്ങളിലും നിക്ഷേപിക്കപ്പെട്ടിരുന്നതിനാൽ, ഫലഭൂയിഷ്ടമായ ഇത്തരം പ്രദേശങ്ങളിൽ വിഷരഹിതമായ ധാന്യങ്ങൾ ഉല്പാദിപ്പിച്ചിരുന്നു. ആറന്മുള ഗ്രാമത്തിന് മേല്പോട്ടുള്ള നദീതീരങ്ങളിൽ വിശാലമായ സുന്ദര പുളിനങ്ങൾ വൃശ്ചികം മുതൽ മേടമാസം വരെ ലഭ്യമായിരുന്നു. ഇത്തരം വിശാലമായ മണൽ പരപ്പുകൾ ക്ഷേത്ര ഉത്സവ സംബന്ധമായ പരിപാടികൾക്കും, മതസമ്മേളനങ്ങൾ നടത്താനും, വ്യവസായ പ്രദർശനങ്ങൾ നടത്താനും ഉപകരിച്ചിരുന്നു. അദ്ധ്വാനിച്ചു വരുന്ന കർഷകർക്കും, കൗമാരക്കാർക്കും ഈ മണൽ തിട്ടകൾ വിശ്രമിക്കാനും , വിനോദത്തിനും, കായികാഭ്യാസങ്ങൾക്കും ഉപയോഗിച്ച് നദീ സ്നാനം നടത്തി ആരോഗ്യത്തോടെ, സന്തോഷത്തോടെ സന്ധ്യാവന്ദനത്തിന് ഗൃഹങ്ങളിൽ പോകാമായിരുന്നു. സുന്ദരമായ ഗതകാല സ്മരണകൾ അയവിറക്കുമ്പോൾ, ഈ നദിയുടെ ഇന്നത്തെ അവസ്ഥകൂടി അറിഞ്ഞിരിക്കണം.

പമ്പാനദിയെ വാർദ്ധക്യം പിടികൂടിയതു കൂടാതെ രോഗാതുരയുമാണ്. ജലം അത്യധികം മലിനമാണ്. മത്സ്യസമ്പത്തുക്കൾ പാടെ നശിപ്പിക്കപ്പെട്ടിരിക്കുന്നു. നിയന്ത്രണരഹിതമായ വനനശീകരണത്താലും, പലവിധ ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുക മൂലവും സഹ്യനിലെ വൃഷ്ടി പ്രദേശങ്ങളിൽ പ്രതീക്ഷിച്ച ജലലഭ്യത സൃഷ്ടിക്കപ്പെടുന്നില്ല. അതിനാൽ നീരൊഴുക്കു

കുറഞ്ഞിരിക്കുന്നു. നിയന്ത്രണരഹിതമായ മണൽ വാരൽ മൂലം തീരങ്ങൾ ഇടിയുകയും, നദിയുടെ അടിത്തട്ട് താഴ്ന്നു പോകുകയും നീരൊഴുക്ക് നിലച്ച ഭാഗങ്ങളിൽ പുറ്റുകൾ രൂപപ്പെട്ട് കാട്ടു ചെടികൾ വളർന്നിരിക്കുന്നു. ജനങ്ങൾക്ക് എത്തപ്പെടാവുന്ന അത്രയും ദൂരം ഇരു തീരങ്ങളിലും റോഡുകൾ നിർമ്മിച്ച് തീരങ്ങൾ സ്വന്തമാക്കിയതു കൂടാതെ അവർ ഉപേക്ഷിക്കുന്ന ഉപയോഗശൂന്യമായ പല വസ്തുക്കളും, അറവുശാലകളിലെ മാലിന്യവും നദി ഏറ്റുവാങ്ങേണ്ട സ്ഥിതി സംജാതമായിരിക്കുന്നു. വ്യവസായശാലകളിലെ മലിനജലവും, പാഴ് വസ്തുക്കളും, പ്ലാസ്റ്റിക് വസ്തുക്കളും ഈ നദിയിലാണ് നിക്ഷേപിക്കുന്നത്. കൂടാതെ ഒട്ടേറെപേർ വാഹനങ്ങൾ കഴുകുന്നതും ഈ നദിയിൽ തന്നെയാണ്. അത്യാഗ്രഹികളായ ഉദ്യോഗസ്ഥർ അവരുടെ സ്വാർത്ഥ താല്പര്യങ്ങൾക്കായി ഇത്തരം നീചപ്രവർത്തനങ്ങൾക്ക് തടയിടാറില്ല. സ്വാധീനവും, അധികാരവും, സമ്പത്തും ഉപയോഗിച്ച് ചെയ്യരുതാത്ത പല പ്രവർത്തികളും ഇത്തരക്കാരുടെ ഒത്താശയോടെ നിർബാധം തുടരുന്നു. വർഷകാലങ്ങളിൽ, കൃഷിയിടങ്ങളിലും, തോട്ടങ്ങളിലും ഉപയോഗിച്ച മാരകമായ കീടനാശിനികളുടെ അംശം നദിയിലേയ്ക്ക് ഒഴുകി എത്തുന്നതിനാൽ, ജലം വിഷലിപ്തവും കറുപ്പു നിറവും പൂണ്ടിരിക്കുന്നു. മലിന വസ്തുക്കളും കീടനാശിനി അംശങ്ങളും ചെന്നെത്തുന്ന കുട്ടനാടൻ കായലിൽ മത്സ്യസമ്പത്തു കുറയുകയും, നെൽകൃഷി അപകടസ്ഥിതിയലാവുകയും ചെയ്തിരിക്കുന്നു.

ചുരുക്കം ചില പരിസ്ഥിതിവാദികൾ നദിയെ വിഷമുക്തമാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും, അവരുടെ പ്രവർത്തനവും, പ്രശസ്തിയ്ക്കും, ചിത്രങ്ങൾ മാധ്യമങ്ങളിൽ അടിച്ചു വരാനും, നദീസംരക്ഷണത്തിനനുവദിക്കുന്ന തുകയിലുമാണോ ശ്രദ്ധ എന്നും സംശയിച്ചു പോകുന്നു.

വിവേകശൂന്യമായി നദിയെ മലിനമാക്കിയതിനാൽ ഇതിലെ ജലം ഉപയോഗിക്കുന്ന ജനങ്ങൾ നാനാവിധ രോഗങ്ങളാൽ വലയുകയാണ്. പ്രകൃതിയെ നശിപ്പിക്കുക വഴി, നദികളെ വിഷലിപ്തമാക്കുക വഴി, അത്യാഗ്രഹികളായ മനുഷ്യൻ വായൂ, ജലം, ആകാശം, ഭൂമി എന്നിവയെ വിവേക ശൂന്യമായി ഉപയോഗിക്കുക കാരണം പ്രകൃതി ദുരന്തങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇത്തരം ദുരന്തങ്ങൾക്ക് പരിഹാരമോ, തടസ്സമോ, നിർദ്ദേശിക്കാൻ രാഷ്ട്രീയ നേതാക്കൾക്കോ , മതമേലാളന്മാർക്കോ, സയൻസിനോ എത്ര ശ്രമിച്ചാലും സാധിക്കുകയില്ല.

പ്രകൃതിയുടെ ചലനവും, നിയന്ത്രണവും ഈ ഭൂമിയുടെ സൃഷ്ടാവിന്റെ കൈകളിലാണ് എന്ന സത്യം എന്നാണോ മനസ്സിലാക്കുന്നത് , അന്നു മാത്രമേ സുന്ദരമായി സൃഷ്ടിച്ചു തന്ന ഈ ഭൂമി ജീവിക്കാനായി ഉപകരിക്കൂ .



## ഗണപതി ക്ഷേത്രത്തിൽ പ്രതിഷ്ഠാദിനം

എറണാകുളം കരയോഗം ഗണപതിക്ഷേത്രത്തിലെ പ്രതിഷ്ഠാദിനം മെയ് മാസം 3-ാം തീയതി (വ്യഴാഴ്ച) നടത്തപ്പെടുന്നു. അന്നേദിവസം അഷ്ടദ്രവ്യ മഹാഗണപതി ഹോമവും എറണാകുളം ശിവക്ഷേത്രത്തിൽ ധാരയും (നൂറ്റൊന്നുകുടം), കളഭാഭിഷേകവും ഉണ്ടായിരിക്കുന്നതാണ്.

ജനറൽ സെക്രട്ടറി

*(മിനിക്കഥ)*

# ശരി

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

അയാൾ ശരിയല്ല എന്നാണ് പലരും പറയുന്നത്. എന്താണ് അയാളിൽ ശരിയല്ലാത്തത്? ആരെന്തു പറഞ്ഞാലും അയാൾ ഒന്നും മിണ്ടാറില്ലത്രെ!

എന്നു വെച്ച് അയാൾ ഒന്നും ശ്രദ്ധിക്കുന്നില്ലെന്ന് അർത്ഥമുണ്ടോ ? പലരും ശ്രദ്ധിക്കുന്നത് മറുപടി പറയാൻ വേണ്ടിയാണെങ്കിൽ അയാൾ ശ്രദ്ധിക്കുന്നത് പലതും മനസ്സിലാക്കാനാണല്ലോ. അയാളാണ് ശരി.





# കർണ്ണൻ

**പ്രൊ. സുമംഗലാ ദേവി (ഫോൺ : 9447785214)**

കർണ്ണൻ, മഹാനായ കർണ്ണൻ. മഹാഭാരതമെന്ന അനന്തവിഹായസ്സിലെ അത്യുജ്ജ്വല നക്ഷത്രം. ദ്രോണർ, കൃപർ, പരശുരാമൻ, തുടങ്ങിയ മഹാരഥന്മാരുടെ ശിഷ്യനായ വില്ലാളി വീരൻ, ദേഹം മറന്നും ദാനം ചെയ്യുന്ന ദാനശീലൻ. ചോര കണ്ടു പതറാതെ സ്വന്തം ഗുരുവിന് മടിത്തട്ടിൽ വിശ്രമം നൽകുന്നവൻ, ചക്രവർത്തി പദവും, ദ്രൗപതി ഭർത്തൃപദവും തള്ളിക്കളഞ്ഞുകൊണ്ട് തന്റെ മിത്രത്തോട് വിശ്വസ്ത പുലർത്തിയവൻ, അങ്ങനെ, അങ്ങനെ കർണ്ണന്റെ അപദാനങ്ങൾ അനേകമാണ്.

ഞാൻ കർണ്ണനെ ആരാധിക്കാൻ തുടങ്ങിയത് ഇപ്പോഴൊന്നുമല്ല. ദശാബ്ദങ്ങൾക്ക് മുമ്പ്, ബിരുദ ക്ലാസ്സിൽ എന്റെ രണ്ടാം ഭാഷ മലയാളമായിരുന്നു. ഉജ്ജ്വല ശബ്ദാഢ്യനായ ഉള്ളൂർ. എസ്. പരമേശ്വരയ്യരുടെ 'കർണ്ണഭൂഷണം' എന്ന ഖണ്ഡകാവ്യം ഞങ്ങൾക്കു പഠിക്കുവാനുണ്ടായിരുന്നു. ശ്രീ. തൃക്കൊടിത്താനം ഗോപിനാഥൻ നായർ എന്ന ഞങ്ങളുടെ പ്രിയങ്കരനായ ഗുരുനാഥൻ : അദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യവും, ഘനഗംഭീരമായ ശബ്ദധോരണിയും, അർത്ഥവത്തും ആകർഷകമായ അവതരണ രീതിയും, കർണ്ണനെ പ്രണയിക്കുവാൻ എന്നെ പ്രേരിപ്പിച്ചു. കർണ്ണന്റെ ഗുണഗണങ്ങൾ ഞങ്ങളെയെല്ലാം ആകർഷിച്ചു. ദാനശീലത്തെക്കുറിച്ച് ചിന്തിക്കുന്ന എല്ലാ മാത്രകളിലും മഹാകവികളെല്ലാം സ്മരിക്കുന്ന മഹാനായ കർണ്ണൻ .

''അർത്ഥിയ്ക്കായ് സഹജമാം മെയ്ച്ചട്ട
അടർത്തേകി
മൃത്യു ദണ്ഡിന്നു നേരെ മാറുകാട്ടിയ കർണ്ണൻ''

അതാണ് ധീരനായ കർണ്ണൻ.

വസുദേവരുടെ പിതാവായ ശൂരസേനന് അതിസുന്ദരിയായ ഒരു മകളുണ്ടായിരുന്നു. പൃഥ, യാദവ വംശത്തിലെ തന്നെ സദ്ഗുണ സമ്പന്നനായ ഒരു രാജാവായിരുന്നു കുന്തീഭോജൻ. പക്ഷേ അദ്ദേഹത്തിന് കുട്ടികളില്ലായിരുന്നു . അദ്ദേഹം പൃഥയെ ദത്തെടുത്തു. അങ്ങനെ പൃഥ കുന്തിയായി. ഒരിക്കൽ ദുർവ്വാസാവു മഹർഷി കൊട്ടാരം സന്ദർശിച്ചപ്പോൾ ശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെട്ടത് കുന്തിയെയായിരുന്നു. അവളുടെ ശുശ്രൂഷയിൽ സംതൃപ്തനായ മഹർഷി അവൾക്ക് അഞ്ചു മന്ത്രങ്ങൾ ഉപദേശിച്ചു. ഈ മന്ത്രം ജപിച്ച് ഏതു ദേവനെ സ്മരിക്കുന്നുവോ, ആ ദേവൻ പ്രത്യക്ഷനായി നിനക്ക് തേജസ്വിയായ മകനെ പ്രദാനം ചെയ്യും എന്നും മഹർഷി ഉറപ്പു കൊടുത്തു. സ്ത്രീ സഹജമായ ആകാംക്ഷയാൽ, ഒരു ദിവസം പൂന്തോട്ടത്തിൽ ഉലാത്തവെ , വരുംവരായ്കളെ കുറിച്ച് ഓർക്കാതെ, ജ്വലിച്ചു നിൽക്കുന്ന സൂര്യനെ നോക്കി, സ്മരിച്ച് കുന്തി മന്ത്രം പ്രയോഗിച്ചു. ദാ, എത്തിയിരിക്കുന്നു സൂര്യൻ മുമ്പിൽ. കുന്തി പേടിച്ചു പോയി. അബദ്ധം പറ്റിപ്പോയതാണ്, ക്ഷമിക്കണം എന്നൊക്കെ കേണുവീണപേക്ഷിച്ചു കുന്തി. സൂര്യനുണ്ടോ വിടുന്നു: നിഷ്കരുണം അവളുടെ അപേക്ഷ നിരസിച്ചു. കന്യകാത്വം നഷ്ടപ്പെടാതെ തന്നെ, തേജസ്വിയായ, കവചകുണ്ഡലധാരിയായ, ഒരു ഉണ്ണി പിറന്നു എന്നു കഥ. കന്യകയായതിനാൽ, തന്റെ അച്ഛന്റെ സത്കീർത്തിക്ക് കളങ്കം വരുമെന്നോർത്ത് ഭയന്ന്, ആ പൊന്നോമനയെ ഒരു പെട്ടിയിലാക്കി

'അശ്രു നദിയിലൊഴുക്കിനാൾ ആദ്യമായ്
അശ്വ നദിയിലൊ പിന്നെയല്ലോ'.

അതെ അശ്വനദിയിലൊഴുക്കി. ചർമ്മണ്വതിയും, യമുനയും, ഗംഗയും ചേർന്ന് ആ പേടകം ചമ്പാപുരി വരെ എത്തിച്ചു. 'ബാലാനാം രോദനം ബലം' അതേ, സൂര്യപുത്രനായ, ധീരനായ കർണ്ണൻ ഉറക്കെ കരഞ്ഞു. അതിരഥൻ എന്ന സൂതൻ ആ കരച്ചിൽ കേട്ടു. അനുകമ്പ അവിടെ ഉണർന്നുയർന്നു. കർണ്ണന് രക്ഷകനായി. അങ്ങനെ അമ്മയുടെ അപഥ സഞ്ചാരത്തിൽ അവിവാഹിതയായിരിക്കെ പിറന്നു എന്ന കുറ്റത്തിന് അമ്മയാൽ തന്നെ ശിക്ഷിക്കപ്പെട്ട് നാടുകടത്തപ്പെട്ട കർണ്ണൻ അതിരഥന്റേയും , രാധയുടേയും മകനായി. അവർ വസുഷേണൻ എന്ന് പേരിട്ട് അവനെ ഓമനയായി വളർത്തി. അവിവേകിയായ കുന്തിക്ക് അന്ത്യം വരെയും മന:സ്സമാധാനം നഷ്ടപ്പെടുത്താൻ ആ അവിവേകം ഇടവരുത്തി.

കർണ്ണൻ പിറന്നത് കവചകുണ്ഡലങ്ങളോടു കൂടിയാണെന്ന് സൂചിപ്പിച്ചുവല്ലോ. അവയുള്ള കാലത്തോളം കർണ്ണനെ പരിക്കേൽപ്പിക്കുവാനോ, തോല്പിക്കുവാനോ ആർക്കും കഴിയില്ലത്രെ. അസൂയാവഹമായ കഴിവും ശക്തിയും തന്റെ മകൻ ആർജ്ജിക്കുമെന്നും, അപ്പോൾ ശത്രുക്കൾ ധാരാളമായി ഉണ്ടാകുമെന്നും സൂര്യൻ മുൻകൂട്ടി കണ്ടിരിക്കാം. സൂര്യനല്ലെ : എന്തും കാണാൻ കഴിയുമല്ലൊ. പക്ഷേ, കവചകുണ്ഡലങ്ങൾക്ക് കർണ്ണനെ രക്ഷിക്കാനായില്ല. സ്വജീവന് ഹാനി സംഭവിക്കുമെന്നറിഞ്ഞുകൊണ്ടുതന്നെ കർണ്ണൻ അവ

ദാനം ചെയ്തു.

പുത്രവാത്സല്യത്താൽ തരളിതനായ സൂര്യ ഭഗവാൻ, തന്റെ മകന്റെ ദൗർബല്യമായ ദാനശീലം മുതലെടുത്ത്, ഇന്ദ്രൻ, സ്വപുത്രനായ അർജ്ജുനനെ രക്ഷിക്കുവാൻ വേണ്ടി, യാചകനായി കർണ്ണന്റെ മുമ്പിൽ എത്തുമെന്ന് മനസ്സിലാക്കി. സത്യാവസ്ഥകൾ നേരിട്ട് പറഞ്ഞ് ബോധ്യപ്പെടുത്തി. ആ ദാനകർമ്മത്തിൽ നിന്ന് പിന്തിരിപ്പിക്കാനുള്ള ദൃഢനിശ്ചയത്തോടെ സൂര്യൻ കർണ്ണനെ കാണുന്നതാണ് കർണ്ണഭൂഷണത്തിലെ ഇതിവൃത്തം. മകനെ കൊണ്ട് തന്റെ ആവശ്യം അംഗീകരിപ്പിക്കാനുള്ള പല വാദമുഖങ്ങളും സൂര്യൻ നിരത്തുന്നു. കർണ്ണൻ പ്രതിവാദത്താൽ അവയെല്ലാം ഖണ്ഡിക്കുന്നു. നല്ലോരഭിഭാഷകന്റെ ചാരുത സൂര്യന്റെ വാദങ്ങളിലും, കർണ്ണന്റെ പ്രിതിവാദത്തിലും കാണാം.

ആദ്യമായി സൂര്യൻ കർണ്ണനോട് അവന്റെ ജനനരഹസ്യം വെളിപ്പെടുത്തുന്നു. പക്ഷേ, അതുകേട്ടിട്ട് കർണ്ണനൊരു കുലുക്കവുമില്ല. ഒരു വികാരവും കണ്ടുപിടിക്കുവാൻ സൂര്യനു പോലും കഴിയുന്നില്ല. കർണ്ണൻ പറയുന്നതോ?

'എന്നമ്മ ഭാരതഭൂമി ,എന്നച്ഛനോ
നിർണ്ണയമമങ്ങേയ്ക്കുമച്ഛനീശൻ' എന്നാണ്.

കവചകുണ്ഡലങ്ങൾ ഉപേക്ഷിച്ചു പോയാൽ ജീവഹാനി സുനിശ്ചിതമാണെന്ന വാദത്തിലും കർണ്ണൻ വീഴുന്നില്ല

'തന്നെ മറന്നേവൻ ദാനം തുടങ്ങുന്ന-
തന്നരനപ്രാജ്ഞൻ, ആത്മഘാതി
അംബുധികൂടിയും വേലയാൽ ശോഭിപ്പൂ
നന്മയ്ക്കുമൊട്ടൊരു സീമവേണം' എന്നായി സൂര്യൻ.

പരന്നു കിടക്കുന്ന കടലിനു പോലും അതിന്റെ അതിരുകളാണ് ശോഭ കൊടുക്കുന്നത്. അവനവനെ മറന്ന ദാനം ആത്മഹത്യയാണ് എന്ന വാദത്തിലും കർണ്ണൻ അനങ്ങുന്നില്ല.

അപ്പോൾ വൈകാരിക സമീപനത്തിന് തുടങ്ങുകയാണ് സൂര്യൻ.

''നിൻ ചിരജീവിതം പ്രാർത്ഥിച്ചാൾ നിന്നമ്മ
സഞ്ചിത മാക്കിനേൻ ഞാനതേവം
മുന്നിലും പിന്നിലും പാർശ്വദ്വയത്തിലു
മിന്നിറമാർന്ന നിൻ സോദരന്മാർ''

അതേ നീ ചിരകാലം ജീവിക്കണമെന്ന നിന്റെ അമ്മയുടെ ആഗ്രഹം സാധിക്കുവാനാണ് ഞാൻ നിനക്കീ കവചകുണ്ഡലങ്ങൾ നൽകിയത്, അവ നിന്റെ കൂടെ ജനിച്ച നിന്റെ സഹോദരന്മാരാണ്. കൂടപ്പിറപ്പിനെ കാത്തു രക്ഷിക്കുക എന്നത് ഏവന്റേയും ധർമ്മമാണ്, കടമയാണ്.

ഏതെല്ലാം വിട്ടാലും വീഴാതെ നോക്കണം
സോദരത്യാഗമാം പാതകത്തിൽ

ഉദ്ദേശിച്ച ഫലം ആ വാദത്തിലും കാണാതെ സൂര്യൻ ഖിന്നനായി. ഒരു പഴയ കഥ പറഞ്ഞ് തന്റെ അച്ഛനോടുള്ള (സൂര്യനോടുള്ള) ഇന്ദ്രന്റെ ശത്രുത ചൂണ്ടിക്കാട്ടാനായി സൂര്യന്റെ ശ്രമം . ഇന്ദ്രന് തന്നോടുള്ള വൈരാഗ്യം യുഗയുഗാന്തരങ്ങളായി നിലനിൽക്കുകയാണ്. സൂര്യപുത്രനായ സുഗ്രീവനുവേണ്ടി ഇന്ദ്രപുത്രനായ ബാലിയെ ശ്രീരാമൻ കൊല ചെയ്തു. അന്നു മുതലെ ഇന്ദ്രന് സൂര്യനോട് ശത്രുത തുടങ്ങി. അന്ന് ഇന്ദ്രൻ ഉറപ്പിച്ചു.

'ആവട്ടെ, പിന്നെയും, മന്നിൽ ജനിച്ചീടും
ഗോവിന്ദൻ മർത്ത്യനായെന്നനുജൻ
അന്നിതിന്നുത്തരം ചോദിപ്പൻ ഞാനെന്നാ-
ണിന്ദ്രനുറച്ചതതൊർത്തുപോയി'
അതിനുശക്തിപകരാനെന്നവണ്ണം
'കൈതവ ഗോപാനം കംസാരിയ്ക്കർജ്ജുനൻ
ഹാ, തൻ ദ്വിതീയനാമന്തരാത്മാ
ആ വിഷ്ണു വൈരിയാം അന്ധതനൂജന്
നീ, വലം കൈയായിനില്പൂ താനും'

അതേ, വിഷ്ണു വീണ്ടും അവതരിച്ചപ്പോൾ, അർജ്ജുനൻ പ്രാണസ്നേഹിതനായി: അന്ധന്മാർക്കല്ലെ വിഷ്ണുവിനോട് ശത്രുത പുലർത്താനാവൂ, നീ ആ അന്ധപുത്രന് വലം കൈയ്യുമായി,അതു പോരാഞ്ഞ്

'ന്യൂനതയൊന്നുണ്ട് ന്യൂനമെന്നുണ്ണിയ്ക്ക്
ദാന ധർമ്മാസക്തി പാരവശ്യം!
വെണ്മതിക്കുള്ള കറുപ്പല്ലതെന്നാകിൽ
ക്കണ്മണിക്കുള്ളൊരുവെണ്മയാട്ടെ'

സകലഗുണ സമ്പന്നനായ എന്റെ മകന്റെ ഒരു ന്യൂനതയാണ് ഈ ദാനധർമ്മത്തിലുള്ള ആവേശം. കറുപ്പായി ആ നല്ല ശീലത്തെ കരുതാനാകില്ലയെങ്കിൽ കൺമണിക്കുള്ളിലെ വെണ്മയായി കരുതാം. പക്ഷേ ഈ ആവേശം ആപത്താണ്.

ദാതാവ് ദാതാവെന്നുള്ളോരുകീർത്തിക്കാ
ണേതാവത്താകും നിൻ യജ്ഞമെല്ലാം
കീർത്തിയോ കേവലം ജീവിച്ചിരിപ്പോർ തൻ
സാധ്വിയാളെന്നത്രെ സാധു വാദം

താൻ ജീവിച്ചിരിപ്പില്ല എങ്കിൽ പിന്നെ കീർത്തിമാൻ ദാതാവ് എന്നൊക്കെ പേരു കേൾപ്പിച്ചിട്ടെന്തു കാര്യം. കീർത്തി ലോകത്തിൻ വായിലെ ലാലാ ബിന്ദുവാണ്, ഉമിനീരാണ്. ഒരു നിമിഷം ലോക രസന ഉമിനീരായ കീർത്തിയെ വച്ചുകൊണ്ടിരിക്കാം, അത് അടുത്ത നിമിഷം തുപ്പിക്കളഞ്ഞു, എന്നും വരാം: അതേ മറന്നു എന്നും വരാം.





'നമ്മുടെ പേരൊരാൾ വാഴ്ത്തിയാൽ നാമത്
നമ്മുടെ കാതിനാൽ കേട്ടീടേണം'

നാമില്ലാതെ ആയിട്ട് കീർത്തിമാൻ എന്ന് പേരു കേട്ടാൽ നമുക്കെന്തു പ്രയോജനം? എന്തു സുഖം?

തന്റെ വാദങ്ങൾ താമരയിലയിലെ മഴത്തുള്ളികളെപ്പോലെ എന്നു മനസ്സിലായപ്പോൾ വിവേകിയായ സൂര്യൻ അല്പ സമയം മൗനിയായി നിന്നു. അപ്പോൾ കർണ്ണൻ തന്റെ മാനസിക വ്യാപാരങ്ങൾ വെളിപ്പെടുത്താൻ തുടങ്ങി.

'അധ്യായമൊന്നുണ്ടെൻ ജീവിത ഗ്രന്ഥത്തിൽ
ശസ്ത്രാസ്ത്ര ശിക്ഷതന്നന്ത്യ ഘട്ടം'.

അതേ, ശസ്ത്രാസ്ത്ര വിദ്യകളുടെ അഭ്യസനം കഴിഞ്ഞ് അരങ്ങേറ്റ വേളയിൽ നീ സൂതപുത്രനല്ലെ നിനക്കിവിടെ എന്തു കാര്യം എന്ന് ചോദിച്ച് തന്നെ അപമാനിച്ച് ഇറക്കിവിടാൻ തുടങ്ങിയപ്പോൾ

''മന്നനല്ലെന്നങ്ങുചൊന്നോരെൻ തോഴനെ
മന്നനായ് വാഴിപ്പനിക്ഷണം- താൻ'' എന്ന് പ്രഖ്യാപിച്ച് തന്നെ അംഗരാജാവായി ദുര്യോധനൻ അഭിഷേകം ചെയ്ത കഥ. അതെന്റെ മനസ്സിൽ മായ്ച്ചാലും മായാത്ത അധ്യായമാണ്,

'ആ മഹാനേകനെൻ പ്രാണനിൽ പ്രാണനാണെന്നും
''എന്നോമൽ തോഴരെ എന്നു ഞാൻ കാൺകിലും
നന്ദിയാ മീശന്നുനന്ദിയായി
ലോകത്തെ മാത്രമല്ലെന്നെ മറപ്പൂ ഞാ
നാഹന്ത ദൈവത്തെ സർവ്വത്തേയും'' എന്നാണ് കർണ്ണൻ പറയുന്നത്.

തന്റെ ഇഷ്ട തോഴനായ ദുര്യോധനുവേണ്ടി പ്രാണൻ കളയാനും താൻ ഒരുക്കമാണ് എന്ന കർണ്ണന്റെ പ്രസ്താവന കേട്ടതും സൂര്യനാശ്വാസമായി. എങ്കിൽ, ആ ദുര്യോധനന്നു വേണ്ടി

'പ്രാണനിൽ പ്രാണനെപ്പാലിപ്പാനെന്നാലും
പ്രാണനെ പാഴിൽ നീ കൈവിടൊല്ലെ ' എന്നായി അദ്ദേഹത്തിന്റെ അപേക്ഷ.

കർണ്ണൻ തന്റെ പ്രതിവാദങ്ങൾ- ഖണ്ഡിയുക്കാനാവാതെ തന്റെ പ്രതിവാദങ്ങൾ തുടങ്ങുകയാണ്. അദ്ദേഹം ചോദിക്കുകയാണ്, എന്റെ ദാനശീലത്തിന് വിഘാതം സൃഷ്ടിക്കാൻ ശ്രമിക്കുന്ന അങ്ങു തന്നെ, ദാനശീലത്തിന് ഉത്തമ ഉദാഹരണമല്ലേ'

''ലേഖപ്രവേകരി ലേവനെ മാത്രമെ
ലോകം സവിതാവെന്നോതാറുള്ളൂ
സൃഷ്ടാവിന്നില്ലാത്തൊരക്കീർത്തിയങ്ങേയ്ക്കീ
നിത്യഗോദാനം താൻ ലബ്ധമാക്കി''

ദേവ ശ്രേഷ്ഠരിൽ അങ്ങയെ മാത്രമെ ലോകം പിതാവ് ജനയിതാവ് എന്നു വിളിക്കുന്നുള്ളൂ. കാരണം ലോകത്തിനങ്ങ് നിത്യവും കിരണങ്ങൾ ദാനം ചെയ്ത് ഉറങ്ങുന്നവരെ ഉണർത്തുന്നു. ഒരു സംശയം

''വ്യോമം വിട്ടിങ്ങോട്ടു താഴത്തിറങ്ങയീ
ഭൂമിയെ സ്പർശിപ്പാനോർത്തിടുമ്പോൾ
ആദർശം താവകമങ്ങേപ്പുറം പാഞ്ഞ്
പാതാളസ്പൃക്കായ് താൻ നില്ക്കയെന്നോ?''

ആകാശം വിട്ട് ഭൂമിയെ സ്പർശിച്ചപ്പോൾ തന്നെ അങ്ങയുടെ ആദർശങ്ങൾ പാതാളത്തിൽ പോയ് ഒളിച്ചോ എന്നാണ് സംശയം. പണ്ട് മഹാബലിയോട് വാമനൻ ദാനം ആവശ്യപ്പെട്ടപ്പോൾ തടസ്സം നിന്നത് ശുക്രൻ എന്ന ഗോളം. ഇന്ന് ദേവേന്ദ്രൻ യാചകനായി എന്റെടുത്തു വരുമ്പോൾ നവഗ്രഹാധീശ്വരനായ സൂര്യൻ തടസ്സവാദവുമമയി എത്തിയിരിക്കുകയാണ്. എന്തേ ഈ ഗോളങ്ങൾക്ക് ഭൂമിദേവിയോടിത്ര അസൂയ?

''മുറ്റുമീ ഭൂദേവി ധർമ്മിഷ്ഠയായെന്നാൽ
മറ്റുള്ള ഗോളങ്ങൾക്കെന്തു ചേതം?''

ഭാരതാംബയുടെ അഭിമാന ധനമാണ് ദാനശീലം .

'ഭാരതഭൂതല മൗദാര്യ സസ്യത്തിൻ
വാരുറ്റ കേദാരം പണ്ടു പണ്ടേ'

ജീമൂതവാഹനൻ, ദധീചി, ശിബി തുടങ്ങിയ തന്റെ മുൻഗാമികളെല്ലാം ഭാരതാംബയുടെ പേര് സത്കീർത്തി ഉയർത്തിപ്പിടിച്ചവരാണ്. ഇന്നത്തെ ഭാരതത്തെ അന്നത്തേതിൽ നിന്ന് വിഭിന്നമാക്കുവാൻ, ആ പാരമ്പര്യം നശിപ്പിക്കുവാൻ , നമുക്കവകാശമുണ്ടോ?

''പ്രസ്പഷ്ടമോതുന്നുണ്ടന്യർക്കായ് ജീവിപ്പാൻ
ഹൃദ്സ്പന്ദവ്യാജത്താലന്തര്യാമി
കേവലമെങ്ങു ഞാൻ പോകിലും കേൾക്കുന്ന
താവാക്കിൻമാറ്റൊലിയൊന്നുമാത്രം''

അതേ , നമ്മുടെ ഹൃദയത്തുടിപ്പു പോലും അന്യർക്കായ് ജീവിക്കുവാനല്ലേ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. ആ സ്ഥിതിക്ക് എനിക്ക് എങ്ങനെ പിൻമാറാനാവും

ഇന്ദ്രൻ കവചകുണ്ഡലങ്ങളല്ലേ എന്നോടാവശ്യപ്പെടാൻ പോകുന്നത് ?

''ഒന്നു ഞാൻ മുന്നമേമാറേണ്ട പാഴ്ത്തുണി
ഒന്നു വധൂചിതമാഭരണം
ഇച്ഛിപ്പതെൻ പ്രാണനെന്നാലതിന്നെന്തി
ന്നിശ്ശിരോവേഷ്ടനപ്രാണായാമം ?''

പ്രാണൻ ചോദിച്ചാലും കൊടുക്കാൻ തയ്യാറാകുന്ന എന്നോട് നേരിട്ടത് ചോദിച്ചു കൂടെ എന്നാണ് കർണ്ണൻ ചോദിക്കുന്നത്.

പിന്നെ, അങ്ങു പറഞ്ഞു, ഞാൻ കീർത്തിക്കു വേണ്ടിയാണിതൊക്കെ ചെയ്യുന്നത് എന്ന്. ഒരിക്കലുമല്ല. എന്റെ സുഹൃത്തിനോടുള്ള എന്റെ വിധേയത്വം എന്റെ

ധർമ്മനിഷ്ഠയുടെ ത്രാസിനെ താഴ്ത്തി കളയുന്നു. അതുകൊണ്ട് മറ്റേ തട്ടിൽ ദാനം എന്ന സൽപ്രവൃത്തി ഇട്ട് ഞാൻ ഉയർത്തുകയാണ് ചെയ്യുന്നത്. നിഷ്കാമ കർമ്മികൾക്ക് മുക്തി ലഭിക്കുന്നതുപോലെ എനിക്ക് അതു വഴി കീർത്തി ലഭിക്കുന്നുണ്ടാകാം. അത്രതന്നെ.

എന്റെ സൗഹൃദത്തിന്റെ പരിപൂർണ്ണതയ്ക്ക് ഇവ ഉപേക്ഷിക്കരുത് എന്ന് അങ്ങാവശ്യപ്പെട്ടു.

''നൂനം സുയോധനരാജകുമാരനും
ഞാനും പരസ്പര പ്രേമബദ്ധർ
എന്നാലുമെൻ ദാനവാർദ്ധിക്കുവേലയ-
ല്ലെന്നോമൽ തോഴർ തൻ മൈത്രീലക്ഷ്മി
എൻവ്രതം ഭജ്ഞിച്ചു ധന്യയായ് തീരുവാൻ
ജന്മം നയിപ്പിലമ്മോഹിനിയാൾ''

എന്റെ സൗഹൃദം എന്റെ ദാനശീലത്തിന് ഒരിക്കലും തടസ്സമാകില്ല എന്ന് അസന്നിദ്ധമായി കർണ്ണൻ പ്രഖ്യാപിക്കുന്നു.

അതുമല്ല, സദ്പാത്രത്തിൽ വേണം ദാനം ചെയ്യാൻ എന്നാണ് ഭാരതാംബ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. അങ്ങനെയെങ്കിൽ ഇന്ദ്രനെപ്പോലെയൊരു സദ്പാത്രം വേറെയുണ്ടോ?

''ഏവർ തൻ വാഹത്തിൻ കോളാമ്പിയാകയാൽ
ഭൂവിതുസർവസസ്യാഢ്യയായി
അദ്ദേവൻ പ്രീതനായ് താൻ തന്നെ മുന്നിൽ വ
ന്നർത്ഥിക്കിലപ്പുറമെന്തു വേണം ?''

ഇന്ദ്രന്റെ വാഹനമായ മേഘം തുപ്പുന്ന കോളാമ്പിയല്ലേ നമ്മുടെ ഭൂമി, അതേ മേഘം മഴ വർഷിച്ച് നമ്മുടെ ഭൂമിയെ സസ്യാഢ്യയാക്കുന്നു. അങ്ങനെ സർവ്വഥാ യോഗ്യനായ ഒരാൾ യാചകനായി കൈ നീട്ടി നില്ക്കുന്നതിൽ പരം എന്തു സദ്പാത്രം ലഭിക്കാൻ? അർത്ഥം ഗ്രഹിപ്പിച്ച വാക്യത്തിന് പൂർണ്ണ വിരാമം ഇടും പോലെ ഉത്തമ പാത്രത്തിൽ ദാനം ചെയ്താൽ പിന്നെ മരിക്കുന്നതിൽ എന്തുണ്ട് ദോഷം?

''അച്ഛാ ഞാനയതുനേടുകിൽ നേടിനാൻ
അക്ഷയപാത്രസ്യമന്തകങ്ങൾ'' അതുകൊണ്ട് ഇന്ദ്രന് കവചകുണ്ഡലങ്ങൾ ദാനം ചെയ്യരുത് എന്ന ഭിക്ഷ അങ്ങേയ്ക്കു തരാൻ എനിക്കു നിവൃത്തിയില്ല. പകരം എന്റെ പ്രാണൻ ഭിക്ഷയായി തരാൻ ഞാനൊരുക്കമാണ് എന്നാണ് കർണ്ണൻ പറയുന്നത്.

''വൈരോചനൻ തന്നെ നീ മകനെ ദാന
വീരോചിതം തന്നെ നിന്റെ വാക്യം
നിൻപാദം നില്പതുപാംസുവിലെങ്കിലും
നിൻ മൗലിക്കിന്ദു താൻ ചൂഡാരത്നം
നിൻകീർത്തിപൊങ്ങുക, നിൻ പേർ വിളങ്ങുക
നിർവിഘ്നം വെൽകനിൻ ദാനധർമ്മം''

എന്ന് അനുഗ്രഹിച്ച് , മകന്റെ നിശ്ചയദാർഢ്യവും മഹിമയും കണ്ട്, നീതിമാനായ പുത്രന്റെ അച്ഛനെന്ന അഭിമാനത്താൽ പുളകിതനായി, ഇച്ഛാഭംഗമില്ലാതെ സൂര്യൻ മടങ്ങുന്നു.

(തുടരും)


## എറണാകുളം കരയോഗം

ടി.ഡി.എം.ഹാൾ കോംപ്ലക്സ്, ഡി.എച്ച്.റോഡ്,കൊച്ചി-682016

# പഠനശിബിരം

**2018 ഏപ്രിൽ 18,19,20 തീയതികളിൽ**

**12 മുതൽ 15 വയസ്സു വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ത്രിദിന ക്യാമ്പ്**

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 18,19,20 തീയതികളിൽ 12 മുതൽ 15 വയസ്സു വരെയുള്ള കുട്ടികൾക്കായി 'സഹവാസ പഠന ശിബിരം' സംഘടിപ്പിക്കുന്നു. ഭാരതീയ സംസ്ക്കാരത്തിലും പൈതൃകത്തിലും ഊന്നിയുള്ള വ്യക്തിത്വവികാസം ലക്ഷ്യമാക്കിയാണ് ശിബിരം സംഘടിപ്പിക്കുന്നത്. സംബോധ് ഫൗണ്ടേഷൻ മുഖ്യാചാര്യൻ സ്വാമി അദ്ധ്യാത്മാനന്ദ സരസ്വതി, ബ്രഹ്മചാരി സുവേദ് ചൈതന്യ, പ്രശസ്ത മനഃശാസ്ത്രജ്ഞൻ ഡോ.പ്രകാശ് ചന്ദ്രൻ, ഡോ.പി.വിജയലക്ഷ്മി മേനോൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു.

താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ഏപ്രിൽ 10ന് മുൻപായി ബന്ധപ്പെടുക.

ഫോൺ - 0484 2361160,Ext:35,38 / 9895071101

1. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 കുട്ടികൾക്കാണ് പ്രവേശനം.
2. രജിസ്ട്രേഷൻ ഫീസ് -1000 രൂപ






# ഭൂമിക്കൊരു സങ്കീർത്തനം ഭൂമിയുടെ ഉല്പത്തി

**സി. രാമചന്ദ്രൻ (ഫോൺ: 995820684)**

ഉത്പത്തിയിൽ നിന്നു തുടങ്ങുമ്പോൾ പ്രപഞ്ചത്തിന്റെ ഉത്പത്തിയിൽ നിന്നു തന്നെ തുടങ്ങേണ്ടതാണ്. മീൻ തൊട്ടു കൂട്ടണമെന്നാണല്ലോ എഴുത്തച്ഛനും പണ്ടു പറഞ്ഞത്. വിഷയപരിമിതി, സ്ഥലപരിമിതി, സമയപരിമിതി എന്നിവ കണക്കിലെടുത്തുകൊണ്ട് നമുക്ക് സൗരയൂഥം തൊട്ടു കൂട്ടാം.

എങ്ങിനെയുണ്ടായി എന്ന ജിജ്ഞാസ മനുഷ്യനു ബുദ്ധിയുദിച്ചപ്പോൾ മുതൽ ഉള്ളതാണ്. ശരിയായ ഉത്തരം ലഭിക്കാതെ വരുമ്പോൾ ഭാവനയിൽ വരുന്ന ഉത്തരങ്ങളെ ആശ്രയിക്കേണ്ടതായും വരും. അങ്ങിനെയാണ് ഇതിഹാസങ്ങൾക്ക് പ്രസക്തിയുണ്ടാകുന്നത്. ഇതെല്ലാം നാം മുന്നേ തന്നെ വിശദീകരിച്ചിട്ടുണ്ട്.

സൗരയൂഥത്തിന്റെ ഉല്പത്തിയെ സംബന്ധിച്ച് യുക്തിപൂർവ്വമായ ഒരു വിശദീകരണം ആദ്യമായി അവതരിപ്പിച്ചത് റെനേദക്കാർത്ത് എന്ന ഫ്രഞ്ചു ചിന്തകനാണ്. പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലവതരിപ്പിക്കപ്പെട്ട ഇതിനെ നെബുലാ സിദ്ധാന്തം എന്നാണറിയപ്പെട്ടിരുന്നത്. ആദിമ നെബുല (വാതകമേഘം) യിൽ നിന്നുമാണ് സൂര്യനു ചുറ്റുമുള്ള ഗ്രഹങ്ങളും രൂപപ്പെട്ടതെന്ന ആശയമാണതു മുന്നോട്ടു വയ്ക്കുന്നത്. ലൂയിലി ക്ലാർക്ക് എന്ന മറ്റൊരു ശാസ്ത്രജ്ഞനും ഇതുപോലൊരു സിദ്ധാന്തം മുന്നോട്ടു വച്ചു. പിന്നീട് ഇമാനുവൽകാന്റ്, ലാപ്ലാസ് തുടങ്ങിയവർ ഗണിതസഹായത്തോടെ അതു പിന്താങ്ങി. ശാസ്ത്രലോകം ഇന്ന് നെബുലാ സിദ്ധാന്തത്തെ പൊതുവെ അംഗീകരിച്ചിട്ടുണ്ട്. ഇതിനുള്ള ലളിതമായ കാരണങ്ങളിവയാണ്.

1. ഗ്രഹങ്ങൾ സൂര്യനെ വലംവയ്ക്കുന്ന വേഗതയ്ക്കനുസരിച്ച് ശക്തി സൂര്യനിൽ നിന്നു ലഭിക്കുന്നതല്ല. അത് ഒരു ശതമാനം മാത്രമേയുള്ളൂ. ആദിമമായ മറ്റൊരു പ്രഭവപ്രക്രിയയുടെ തുടർച്ചയായി ഉണ്ടായി വന്ന ബലമാണതിന്റേത്.

2. സൂര്യനിൽ നിന്നകലുംതോറും ഓരോ ഗ്രഹത്തിന്റെയും രാസഘടനയിൽ പ്രകടമായ വ്യത്യാസങ്ങളുണ്ട്. അടുത്തുള്ള അകംഗ്രഹങ്ങൾ ഖരപദാർത്ഥങ്ങളടങ്ങിയതും തറ ഉറപ്പുള്ളതും വലുപ്പത്തിൽ ചെറുതുമാണ്. അവയിൽ ഇരുമ്പ്, നിക്കൽ, സിലിക്കൺ, കാർബൺ തുടങ്ങിയ മൂലകങ്ങളുള്ളപ്പോൾ അകലെയുള്ളവ ഹൈഡ്രജൻ, ഓക്സിജൻ, ഹീലിയം, ജലം, മീഥെയിൽ എന്നിവയിലൊതുങ്ങുന്നു.

3. ചെറിയ ഒരു ഗ്രഹമായ ചൊവ്വ കഴിഞ്ഞാൽ അടുത്തത് ഏറ്റവും വലിയ ഗ്രഹമായ വ്യാഴമാണ്. ഇവക്കിടയിൽ ഛിന്നഗ്രഹങ്ങളുടെ ഒരു വലയമാണ് ഉള്ളത്. അകലെ കുയിപ്പർ ബെൽറ്റും ഊർട്ട് ക്ലൗഡും മറ്റുമാണ് ചുറ്റിക്കറങ്ങുന്നത്. സൂര്യനിൽ നിന്നും വിട്ടുപോയതാണ് ഇവയെല്ലാമെന്ന സിദ്ധാന്തത്തിന് നിലനില്പില്ലാതാകുന്നു.

മന്ദഗതിയിൽ സ്വയം ഭ്രമണം ചെയ്തുകൊണ്ടിരുന്ന ഒരു നെബുലയാണ് സങ്കോചിച്ച് സൂര്യനായി മാറുന്നതത്രേ . നെബുലയുടെ പല പാളികൾ പല വേഗതയിൽ ഒരു തലത്തിൽ ഭ്രമണം ചെയ്യുന്നത് ഓരോ അടരുകളിലുമുള്ള പദാർത്ഥങ്ങൾ അവിടവിടെ ഉരുണ്ടു കൂടി ഗ്രഹങ്ങളായി മാറുകയാണുണ്ടായത്. വ്യാഴത്തിനു പിടിച്ചെടുക്കാൻ കഴിയാതെ പോയ വസ്തുക്കൾ ഇന്നും ഗ്രഹശകലങ്ങളായി വ്യാഴത്തിനും ചൊവ്വയ്ക്കുമിടയിൽ ഛിന്നഗ്രഹങ്ങളായി ഭ്രമണം ചെയ്തു കൊണ്ടിരിക്കുന്നു.

സൗരയൂഥത്തിന്റെ ശൈശവദശയിൽ ഭ്രമണതലത്തിലെ ധൂളിപടലങ്ങളും വാതകങ്ങളും തണുത്തു ഘനീഭവിക്കുവാൻ തുടങ്ങി. കണികകൾ കൂട്ടിയിടിക്കുകയും പരസ്പരം ഒട്ടി വലുപ്പം വയ്ക്കുകയും ചെയ്തതുകൊണ്ട് അത് വലിയ പാറകഷ്ണങ്ങളും ഛിന്നഗ്രഹങ്ങൾ പോലെയും ആയി വന്നു. വലുപ്പം കൂടിയതോടെ അതിനു ഗുരുത്വാകർഷണ ബലമുണ്ടാവുകയും അടുത്തുള്ള വസ്തുക്കളെ തൂത്തു വാരി സ്വന്തമാക്കുകയും ചെയ്തു. ആ ഘട്ടത്തിലുള്ളവയെ 'പ്ലാനറ്റ് സിമിലുകൾ' എന്നാണു പറയുക.

പ്ലാനറ്റ് സിമിലുകൾക്കിടയിലുള്ള പദാർത്ഥങ്ങൾ പലതും ശക്തമായ ഒരു ചാർജിത കണപ്രവാഹത്തിലൂടെ ഊതിപ്പോകുകയാണുണ്ടാവുക. ഈ ഘട്ടത്തെ ടൗറിഘട്ടം എന്നാണ് പറയുക. ഇടവ (Taurus) രാശിയിൽ ഈ ഘട്ടത്തിലുള്ള ഒരു നക്ഷത്രം ഇപ്പോൾ ഉള്ളതിനാലാണ് ഈ ഘട്ടത്തിന് ഈ പേരു നൽകിയിരിക്കുന്നത്. ഭൂമിയുടെ രൂപീകരണവേളയിൽ പ്ലാനറ്റ് സിമിലികൾ ഊക്കോടെ ഉപരിതലത്തിൽ പതിച്ചിരുന്നു. അത്തരം പതനങ്ങളുടെ ഫലമായിട്ടാണ് അകംഗ്രഹങ്ങളുടെ ഉപരിതലത്തിൽ ഗർത്തങ്ങളുണ്ടായത്. ഉല്ക്കാപാതങ്ങളുടെ കാലം 380 കോടി കൊല്ലങ്ങൾക്കു മുമ്പ് അവസാനിച്ചു.

അതിവേഗത്തിൽ പതിക്കുന്ന പാറകളുടെ പതനത്തോടെ അതിന്റെ ഗതിക ഊർജ്ജത്തിനാൽ അതു

നന്നായി ചൂടാകും. ഗ്രഹത്തിൽ കൂടുതൽ വസ്തുക്കൾ പതിക്കുമ്പോൾ ആഘാതത്താലും ഗുരുത്വബലത്താലും അത് ഞെരിഞ്ഞമരും. അത് താപത്തെ ആയിരം ഡിഗ്രി വരെ ഉയർത്തും. റേഡിയോ ആക്ടീവ് മൂലകങ്ങളുടെ പ്രവർത്തനത്താൽ താപം വീണ്ടും രണ്ടായിരം ഡിഗ്രി വരെ ഉയരും. ഈ താപത്തിൽ ഇരുമ്പ് ഉരുകും. ഈ ഉരുകലാണ് ഭൂമിയെ ഭൂമിയാക്കിയത്. ഉരുകിയ സ്ഥിതിയിൽ സാന്ദ്രത കൂടിയ ഉരുകിയ ഇരുമ്പ് കാമ്പിലേക്ക് കേന്ദ്രീകരിക്കപ്പെടുകയും സാന്ദ്രത കുറഞ്ഞ വസ്തുക്കൾ മുകളിലേക്കുയർന്ന് ഭൂവല്ക്കമാകുകയും ചെയ്യും. ഭൂവല്ക്കത്തിനും കാമ്പിനും ഇടയിലുള്ള മാന്റിൽ എന്ന ഭാഗം ഭൂമിയുടെ ചരിത്രസൃഷ്ടിയിൽ വലിയ പങ്കാണ് വഹിച്ചത്. ഉല്കാപാതത്തിലൂടെയും ധൂമകേതുക്കളിലൂടെയും കാർബണും ജലവും ഭൂമിയിൽ അക്കാലത്തെത്തിയിട്ടുണ്ട്. ചൂടു കൂടിയ അവസ്ഥയിൽ ജലം നീരാവിയായേ നിലനില്ക്കൂ. താപനില താഴ്ന്നതോടെ നീരാവി ഘനീഭവിച്ച് മഴയായി വർഷിക്കുവാൻ തുടങ്ങി. നാനൂറുകോടി വർഷങ്ങൾക്കു മുൻപു തന്നെ ഭൂമിയുടെ ഉപരിതലം കരയും കടലുമായി പിരിയാൻ തുടങ്ങിയിരുന്നു. അത്രയും പഴക്കമുള്ള പാറകൾ നമുക്കു ലഭിച്ചിട്ടുണ്ട്. പാറകളുടെ കാലഗണന നടത്തുവാൻ ശാസ്ത്രത്തിനറിയാം. എന്നാൽ പഴയ പാറകൾ പലതും ഇല്ലാതെ പോയിട്ടുമുണ്ടാകാം. 440 കോടി വർഷങ്ങൾക്കു മുൻപു തന്നെ വൻകരകളുടെ ഭൂവല്കം രൂപപ്പെട്ടു കഴിഞ്ഞിരുന്നു എന്നാണ് ഇന്ന് അനുമാനിക്കുന്നത്.

ജൈവ വൈവിധ്യം സാധ്യമാക്കുന്ന പല ഘടകങ്ങളും ഒത്തു വന്നതാണ് ഭൂമിയെ പ്രപഞ്ചത്തിലെ തന്നെ അതുല്യമായ ഒരു ഗോളമാക്കി മാറ്റിയത്. ഭൂമിയുടെ പ്രത്യേകതകൾ മനസ്സിലാക്കുവാൻ സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളുമായുള്ള ഒരു താരതമ്യം ഇവിടെ പ്രസക്തമാണ്. ഗ്രഹങ്ങളെ തമ്മിൽ വേർതിരിക്കുന്നത് അവയുടെ വലുപ്പവ്യത്യാസവും സൂര്യനിൽ നിന്നുള്ള അകലവുമാണ്. തറ ഉറപ്പുള്ള ആദ്യത്തെ നാലെണ്ണത്തെ അകം ഗ്രഹങ്ങൾ എന്നും വാതകഭീമന്മാരായ മറ്റു നാലു ഗ്രഹങ്ങളെ പുറം ഗ്രഹങ്ങൾ എന്നുമാണ് പറയുന്നതെന്നു പറഞ്ഞിട്ടുണ്ടല്ലോ. അകം ഗ്രഹങ്ങളിൽ വലിയവനായ ഭൂമിയുടെ വ്യാസം 13000. കി. മീറ്ററായിരിക്കുമ്പോൾ പുറം ഗ്രഹങ്ങളിൽ ചെറിയവനായ നെപ്ട്യൂണിന്റെ വ്യാസം 50000 കി. മീറ്ററും വലിയവനായ വ്യാഴത്തിന്റേത് 1 1/2 ലക്ഷം കി. മീറ്ററുമാണ്. അകം ഗ്രഹങ്ങൾക്ക് ആകെ കൂടി മൂന്നു ഗ്രഹങ്ങളുള്ളപ്പോൾ പുറം ഗ്രഹങ്ങൾക്ക് എല്ലാം കൂടി ഇരുനൂറോളം ഉപഗ്രഹങ്ങളും അതിനു പുറമേ വലയങ്ങളുമുണ്ട്. സൗരയൂഥത്തിന്റെ ആകെ മൊത്തം ദ്രവ്യമാനത്തിന്റെ 99.86 ശതമാനവും സൂര്യന്റേതാണ്. ശേഷിക്കുന്ന 0.14 ശതമാനമാണ് എല്ലാ ഗ്രഹങ്ങളിലും ഉപഗ്രഹങ്ങളിലും കുയിപ്പർ ബെൽറ്റിലും ഊർട്ട് ക്ലൗസിലുമായി ഉള്ളത്. സൂര്യന്റെ ദ്രവ്യമാനത്തിന്റെ 98 ശതമാനവും ഹൈഡ്രജനും ഹീലിയവുമാണ്. ആണവപ്രക്രിയ നടന്നു കൊണ്ടേ ഇരിക്കുന്നതിനാൽ ഇതിന്റെ പരസ്പരാനുപാതം വ്യക്തവും കൃത്യവുമല്ല. ബാക്കി രണ്ടു ശതമാനത്തിൽ പ്രധാനം ഓക്സിജൻ, കാർബൺ, നൈട്രജൻ, സിലിക്കൺ, മഗ്നീഷ്യം, നിയോൺ, ഇരുമ്പ് എന്നിവയാണ്. സൂര്യനിൽ രണ്ടു ശതമാനം മാത്രമുള്ള ഇത്തരം മൂലകങ്ങൾക്ക് ഭൂമിയിലും മറ്റും എങ്ങനെ പ്രാമുഖ്യം ലഭിച്ചു എന്നതിനുത്തരം ലഭിക്കേണ്ടതുണ്ട്. മാത്രമല്ല ഹൈഡ്രജൻ, ഹീലിയം തുടങ്ങിയ വാതകങ്ങൾക്ക് ഇവിടെ എന്തുകൊണ്ട് പ്രാധാന്യം ലഭിച്ചില്ല എന്നും അറിയേണ്ടതുണ്ട്.

സൂര്യൻ മറ്റൊരു മഹാനക്ഷത്രം മരിച്ചു ജ്വലിച്ച ചിതയിൽ നിന്നും ഉയർത്തുണ്ടായ ഒന്നാണെന്ന ഒരു സിദ്ധാന്തമുണ്ട്. ആ നക്ഷത്രത്തിന്റെ ചൂളയിലെ അവശിഷ്ടത്തിലുണ്ടായിരുന്ന കനത്ത മൂലകങ്ങളാണ് അകം ഗ്രഹങ്ങൾക്കു ലഭിച്ചത്. സാന്ദ്രത കുറഞ്ഞ വാതകങ്ങളെ പിടിച്ചു നിർത്തുവാൻ വേണ്ടുമുള്ള ഗുരുത്വം അവയ്ക്കില്ല. എന്നാൽ വാതകഭീമന്മാർക്ക് അതുണ്ടു താനും. ബുധനും ചൊവ്വയ്ക്കും അന്തരീക്ഷമേ ഇല്ല. ശുക്രന്റെ അന്തരീക്ഷത്തിൽ സൾഫ്യൂരിക് ആസിഡിന്റെ കനത്ത ബാഷ്പവും കാർബൺഡൈ ഓക്സൈഡും കലർന്നു കിടക്കുകയുമാണ്.

ഭൂമിയെ സംബന്ധിച്ചിടത്തോളം നൈട്രജൻ, കാർബൺ ഡൈഓക്സൈഡ്, ഓക്സിജൻ തുടങ്ങിയ തന്മാത്രാ ഭാരവും സാന്ദ്രതയും കൂടിയ വാതകങ്ങളെ പിടിച്ചു നിർത്തുവാൻ വേണ്ടുമുള്ള ഗുരുത്വം അതിനുണ്ട്. ജീവന്റെ സ്ഫുരണങ്ങളുണ്ടാകുകയും സസ്യജാലകങ്ങൾ വളരുകയും ചെയ്തതോടെ ഫോട്ടോസിന്തസിസ് മുഖാന്തരം കാർബൺഡൈ ഓക്സൈഡിന്റെ അനുപാതം കുറയുകയും ഓക്സിജന്റേത് ഉയരുകയും ചെയ്തു. താപനിലയുടെ കാര്യത്തിൽ ഭൂമി എയർ കണ്ടീഷൻ ചെയ്ത ഒന്നാണെന്നു പറയേണ്ടി വരും. ശുക്രനിലും ബുധനിലും അത്യുഗ്രൻ ചൂടുള്ളപ്പോൾ ചൊവ്വയ്ക്കപ്പുറം അതിശൈത്യമാണ്. അതുകൊണ്ട് സൗരയൂഥത്തിലെ ഭൂമിയൊഴിച്ചുള്ള ഗ്രഹങ്ങളിൽ ജീവനു നിലനില്പില്ല.

ഭൂമിയുടെ ഉപരിതലതാപവും മർദ്ദവും ജലം ദ്രാവകാവസ്ഥയിൽ നിലനില്ക്കുവാൻ പര്യാപ്തമാണ്. അന്തരീക്ഷത്തിലെ വാതകങ്ങളുടെ അവിശ്വസനീയമാം വിധം കൃത്യമായ അനുപാതം ഇവിടെ ജൈവസാന്നിദ്ധ്യം നിലനില്ക്കുന്നതിനു സഹായകമാണ്. മനുഷ്യന്റെ ദൈനംദിന ചെയ്തികൾ ഭൂമി എന്ന മഹാഭാഗ്യവതിയുടെ ഭാഗ്യത്തെ കവർന്നെടുക്കാൻ ഇടവരുത്താതിരുന്നാൽ മാത്രം മതി.





# വിഷു

**രാധാ ദാമോദരൻ**

ബാല്യകാല സ്മരണകളിൽ പല സംഭവങ്ങളും തെളിഞ്ഞു വരും. എന്നാൽ അവയിൽ തിളങ്ങി നിൽക്കുന്നത് വിഷു ദിനമാണ്. ലാളിത്യവും ഉദ്ദേശ്യ ശുദ്ധിയും ഈ ദിനത്തിന്റെ പ്രത്യേകതകളാണ്. ഓണം എന്നു കേൾക്കുമ്പോൾ മലയാളി എന്ന ഓർമ്മ ആരിലും വന്നു ചേരും. എന്നാൽ ഓണത്തിന്റെ ആർഭാടമോ , ബഹളമോ വിഷു ദിനത്തിനില്ല.

'വിഷുവം' എന്ന സംസ്കൃത പദത്തിൽ നിന്നാണ് ഇതിന്റെ ഉത്ഭവം. രണ്ടു സമഭാഗമായ എന്നാണ് അർത്ഥം. സൂര്യൻ മീനരാശിയിൽ നിന്നും മേടം രാശിയിലേയ്ക്കു പ്രവേശിക്കുന്ന ദിവസമാണ് വിഷു. അന്ന് പകലും രാത്രിയും തുല്യമായിരിക്കും. (എന്നാൽ ഇപ്പോൾ തുല്യ ദിവസത്തിലല്ല നാം വിഷു ആഘോഷിക്കുന്നത്) കർഷക വൃത്തിക്ക് വലിയ പ്രാധാന്യം നൽകിയിരുന്ന പഴയ കാലം. കാർഷികോല്പന്നങ്ങൾ ഭഗവാന് സമർപ്പിക്കുകയാണോ എന്നു തോന്നിപ്പോകും. വിഷു ദിനത്തിന്റെ ചടങ്ങുകൾ വിപുലമൊന്നുമല്ല. തലേദിവസം ചിലപ്പോൾ രണ്ടു പടക്കം പൊട്ടിച്ചെന്നു വരും. ഉച്ചക്കൊരു സദ്യയുമുണ്ടാകും. വിഷ്ണുവിനാണ് പ്രാധാന്യം നൽകിക്കാണുന്നത്, അടിച്ചു തുടച്ച് വൃത്തിയാക്കിയ മുറിയിൽ ഭഗവാന്റെ പടം പലകയിലോ , പീഠത്തിലോ ഉയർത്തി സ്ഥാപിക്കുന്നു. ഗുരുവായൂരപ്പന്റെ പടമാണ് സാധാരണ കാണുന്നത്. തേച്ചു വെളുപ്പിച്ചു പൊന്നുപോലെയാക്കിയ വലിയ നിലവിളക്കിൽ എണ്ണയൊഴിച്ച് ഏഴു തിരിയിട്ടു വയ്ക്കുന്നു. ചക്ക, മാങ്ങ തുടങ്ങിയ ഫലങ്ങൾ എടുത്തു വച്ചിട്ടുണ്ടാകും. വെള്ളോട്ടുരുളിയിൽ കണിവെള്ളരിക്ക, കൊന്നപ്പൂക്കൾ, പുതുവസ്ത്രം, താംബൂലം, വാൽക്കണ്ണാടി, നവധാന്യങ്ങൾ, സ്വർണ്ണാഭരണങ്ങൾ, നാണയങ്ങൾ (ഇപ്പോൾ നോട്ടും വെച്ചെന്നു വരാം.) നാളികേരം, ഗ്രന്ഥം ഇങ്ങനെ മംഗളകരമായ വസ്തുക്കൾ, ഭഗവാന്റെ അനുഗ്രഹം തേടി സമർപ്പിക്കും. കണിയൊരുക്കുന്ന ആളൊഴികെ എല്ലാവരും നേരത്തെ ഉറങ്ങാൻ പോകും. കണികാണാൻ വരുന്നയാൾക്ക് ഇരിക്കാൻ ഒരു പലകയും കണ്ണു തെളിയിക്കാൻ കിണ്ടിയിൽ വെള്ളവും വച്ചിരിക്കും. ഇങ്ങനെയാണ് പതിവു കണിവെയ്ക്കുന്ന സ്ഥലം നേരത്തെ മനസ്സിലാക്കിയിരിക്കുന്നതിനാൽ പ്രഭാതത്തിൽ കണികാണാൻ വരുമ്പോൾ കണ്ണടച്ചു കാൽ കൊണ്ട് തടഞ്ഞു പലക കണ്ടുപിടിച്ചിരിക്കും. കൊച്ചു കുട്ടികളെ കൊണ്ടു വന്നു പലകയിലിരുത്തി കണ്ണ് വെള്ളം തളിച്ച് തുടച്ച് ഗുരുവായൂരപ്പനെ തൊഴാൻ പറഞ്ഞ് ഏഴുതിരി വിളക്കിന്റെ പ്രകാശത്തിൽ കാണപ്പെടുന്ന ഗുരുവായൂരപ്പന്റെ തേജോമോഹനമായ രൂപവും കണിക്കുവേണ്ടി ഒരുക്കി വച്ചിരിക്കുന്ന മറ്റു മംഗള വസ്തുക്കൾ നൽകുന്ന ആനന്ദവും ഈ വർഷം മുഴുവൻ നിലനിൽക്കട്ടെ എന്ന ആശംസയുമാണ് വിഷുക്കണി നൽകുന്നത്.

ഇനിയാണ് മറ്റൊരു പ്രധാന ചടങ്ങ് വിഷുക്കൈനീട്ടം തറവാട്ടിൽ തലമൂത്ത വ്യക്തി, അത് പുരുഷനോ സ്ത്രീയോ ആയിക്കൊള്ളട്ടെ, ഇളം തലമുറയ്ക്കു കൈമാറുന്ന സമ്മാനമാണ് ഇത്. ഇതിനുവേണ്ടിയാണ് പണം മറ്റു മംഗളകരമായ വസ്തുക്കളുടെ കൂടെ, പൂജാദ്രവ്യമെന്നോണം വെയ്ക്കുന്നത്. ഒരേ ഒരു നാണയമായാലും മതി, രണ്ട് കൊന്നപ്പൂവിന്റെ കൂടെ അനുഗ്രഹാശിസ്സുകളോടെ നൽകുന്നു. തരുവാൻ അർഹതയുള്ളവന്റെ കയ്യിൽ നിന്നു മാത്രമേ കൈനീട്ടം വാങ്ങുവാൻ പാടുള്ളൂ. അറിവില്ലായ്മ കൊണ്ടോ, അവിവേകം കൊണ്ടോ, ഇന്ന് പലരും കൈവശം പണമുണ്ടെന്നു കാണിക്കാൻ വകതിരിവില്ലാതെ പ്രായഭേദമൊന്നും നോക്കാതെ കൈ നീട്ടം എന്നു പറഞ്ഞു പണം കൊടുക്കുന്നുണ്ട്, ഇത് അനാചാരമാണ്, ദുരാചാരമാണ്. കൈവശം പണമുള്ള ഉദാരമതികൾ, സാമ്പത്തികമായി ബുദ്ധിമുട്ടുന്നവനെ അറിഞ്ഞു സഹായിക്കുന്നതു ശ്രേഷ്ഠം തന്നെ. അതിനു പ്രായവും മറ്റും നോക്കാനില്ല. പ്രോത്സാഹനജനകവുമാണ്. പക്ഷെ അത് വിഷു ദിനത്തിൽ കൈനീട്ടമാണെന്നു പറഞ്ഞു കൊടുക്കരുത്. യാതൊരു കാരണവശാലും ഗുരുജനങ്ങൾ ഇളം തലമുറയിൽ നിന്നും വിഷുകൈനീട്ടം വാങ്ങാൻ പാടുള്ളതല്ല. ഇത്തരം കാര്യങ്ങൾ ബാല്യത്തിൽ തന്നെ കുട്ടികളെ പറഞ്ഞു മനസ്സിലാക്കണം. ഉത്തമങ്ങളായ പല കാര്യങ്ങളും ഇന്ന് കുഞ്ഞുങ്ങൾക്കുവേണ്ടി നടത്തുന്നുണ്ടല്ലോ.ഗീതാ പഠനം പോലെ. എന്നാൽ നിത്യജീവിതത്തെ ബാധിക്കുന്ന ഇത്തരം കാര്യങ്ങൾകൂടി പറഞ്ഞു മനസ്സിലാക്കേണ്ടതാണ്, ഇളം പ്രായത്തിൽ കിട്ടുന്ന അറിവ് മനസ്സിൽ മായാതെ കിടക്കും. അക്രമ

വാസനകളും വിവേക ശൂന്യമായ പ്രവൃത്തികളും കൂടി വരുന്നത് ഇളം മനസ്സിൽ സാത്വികതയുടേയും സദാചാരത്തിന്റേയും, വിനയത്തിന്റേയും മറ്റും ബീജങ്ങൾ വിതക്കുവാൻ മുതിർന്നവർ മെനക്കെടാത്തതുകൊണ്ടാണ്. ധാർഷ്ട്യത്തിന്റേയും പൊങ്ങച്ചത്തിന്റേയും അംശങ്ങൾ വളർന്നു വരാതെ മുതിർന്നവർ ശ്രദ്ധിക്കണം.

ഓണമാണ് മലയാളിയുടെ പ്രധാന വിശേഷദിനമെന്നു പ്രസിദ്ധമെങ്കിലും അതിന് യാതൊരു നിബന്ധനകളും പൂർവ്വികർ വെച്ചിട്ടില്ല. ഓരോ വീട്ടിലും ആഹ്ലാദവും സുഭിക്ഷതയും ഉണ്ടാകുവാൻ പ്രായഭേദമന്യേ ഓരോ അംഗത്തിനും തന്റെ പങ്ക് നിർവഹിക്കുവാൻ സ്വാതന്ത്ര്യമുണ്ട്.

ഐശ്വര്യത്തിന്റേയും സമൃദ്ധിയുടേയും സന്തോഷത്തിന്റേയും സർവ്വോപരി സമാധാനത്തിന്റേയും നാളുകൾക്കു തുടക്കമിടുവാൻ ഇക്കൊല്ലത്തെ വിഷു ദിനം ആരംഭം കുറിക്കട്ടെ.

*എല്ലാവർക്കും വിഷുദിനാശംസകൾ!*

**(34-ാം പേജിൽ നിന്ന് തുടർച്ച)**

തിക്കുന്നുണ്ട്. വിനയേട്ടന് എന്നെ പഴയ ശാലുവായി കാണാൻ കഴിയില്ലേ............? അയാൾ ഒന്നും പറയാതെ അവളുടെ കണ്ണുകളിലേക്ക് നോക്കി. നീരജ നയനങ്ങൾക്ക് ഒരു മാറ്റവുമില്ല ആ കണ്ണുകളിൽ സ്നേഹത്തിന്റെ, വിശ്വാസത്തിന്റെ, സുരക്ഷിതത്വത്തിന്റെ എല്ലാം മയൂര നൃത്തമാടുകയാണ്. പ്രതിസന്ധികളും പ്രലോഭനങ്ങളും പ്രയാസങ്ങളും തരണം ചെയ്ത് നമ്മൾ വീണ്ടും കണ്ടു മുട്ടിയത് ദൈവത്തിന്റെ നിയോഗമാണ്.

പിറ്റേന്ന് ഒരു താലി ചരടിന്റെ ബന്ധനമോ, ഒരു സർട്ടിഫിക്കറ്റിന്റെ ഉറപ്പോ ഒന്നും തന്നെയില്ലാതെ പ്രപഞ്ചത്തിലെ സർവ്വ പാപങ്ങളെയും തന്നിലേക്ക് ആവാഹിക്കുന്ന ആഴക്കടലിനെ സാക്ഷി നിർത്തി കൈയ്യിൽ ഒരു കുമ്പിൾ വെള്ളം എടുത്ത് പ്രർത്ഥിച്ച് കാലത്തിന്റെ ഗതിവിഗതികൾ ഏറ്റ് വാങ്ങി വിഷാദാത്മകതയും , നഷ്ടബോധവും അനുഭവിച്ച ഞങ്ങളിൽ കൽവിളക്കിലെ തിരിനാളം പോലെ ആടിയുലയാതെ ഒരു കെടാവിളക്കായി ജീവിതം പ്രകാശപൂരിതമാകണമേ.......ഭഗവാനേ.........

ശാലിനിയെയും കൂട്ടി തന്റെ വീട്ടിലേക്കായിരുന്നു വന്നത്. വന്ന ഉടനെ അവൾ മകൾക്ക് ഞങ്ങളുടെ ഫോട്ടോ അയച്ചു കൊടുത്തു. അതുപോലെ തന്നെ രാഹുലിനെ വിനയചന്ദ്രനും കാര്യങ്ങൾ എല്ലാം അറിയിച്ചു. കുട്ടികൾ എപ്പോഴും പറയുമായിരുന്നു ഒരു Companion വേണമെന്ന് അവർക്ക് സന്തോഷമാകുമല്ലോ, വിനയേട്ടാ ? മോളോട് വിനയേട്ടന്റെ കാര്യങ്ങളെല്ലാം ഞാൻ പറഞ്ഞിട്ടുണ്ട്. നമ്മൾ ഒന്നിച്ച് ജീവിക്കുന്നത് കാണാൻ അവൾ ഓടി വരുന്നുണ്ടെന്ന് പറഞ്ഞു. നിനക്ക് ഒരു സഹോദരനെ കിട്ടിയിട്ടുണ്ട് എന്നു പറഞ്ഞപ്പോൾ അവൾ തുള്ളിച്ചാടുന്നത് വീഡിയോകോളിലൂടെ കാണണമായിരുന്നു. നമ്മൾക്ക് ഇപ്പോൾ രണ്ടു മക്കളാണല്ലേ വിനയേട്ടാ..........ഒരാണും ഒരു പെണ്ണും . ഇനി കുട്ടികളുടെ വിവാഹം നടത്തണം. മോളുടെ ആദ്യം നടത്താം. അച്ഛന്റെയും, ഏട്ടന്റെയും സാന്നിദ്ധ്യത്തിൽ അവളുടെ വിവാഹം. എന്റെ സാന്ദ്രമോൾ ഭാഗ്യവതിയാണ്. ഒരു ഏട്ടനെ അവൾ എന്നും ആഗ്രഹിച്ചിരുന്നു. വിനയചന്ദ്രൻ പുഞ്ചിരിയോടെ എല്ലാം കേട്ടിരുന്നു. പുറത്ത് ആതിരാ നിലാവിൽ ഭൂമി പുളകിതയായപ്പോലെ മേൽക്കൂരയ്ക്കുള്ളിൽ കൂട് വെച്ച അരിപ്രാവുകൾ കുറുകുന്ന ശബ്ദം താളാത്മകമായി തോന്നി. അപ്പോഴാണ് ഫോൺ ബെല്ല് അടിച്ചത്. മോളായിരിക്കും എന്നു പറഞ്ഞ് അവർ ഉള്ളിലേക്ക് നടന്നു. വിനയനാണ് ഫോൺ എടുത്തത്. സ്പീക്കറിൽ ഇടാം എന്നു പറഞ്ഞ് അവർ സ്പീക്കർ ഓൺ ചെയ്തു. ഇംഗ്ലീഷിൽ ശാലിനി മാഡത്തിന്റെ നമ്പർ അല്ലേ നിങ്ങൾ മാഡത്തിന്റെ ബന്ധുവാണോ എന്ന് ചോദിച്ചപ്പോൾ അതെ, പറഞ്ഞു കൊള്ളൂ എന്നു പറഞ്ഞു. ശാലിനിമാഡത്തിന്റെ മകൾ സാന്ദ്ര രാജഗോപാൽ Suicide Attempt ചെയ്തിരിക്കുന്നു എന്ന്. സ്പീക്കറിലൂടെ അതുകേട്ട ശാലിനി മോളെ എന്നു അവ്യക്തമായി പറഞ്ഞ് മറിഞ്ഞ് വീണു. തല സോഫയിൽ ഇടിച്ച് ചോര വരുവാൻ തുടങ്ങി. ആദ്യം ഒന്നു പകച്ചെങ്കിലും പ്രത്യുല്പന്നമിതത്വം കൈവരിച്ചുകൊണ്ട് ശാലിനിയെ ആശുപത്രിയിലേക്ക് കൊണ്ടുപോയി. 49-ാം ദിവസമാണ് അവൾക്ക് ബോധം വന്നത്. അപ്പോഴെക്കും സാന്ദ്രമോൾ മരിച്ചു കഴിഞ്ഞിരുന്നു. ബോധം വന്ന ശാലിനിയിൽ ഇന്നലെകളിലെ ഓർമ്മകൾ മരിച്ചിരിക്കുന്നു. അവളുടെ പേര് പോലും അവൾക്ക് ഓർമ്മയുണ്ടായിരുന്നില്ല. സ്മൃതികൾ വിസ്മൃതിയിലാണ്ടു പോയ അവളെ ഒരു പാട് ചികിത്സിപ്പിച്ചുവെങ്കിലും ഫലമൊന്നുമുണ്ടായില്ല. മകളുടെ മരണം ശാലിനിക്ക് മനസ്സിലാക്കുവാൻ കഴിയാത്തത് ദൈവത്തിന്റെ അനുഗ്രഹമായി കരുതാം. എങ്കിലും എന്തിനാണ് സാന്ദ്രമോൾ ആത്മഹത്യ ചെയ്തത്. അവൾക്ക് എന്ത് പറ്റി ........? ഞങ്ങളുടെ ഒന്നിച്ചുള്ള ജീവിതം അവൾക്ക് ഇഷ്ടമല്ലായിരുന്നോ .....? സാന്ദ്രമോൾക്ക് സന്തോഷമായി എന്നാണല്ലോ ശാലിനി പറഞ്ഞത്. ഉത്തരം കിട്ടാത്ത ഒരു നൂറായിരം ചോദ്യങ്ങൾ തലയിൽ ഒരു വണ്ടിനെപ്പോലെ മൂളിക്കൊണ്ടിരുന്നു. (തുടരും)





## 17-ാം ചരമവാർഷികം

**23.4.2018**



**ശക്തിധരൻ (ബാലൻ)**
**'ശ്രീ ശക്തി'**
**(കിഴക്കേ ആലപ്പാട്ട് വീട് )**
**കൊച്ചി 682016**

## 11-ാം ചരമവാർഷികം

**04.04.2018**



**ശങ്കരൻകുട്ടി മേനോൻ**
**കാർത്തിക്**
**കളത്തിപറമ്പ് റോഡ്**
**എറണാകുളം 682016**

## 1-ാം ചരമവാർഷികം

**07.05.2018**



**രാധ. കെ**
**59/550 പ്രിയദർശിനി**
**ചിറ്റൂർ റോഡ്**
**കൊച്ചി 682035**

**2018 മാർച്ച് മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ**



**ഡോ.എൻ.ആർ. മേനോൻ**
L/1822, ഭാവന
ജവഹർ നഗർ
കടവന്ത്ര, കൊച്ചി 682 020



**രാജൻ കർത്ത**
L/5104, രത്നവില്ല
പോണോത്ത് റോഡ്
കൊച്ചി 682017



**ഒ. ബാലനാരായണൻ**
L/0675, 55/1689
കെ.എസ്.എൻ. മേനോൻ റോഡ്
എറണാകുളം. 682016

## പിംഗളയും മന്ദരനും

**(24-ാം പേജിൽ നിന്ന് തുടർച്ച)**

ഭാഗ്യങ്ങൾ വീണ്ടെടുത്തു.

തൊഴുകയ്യുമായി യോഗിയെ നമസ്ക്കരിച്ചു നിൽക്കുന്ന സുമതിയെ അനുഗ്രഹിച്ച് യോഗി ഇപ്രകാരം പറഞ്ഞു. എല്ലാ സൗഭാഗ്യങ്ങളും നിന്നെ തേടി ഇവിടെ എത്തും. നിന്റെ മകൻ ഭദ്രായു എന്ന പേരിൽ കീർത്തിമാനാകും. അതുവരെ നീ വൈശ്യ ഗൃഹത്തിൽ തന്നെ ജീവിക്കു എന്നനുഗ്രഹിച്ച് യോഗി യാത്രയായി.

പിംഗള നിഷധേശ്വരനായ ചന്ദ്രാംഗദന്റെ മകൾ കീർത്തിമാലിനിയായി, ചന്ദ്രവംശത്തിന്നലങ്കാരമായി കോമളാംഗിയായി വളരുകയാണ്. പത്മാകരന്റെ മകൻ സുനയതനും സുമതിയുടെ മകൻ ഭദ്രായുവും ഉപനയനം കഴിഞ്ഞു. നീതിശാസ്ത്രം ആയുധവിദ്യ തുടങ്ങി രാജകുമാരന് വേണ്ട വിദ്യാഭ്യാസവും രത്നങ്ങളെക്കുറിച്ചും, അതിന്റെ മൂല്യനിർണ്ണയത്തെ സംബന്ധിച്ച വ്യാപാര ശാസ്ത്രം സുനയനനും കരസ്ഥമാക്കി.

അങ്ങിനെയിരിക്കെ ഒരു ദിവസം ഋഷഭയോഗി വന്ന് ഭദ്രായുവിന് തത്ത്വോപദേശം നൽകി. കുമാരാ, രാജവംശത്തിൽ പിറന്നവൻ ജീവിതം മൂല്യവത്താക്കുവാൻ ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തതുമായ കാര്യങ്ങൾ ഞാൻ പറഞ്ഞു തരാം. അവയിൽ അരുതാത്തത് ആദ്യമേ പറഞ്ഞു തരാം. കളവ് പറയുക, ദുർമതം ഭാവിക്കുക, പാപകർമ്മങ്ങളിൽ ഏർപ്പെടുക സ്വധർമ്മം പരിത്യജിക്കുക, പരുഷമായി സംസാരിക്കുക, പഠിച്ച പാഠങ്ങൾ വിസ്മരിക്കുക, ധൈര്യം കൈവെടിയുക, അശക്തനെ വേദനിപ്പിക്കുക, സന്ധ്യാവിധികൾ തെറ്റിക്കുക, ക്ഷേത്രവും കുളവുമില്ലാത്തിടത്ത് വസിക്കുക, വിശിഷ്ഠ ഭോജ്യങ്ങൾ ഒറ്റയ്ക്കനുഭവിക്കുക തുടങ്ങിയ കർമ്മങ്ങൾ ഒരിക്കലും ചെയ്യരുത്. ഈശ്വര ചിന്ത എപ്പോഴും ഏത് പ്രവർത്തി ചെയ്യുമ്പോഴും മനസ്സിലുണ്ടാവണം. മാതാ, പിതാ, ഗുരു ഇവരെ ദൈവതുല്യമായി കാണണം. പ്രജകളെ പുത്രതുല്യം സ്നേഹിക്കണം. യജ്ഞങ്ങളും പൂജകളും നിർവ്വിഘ്നം നടത്തണം. അശരണർക്ക് ശരണം നൽകണം സൽക്കർമ്മങ്ങൾ ചെയ്ത് വംശപാരമ്പര്യം നിലനിർത്തണം എന്നീ സാരോപദേശം നൽകിയതോടൊപ്പം യോഗി ശിവകവചവും ഒരു വിശിഷ്ഠ വാളും, ശംഖും കൂടി കൊടുത്തിട്ട് പറഞ്ഞു. ഈ വാൾ കാണുന്ന മാത്രയിൽ ശത്രുക്കൾ ഭസ്മാവശേഷമായി തീരും. ശംഖിന്റെ ധ്വനി കേൾക്കുന്ന മാത്രയിൽ ശത്രുക്കൾ ബോധമറ്റു വീഴും. ഇങ്ങനെ ഭദ്രായുവിനെ അനുഗ്രഹിച്ച് യോഗി യാത്രയായി.

വജ്രബാഹു സുമതിയെയും കുഞ്ഞിനെയും പാടെ മറന്നു. അങ്ങനെയിരിക്കെ കർമ്മഫലമെന്ന് പറയട്ടെ മഗധ രാജാവ് സൈന്യസമേതം വജ്രബാഹുവിനെ യുദ്ധത്തിൽ തോല്പിച്ച് ധനം മുഴുവൻ കൊള്ളയടിച്ച് ദശാർണ്ണവം പിടിച്ചെടുത്ത് ഭാര്യമാരോടൊപ്പം രാജാവിനെയും കാരാഗ്രഹത്തിലടച്ചു. അവിടുത്തെ സമ്പത്ത് മഗധയിലേക്ക് കൊണ്ടുപോയി. ഈ വിവരം കേട്ടറിഞ്ഞ ഭദ്രായു ദിവ്യമായ വാളും ശംഖുമേന്തി പത്മാകരന്റെയും അമ്മയുടേയും അനുമതിയോടെ സുനയനൊടൊപ്പം യുദ്ധം ചെയ്യാൻ മഗധയിലെത്തി. 2 യുവാക്കൾ യുദ്ധത്തിന് വന്നിരിക്കുന്നു എന്നറിഞ്ഞ് മഗധേശന് പുച്ഛമാണ് തോന്നിയത്. എന്നാലും യുദ്ധത്തിനൊരുങ്ങി. ഭദ്രായു ശത്രുപക്ഷത്ത് കണ്ട ഒരു തേര് തട്ടിയെടുത്ത് യുദ്ധം ആരംഭിച്ചു. ശംഖ് നാദവും ദിവ്യമായ വാളിന്റെ തിളക്കവും കണ്ടതോടെ സൈന്യം ബോധമറ്റ് വീണ് ജീവൻ വെടിഞ്ഞു. രാജാവ് ഭയന്ന് ഓടി, കോട്ടയിൽ രക്ഷപ്രാപിക്കാൻ ശ്രമിച്ചു. ഭദ്രായു രാജാവിനെയും കൂട്ടരെയും ബന്ധനസ്ഥരാക്കി സ്വന്തം അച്ഛനെയും അമ്മമാരെയും മോചിതരാക്കി. കൊള്ളയടിച്ചതും അവിടുത്തെ എല്ലാ ധനശേഖരത്തോടും കൂടി ദശാർണ്ണവത്തിൽ വന്ന് പൂർവ്വ പ്രതാപത്തോടെ അച്ഛനെ ദശാർണ്ണാധിപനായി വാഴിച്ചു. രാജാവിന് അത്ഭുതമായി. ഞങ്ങളെ രക്ഷിച്ച നിങ്ങൾ മനുഷ്യരൂപം പൂണ്ട് വന്ന ദേവന്മാരാണോ? നിങ്ങൾ യഥാർത്ഥത്തിൽ ആരാണ്? അതിന് മറുപടിയായി ഭദ്രായു പറഞ്ഞു-എന്നെയും എന്റെ അമ്മയെയും സംരക്ഷിച്ചത് ഈ കൂട്ടുകാരന്റെ അച്ഛൻ പത്മാകരനാണ്. വൈശ്യോത്തമനും ഗുണനിധിയുമായ അദ്ദേഹത്തെ ദർശിച്ച് വിവരങ്ങളെല്ലാം അറിയിച്ച് മടങ്ങിവരാം എന്ന് പറഞ്ഞ് യാത്രയായി. അവർ സുമതിയേയും പത്മാകരനേയും കണ്ട് നടന്ന സംഭവങ്ങളെല്ലാം വിശദമായി കേൾപ്പിച്ചു. എല്ലാം ഭഗവൽ കൃപയാലാണ് സാധിച്ചത് എന്ന് പറഞ്ഞ് അവർ ആനന്ദാശ്രു പൊഴിച്ചു.

ഇതിനിടയിൽ ഋഷഭയോഗി നിഷധരാജധാനിയിൽ ചെന്ന് അവിടുത്തെ രാജാവ് ചന്ദ്രാംഗദനോട് പറഞ്ഞു-അങ്ങയുടെ പുത്രിക്ക് അനുയോജ്യനും സുഭഗനും സുന്ദരനും പരാക്രമിയുമായ വരൻ ദശാർണ്ണപുരിയിൽ വൈശ്യാധിപനായ പത്മാകരന്റെ വസതിയിൽ വസിക്കുന്നുണ്ട്. അങ്ങ് മകളെ ആ രാജകുമാരന് നൽകിയാലും. യോഗിയുടെ നിർദ്ദേശപ്രകാരം വൈശ്യഗൃഹത്തിലേക്ക് ഒരു ദൂതനെ പറഞ്ഞയച്ചു. വിവരങ്ങളറിഞ്ഞ് സുമതിക്കും പത്മാകരനും സമ്മതമായി. പിംഗളയുടെ പുനർജന്മമെടുത്ത കീർത്തിമാലിനിയുടെയും മന്ദരനായ ഭദ്രായുവിന്റെയും വിവാഹം നിശ്ചയിച്ചു. വിവാഹാഘോഷത്തിൽ പങ്കെടുക്കുവാൻ വജ്രബാഹുവിനേയും ക്ഷണിച്ചു. ചന്ദ്രാംഗദൻ വജ്രബാഹുവിനോട് പറഞ്ഞു. അങ്ങ് കാട്ടിൽ നിർദ്ദയം ഉപേക്ഷിച്ച സ്വന്തം ഭാര്യയും രാജകുമാരനും ആണിവർ. ഇവരെ യഥാർത്ഥത്തിൽ മഹേശ്വരനാണ് സംരക്ഷിച്ചത്. തുടർന്ന് എല്ലാ കഥകളും സവിസ്തരം പറഞ്ഞു കൊടുത്തു. രാജാവിന് ഒരേ സമയം സന്തോഷവും സന്താപവും ഉണ്ടായി. വിവാഹം മംഗളമായി ആഘോഷിച്ചു. വജ്രബാഹു അവരെ ദശാർണ്ണപുരിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. തടവിലായിരുന്ന മഗധേശനെയും മന്ത്രിമാരെയും സ്വതന്ത്രരാക്കി. കുറച്ചുനാൾ കഴിഞ്ഞ് വജ്രബാഹു അന്തരിച്ചു.

ഭദ്രായു രാജ്യഭാരമേറ്റ് കഴിയവെ കാട്ടിൽ ചെന്ന് കളിയാടണമെന്ന മോഹമുദിച്ചു. കാട്ടിൽ വിനോദത്തിൽ രസിച്ചിരിക്കുമ്പോൾ ഒരു പുലി വന്ന് അവിടെയുണ്ടായിരുന്ന ഒരു ബ്രാഹ്മണപത്നിയെ കാട്ടിനുള്ളിലേക്ക് കടിച്ചെടുത്ത് കൊണ്ടുപോയി. ബ്രാഹ്മണൻ രാജാവിനോട് തന്റെ ഭാര്യയെ രക്ഷിച്ചു തരുവാൻ അഭ്യർത്ഥിച്ചു. രാജാവ് പുലിയുടെ നേർക്ക് അമ്പെയ്തെങ്കിലും പുലി വിപ്രപത്നിയെയും കൊണ്ട് രക്ഷപ്പെട്ടു. ദു:ഖിതനായ വിപ്രൻ രാജാവിനെ അധിക്ഷേപിക്കുവാൻ തുടങ്ങി. ഭദ്രായു ധാരാളം സമ്പത്തും വീടും നല്കാമെന്നു പറഞ്ഞിട്ടും വിപ്രൻ അടങ്ങുന്നില്ല. ഒടുവിൽ ഒരു കരാറു വച്ചു. എന്റെ ഭാര്യക്ക് പകരം അങ്ങയുടെ ഭാര്യയെ എനിക്ക് നല്കാമെങ്കിൽ ഞാൻ സഹിക്കാൻ തയ്യാറാണ്. അല്ലെങ്കിൽ ഞാൻ അങ്ങയേയും അങ്ങയുടെ രാജ്യത്തെയും ശപിച്ച് ചാമ്പലാക്കുന്നതാണ്. വജ്രായു ബ്രാഹ്മണ ശാപം ഭയന്ന് വിപ്രന്റെ ഇംഗിതത്തിന് വഴങ്ങി. പക്ഷെ പ്രതിജ്ഞ നിറവേറ്റുന്നതോടെ ഞാൻ ആത്മത്യാഗം ചെയ്യുന്നതാണ് എന്ന് പറഞ്ഞു എന്നാൽ വിപ്രന്റെ മനസ്സ് തെല്ലും അലിഞ്ഞില്ല. ഭദ്രായു ചിത ഒരുക്കി അഗ്നിയെ 3 വലം വച്ച് ജലം കയ്യിലെടുത്ത് പ്രതിജ്ഞയെടുത്ത് ശ്രീപരമേശ്വരനെ ഭക്തിപൂർവ്വം മനസ്സിൽ ധ്യാനിച്ച് അഗ്നിയിൽ ചാടാൻ തുടങ്ങിയപ്പോൾ സാക്ഷാൽ പരമേശ്വരൻ അരുത്, അരുത് എന്ന് വിലക്കി ആ സാഹസത്തിൽ നിന്നും പിന്തിരിപ്പിച്ചു. സാക്ഷാൽ പരമശിവനെ കണ്ട് അത്ഭുതപരതന്ത്രനായി ഭദ്രായു സ്തുതിച്ചു.

അർക്ക ചന്ദ്രാന്മാർക്കിരിപ്പിടമാകിയ തൃക്കണ്ണു
രണ്ടും തിരുനാസികാഭയും

സ്വർണ്ണപ്രഭാഭോഗി കുണ്ഡലാലാകൃതം കർണ്ണ
ദ്വയം

ചാരുഗണ്ഡഭാഗങ്ങളും ബിംബാധരോഷ്ടവും
ദന്തരത്നങ്ങളും,

ബിംബോക ലീലാവലോകസ്മിതങ്ങളും

ആനനാംഭോജവും കാളകൂടപ്രഭാ മാനനീയോജ്ജ്വലം
കണ്ഠ പ്രദേശവും

വക്ഷസ്ഥലോജ്ജ്വലം സർപ്പഹാരം ലോകരക്ഷാ
വരങ്ങളാം നാലു തൃക്കൈകളും

മാനും മഴുവും വരദാഭയങ്ങളും ധ്യാനിക്കിലാന
ന്ദമേകും സനാതനൻ

എന്നിങ്ങനെ ഭദ്രായു തൊഴുകയ്യോടെ ശങ്കരനെ പ്രാർത്ഥിച്ച് നമസ്ക്കരിച്ചു. ഭഗവാൻ സന്തുഷ്ടനായി പറഞ്ഞു. ഭക്താ! നിന്റെ അചഞ്ചലമായ മനസ്സ് അളക്കാൻ വേണ്ടിയാണ് വിപ്രവേഷം പൂണ്ട് പാർവ്വതീ സമേതനായി നിന്നെ പരീക്ഷിച്ചത്. അതിൽ നീ വിജയിച്ചിരിക്കുന്നു. നിനക്ക് വേണ്ടുന്ന വരം ചോദിക്കു. അങ്ങയിൽ സദാ ഭക്തി ഉണ്ടാകണം. എന്റെയും പത്നിയുടെയും പത്മാകരന്റെയും ബന്ധുമിത്രാദികൾക്കും സദ്ഗതി ലഭിക്കണമെന്നനുഗ്രഹിച്ചാലും എന്ന് ഭദ്രായു ആവശ്യപ്പെട്ടു. നിങ്ങൾക്ക് അഭീഷ്ട സിദ്ധി ലഭിക്കുമെന്നനുഗ്രഹിച്ച് ഭഗവാൻ അന്തർധാനം ചെയ്തു. ഭദ്രായു കീർത്തിമാലിനിയോടും സന്താനങ്ങളോടുമൊപ്പം പ്രജാപാലനം ചെയ്തു അനേകകാലം രാജ്യം ഭരിച്ച് സ്വർഗ്ഗാരോഹണം പൂകി.

**എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2018 മാർച്ച് മാസത്തിൽ സംഭാവന നൽകിയവർ**

